# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 15, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 157 - നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 15, തിങ്കൾ

സ്പീക്കർ
**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

164/2018
164/2018

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 4

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 4

(ii) അടിയന്തര ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...49

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...52

**II മേശപ്പുറത്തുവച്ച കടലാസ്സുകൾ**

1. കേരള പബ്ലിക് എക്സ്പെന്റിച്ചർ റിവ്യൂകമ്മിറ്റിയുടെ 2012-13-ലെ മൂന്നാമത് റിപ്പോർട്ട് (ലിസ്റ്റ് I പ്രകാരം) ... 388

2. ചട്ടം 47 (2) അനുസരിച്ചുള്ള കടലാസ്സുകൾ (ലിസ്റ്റ് II പ്രകാരം) ... 388

3. അധിക ധനാഭ്യർത്ഥനകളിലെ സ്റ്റേറ്റ്മെന്റിലെ തിരുത്ത് ... 388

**III റിപ്പോർട്ട് സമർപ്പണം**

1. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ പതിമൂന്ന് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ ... 389

2. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് ...389

**IV നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ... 389

1. 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ... 389

2. 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി)ബിൽ ... 394

**അനുബന്ധം**... 417

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

*2014 ഡിസംബർ 15, തിങ്കൾ*

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2014 ഡിസംബർ മാസം 15-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ......ഓർഡർ........ഓർഡർ.........ചോദ്യം നമ്പർ.*301 പ്ലീസ്.....പ്ലീസ്......ചോദ്യോത്തരവേളയിൽ ബഹളമുണ്ടാക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സഹകരിക്കണം.

### വനശ്രീ യൂണിറ്റുകൾ

1 (*301) ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനശ്രീ യൂണിറ്റുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സാധനങ്ങളാണ് പ്രസ്തുത യൂണിറ്റുകൾവഴി വിൽക്കപ്പെടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) വനങ്ങളിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ വിൽപ്പനശാലകൾവഴി വിൽപ്പന നടത്തി ലഭിക്കുന്ന അധിക വരുമാനത്തിലൂടെ വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുകയാണ് വനശ്രീ യൂണിറ്റുകളുടെ ഉദ്ദേശ്യലക്ഷ്യം. തടിയേതര വനവിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ നിർവ്വഹിക്കുന്നതിന് പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വനപ്രദേശത്തെ തടിയേതര വനവിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക, സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, വിപണന സൗകര്യങ്ങൾ ഒരുക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ മേൽ ലക്ഷ്യം നിറവേറ്റുന്നു.

(ബി) വനത്തിൽനിന്ന് ശേഖരിച്ച് ശുദ്ധിചെയ്ത് മൂല്യവർദ്ധനവ് വരുത്തിയ തേൻ, കസ്തൂരിമഞ്ഞൾ, കുന്തിരിക്കം, ഈഞ്ച, കുരുമുളക്, ഏലം, കുടംപുളി, രാമച്ചം, മുളയരി, കല്ലൂർവഞ്ചി, കരിങ്ങാലി എന്നീ വിഭവങ്ങളും വനാശ്രിതസമൂഹം തയ്യാറാക്കുന്ന പുൽത്തൈലം, യൂക്കാലിത്തൈലം, പെയിൻബാം, ദന്തപ്പാല എണ്ണ, തേൻ നെല്ലിക്ക തുടങ്ങിയവയും മറയൂർ ശർക്കര, ശബരീജലം, കേരള വനവികസന കോർപ്പറേഷൻ തയ്യാറാക്കുന്ന ചന്ദനതൈലം, ചന്ദനത്തടിക്കഷണം എന്നിവയുമാണ് വനശ്രീ യൂണിറ്റുകൾവഴി വിപണനം നടത്തുന്ന പ്രധാന ഇനങ്ങൾ. കൂടാതെ ഔഷധിയുമായി ചേർന്ന് ആയുർവ്വേദ ഉൽപ്പന്നങ്ങളും വനശ്രീ യൂണിറ്റുകൾ വഴി വിപണനം ചെയ്യുന്നു.

(സി) വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ വനവിഭവ

ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ പ്രവർത്തനങ്ങൾ വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധത്തിൽ നിർവ്വഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുനഃസംഘടിപ്പിച്ചുവരുന്നു.

(ഡി) 1. വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി വനവികാസ ഏജൻസി കളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.

2. സംസ്ഥാന വനവികാസ ഏജൻസിയുടെ കീഴിൽ "വനശ്രീ സെല്ലിന്റെ" പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.

3. പ്രവർത്തന ഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വന വികാസ ഏജൻസിയിൽ "റിവോൾവിംഗ് ഫണ്ട്" രൂപീകരിച്ചു.

4. ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യബോർഡിന്റെ സഹായത്തോടെ 114.029 ലക്ഷം രൂപയുടെ പദ്ധതി 2008-09 മുതൽ നടപ്പാക്കി. 214 ലക്ഷം രൂപയുടെ ഒരു പദ്ധതി 2014-15-ൽ നടപ്പാക്കിവരുന്നു.

5. വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പാക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റു വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും തീരുമാനിച്ചു. വനവിഭവ ശേഖരണ ത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.

6. വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിത മായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.

7. വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടിയാരംഭിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പ്ലീസ്......ചോദ്യോത്തരവേളയിൽ ബഹളമുണ്ടാക്കുന്നത് ശരിയല്ല. ചോദ്യോത്തര സമയംകഴിയട്ടെ. നമ്മുടെ നിയമസഭക്ക് ചില കീഴ്വഴക്കങ്ങളുണ്ട്. ചോദ്യോത്തരവേളയിൽ പ്രതിപക്ഷം സഹകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : സഭയിലെ അംഗങ്ങളുടെ അവകാശം സംരക്ഷിക്കുന്ന

തോടൊപ്പം ഗവൺമെന്റ് ബിസിനസ്സ് നടത്തിക്കൊടുക്കാനുള്ള ഉത്തരവാദിത്തവും ചെയറിനുണ്ട്. ദയവായി സഭ നടത്തിക്കൊണ്ടുപോകാൻ അംഗങ്ങൾ സഹകരിക്കണം. ചോദ്യോത്തരവേളയുടെ തുടർനടപടികളും ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ളഭാഗങ്ങളും ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്തു.

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വിഭജനം**

2 (*302) ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ വിഭജിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ജൻറം സർവ്വീസുകൾക്കായി പ്രത്യേക സബ്സിഡിയറി കോർപ്പറേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ജൻറം കോർപ്പറേഷന് കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വസ്തുവകകൾ വിട്ടുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; അതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ജൻറം കോർപ്പറേഷന്റെ പ്രവർത്തനത്തിലേക്കായി കെ.എസ്.ആർ.ടി. സി.-യുടെ ഫണ്ടിൽനിന്നും നിലവിൽ എന്ത് തുക ചെലവാക്കിയിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ വിഭജിക്കാൻ തീരുമാനിച്ചിട്ടില്ല.

(ബി) ജൻറം സർവ്വീസുകൾക്കായി RTC Act 1950 Article 17 A പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷനായി Kerala Urban Road Transport Corporation എന്ന പേരിൽ ഒരു Special Purpose Vehicle രൂപീകരിച്ചിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നില്ല.

(ഡി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനത്തിലേയ്ക്കായി കെ.എസ്.ആർ. ടി.സി.-യുടെ ഫണ്ടിൽനിന്നും നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ആന്റി കറപ്ഷൻ ബ്യൂറോ മാനുവൽ പരിഷ്കരണം**

3 (*303) ശ്രീ. ജി. സുധാകരൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി ആരോപണങ്ങളും കൃത്യവിലോപങ്ങളും അന്വേഷിക്കുന്നത് സംബന്ധിച്ച് ആന്റി കറപ്ഷൻ ബ്യൂറോയുടെ മാനുവൽ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടോ ;

(ബി) സുപ്രീം കോടതി അഞ്ചംഗ ബെഞ്ച് എഫ്.ഐ.ആറിനു മുമ്പുള്ള പ്രാഥമിക അന്വേഷണം സംബന്ധിച്ച് 2013-ൽ പുറപ്പെടുവിച്ച വിധിപ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടെ മാനുവൽ പരിഷ്കരിച്ചിട്ടുണ്ടോ ;

(സി) ആന്റി കറപ്ഷൻ ബ്യൂറോ, നിലവിൽ അഴിമതി കേസിൽ അന്വേഷണത്തിന് പിന്തുടരുന്നത് ഏതു വിധിയുടെ വെളിച്ചത്തിലുള്ള നടപടിക്രമങ്ങളാണ് ;

(ഡി) ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉന്നയിക്കപ്പെട്ട കോഴ ആരോപണം സംബന്ധിച്ച് വിജിലൻസ് സംഘം അന്വേഷണം നടത്തിയത് ഭരണഘടനാ ബെഞ്ചിന്റെ ഏതു വിധി പ്രസ്താവം അനുസരിച്ചാണ് ;

(ഇ) പ്രസ്തുത വിധിക്കനുസൃതമായി അന്വേഷണം നടത്താൻ വിസമ്മതിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ എടുക്കാവുന്ന ശിക്ഷ സംബന്ധിച്ച് വിധി പ്രസ്താവത്തിൽ പരാമർശമുണ്ടോ ; എങ്കിൽ എന്താണ് ;

(എഫ്) സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ പ്രസ്തുത വിധിയുടെ സ്പിരിറ്റിലാണോ, മറിച്ച് ക്വിക് വെരിഫിക്കേഷൻ നടത്താനാണോ മേൽപ്പറഞ്ഞ കേസിൽ ആഭ്യന്തര മന്ത്രി ഉത്തരവ് നൽകിയത്; വിശദമാക്കാമോ ;

(ജി) വിജിലൻസ് മാന്വലിലെ വ്യവസ്ഥയും സുപ്രീംകോടതി പ്രസ്താവത്തിലെ വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം എന്തായിരുന്നു ?

ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) :

(എ) അഴിമതി ആരോപണങ്ങളും കൃത്യവിലോപങ്ങളും അന്വേഷിക്കുന്നത് സംബന്ധിച്ച് വിജിലൻസ് മാന്വൽ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി." എന്ന റിട്ട് ഹർജിയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നിർദ്ദേശം വിജിലൻസ് ബ്യൂറോയിലെ ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്. വ്യക്തമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ ഇനിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യവിലോപങ്ങളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾക്ക് നിലവിലുള്ള നിർദ്ദേശങ്ങൾ പര്യാപ്തമാണ്.

(ബി) അഴിമതി കേസുകളിൽ പ്രാഥമിക അന്വേഷണം നടത്തി പൂർത്തിയാക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിശ്ചയിച്ച സമയപരിധി അനുസരിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിധിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് മാന്വൽ പരിഷ്ക്കരിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇതേവരെ വിജിലൻസ് പിൻതുടർന്നിരുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "സിറാജുദ്ദീൻ Vs സ്റ്റേറ്റ് ഓഫ് മദ്രാസ്" എന്ന വിധിയുടെ അടിസ്ഥാനത്തിലും മറ്റ് ഗവൺമെന്റ് ഉത്തരവുകളുടെ വെളിച്ചത്തിലുമായിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി." എന്ന റിട്ട് ഹർജിയിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ആണ് ഇപ്പോൾ അന്വേഷണങ്ങൾ നടത്തുന്നത്.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി ആന്റ് അദേഴ്സ്" എന്ന റിട്ട് ഹർജിയിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉന്നയിച്ച ആരോപണത്തെ സംബന്ധിച്ച അന്വേഷണം നടത്തിയത്.

(ഇ) പ്രസ്തുത വിധിയുടെ പാരഗ്രാഫ് 111(iv)-ൽ Action must be taken against erring officers who do not register the FIR if information received by him discloses a cognizable offence. FIR എടുക്കാൻ വിസമ്മതിക്കുന്ന ഉദ്യോഗസ്ഥർ ക്കെതിരെ നടപടി എടുക്കാൻ വിധിയിൽ നിർദ്ദേശമുണ്ട്. വീഴ്ചയുണ്ടാകുന്ന ഓരോ കേസിലും എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്നുള്ളത് പ്രസ്തുത കേസിന്റെ വസ്തുതകളും സ്വഭാവങ്ങളും കണക്കിലെടുത്തായിരിക്കും.

(എഫ്) പ്രസ്തുത കോഴയാരോപണ കേസിൽ ആഭ്യന്തര മന്ത്രി ഒരു തരത്തിലുമുള്ള ഉത്തരവുകളും വിജിലൻസ് ബ്യൂറോയ്ക്ക് നൽകിയിട്ടില്ല. ഈ കേസിൽ സത്വരാന്വേഷണം നടത്താൻ തീരുമാനമെടുത്തതും ഉത്തരവ് നൽകിയതും വിജിലൻസ് ഡയറക്ടർ നേരിട്ടാണ്. ആയത് സുപ്രീംകോടതിയുടെ വിധിക്കനു സൃതമായുമാണ്.

(ജി) വിജിലൻസിൽ നിലവിലുള്ള സർക്കുലർ പ്രകാരം സത്വരാന്വേഷണത്തിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി 45 ദിവസമാണ്. വിജിലൻസ് നടത്തുന്ന മറ്റ് അന്വേഷണങ്ങൾക്ക് സമയപരിധി നിജപ്പെടുത്തിയിരുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി ആന്റ് അദേഴ്സ്" എന്ന റിട്ട് ഹർജിയിലുള്ള വിധിയുടെ അടിസ്ഥാനത്തിൽ പരമാവധി സമയം 6 ആഴ്ചയാണ്.

**പൊതുഗതാഗതത്തിന് പ്രാധാന്യം നല്കിയുള്ള ഗതാഗത പരിഷ്കാരങ്ങൾ**

4 (*304) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു റോഡുകളിൽ പൊതുഗതാഗതത്തിന് കൂടുതൽ പ്രാധാന്യം നൽകാനും സ്വകാര്യ വാഹനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നിലവിൽ റോഡുകളിൽ ഏറ്റവും പ്രാധാന്യം ബസ് ഉൾപ്പെടെയുള്ള പൊതു വാഹനങ്ങൾക്ക് തന്നെയാണോ ; ഇതു സംബന്ധമായ സമീപനം വിശദമാക്കാമോ;

(സി) ഗതാഗതക്കുരുക്ക് കൂടുതലുള്ള നഗരങ്ങളിൽ പൊതു വാഹനങ്ങൾ കടത്തി വിടുകയും സ്വകാര്യ വാഹനങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ ;

(ഡി) ഗതാഗത പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമ്പോൾ കാൽ നടയാത്രക്കാരും സൈക്കിൾ യാത്രക്കാരും ബസ് യാത്രക്കാരും അവഗണിക്കപ്പെടുന്നതും ഫുട്പാത്തുകൾ സ്വകാര്യ വാഹനങ്ങൾ കയ്യേറുന്നതുമായ സ്ഥിതിവിശേഷം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ദേശീയ നഗര ഗതാഗത നയം (നാഷണൽ അർബൻ ട്രാൻസ്പോർട്ട് പോളിസി) പൊതുഗതാഗതത്തിന് കൂടുതൽ പ്രാധാന്യം നൽകാനും സ്വകാര്യ വാഹനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുവാനും വിഭാവനം ചെയ്യുന്നുണ്ട്. ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്) ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള കേരളത്തിന്റെ കരട് ഗതാഗത നയത്തിലും ഇതിന് കൂടുതൽ പ്രാധാന്യം നൽകുന്നതിന് ശിപർശ ചെയ്യുന്നുണ്ട്.

നിലവിലെ മോട്ടോർ വാഹന നിയമപ്രകാരം പൊതുനിരത്തുകളിൽ പൊതുഗതാഗതത്തിന് മുൻഗണന നൽകാനായി സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കാൻ സാധ്യമല്ല. എന്നിരുന്നാലും പൊതുഗതാഗതത്തിന് മുൻഗണന നൽകാനായി കെ.എസ്.ആർ.ടി.സി. മുഖേനയുള്ള കേന്ദ്ര സർക്കാരിന്റെ ജൻറം പദ്ധതി നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽനിന്നും വരുന്ന സ്വകാര്യ വാഹനങ്ങൾ നഗരകവാടങ്ങളിൽ പാർക്ക് ചെയ്ത് അവിടെനിന്ന് പൊതുഗതാഗത സംവിധാനത്തിന് കീഴിലുള്ള ബസ്സുകളിൽ യാത്ര ചെയ്ത് നഗരത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയുള്ളതാണ്. ഈ ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ സർവ്വീസ് നടത്തി വരുന്നുണ്ട്. നഗരകവാടങ്ങളിൽ ആവശ്യമായ പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾമൂലം പദ്ധതി കൊണ്ട് ലക്ഷ്യമിട്ട ഉദ്ദേശം കൈവരിക്കാനായിട്ടില്ല.

ധാരാളം ആൾക്കാരെ ഒരുമിച്ച് കൊണ്ടുപോകുന്ന കൊച്ചി മെട്രോ നടപ്പിലാക്കിയും സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതിനേക്കാൾ പൊതു ഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുന്നതുമൂലം വ്യക്തികൾക്കും സമൂഹത്തിനു മുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ചും സ്വകാര്യ വാഹനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) നിലവിൽ കേരളത്തിലെ പൊതുനിരത്തുകളിൽ ആംബുലൻസ്, ഫയർ ഫോഴ്സ് എന്നിവയ്ക്കാണ് മുൻഗണന.

(സി) ഇപ്പോൾ ചരക്ക് കയറ്റിയ ലോറികൾ, ഗ്യാസ് ടാങ്കറുകൾ, ടിപ്പറുകൾ മുതലായ

വാഹനങ്ങൾക്ക് സമയനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. കാൽനടയാത്രക്കാർ, സൈക്കിൾ യാത്രക്കാർ, ബസ് യാത്രക്കാർ എന്നിവർ അവഗണിക്കപ്പെടുന്നതും, സ്വകാര്യവാഹനങ്ങൾ ഫുട്പാത്തുകൾ കയ്യേറുന്നതും കണ്ടു വരുന്നുണ്ട്. ഈ പ്രവണത ഒഴിവാക്കുന്നതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള ആവശ്യമായ നടപടികൾ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എടുത്തുവരുന്നുണ്ട്. കാൽനടയാത്രയും സൈക്കിൾയാത്രയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വീതി കൂടിയ ഫുട്പാത്ത്, സൈക്കിൾ ട്രാക്ക് എന്നിവ നൽകേണ്ടിവരും. ഇവർക്ക് വേണ്ട റോഡു വീതിയില്ലായ്മയാണ് പലപ്പോഴും പ്രശ്നങ്ങൾക്ക് കാരണം. കേരളത്തിലെ നാല് കോർപ്പറേഷനുകളിൽ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിന് വേണ്ടി ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്) ഈ വിഷയത്തിൽ പഠനം നടത്തിയിട്ടുണ്ട്. കൊച്ചി നഗരത്തിൽ കാൽനട യാത്രാസംവിധാനം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പഠന റിപ്പോർട്ട് നാറ്റ്പാക് സമർപ്പിച്ചിട്ടുണ്ട്. പ്രത്യേക സൈക്കിൾപാതകൾ നിർമ്മിക്കുന്നത് പരിഗണനാർഹമാണെന്നും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പരീക്ഷണ അടിസ്ഥാനത്തിൽ അവ ഏർപ്പെടുത്താവു ന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

**സേവനാവകാശ നിയമം നടപ്പാക്കൽ**

5 (*305) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നിലവിൽ വന്നശേഷം ജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാവുന്ന കാര്യത്തിൽ വന്നിട്ടുള്ള മാറ്റം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ, വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) സേവനാവകാശ നിയമത്തിൽ അനുശാസിക്കുംപ്രകാരം പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിൽ കൈവരിക്കാനായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ, ആയതു സംബന്ധിച്ച കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) നിയമം ശരിയായവിധം നടപ്പാക്കുന്ന കാര്യത്തിൽ നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അവ

പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്ന തെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഉൾപ്പെടെ 117 വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി സംബന്ധിച്ച ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.എം.ജി. ഒരു പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൽ മുന്നോട്ട് വച്ചിരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

സേവനാവകാശ നിയമപ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് വ്യക്തമാക്കിക്കൊണ്ട്, 15-11-2014-ലെ 16203/ എ. ആർ.12(1)/13/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലായെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 21-10-2014-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം

നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കുവാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സേവനാവകാശ നിയമത്തിൽ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തണമെന്ന് അനുശാസിക്കുന്നില്ല.

(സി) നിയമം ശരിയായ വിധത്തിൽ നടപ്പിലാക്കുന്ന കാര്യത്തിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി

6 (*306) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുമായി ചർച്ചകൾ നടത്തുന്നതിനും കാമ്പസുകളിൽ വ്യാപകമായ പ്രചരണങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്കൂൾ പരിസരത്ത് പുകയില , ലഹരിയുല്പന്നങ്ങൾ എന്നിവ വിൽക്കുന്ന കടകളുടെ ലൈസൻസുകൾ റദ്ദാക്കുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിച്ച് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രോത്സാഹനം നൽകുന്നതിനായി അവാർഡുകൾ നൽകുന്നതുൾപ്പെടെയുള്ള കാര്യം പരിഗണിക്കുമോ ;

(ഡി) പുകയില - ലഹരി ഉല്പന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിലും വാർത്താമാദ്ധ്യമങ്ങളിലും കൂടുതൽ പ്രചരണങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി കൂടുതൽ ഫലപ്രദമായി വ്യാപിപ്പിക്കുന്നതിനും വിദ്യാർത്ഥി യുവജന സന്നദ്ധ സംഘടന പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിനും അവരുടെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്കൂൾ, കോളേജ് കാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻമസാല, പുകയില ഉല്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/സി.ഡി.-കൾ എന്നിവയുടെ വില്പന കർശനമായി നിരോധിക്കുകയും റെയ്ഡുകൾ നടത്തി ഇത്തരം ഉല്പന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽ നിരന്തരം പിടിക്കപ്പെടുന്നവരുടെ ലൈസൻസുകൾ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പുകയില ലഹരി ഉല്പന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. റേഡിയോ ഹെൽത്ത് പ്രോഗ്രാം, എഫ്.എം.ചാനലുകൾ, വിക്ടേഴ്സ് ചാനൽ മുതലായവ മുഖേന കൂടുതൽ പ്രചരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**വിദ്യാഭ്യാസ വായ്പാക്കുടിശ്ശിക തിരിച്ചടവിന് മോറട്ടോറിയം**

7 (*307) ഡോ. കെ. ടി. ജലീൽ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പാക്കുടിശ്ശിക തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശ ഇളവിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) വിദ്യാഭ്യാസ വായ്പാകുടിശ്ശികയുടെ പേരിലുള്ള റിക്കവറി നടപടികൾ നിർത്തിവയ്ക്കുവാൻ സംസ്ഥാന സർക്കാരുമായുള്ള ചർച്ചകളെ തുടർന്ന് ബാങ്കുകൾ സമ്മതിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ ;

(ഡി) വിദ്യാഭ്യാസ വായ്പാകുടിശ്ശികയുടെ പേരിലുള്ള റിക്കവറി നടപടികൾ നിർത്തിവയ്ക്കുമെന്ന് പ്രഖ്യാപിച്ചതിനുശേഷവും ബാങ്കുകൾ നടപടികളുമായി മുന്നോട്ടു പോകുന്നുവെന്ന പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം 10-10-2014 മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന് തുടർച്ചയായി 1-4-2009-ന് മുൻപ് വിദ്യാഭ്യാസ വായ്പയെടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്കായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡിക്ക് അർഹരായ എല്ലാ അപേക്ഷകരുടേയും വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് 9-12-2014 മുതൽ ആറ് മാസത്തേക്ക് സ.ഉ.(കൈ) നമ്പർ 52/2014/ആസൂത്രണം നമ്പർ ഉത്തരവ് പ്രകാരം മോറട്ടോറിയം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. 1-4-2004 മുതൽ 31-3-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അനുവദനീയമായ തുക അനുവദിക്കാനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിക്കാൻ ജില്ലാ കളക്ടർമാരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അതിൻപ്രകാരം 31-3-2014 വരെ കളക്ടർമാരിൽനിന്നും ഫണ്ട് അനുവദിക്കാനായി ലഭിച്ച ശിപാർശകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിനുശേഷം ജില്ലാ കളക്ടർമാരിൽനിന്നും ലഭിച്ച ശിപാർശകൾ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരുന്നു.

2009 ഏപ്രിൽ മുതൽ വിദ്യാഭ്യാസ വായ്പ എടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ പലിശ സബ്സിഡി നൽകിവരുന്നുണ്ട്.

4.5 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് പ്ലസ്-2 കഴിഞ്ഞുള്ള പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസത്തിന് 1-4-2009-ന് ശേഷം വിതരണം ചെയ്ത തുകയ്ക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡി ലഭ്യമാണ്.

(സി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രകാരമുള്ള മോറട്ടോറിയത്തിന് അനുസൃതമായ നടപടികൾ ബാങ്കുകൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അവ സംസ്ഥാനതല ബാങ്കിംഗ് സമിതിക്കും ബന്ധപ്പെട്ട ബാങ്ക് ശാഖയ്ക്കും അയച്ചുകൊടുത്ത് പരിഹാരം കാണുന്നുണ്ട്.

സർക്കാർ പ്രഖ്യാപിച്ച 10-10-2014 മുതലുള്ള മോറട്ടോറിയത്തിന്റെ ആനുകൂല്യം വിദ്യാഭ്യാസ വായ്പ എടുത്ത അർഹരായ എല്ലാവർക്കും അനുവദിക്കേണ്ടതാണെന്ന വിഷയം 28-11-2014-ൽ കൂടിയ 114-ാമത് എസ്.എൽ.ബി.സി. യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടുണ്ട്.

**റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ**

8 (*308) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബില്ലിലെ വ്യവസ്ഥകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ-2014 രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് വിരുദ്ധമായിട്ടുള്ളതാണ്. പ്രസ്തുത ബില്ലിലെ 2-ാം വകുപ്പ് പ്രകാരം റോഡ് ഗതാഗതത്തെ സംബന്ധിച്ച പൂർണ്ണ

നിയന്ത്രണം കേന്ദ്ര സർക്കാരിന്റെ കീഴിലാകും. പ്രസ്തുത വകുപ്പ് പ്രകാരം സംസ്ഥാനങ്ങൾക്കോ, കേന്ദ്ര ഭരണ പ്രദേശങ്ങൾക്കോ റോഡ് ഗതാഗതത്തിൽ യാതൊരു നിയന്ത്രണവും ഉണ്ടാകുകയില്ല.

റോഡ് സേഫ്റ്റി ബിൽ ഇപ്പോഴത്തെ നിലയിൽ നിയമമായി പ്രാബല്യത്തിൽ വരികയാണെങ്കിൽ സംസ്ഥാനങ്ങൾക്ക് തങ്ങളുടേതായ ചട്ടങ്ങൾ രൂപപ്പെടുത്തുവാൻ കഴിയുകയില്ല. റോഡ് സേഫ്റ്റി ബില്ലിന്റെ 23-ാം വകുപ്പ് പ്രകാരം സംസ്ഥാന സുരക്ഷാ അതോറിറ്റി രൂപീകരിക്കുവാൻ നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത അതോറിറ്റി ഒരു കോർപ്പറേറ്റ് ബോഡിയാണ്. കൂടാതെ ദേശീയ അതോറിറ്റിയുടേയും സംസ്ഥാന സുരക്ഷാ അതോറിറ്റിയുടേയും കീഴിൽ പ്രവർത്തിക്കുന്നതിനായി അനുയോജ്യമായ ഏജൻസിയെ സംസ്ഥാന സർക്കാർ തീരുമാനിക്കണം. ഇത് ഫെഡറൽ സംവിധാനത്തിന് വിരുദ്ധമാണ്.

റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബില്ലിന്റെ 24-ാം വകുപ്പിൽ സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ രൂപീകരണത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും പ്രസ്തുത അതോറിറ്റിയുടെ അധികാരങ്ങളും, ഉത്തരവാദി ത്തങ്ങളും ശരിയായ രീതിയിൽ നിർവ്വചിച്ചിട്ടില്ല. മറ്റൊരു വസ്തുത സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ ചെയർപേഴ്സനെ നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ് എന്നതാണ്.

കേരള നിയമസഭ 2007-ൽ കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമത്തിന് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന സുരക്ഷാ അതോറിറ്റിയുടെ ചെയർപേഴ്സനെ കേന്ദ്ര സർക്കാർ നിയമിക്കുക എന്നുള്ളത് കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമത്തിന് വിരുദ്ധമാണ്.

യൂണിഫൈഡ് ഡ്രൈവർ ലൈസൻസിംഗ് സമ്പ്രദായം മുഖേന ഇപ്പോൾ ഡ്രൈവിംഗ് ലൈസൻസ് നേടിയിട്ടുള്ള എല്ലാവരും പുതിയ നിയമം പ്രാബല്യത്തിൽ വന്ന് 2 വർഷത്തിനുള്ളിൽ പുതിയ ഡ്രൈവിംഗ് ലൈസൻസ് നേടിയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ ലൈസൻസ് എടുത്ത് വാഹനം ഓടിച്ചുവരുന്ന കോടിക്കണക്കിന് ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്നതാണ് പ്രസ്തുത നിർദ്ദേശം. കൂടാതെ നിലവിൽ സംസ്ഥാനങ്ങൾക്ക് നൽകുവാൻ അധികാരമുള്ള അന്തർ സംസ്ഥാന പെർമിറ്റുകൾ പുതിയ നിയമപ്രകാരം കേന്ദ്ര അതോറിറ്റിക്കേ നൽകാനാവൂ. ഇത് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വാഹന ഉടമകളെ വളരെ ദോഷകരമായി

ബാധിക്കുകയും, സംസ്ഥാന ഖജനാവിന് ദോഷം വരുത്തുകയും ചെയ്യും.

റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബില്ലിന്റെ 86-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് മോട്ടോർ വാഹന നികുതി പിരിക്കുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്നത് കേന്ദ്ര സർക്കാരിനെയാണ്. 2-ാം ഉപവകുപ്പ് നികുതി പിരിക്കുന്നതിനും, സംസ്ഥാനങ്ങൾക്കും, കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും പിരിച്ചെടുത്ത നികുതി വീതം വക്കുന്നതിനുമായി ഒരു ഇലക്ട്രോണിക് പ്ലാറ്റ്ഫോം (Electronic Platform)-ന് ദേശീയ അതോറിറ്റി രൂപം നല്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നമ്മുടെ ഭരണഘടന പ്രകാരം മോട്ടോർ വാഹന നികുതി എന്നുള്ളത് സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു വിഷയമാണ്. ഇങ്ങനെ ഭരണഘടന പ്രകാരം സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു വിഷയത്തിൽ അധീശത്വം സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന് കഴിയുകയില്ല. മാത്രമല്ല, മോട്ടോർ വാഹന നികുതി കേന്ദ്ര സർക്കാർ നിശ്ചയിക്കുകയാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തെ സാരമായി ബാധിക്കുകയും, സംസ്ഥാന സർക്കാരിന് ഇഷ്ടാനുസരണം സാഹചര്യങ്ങൾക്കനുസരിച്ച് നികുതി കൂട്ടുന്നതിനോ, കുറയ്ക്കുന്നതിനോ കഴിയാതെ വരികയും ചെയ്യും.

ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാർ മുൻപാകെ ഒബ്ജക്ഷൻ ഫയൽ ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ കൂടാതെ ബില്ലിലെ മറ്റൊരു പ്രധാനപ്പെട്ട സംഗതി ഇത് ഇന്ത്യയിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്ടിൽ ചാപ്റ്റർ VI-ൽ അനുവദിച്ചിട്ടുള്ള പ്രത്യേക അവകാശങ്ങൾ ഇല്ലാതാക്കുന്നു എന്നതാണ്. പൊതുമേഖലയേയും സ്വകാര്യ മേഖലയേയും ഒരുപോലെ പ്രോൽസാഹിപ്പിക്കുക എന്നതും അതോടൊപ്പം പട്ടണങ്ങളിലും പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടും എല്ലാവിധ ഗതാഗത സൗകര്യങ്ങളും ഉപയോഗിച്ച് ഒരു സമാന്തര നവീന ഗതാഗത സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ടി ബില്ലിൽ പൊതുവായുള്ളത്. ഈ രണ്ട് നിർദ്ദേശങ്ങളും നടപ്പിൽ വന്നാൽ ഇന്ത്യയിലെ മുഴുവൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളും അടച്ചു പൂട്ടുന്നതിന് വഴിയൊരുക്കുകയും ആർക്കും പെർമിറ്റ് കരസ്ഥമാക്കി എവിടെ വേണമെങ്കിലും അവരുടെ സൗകര്യാർത്ഥം ബസ് സർവ്വീസ് നടത്തുവാൻ കഴിയുന്ന അവസ്ഥ വന്നു ചേരുന്നതുമാണ്. അതോടൊപ്പം ഇപ്പോൾ യാത്രാ നിരക്ക് നിശ്ചയിക്കുന്നതിന് സർക്കാരിനും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്കുമുള്ള അവകാശങ്ങൾ പൂർണ്ണമായും ഇല്ലാതാകുകയും ജനങ്ങൾ സ്വകാര്യ സമാന്തര ലോബികളുടെ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യം

വന്നുചേരുകയും ചെയ്യും. പൊതുഗതാഗത രംഗത്ത് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെ പങ്കാളിത്തം ഉള്ളതുകൊണ്ടാണ് യാത്രക്കാർക്ക് സ്വകാര്യ ലോബികളുടെ ചൂഷണത്തിന് വിധേയമാകാതെ ഇപ്പോൾ യാത്ര ചെയ്യുവാൻ കഴിയുന്നത്. മാത്രവുമല്ല, 1950-ലെ ആർ.ടി.സി. ആക്ടിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെ ഉന്നമനത്തിനായി ലക്ഷ്യമിട്ട എല്ലാ വ്യവസ്ഥകളും തകരുന്നതിനും ഇത് ഇടയാക്കുന്നതാണ്.

സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെ നിലനില്പിനെത്തന്നെ അപകടപ്പെടുത്തുന്ന ബില്ലിലെ വ്യവസ്ഥകൾ വിശദമായി പരിശോധിച്ച് അക്കാര്യത്തിൽ കൂടി ഒബ്ജക്ഷൻ ഫയൽ ചെയ്യേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആറന്മുള വിമാനത്താവളം**

9 (*309) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവളത്തിന്റെ പാരിസ്ഥിതികാനുമതി, ചെന്നൈ ഹരിത ട്രിബ്യൂണൽ റദ്ദാക്കിയതിനെ സുപ്രീംകോടതി ശരിവച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.ജി.എസ്.ഗ്രൂപ്പ് നേടിയ അനുമതികൾ ഇപ്പോഴും നിലനില്ക്കുന്നുണ്ടോ ; ഇവ രണ്ടും റദ്ദാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കെ.ജി.എസ്. ഗ്രൂപ്പ് വിമാനത്താവളത്തിനായി വാങ്ങിയ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് നൽകി 7-2-2014-ൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗ തീരുമാനം റദ്ദു ചെയ്തുകൊണ്ട് മിച്ചഭൂമി ഇളവ് നൽകാനുള്ള നീക്കം അവസാനിപ്പിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.ജി.എസ്. ഗ്രൂപ്പിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതി ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കുകയും ടി വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ടി

പദ്ധതിക്ക് ലഭിച്ച പാരിസ്ഥിതികാനുമതി നിലനിൽക്കുന്നതല്ല. അതിനാൽ തന്നെ ടി പാരിസ്ഥിതികാനുമതി റദ്ദാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേകിച്ച് നടപടി ഒന്നും സ്വീകരിക്കേണ്ടതില്ല.

(സി) ഉണ്ട്. കെ.ജി.എസ്. ഗ്രൂപ്പ് ആറന്മുള വിമാനത്താവളത്തിനുവേണ്ടി വാങ്ങിയിട്ടുള്ള 136.31 ഹെക്ടർ ഭൂമി സംബന്ധിച്ച് ശ്രീ. എബ്രഹാം കലമണ്ണിലിന്റെ പേരിൽ എസ്.എം.01/12 നമ്പരായി കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് വിചാരണ നടത്തിവരുന്നു. ആറന്മുള വിമാനത്താവള പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭൂമിക്ക് ഭൂപരിധിയിൽനിന്നും ഇളവ് നൽകണമെന്ന അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

**റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി**

10 (*310) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങളും മരണങ്ങളും കുറഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഈ സർക്കാരിന്റെ കാലത്ത് റോഡപകടങ്ങളെക്കുറിച്ച് പോലീസ് വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ ;

(ഡി) റോഡപകടങ്ങൾ കുറയ്ക്കാൻ പോലീസ് വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) നേരിയ തോതിൽ കുറഞ്ഞുവരുന്നു. 2012 വർഷത്തിൽ 36,174 റോഡപകടങ്ങളിൽ 4,286 പേർ മരണമടയുകയും എന്നാൽ 2013 വർഷത്തെ

കണക്കുകൾ പ്രകാരം റോഡപകടങ്ങൾ 35,215 ആയും മരണം 4,258 ആയും കുറഞ്ഞിട്ടുണ്ട്.

(ബി&സി) ഈ സർക്കാരിന്റെ കാലത്ത് റോഡപകടങ്ങളെക്കുറിച്ച് പോലീസ് വകുപ്പ് പ്രത്യേകിച്ച് റിപ്പോർട്ടൊന്നും തയ്യാറാക്കിയിട്ടില്ല.

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി വാഹന പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ ഗുരുതര സ്വഭാവമുള്ള അപകടങ്ങളുടെ കണക്കുകൾ ശേഖരിക്കുകയും ആയതിന്റെ കാരണങ്ങൾ വിശദമായി അന്വേഷണം നടത്തിയും മേലിൽ അത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട റിപ്പോർട്ട് വ്യക്തമായ ശിപാർശകൾ സഹിതം സ്റ്റേറ്റ് ലെവൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റിക്ക് സമർപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ജില്ലാ പോലീസ് മേധാവി കൺവീനറായും ആർ.റ്റി.ഒ, പൊതുമരാമത്ത് വകുപ്പിന്റെ നാഷണൽ ഹൈവേ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിലെ എഞ്ചിനീയർ എന്നിവർ മെമ്പർമാരായും ഉള്ള ജില്ലാ തല സമിതി പ്രവർത്തിച്ചുവരുന്നു. ഗതാഗത വകുപ്പും റോഡ് സേഫ്റ്റി അതോറിറ്റിയുമായി ചേർന്ന് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഡ്രൈവർമാർക്കും റോഡ് നിയമങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുന്നുണ്ട്. ഹൈവേ പോലീസും ലോക്കൽപോലീസും ഹൈവേകളിൽ കർശനമായ വാഹന പരിശോധന നടത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഇന്റർസെപ്റ്റർ വാഹനത്തിന്റെ സേവനവും ഇക്കാര്യത്തിൽ ലഭ്യമാണ്. പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് വഴിയരികിൽ ട്രാഫിക്ക് സിഗ്നൽ ബോർഡുകളും സീബ്രാലൈനുകളും നിർമ്മിച്ചിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിച്ച് അപകടമുണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുവാനുള്ള നടപടികൾ പോലീസ് സ്വീകരിക്കുന്നുണ്ട്. ഹെൽമറ്റ്, സീറ്റ്ബെൽറ്റ് എന്നിവ ധരിക്കാതെ വാഹനമോടിക്കുന്നുണ്ടോ എന്നും രാത്രികാലങ്ങളിൽ ഹെഡ്‌ലൈറ്റ് ഡിം ചെയ്യാതെ വാഹനമോടിക്കുന്നുണ്ടോ എന്നും പോലീസ് പരിശോധിക്കുന്നുണ്ട്. നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലും അനധികൃതമായി ഉയർത്തിയിരിക്കുന്ന പരസ്യബോർഡുകൾ, ബാനറുകൾ, ഫ്ളക്സുകൾ എന്നിവ ബന്ധപ്പെട്ട അധികാരികളുമായി ചേർന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടിയും പോലീസ് സ്വീകരിച്ചുവരുന്നു. സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ ട്രാഫിക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

**വിഴിഞ്ഞം തുറമുഖ പദ്ധതി-അടിസ്ഥാന സൗകര്യങ്ങളുടെ വികസനം**

11 (*311) <u>ശ്രീ. കെ. എം. ഷാജി</u> :

<u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>:

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി ഗതാഗതം, വൈദ്യുതി, കെട്ടിടങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>) :

വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി ഗതാഗതം, വൈദ്യുതി, കെട്ടിടങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു :

<u>റോഡ്</u> : വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ NH 47 ബൈപാസുമായി ബന്ധിപ്പിക്കുന്നതിനുള്ള 2 കി.മീ. നീളമുള്ള റോഡിനായുള്ള സ്ഥലം തുറമുഖ കമ്പനി ഏറ്റെടുത്തുകഴിഞ്ഞു. പ്രസ്തുത റോഡിന്റെ നിർമ്മാണം തുറമുഖ നടത്തിപ്പിനായി തെരഞ്ഞെടുക്കുന്ന കൺസഷനയറുടെ ചുമതലയാണ്.

<u>റെയിൽ</u> : വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ നിലവിലുള്ള നേമം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന രീതിയിലുള്ള പാത സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. തുടർന്ന് റെയിൽ മന്ത്രാലയത്തിന്റെ അനുമതി നേടിയ ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും.

<u>വൈദ്യുതി</u> : നിർമ്മാണ ഘട്ടത്തിന് ആവശ്യമുള്ള 11 കെ.വി വൈദ്യുതി പൂവാർ സബ്സ്റ്റേഷനിൽ നിന്നും ഭൂഗർഭ കേബിൾ സ്ഥാപിച്ച് പദ്ധതി പ്രദേശത്ത് 2014 നവംബർ മാസത്തിൽ എത്തിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ സമയത്തേക്ക് ആവശ്യമായി വരുന്ന വൈദ്യുതി പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിലേക്കായി ആരംഭിച്ച 220 കെ.വി. പ്രസരണ ലൈനിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

<u>ജലം</u> : തുറമുഖത്തിനാവശ്യമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മുഖാന്തരം 3.3 MLD ജലം ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണം 2013 ഏപ്രിലിൽ പൂർത്തീകരിച്ചു. നിലവിൽ ഇതിന്റെ 50 ശതമാനമായ 1.5 MLD ശുദ്ധജലം വിഴിഞ്ഞം പ്രദേശത്തെ

ജനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി മുഖാന്തരം വിതരണം ചെയ്തുവരുന്നു.

കെട്ടിടങ്ങൾ : തുറമുഖത്തിന് അനുബന്ധമായി ആവശ്യമായ എല്ലാ കെട്ടിടങ്ങളുടെ രൂപകല്പനയും നിർമ്മാണവും നിലവിലെ ഘടനയനുസരിച്ച് തുറമുഖ നിർമ്മാണവും പ്രവർത്തനവും ഏറ്റെടുക്കുന്ന കൺസഷനെയർ ആണ് പൂർത്തിയാക്കേണ്ടത്.

**മാതൃകാ മത്സ്യഗ്രാമപദ്ധതി**

12 (*312) ശ്രീ.പി. സി. വിഷ്ണുനാഥ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ മത്സ്യ ഗ്രാമം പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ-ഡി) മാതൃകാമത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമാണ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളെ സമഗ്രവികസനത്തിലൂടെ മാതൃകാ മത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കുന്നത്.

മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാംഘട്ടം സംസ്ഥാനത്തെ എല്ലാ മത്സ്യഗ്രാമങ്ങളിലുമായാണ് നടപ്പിലാക്കിവരുന്നത്. ഈ ഗ്രാമങ്ങളിലെ ഭവന രഹിതരായ 2867 മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിന് 57.34 കോടി രൂപ ചെലവഴിച്ചുവരുന്നു. സംസ്ഥാനത്തെ ഫിഷർമെൻ കോളനികളിലെ മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനർ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും 25 കോടി രൂപയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ തെരഞ്ഞെടുത്ത 14 ഫിഷറീസ് കോളനികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 5 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 13-ാം ധനകാര്യ

കമ്മീഷൻ ധനസഹായത്തിലുൾപ്പെടുത്തി 2762 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതിയ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് 4.83 കോടി രൂപയുടെയും 1000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിക്കുന്നതിന് 5 കോടി രൂപയുടെയും പദ്ധതി നടപ്പിലാക്കൽ അന്തിമഘട്ടത്തിലാണ്.

സംസ്ഥാനമൊട്ടാകെയുള്ള 10 ഫിഷറീസ് സ്കൂൾ പുനരുദ്ധാരണത്തിനായി 2516.50 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിടങ്ങളിൽ 300 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 350 ലക്ഷം രൂപയുടെ വൈദ്യുതീകരണം, 74 ലക്ഷം രൂപയുടെ ഫിഷറീസ് റോഡ് നിർമ്മാണം, 63 ലക്ഷം രൂപയുടെ അംഗൻവാടി, 150 ലക്ഷം രൂപയുടെ വലിയതുറ ഫിഷറീസ് ആശുപത്രി നിർമ്മാണം എന്നിവയും ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ 40 ലക്ഷം രൂപയുടെ വൈദ്യുതീകരണം 70 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 200 ലക്ഷം രൂപയുടെ ഫിഷറീസ് റോഡ് നിർമ്മാണം, 128 ലക്ഷം രൂപയുടെ ബേപ്പൂർ ജി.എച്ച്.എസ്.എസ്. സ്കൂൾ കെട്ടിട നിർമ്മാണം, ആനാപ്പുഴയിൽ 8 ലക്ഷം രൂപയുടെ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്കായി 2012-13, 2013-14, 2014-15 വർഷങ്ങളിലായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 114 കോടി രൂപ ഉപയോഗിച്ച് വികസനപരമായി പിന്നോക്കം നിൽക്കുന്ന 57 മത്സ്യ ഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി നിർമ്മാണം, ജീവനോപാധി സഹായം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

2012-13 സാമ്പത്തിക വർഷത്തിൽ പരുത്തിയൂർ, പൂന്തുറ, പുതുക്കുറിച്ചി, വിഴിഞ്ഞം, വെട്ടൂർ, തങ്കശ്ശേരി, ശക്തികുളങ്ങര, പുറക്കാട്, കാട്ടൂർ, പള്ളിത്തോട് സൗത്ത്, പള്ളിത്തോട് നോർത്ത്, അർത്തുങ്കൽ, കുമ്പളം, ഉദയംപേരൂർ, പള്ളിപ്പുറം, വടക്കേക്കര, എടക്കഴിയൂർ, കടപ്പുറം, വെങ്കിടങ്ങ്, പരവണ്ണ, അരിയല്ലൂർ, കൊയിലാണ്ടി, എലത്തൂർ, ചാലിൽ ഗോപാൽപേട്ട, കോട്ടിക്കുളം, ബംഗര മഞ്ചേശ്വരം എന്നീ തെരഞ്ഞെടുക്കപ്പെട്ട 25 മത്സ്യഗ്രാമങ്ങളിൽ 48.95 കോടി രൂപയുടെയും 2013-14 സാമ്പത്തിക വർഷത്തിൽ വലിയവേളി, തുമ്പ, അടിമലത്തുറ, കണ്ണാന്തുറ, നീകര, മൂത്താക്കര, ഇരവിപുരം, ആറാട്ടുപുഴ, പുന്നപ്ര, മാനശ്ശേരി, ഇടവനക്കാട്, ആനാപ്പുഴ, ബ്ലാങ്ങാട്, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ, തയ്യിൽ, അഴിക്കോട്, വലിയപറമ്പ, ഷിറിയ എന്നീ 20 മത്സ്യ ഗ്രാമങ്ങളിൽ 39.52 കോടി രൂപയുടെയും 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പാട്, തെക്കുംഭാഗം/തേവലക്കര, വാടാനപ്പള്ളി, വൈക്കം, കൊയിപ്പാടി,

എടക്കാട്, കസബ, മടപ്പള്ളി, ചിലക്കൂർ, കൂട്ടായി, മാമ്പള്ളി, പള്ളിത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ 23.88 കോടി രൂപയുടെയും ഭരണാനുമതി ലഭിക്കുകയും പദ്ധതി നടപ്പിലാക്കി വരികയുംചെയ്യുന്നു.

51.39 കോടി രൂപയുടെ കുടിവെള്ള വിതരണം, 23.03 കോടി രൂപയുടെ വൈദ്യുതീകരണം, 7.78 കോടി രൂപയുടെ ഹൈമാസ്റ്റ് ലൈറ്റുകൾ, 11.58 കോടി രൂപയുടെ സാനിട്ടേഷൻ, 8.99 കോടിരൂപയുടെ ലൈബ്രറി സഹായം, 8.90 കോടിരൂപയുടെ ജീവനോപാധി സഹായം എന്നീ പ്രവർത്തനങ്ങളാണ് 57 മത്സ്യഗ്രാമങ്ങളായി നടപ്പിലാക്കുന്നത്.

**പി.എസ്.സി.-യുടെ പരീക്ഷാ പരിഷ്കാരങ്ങൾ**

13 (*313) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പരിഷ്കരണങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) നിലവിലെ പരീക്ഷാ രീതികളിൽ ഉദ്യോഗാർത്ഥികൾക്കുള്ള എന്തെല്ലാം ആശങ്കകളാണ് ഇതുവഴി പരിഹരിക്കപ്പെടുന്നത് ; വിശദമാക്കുമോ ;

(ഡി) പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ&ബി) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി OMR പരീക്ഷക്ക് പുറമെ online പരീക്ഷകൂടി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല 1-1-2012 മുതൽ ആരംഭിച്ച ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം 1-7-2014 മുതൽ നടത്തുന്ന പരീക്ഷയിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഒറ്റത്തവണ വെരിഫിക്കേഷനാണ് നടത്തുന്നത്.

(സി) ഓൺലൈൻ പരീക്ഷാ രീതി നടപ്പിലാക്കുന്നതുവഴി റാങ്ക് പട്ടിക/ചുരുക്കപ്പട്ടിക എന്നിവ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും. യോഗ്യതകൾ ഒരു തവണ വെരിഫൈ ചെയ്താൽ അതേ യോഗ്യതക്കനുസരിച്ച് സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷന് ഹാജരാകേണ്ടതില്ല.

(ഡി) ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിലേക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ പി.എസ്.സി.-ക്ക് സ്വന്തമായി ഓൺ ലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചു.

**കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിന് പ്രത്യേക സംവിധാനം**

14 (*314) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടുകൾ യഥാസമയം ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിനും കേന്ദ്ര ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ അവലോകനത്തിനുമായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നൽകുന്ന തുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ തുക ലാപ്സായതായി കണക്കാക്കുവാൻ കഴിയില്ല.

(സി) കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിനും കേന്ദ്ര ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ അവലോകനത്തിനുമായി ഒരു പ്രത്യേക വകുപ്പ് ആവശ്യമില്ല. കാര്യക്ഷമതയോടെ ഫണ്ട് വിനിയോഗിക്കുവാൻ ഭാവിയിലും വ്യക്തമായ നടപടി സ്വീകരിക്കും.

**കെ.എസ്.ആർ.ടി.സി.-ചുരുക്കപ്പേര് നിലനിർത്തൽ**

15 (*315) ശ്രീ. കെ. കെ. നാരായണൻ :

<u>ശ്രീ. ബി. സത്യൻ</u> :

<u>ശ്രീ. രാജു എബ്രഹാം</u> :

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് അതിന്റെ വാണിജ്യ നാമം നിലനിർത്താൻ സാദ്ധ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) കെ.എസ്.ആർ.ടി.സി. കേന്ദ്ര വ്യവസായ വകുപ്പിന് കീഴിലുള്ള ട്രേഡ് മാർക്ക് രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) ഇതേ പേരിൽ കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ട്രേഡ് മാർക്ക് രജിസ്ട്രിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാമോ ;

(ഡി) ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. അതിന്റെ ചുരുക്കപ്പേര് നില നിർത്തിക്കിട്ടാൻ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു ;വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>) :

(എ) 1965 മുതൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) എന്ന് പേര് ഉപയോഗിച്ചുവരുന്നു. 1974 മുതൽ KSRTC എന്ന ചുരുക്കപ്പേര് കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഉപയോഗിച്ചു വരികയായിരുന്നു. എന്നാൽ കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ട്രേഡ്മാർക്ക് രജിസ്റ്ററിയിൽ KSRTC എന്ന ട്രേഡ് മാർക്കിന് അപേക്ഷ നല്കുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാം.

(ഡി) കെ.എസ്.ആർ.ടി.സി. എന്ന ചുരുക്കപദം കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കോപ്പി റൈറ്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തതായിട്ട് ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് കോപ്പി റൈറ്റിന്റെ സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം 15-11-2014-ൽ ആണ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

മാനേജിംഗ് ഡയറക്ടർക്ക്, കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എം.ഡി. അയച്ച നൽകിയിട്ടുള്ളത്. കോപ്പി റൈറ്റിനും, ട്രേഡ് മാർക്കിനുമായി കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അപേക്ഷിച്ചപ്പോൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ എതിർ കക്ഷിയാക്കിയിരുന്നില്ല. ഇപ്പോൾ അപ്പീൽ സമയപരിധിക്കുള്ളിൽ ആയതിനാൽ ടി വ്യവസ്ഥ പ്രകാരം വിശദാംശങ്ങൾ ശേഖരിച്ച് അപ്പീൽ ഫയൽ ചെയ്തുകഴിഞ്ഞു.

## ലഹരി ഉല്പന്നങ്ങളുടെ അനധികൃത ഉല്പാദനവും വിപണനവും

16 (*316) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലഹരി ഉല്പന്നങ്ങളുടെ അനധികൃത ഉൽപാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായുള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) അനധികൃത ലഹരി വസ്തുക്കളുടെ ഉല്പാദനവും വിപണനവും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും റെയ്ഡുകളും വാഹന പരിശോധന കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കഞ്ചാവിന്റെയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വില്പന എന്നിവ തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു. ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ റെയിൽവെ സ്റ്റേഷൻ, പാർസൽ സർവ്വീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നതും അന്യസംസ്ഥാന തൊഴിലാളികൾ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും

കടത്തിക്കൊണ്ടു വരുന്നതും തടയുന്നതിനും വേണ്ടി ഇവർ താമസിക്കുന്ന സ്ഥലങ്ങളിലും ജോലി ചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നു. ജില്ലാതലങ്ങളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് യൂണിറ്റുകളും ഇടുക്കി ജില്ലയ്ക്ക് പ്രത്യേകമായി നർക്കോട്ടിക് എൻഫോഴ്സ്മെന്റ് എക്സൈസ് സ്ക്വാഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, എക്സൈസ് ഇന്റലിജൻസ് വിഭാഗവും അതിർത്തിപ്രദേശത്ത് പ്രത്യേക പരിശോധനകൾ നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ എക്സൈസ് ഇന്റലിജൻസ് പ്രവർത്തനം ശക്തിപ്പെടുത്തുകയും നിലവിൽ പ്രവർത്തിക്കുന്ന ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധന നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ എക്സൈസ് റെയ്ഞ്ച്, സർക്കിൾ ഓഫീസുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് ഇത്തരം പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിലേക്കായി പ്രവർത്തിച്ചു വരുന്നുമുണ്ട്. സമൂഹത്തിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾവഴിയും, സ്കൂളുകൾ കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) എല്ലാ മാസവും രണ്ടാമത്തെ പ്രവർത്തിദിനത്തിൽ ജില്ലാ അധികാരികളായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജില്ലകളിലെ എക്സൈസ് ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ മാസാവലോകനം നടത്തിവരുന്നതോടൊപ്പം ജില്ലയിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എല്ലാ മാസവും ഓഫീസർമാരുടെ ദ്വൈവാര കോൺഫറൻസ് വിളിച്ചു ചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം വിലയിരുത്തി വരുന്നുമുണ്ട്. മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർ എല്ലാ മാസവും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് അതാത് മേഖലയുടെ എൻഫോഴ്സ്മെന്റ് പ്രവർത്തനം വിലയിരുത്താറുമുണ്ട്, എക്സൈസ് കമ്മീഷണർ സംസ്ഥാനത്തെ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് എല്ലാ മാസവും സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്ത് ടി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നല്കുകയും എക്സൈസ് എൻഫോഴ്സ്മെന്റിന്റെ ചുമതലയുള്ള അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ജില്ലകൾ സന്ദർശിച്ച് ജില്ലകളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യുകയും കൂടാതെ സർക്കാരിൽ വകുപ്പുമന്ത്രി തലത്തിൽ

ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്തുവരുന്നുമുണ്ട്.

(സി) ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, എല്ലാ മാസവും മാസാവലോകനം നടത്തുകയും ജില്ലകളിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എല്ലാ മാസവും ദ്വൈവാര അവലോകന യോഗങ്ങൾ നടത്തുകയും ചെയ്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കാറുണ്ട്. മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ മേഖലാ തലത്തിലും എക്സൈസ് കമ്മീഷണർ സംസ്ഥാന തലത്തിലും ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച ചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം, ഏകോപനം എന്നിവ നടത്തിവരുന്നു.

## കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തീരദേശ മാപ്പ് നിർമ്മാണം

17 (*317) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള തീരദേശ സംരക്ഷണ അതോറിറ്റി 2011-ലെ വിജ്ഞാപന പ്രകാരം കോസ്റ്റൽ സോൺ മാനേജ്മെന്റ് മാപ്പ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തി യിരിക്കുന്നത് ; നാളിതുവരെ ഏതെല്ലാം ജില്ലകളുടെ മാപ്പ് തയ്യാറാക്കി; മാപ്പ് തയ്യാറാക്കാൻ ചെലവ് വഹിക്കുന്നതാര് ; ആയതിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്ത് ആക്കുളം ആസ്ഥാനമായുള്ള ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് (NCESS) കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകൾ, കൊച്ചി കോർപ്പറേഷൻ, മരട് മുനിസിപ്പാലിറ്റി എന്നിവയുടെ കരട് പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരാണ് ഇതിനുള്ള ചെലവ് വഹിക്കുന്നത്. തീരദേശ പരിപാലന വിജ്ഞാപനം 2011 അനുസരിച്ചുള്ള തീരദേശ പ്ലാൻ തയ്യാറാക്കേണ്ടത് അതത് സംസ്ഥാനങ്ങളുടെ

ബാധ്യതയായതിനാൽ ഇതിന് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

**ഡ്രൈവിംഗ് ലൈസൻസ് നല്കുന്ന നടപടി**

18 (*318) ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യോഗ്യരായ നല്ല ഡ്രൈവർമാരെ സൃഷ്ടിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടേത് ഉൾപ്പെടെ വാഹനങ്ങൾ ഓടിക്കുന്നതിന് അർപ്പണബോധമുള്ള ഡ്രൈവർമാരെ പരിശീലിപ്പിക്കുന്നതിനും മികച്ച ശമ്പളം ഉറപ്പാക്കി കഴിവുറ്റവരെ ഡ്രൈവർ ജോലിയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഡ്രൈവിംഗ് ലൈസൻസ് നല്കുന്ന നടപടിക്രമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി ഡ്രൈവർമാർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ ഡ്രൈവർമാർക്ക് മികവുറ്റതും

സുരക്ഷിതവും അപകടരഹിതവുമായ ഡ്രൈവിംഗ് രീതി നടപ്പിലാക്കുന്നതിന് വേണ്ട പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വാഹനങ്ങളിലെ ഡ്രൈവർമാർക്ക് മോട്ടോർ വാഹന വകുപ്പ് റോഡ് സുരക്ഷാ പരിശീലനം നൽകിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനായി ദേശസാത്കൃത വിഭാഗം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മോട്ടോർവാഹന വകുപ്പിനുകീഴിൽ എടപ്പാളിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് & റിസർച്ച് (ഐ.ഡി.ടി.ആർ)-ലും ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്. ഡ്രൈവിംഗ് ലൈസൻസ് നല്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ചേവായൂർ, ഇളയാവൂർ, പാറശ്ശാല എന്നിവിടങ്ങളിൽ ഡ്രൈവേഴ്സ് ടെസ്റ്റിംഗ് ട്രാക്കുകൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം ട്രാക്കുകൾ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്.

**ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ**

19 (*319) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. കെ. കെ. നാരായണൻ</u> :
<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ രൂപം നൽകിയ ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ 2014 ഗതാഗത മേഖലയിൽ എന്തെല്ലാം നിലയിലുള്ള പ്രത്യാഘാതങ്ങളുണ്ടാക്കാൻ പോകുന്നു എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാന റോഡ് ഗതാഗത രംഗത്ത് പ്രത്യക്ഷമായും പരോക്ഷമായും പണിയെടുക്കുന്ന പതിനേഴ് ലക്ഷത്തിലധികം വരുന്ന തൊഴിലാളികളെ ബില്ലിലെ നിർദ്ദേശങ്ങൾ ആശങ്കയിലാക്കിയിട്ടുള്ളതായി അറിയാമോ ;

(സി) വാഹന നികുതി, ഡ്രൈവിംഗ് ലൈസൻസ്, പെർമിറ്റ് എന്നിവയിൽ പ്രതിലോമകരമായ മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതായി അറിയാമോ ;

(ഡി) ബില്ലിൽ നിർദ്ദേശിക്കപ്പെട്ട കേന്ദ്ര അതോറിറ്റി നിലവിൽ വരുമ്പോൾ

സംസ്ഥാനത്തിന്റെ എന്തെല്ലാം അവകാശങ്ങൾ കവർന്നെടുക്കുമെന്നകാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; സംസ്ഥാന വരുമാനത്തെ ഇത് ഏത് നിലയിൽ ബാധിക്കും ; വിശദമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി&സി) അറിയാം.

(ഡി) റോഡ് സേഫ്റ്റി ബില്ലിന്റെ 23-ാം വകുപ്പ് പ്രകാരം സംസ്ഥാന സുരക്ഷാ അതോറിറ്റി രൂപീകരിക്കുവാൻ നിഷ്കർഷിക്കുന്നുണ്ട്. ഇത് ഒരു കോർപ്പറേറ്റ് ബോഡിയാണ്. 24-ാം വകുപ്പിൽ സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ രൂപീകരണത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും പ്രസ്തുത അതോറിറ്റിയ്ക്ക് അധികാരങ്ങളും , ഉത്തരവാദിത്തങ്ങളും ശരിയായരീതിയിൽ നിർവ്വചിച്ചിട്ടില്ല. കൂടാതെ ബിൽ പ്രകാരം സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ ചെയർ പേഴ്സനെ നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. ദേശീയ അതോറിറ്റിയുടെയും സംസ്ഥാന സുരക്ഷാ അതോറിറ്റിയുടെയും കീഴിൽ പ്രവർത്തിക്കുന്നതിനായി അനുയോജ്യമായ ഏജൻസിയെ തീരുമാനിക്കുന്നതിനുള്ള അധികാരം മാത്രമേ സംസ്ഥാന സർക്കാരിനുള്ളൂ.

ബില്ലിലെ 82-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം മോട്ടോർ വാഹന നികുതി പിരിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്ത മാണ്. 2-ാം ഉപവകുപ്പിൽ നികുതി പിരിക്കുന്നതിനും , സംസ്ഥാന സർക്കാരിനും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും പിരിച്ചെടുക്കുന്ന നികുതി വീതം വയ്ക്കുന്നതിനുമായി ഒരു ഇലക്ട്രോണിക് പ്ലാറ്റ്ഫോമിന് ദേശീയ അതോറിറ്റി രൂപം നല്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയമപ്രകാരം മോട്ടോർ വാഹന നികുതി കേന്ദ്ര സർക്കാർ നിശ്ചയിക്കുകയാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തെ സാരമായി ബാധിക്കുകയും സംസ്ഥാന സർക്കാരിന് ഇഷ്ടാനുസരണം സാഹചര്യങ്ങൾക്ക് അനുസരിച്ച് നികുതി കൂട്ടുന്നതിനോ, കുറയ്ക്കുന്നതിനോ കഴിയാതെ വരികയുംചെയ്യും.

ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാർ മുൻപാകെ ഒബ്ജക്ഷൻ ഫയൽ ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ കൂടാതെ ബില്ലിലെ മറ്റൊരു പ്രധാനപ്പെട്ട സംഗതി

ഇത് ഇന്ത്യയിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് 1988 -ലെ മോട്ടോർവെഹിക്കിൾ ആക്ടിൽ ചാപ്റ്റർ VI-ൽ അനുവദിച്ചിട്ടുള്ള പ്രത്യേക അവകാശങ്ങൾ ഇല്ലാതാക്കുന്നു എന്നതാണ്. പൊതു മേഖലയേയും സ്വകാര്യ മേഖലയേയും ഒരുപോലെ പ്രോൽസാഹിപ്പിക്കുക എന്നതും അതോടൊപ്പം പട്ടണങ്ങളിലും പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടും എല്ലാവിധ ഗതാഗത സൗകര്യങ്ങളും ഉപയോഗിച്ച് ഒരു സമാന്തര നവീന ഗതാഗത സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ടി ബില്ലിൽ പൊതുവായുള്ളത്. ഈ രണ്ട് നിർദ്ദേശങ്ങളും നടപ്പിൽ വന്നാൽ ഇന്ത്യയിലെ മുഴുവൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളും അടച്ചു പൂട്ടുന്നതിന് വഴിയൊരുക്കുകയും ആർക്കും പെർമിറ്റ് കരസ്ഥമാക്കി എവിടെ വേണമെങ്കിലും അവരുടെ സൗകര്യാർത്ഥം ബസ് സർവ്വീസ് നടത്തുവാൻ കഴിയുന്ന അവസ്ഥ വന്നു ചേരുന്നതുമാണ്. അതോടൊപ്പം ഇപ്പോൾ യാത്രാ നിരക്ക് നിശ്ചയിക്കുന്നതിന് സർക്കാരിനും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്കുമുള്ള അവകാശങ്ങൾ പൂർണ്ണമായും ഇല്ലാതാകുകയും ജനങ്ങൾ സ്വകാര്യ സമാന്തര ലോബികളുടെ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യം വന്നുചേരുകയും ചെയ്യും. പൊതുഗതാഗത രംഗത്ത് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെ പങ്കാളിത്തം ഉള്ളതുകൊണ്ടാണ് യാത്രക്കാർക്ക് സ്വകാര്യ ലോബികളുടെ ചൂഷണത്തിന് വിധേയമാകാതെ ഇപ്പോൾ യാത്ര ചെയ്യുവാൻ കഴിയുന്നത്. മാത്രവുമല്ല, 1950-ലെ ആർ.ടി.സി. ആക്ടിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെ ഉന്നമനത്തിനായി ലക്ഷ്യമിട്ട എല്ലാ വ്യവസ്ഥകളും തകരുന്നതിനും ഇത് ഇടയാക്കുന്നതാണ്.

സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെ നിലനില്പിനെ തന്നെ അപകടപ്പെടുത്തുന്ന ബില്ലിലെ വ്യവസ്ഥകൾ വിശദമായി പരിശോധിച്ച് അക്കാര്യത്തിൽകൂടി ഒബ്ജക്ഷൻ ഫയൽ ചെയ്യേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയ ഗെയിംസ്**

20 (*320) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ഫെബ്രുവരിയിൽ ദേശീയ ഗെയിംസ് ഏറ്റവും മികച്ച നിലയിൽ നടത്തുന്നതിന് അവശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ; അടിസ്ഥാന സൗകര്യപദ്ധതികൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ടോ ; ഇവ ഏത് അന്തർദ്ദേശീയ മത്സരവും നടത്താൻ കെല്പുള്ളതാണോ ;

(ബി) ദേശീയ ഗെയിംസിന്റെ നടത്തിപ്പിന് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ; ഏതെല്ലാം നിലയിൽ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിന് വേദികളാകുന്ന 16 സ്റ്റേഡിയങ്ങളിൽ, പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള പുനരുദ്ധാരണവും 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും , 10 താല്ക്കാലിക നിർമ്മിതികളുമാണ് സജ്ജമാകുന്നത്. കാര്യവട്ടത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയത്തിന്റെ നിർമ്മാണം നടന്നുവരുന്നു. ദേശീയ ഗെയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകൾ അവിടെയാണ് നടക്കുന്നത്. ദേശീയ ഗെയിംസിന്റെ കായികമത്സരങ്ങൾ നടത്തുന്നതിന് അനുയോജ്യമായ നിലയിലാണ് സ്റ്റേഡിയങ്ങൾ തയ്യാറായിവരുന്നത്.

ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന, ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസ സൗകര്യവും ഭക്ഷണവും ഒരുക്കുന്നതിനായി തിരുവനന്തപുരം മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന ഗെയിംസ് വില്ലേജിന്റെ കെട്ടിടനിർമ്മാണം പൂർത്തിയായി. ഗെയിംസ് വില്ലേജിലെ മറ്റ് അനുബന്ധപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.ഗെയിംസ് നടക്കുന്ന തിരുവനന്തപുരം ഒഴികെയുള്ള മറ്റ് ജില്ലകളിൽ കായിക താരങ്ങൾക്കും, ഒഫിഷ്യൽസിനും താമസസൗകര്യവും ഭക്ഷണവും ഏർപ്പാടാക്കുന്നതിന് ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.

ദേശീയ ഗെയിംസിന്റെ ഓർഗനൈസിംഗ് കമ്മിറ്റിയും അതിന്റെ ഭാഗമായുള്ള 22 കമ്മിറ്റികളും ഫലപ്രദമായി പ്രവർത്തിച്ച് ഗെയിംസ് നടത്തുന്നതിന് ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളും നടത്തിവരികയാണ്.

വിവിധ കായിക ഉപകരണങ്ങൾ വിദേശത്തുനിന്നും രാജ്യത്തിനകത്ത് നിന്നുമായി സ്വരൂപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി

ചേർത്തിരിക്കുന്നു.*

(ബി) ഭൗതിക സാഹചര്യ വികസനത്തിനും ഗെയിംസ് നടത്തിപ്പിനുമായി 540 കോടിയോളം രൂപയുടെ ആകെ ചെലവാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാർ നൽകുന്ന തുകയ്ക്കു പുറമേ സ്പോൺസർഷിപ്പിലൂടെയും തുക സമാഹരിക്കാൻ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് നടപടി സ്വീകരിച്ചുവരുന്നു.

**ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ**

21 (*321) ശ്രീ. എ. എം. ആരിഫ് :

ശ്രീ. പി. റ്റി. എ. റഹീം :

ശ്രീ. ആർ. രാജേഷ് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിമിനൽ കേസുകളിൽ പ്രതികളായവരെ പോലീസിൽ നിയമിക്കരുതെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതേത്തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ളവരോ കുറ്റവിമുക്തരായിട്ടുള്ളവരോ നിലവിൽ പോലീസിൽ തുടരുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) പോലീസിന്റെ വിശ്വാസ്യത തകർക്കുന്നവരെയും അതിന് നിർദ്ദേശം നൽകുന്ന ഉന്നതരെയും മാറ്റിനിർത്തുന്നതിനു നടപടി സ്വീകരിക്കുമോ ;

(ഇ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വിലയിരുത്തിയിട്ടുണ്ടോ ; കള്ളക്കേസുകളിൽ ഉൾപ്പെട്ടവർ ആണെന്ന് ബോദ്ധ്യമാവുകയും പിന്നീട് കുറ്റവിമുക്തരാവുകയും ചെയ്യുന്നവരുടെ കാര്യത്തിൽ പ്രസ്തുത വിധി എപ്രകാരം ബാധകമാകുമെന്നു വിലയിരുത്തിയിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിധിയുടെ വിശദാംശങ്ങൾ നിയമ വിദഗ്ദ്ധരുമായി ചേർന്ന് പരിശോധിച്ചു വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ളവരും, കുറ്റ വിമുക്തരായിട്ടുള്ളവരുമായ 976 പേർ നിലവിൽ പോലീസിൽ തുടരുന്നുണ്ട്. ടി ഉദ്യോഗസ്ഥരുടെ പേര്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റാങ്ക്, യൂണിറ്റ് എന്നിവ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) നിയമ വിരുദ്ധ പ്രവർത്തികൾ നടത്തുന്നവർക്കെതിരെ നിയമാനുസൃത മായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ വിശദാംശങ്ങൾ വിലയിരുത്തി വരുന്നതേയുള്ളൂ.

**സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ**

22 (*322) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഇതിനായി റോഡു സുരക്ഷാവിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സുരക്ഷ ഉറപ്പുവരുത്താൻ രക്ഷിതാക്കൾക്കും സ്കൂളധികൃതർക്കും വേണ്ടി എന്തെല്ലാം ബോധവത്ക്കരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) വാഹനസുരക്ഷ സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് മോട്ടോർ വാഹന വകുപ്പ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 24-6-2014-ന് വനവും ഗതാഗതവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം താഴെ പറയുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. വിദ്യാർത്ഥികൾ റോഡപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനും റോഡ് സുരക്ഷഅവബോധം സൃഷ്ടിക്കുന്നതിനുമായി ജില്ലാതലം മുതൽ പഞ്ചായത്ത് തലം വരെ സ്റ്റുഡന്റ്സ് റോഡ് സേഫ്റ്റി സമിതികളുടെ രൂപീകരണം റോഡ് സുരക്ഷാ കൗൺസിൽ അംഗങ്ങൾ, ജില്ലാ ട്രാഫിക് ഉപദേശകകമ്മിറ്റി എന്നിവയോടൊപ്പം സ്ഥാപന മേധാവികൾ, ജില്ലാ പഞ്ചായത്ത്, റസിഡന്റ്സ് അസോസിയേഷൻ, നിർവാഹക വകുപ്പുകളുടെ പ്രതിനിധികൾ എന്നിവരാണ് ജില്ലാതല അംഗങ്ങൾ. ആർ.ടി.ഒ. കൺവീനറും ജില്ലാ കളക്ടർ ചെയർമാനും ആയിരിക്കും. കോർപ്പറേഷനുകളിൽ മേയറുടെ കീഴിലും മുനിസിപ്പാലിറ്റികളിൽ ചെയർമാന്റെ കീഴിലും പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ കീഴിലും യോഗം ചേർന്ന് താഴെത്തട്ടിലേക്കും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

2. സ്കൂളുകളുടെ പരിസരത്ത് ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് രാവിലെ 8-30 മുതൽ 9-30 വരെയും വൈകിട്ട് 3-30 മുതൽ 4-30 വരെയും വാഹനങ്ങളുടെ വേഗത കർശനമായി നിയന്ത്രിക്കും.

3. പ്രധാന റോഡുകൾക്ക് സമീപമുള്ള എല്ലാ സ്കൂളിലും ഫുട്ട് ഓവർബ്രിഡ്ജ് സ്ഥാപിക്കാൻ ശ്രമിക്കണം. ഇതിനുവേണ്ടി സ്പോൺസർമാരെ കണ്ടെത്തുവാനും ഡിസൈൻ തയ്യാറാക്കുവാനും മോട്ടോർ വാഹന വകുപ്പിനെ ചുമതലപ്പെടുത്തി.

4. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനും ഒരു വോളന്ററി നോഡൽ ഓഫീസറെയും അദ്ദേഹത്തിന്റെ കീഴിൽ ഒരു ടീമിനെയും നിയോഗിക്കണം.

5. ഓരോ ജില്ലയിലും ഒരു ട്രാഫിക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

6. സ്കൂൾ വാഹന ഡ്രൈവർമാരുടെ താഴ്ന്ന പ്രായപരിധി 25 വയസ്സാക്കുന്നതിനും കൂടാതെ 5 വർഷത്തെ ഡ്രൈവിംഗ് പരിചയം നിർബന്ധമാക്കിക്കൊണ്ടും നിലവിലുള്ള നിർദ്ദേശങ്ങളിൽ മാറ്റം വരുത്തണം.

7. സ്കൂൾ വാഹനങ്ങളുടെ പുറമെയുള്ള ഭാഗത്ത് ഡ്രൈവറെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ സഹിതമുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിവരങ്ങൾ പോലീസിന് നല്കുന്നതിന് ഓരോ വാഹനത്തിന്റെയും അതിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെയും പട്ടിക തയ്യാറാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 1. ജില്ലാതലം മുതൽ പഞ്ചായത്ത് തലം വരെ സ്റ്റുഡന്റ്സ് റോഡ് സുരക്ഷാ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ വിഷയത്തിൽ അവശ്യനടപടി സ്വീകരിക്കാൻ റോഡ് സുരക്ഷാ അതോറിറ്റിയോട് അപേക്ഷിച്ചിട്ടുണ്ട്.

2. സ്കൂളുകളുടെ പരിസരത്ത് വേഗ നിയന്ത്രണ ബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ റോഡ് സുരക്ഷാ വിഭാഗത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. പ്രധാന റോഡുകൾക്ക് സമീപമുള്ള എല്ലാ സ്കൂളിലും ഫുട്ട് ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതിലേയ്ക്കായി അവശ്യ നടപടികൾ സ്വീകരിച്ചുവരുന്നു.

4. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു വോളന്റീർ നോഡൽ ഓഫീസറുടെ കീഴിൽ ഒരു ടീമിനെയും നിയോഗിച്ച് നിരീക്ഷിച്ചുവരുന്നു.

5. ഓരോ ജില്ലയിലും ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖാന്തരം ട്രാഫിക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റോഡ് സുരക്ഷക്കായി ഒരു ദശകം എന്ന പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടുകൂടി അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ലീഫ്ലറ്റുകൾ പഠനസഹായികൾ മുതലായവ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

(ഡി) സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുവാൻ മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്ന സമയത്തും വാഹനങ്ങൾ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധന സമയത്തും നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നുണ്ട്. വാഹന പരിശോധന നടത്തുമ്പോൾ വാഹനങ്ങളിലെല്ലാം തന്നെ സ്പീഡ് ഗവേണർ ഘടിപ്പിച്ചിട്ടുണ്ടെന്നും അവ പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നുണ്ട്. പുതിയ അദ്ധ്യയന വർഷവും മഴക്കാലവും ആരംഭിക്കുന്നതിന് മുമ്പുതന്നെ സ്കൂൾ ബസ്സുകളുടെ

പ്രത്യേക പ്രീ-മൺസൂൺ പരിശോധന വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തേണ്ടതാണെന്നും സ്കൂൾ ബസ്സുകളല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റിക്കൊണ്ട് പോകുക യാണെങ്കിൽ 'On School Duty' ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും അമിതമായി കുട്ടികളെ കുത്തി നിറയ്ക്കുന്നുണ്ടോ എന്നും പ്രത്യേകം പരിശോധിക്കേണ്ട തുമാണ് എന്നും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. മുച്ചക്ര വാഹനങ്ങളിൽ അമിതമായി കുട്ടികളെ കയറ്റിക്കൊണ്ട് പോകുന്നത് നിരുത്സാഹപ്പെടുത്തേണ്ട താണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സുരക്ഷാ മാനദണ്ഡങ്ങളില്ലാതെ കുട്ടികളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണ മെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. സെസ്**

23 (*323) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) KSRTC-യിൽ സെസ് ഏർപ്പെടുത്തുന്നതോടെ സ്വകാര്യ മേഖലയെക്കാൾ യാത്രാച്ചെലവു വർദ്ധിക്കാൻ സാദ്ധ്യതയുണ്ടോ ;

(ബി) സെസ് ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സാദ്ധ്യതയുണ്ട്. 25 രൂപ മുതലുള്ള കെ.എസ്.ആർ.ടി.സി. ടിക്കറ്റ് നിരക്കിന്മേൽ നേരിയ വർദ്ധനവ് ഉണ്ടാകുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിലേക്കായി, 25 രൂപ ടിക്കറ്റ് നിരക്ക് മുതൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽനിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കാനാണ് തീരുമാനിച്ചിരി ക്കുന്നത്. ഇതിന് അനുമതി നൽകി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച ശേഷമേ ഈ പദ്ധതി

നടപ്പാക്കുകയുള്ളൂ.  വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു :

| ടിക്കറ്റ് നിരക്ക് | സെസ് തുക |
|---|---|
| 24 രൂപാ വരെ | ഇല്ല |
| 25 - 49 രൂപ | 2 രൂപ |
| 50 - 74 രൂപ | 3 രൂപ |
| 75 - 99 രൂപ | 4 രൂപ |
| 100 രൂപയും അതിനു മുകളിലും | 10 രൂപ |

സാമൂഹിക സുരക്ഷ അടിസ്ഥാനപ്പെടുത്തി നടപ്പാക്കുവാനുദ്ദേശിക്കുന്ന സെസ് പദ്ധതി അതിന്റെ ഏത് ഘട്ടത്തിലും നിർത്തിവയ്ക്കുന്നതിനും പുനരാരംഭിക്കുന്നതിനും ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡ്**

24 (*324) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സേവനം താമസം കൂടാതെയും അഴിമതിരഹിതമായും ജനങ്ങളിലെത്തുന്നതിന് ജില്ലാ - സംസ്ഥാന തലങ്ങളിൽ എല്ലാ വകുപ്പുകളിലും സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) ആത്മാർത്ഥമായും കാര്യക്ഷമമായും ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കൂടുതൽ ഇൻക്രിമെന്റും പാരിതോഷികങ്ങളും ഗുഡ് സർവ്വീസ് സർട്ടിഫിക്കറ്റും നൽകി ഗുണനിലവാരമുള്ള സിവിൽ സർവ്വീസ് രൂപപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ സേവനം കാര്യക്ഷമമായും അഴിമതിരഹിതമായും ജനങ്ങളിലെത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും അഴിമതി തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ

ബ്യൂറോയിൽ സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരപരിധി പ്രവർത്തന മേഖലയായാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത സംവിധാനം മറ്റു പ്രധാന നഗരങ്ങളിലേയ്ക്കും കൂടി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ആത്മാർത്ഥമായും കാര്യക്ഷമമായും ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് മികവിന്റെ അടിസ്ഥാനത്തിൽ സദ്സേവന പത്രം, മെറിട്ടോറിയസ് സർവ്വീസ് എൻട്രി, ബാഡ്ജ് ഓഫ് ഓണർ തുടങ്ങിയ ബഹുമതികൾ ഇതിനകംതന്നെ നൽകിവരുന്നുണ്ട്. ആത്മാർത്ഥത, കാര്യക്ഷമത തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചാണ് ഉദ്യോഗക്കയറ്റങ്ങൾ നൽകുന്നതും. സർക്കാർ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും പൊതുസേവനങ്ങൾ വേഗത്തിലും കൃത്യമായും നൽകുക, പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക മുതലായ ലക്ഷ്യങ്ങൾക്കായി 'മുഖ്യമന്ത്രിയുടെ പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾക്ക്' (Chief Minister's award for Innovations in Public Policy) പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. 2013 വർഷത്തെ അവാർഡുകൾ ഐ.എം.ജി.-യിൽ വച്ച് നടന്ന ചടങ്ങിൽ 2014 ഒക്ടോബർ 27-ന് വിതരണം ചെയ്യുകയുണ്ടായി.

**വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം**

**കാര്യക്ഷമമാക്കുവാൻ നടപടി**

25 (*325) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പുതിയ രൂപത്തിൽ മുന്നോട്ട് കൊണ്ടു പോകാനും കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) നിലവിലെ സംവിധാനത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അഴിമതിക്കെതിരായ പ്രവർത്തനങ്ങളിൽ ശക്തവും കർശനവുമായ നടപടികളാണ് സ്വീകരിച്ച് പ്രാവർത്തികമാക്കുന്നത്. വിജിലൻസ് കേസുകളുടെ അന്വേഷണങ്ങളിൽ അനാവശ്യ സമയ നഷ്ടം ഒഴിവാക്കി അവ സമയ പരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് കാലോചിതമായ എല്ലാ നടപടികളും കൈക്കൊള്ളാറുണ്ട്. വിജിലൻസിന്റെ പ്രവർത്തനങ്ങളും മറ്റും നവീകരിക്കുന്നതിന്റെ ഭാഗമായി ശക്തവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കുകയും കാലാനുസൃതമായി തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്. സമയബന്ധിതമായി വിജിലൻസ് കേസുകളും അന്വേഷണങ്ങളും തീർപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുകയും അവയുടെ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുകയും ചെയ്യാറുണ്ട്. അന്വേഷണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വകുപ്പുതല പരിശീലനത്തിന്റെ ഭാഗമായി സി.ബി.ഐ ട്രെയിനിംഗ് ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ നൽകാറുണ്ട്.

(ബി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ടോൾഫ്രീ, വിജിലൻസ് ലൈറ്റ്നിംഗ് സ്ക്വാഡ്, സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിലൂടെ പരാതി സ്വീകരിക്കൽ തുടങ്ങി ഒട്ടേറെ നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന വ്യാപകമായി വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ മിന്നൽ പരിശോധനകൾ നടത്തിയും, ട്രാപ്പുകൾ നടത്തിയും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പിടികൂടി അഴിമതി കണ്ടെത്തി നിർമ്മാർജ്ജനം ചെയ്യാനും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഫലപ്രദമായി പ്രവർത്തിക്കുന്നു. ജില്ലാതല വിജിലൻസ് കമ്മിറ്റികൾ, (അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി) പ്രവർത്തന മികവ് തെളിയിക്കുന്ന വിജിലൻസ് ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ, അഴിമതിയെ സംബന്ധിച്ച് വിവരം നൽകുന്ന വിവരദായകർക്ക് പുരസ്കാരം, ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കാൻ കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി ഊർജ്ജിത ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കെട്ടിക്കിടക്കുന്ന കേസുകളുടെ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിലേക്കായി 2 പുതിയ വിജിലൻസ് കോടതികളുടെ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ഇന്ധന വിലക്കുറവ്‌വഴി ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തന നേട്ടം

26 (*326) ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ധന വിലയിലുണ്ടായിട്ടുള്ള കുറവ് സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനത്തിലുണ്ടാക്കിയിട്ടുള്ള നേട്ടം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതിദിനം ഈ ഇനത്തിൽ എന്തു തുകയുടെ നേട്ടം ഉണ്ടാകുന്നുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ ;

(സി) ഈ നേട്ടം പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ വിലനിലവാരം കുറവായിരിക്കുമ്പോൾ പരമാവധി ഇന്ധനം ശേഖരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രതിദിനം ഏകദേശം 14 ലക്ഷം രൂപയുടെനേട്ടം ഇന്ധനവില കുറഞ്ഞതു മൂലം ഉണ്ടായിട്ടുണ്ട്.

(സി) ഈ നേട്ടം പ്രയോജനപ്പെടുത്തുന്നുണ്ട്. ഇന്ധനവിലയിൽ കുറവ് വന്നപ്പോൾ ഉണ്ടായ നേട്ടം ഉപയോഗിച്ച് പരമാവധി ഇന്ധനം സംഭരിച്ചിട്ടുണ്ട്.

## എക്സൈസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം

27 (*327) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) എക്സൈസ് ഹെഡ് ക്വാർട്ടേഴ്സ്, റെയ്ഞ്ച്, ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സ്ഥാപിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ഓൺലൈനായി നികുതി ഒടുക്കുന്നതിന് 5.20 ലക്ഷം (അഞ്ച് ലക്ഷത്തി ഇരുപതിനായിരം രൂപ) രൂപ ചെലവാക്കി ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിൽനിന്ന് ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ കഴിയുന്ന സർവ്വീസുകളിൽ എഫ്.എൽ-3 ലൈസൻസ് പുതുക്കൽ, എഫ്.എൽ-11 ലൈസൻസ് പുതുക്കൽ എന്നീ രണ്ടിനം സർവ്വീസുകൾ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സർവ്വീസ് പ്ലസ് സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. എക്സൈസ് ക്രൈം റിക്കോഡ്സ് ബ്യൂറോയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ വെബ് ബേസ്ഡ് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുവേണ്ടി SeMT തയ്യാറാക്കിയ FRS, URS, Technical Documents എന്നിവ ഐ.ടി വകുപ്പിന്റെ അംഗീകാരത്തിനും സോഫ്റ്റ്‌വെയർ നിർമ്മാണത്തിന്റെ അനുമതിക്കുമായി സമർപ്പിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരികയാണ്. വകുപ്പിൽ ഇ-ഫയലിംഗ്, ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി നടപ്പു സാമ്പത്തികവർഷം വകുപ്പിനായി 96 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളതും ആയത് വാങ്ങുന്നതിന് ഇ-ടെണ്ടറിംഗ് നടപടികൾ പൂർത്തിയായിവരുന്നു.

(ബി) എക്സൈസ് വകുപ്പിലെ ചെക്ക്പോസ്റ്റ് ഒഴികെയുള്ള എല്ലാ ഓഫീസുകൾക്കും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ്

എക്സൈസ് കമ്മീഷണർ മുതൽ മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഇന്റലിജൻസ് ബ്യൂറോ എക്സൈസ് ഇൻസ്പെക്ടർമാർക്കും സർക്കാർ ഇ-മെയിൽ ഐ.ഡി.യും നൽകിയിട്ടുണ്ട്. ടി സംവിധാനം ഉപയോഗപ്പെടുത്തി എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റേഞ്ച്, ഡിവിഷൻ ഓഫീസുകൾ എന്നിവ തമ്മിൽ ബന്ധപ്പെട്ടുവരുന്നു.

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. നികുതി വകുപ്പിന്റെ K-vatis Software-നെ കസ്റ്റമൈസ് ചെയ്ത് ഓൺലൈനായി ഫീസുകൾ ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സിസ്റ്റം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയത്‌വഴി ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ലഭ്യമാണ്. വകുപ്പിൽ നിന്ന് ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ കഴിയുന്ന സർവ്വീസുകളിൽ എഫ്.എൽ-3 ലൈസൻസ് പുതുക്കൽ, എഫ്.എൽ-11 ലൈസൻസ് പുതുക്കൽ എന്നീ 2 ഇനം സർവ്വീസുകൾ എൻ.ഐ.സിയുടെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

## ഫിഷ്മെയ്ഡ് കിയോസ്കുകൾ

28 (*328) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കിയോസ്കുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത കിയോസ്കുകൾവഴിയുള്ള ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച് മാർക്കറ്റ് സ്റ്റഡി നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഫിഷറീസ് വകുപ്പിലെ ഏത് ഏജൻസിക്കാണ് ഇവയുടെ നടത്തിപ്പിന്റെ ചുമതലയുള്ളതെന്ന് വ്യക്തമാക്കുമോ ;

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>) :

(എ) സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ്മെയ്ഡ് എന്ന ബ്രാൻഡിൽ സംസ്ഥാനത്തുടനീളം ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

തയ്യാറാക്കിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ സംസ്ഥാനത്തുടനീളം 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) തീരദേശ വികസന കോർപ്പറേഷൻവഴി സംസ്ഥാനത്തുടനീളം കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കുന്നതിനായുള്ള പ്രാഥമിക സർവ്വേ നടന്നുകഴിഞ്ഞു. ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി വ്യക്തികൾ/ സ്ഥാപനങ്ങളിൽനിന്നും ഫ്രാഞ്ചസികളെ ക്ഷണിച്ചുകഴിഞ്ഞു. ആയതിനനുസരിച്ച് ലഭിച്ച അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തുകയും കിയോസ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സാധ്യത പരിശോധിക്കുകയും ചെയ്തു. പല ജില്ലകളിലും എക്സിബിഷൻ/ഫെയറുകളിൽ ഫിഷ്മെയ്ഡ് ഉല്പന്നങ്ങളുടെ ടെസ്റ്റ് മാർക്കറ്റിംഗ് വിജയകരമായി നടത്തിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം വ്യാപിപ്പിക്കുന്നതിനും കിയോസ്കുകളുടെ ബ്രാന്റിംഗിനുമായി പരസ്യ കമ്പനികളെ എംപാനൽ ചെയ്തുകഴിഞ്ഞു. ഫിഷ്മെയ്ഡ് ഔട്ട്ലെറ്റുകളുടെ പ്രവർത്തന സാധ്യതകളെപ്പറ്റി പഠിക്കുന്നതിനും ഉല്പന്നങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉപഭോക്താക്കളിൽനിന്നും ശേഖരിക്കുന്നതിനും ഉല്പന്നങ്ങളുടെ വിപണന സാധ്യത കണ്ടെത്തുന്നതിനുമായി മാർക്കറ്റിംഗ് കൺസൾട്ടന്റിനെ എംപാനൽ ചെയ്തിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പിനുകീഴിലെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**ഇക്കോ കേഡറ്റ് പദ്ധതി**

29 (*329) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) മാതൃകയിൽ വനം വകുപ്പിന്റെ കീഴിൽ ഇക്കോ-കേഡറ്റ് പദ്ധതി കൂടുതൽ ജില്ലകളിലേക്കും വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; നോഡൽ ഓഫീസർമാരെയും മറ്റു തസ്തികകളിൽ ജീവനക്കാരെയും നിയമിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>) :

(എ) ഉണ്ട്.

(ബി) ഇക്കോ കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി 1-10-2014-ലെ ജി.ഒ.(ആർ റ്റി) നമ്പർ 455/2014/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് സ്കൂളുകളുടെ സെലക്ഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതി പ്രാരംഭ ഘട്ടത്തിലായതിനാൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ സാധിച്ചിട്ടില്ല. ബയോഡൈവേഴ്സിറ്റി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ ടി പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ ഓഫീസറായും, സാമൂഹ്യവനവൽക്കരണ വിഭാഗം റീജിയണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ റീജിയണൽ നോഡൽ ഓഫീസർമാരായും എല്ലാ ജില്ലയിലെയും സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ ജില്ലാ നോഡൽ ഓഫീസർമാരായും സാമൂഹ്യവനവൽക്കരണ വിഭാഗം റെയിഞ്ച് ഓഫീസർമാരെ അസിസ്റ്റന്റ് ജില്ലാ നോഡൽ ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്.

ഇക്കോ കേഡറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഇക്കോ കേഡറ്റുകൾക്ക് താഴെ പറയുന്ന വിഷയങ്ങളിൽ പരിശീലനം നൽകുന്നതാണ് :

1. നേതൃത്വ പരിശീലനം
2. ആശയ വിനിമയ പാടവം മെച്ചപ്പെടുത്തൽ
3. ക്രിയാത്മകമായ സമീപനവും ചിന്താശേഷിയും വർദ്ധിപ്പിക്കാനുള്ള പരിശീലനം
4. വ്യക്തിത്വ വികസന പരിശീലനം.
5. പരിസ്ഥിതി സംരക്ഷണത്തിനുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം
6. ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം
7. പരിസ്ഥിതി ശാസ്ത്രം സംബന്ധിച്ച പഠനം
8. പരിസ്ഥിതി സംബന്ധമായ നിയമങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം.
9. കായിക പരിശീലനം, യോഗ, ധ്യാനം തുടങ്ങിയവയുടെ പരിശീലനം.

10. ജൈവവൈവിദ്ധ്യ സംരക്ഷണം, കടലാമ സംരക്ഷണം, കണ്ടൽക്കാടുകളുടെ സംരക്ഷണം, വിവിധ വനസസ്യങ്ങളെ തിരിച്ചറിയാനുള്ള പരിശീലനം ഇവ കൂടാതെ നേതൃത്വ പരിശീലന ക്യാമ്പുകൾ, ശില്പശാല, സെമിനാറുകൾ എന്നിവയും വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

**എന്റെ മരം പദ്ധതി**

30 (*330) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്റെ മരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(ബി) കൃത്രിമ വനം സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾക്ക് വനസംരക്ഷണത്തിൽ താല്പര്യം ഉണ്ടാകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത് ;

(സി) എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കി വരുന്നത് ; വിശദമാക്കാമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിച്ച് ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും വായു മലിനീകരണത്തെയും ചെറുക്കുക, മണ്ണ്-ജല സംരക്ഷണം ഉറപ്പുവരുത്തുക, സാധാരണ ജനങ്ങൾക്ക് തടി, വിറക് എന്നിവ ലഭ്യമാക്കുക, സ്വകാര്യ കൈവശ സ്ഥലങ്ങളിലെ തടി ലഭ്യത വർദ്ധിപ്പിക്കുക, വൃക്ഷവൽക്കരണം, വന്യജീവി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം, ഹരിതവൽക്കരണം മുഖേന ലഭ്യമാകുന്ന പാരിസ്ഥിതിക സേവനങ്ങൾ എന്നിവയെ സംബന്ധിച്ച അവബോധം സ്കൂൾ വിദ്യാർത്ഥികളിൽ സൃഷ്ടിച്ച് പ്രകൃതി സംരക്ഷണത്തെ പരിപോഷിപ്പിക്കുക എന്നിവയാണ് " എന്റെ മരം" പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) സംസ്ഥാനത്തെ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക്

സ്കൂളുകൾ മുഖേന വനം വകുപ്പ് സൗജന്യമായി വിവിധയിനം വൃക്ഷത്തൈകൾ 'എന്റെ മരം പദ്ധതി'യിലൂടെ വിതരണം ചെയ്തുവരുന്നു. ടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള സാങ്കേതിക ഉപദേശവും വനം വകുപ്പ് നൽകുന്നുണ്ട്. തൈകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുക, വിദ്യാർത്ഥികൾ ടി തൈകൾ നട്ട് പരിപാലിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുക, തൈ പരിപാലനം, അതിജീവനം എന്നിവയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ എഴുതി സൂക്ഷിക്കുന്ന രേഖകൾ പരിശോധിക്കുക, അതിജീവനം സംബന്ധിച്ച റിപ്പോർട്ട് ജില്ലാതല കമ്മിറ്റിക്ക് സമർപ്പിക്കുക എന്നിവ നിർവഹിച്ചുവരുന്നത് ബന്ധപ്പെട്ട സ്ഥലത്തെ ഫോറസ്റ്റർ ചെയർമാനും വാർഡ് മെമ്പർ, പി.ടി.എ. പ്രതിനിധി, ടീച്ചർമാരുടെ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി എന്നിവർ അംഗങ്ങളായും ഉള്ള സ്കൂൾ ലെവൽ കമ്മിറ്റിയാണ് ജില്ലകളിലെ ടി പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റിക്കാണ്.

മേൽപ്പറഞ്ഞതുകൂടാതെ, ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് വന സംരക്ഷണത്തിൽ താൽപര്യമുണ്ടാക്കുന്നതിലേയ്ക്കായി പ്രകൃതിപഠന ക്യാമ്പുകൾ വനം വകുപ്പ് നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികൾക്കായി പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചിത്രരചന/സാഹിത്യ രചന മത്സരങ്ങൾ സംഘടിപ്പിച്ച്, മികച്ചവ കണ്ടെത്തി സാക്ഷ്യപത്രങ്ങളും സമ്മാനങ്ങളും നൽകുന്നുണ്ട്.

(സി) സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള ടി പദ്ധതി. വനം വകുപ്പ് കേരളമൊട്ടാകെയുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ സൗജന്യമായി നൽകുകയും തുടർന്ന്, ടി വൃക്ഷത്തൈകൾ വിദ്യാർത്ഥികൾ അവരുടെ വീട്ടുവളപ്പിലോ, സ്കൂൾ വളപ്പിലോ അനുബന്ധമായ മറ്റ് പൊതുസ്ഥലങ്ങളിലോ വച്ചുപിടിപ്പിച്ച് പരിപാലിച്ചുവരുന്നു.

(ഡി) സംസ്ഥാന വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സ്കൂൾ അധികൃതരും ചേർന്ന് സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## (ii) അടിയന്തര ചോദ്യങ്ങൾ

### വ്യാപാരി വ്യവസായികളുടെ കടകളടച്ചുള്ള പ്രതിഷേധ സമരം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ വ്യാപാരി വ്യവസായികൾ 3-12-2014-ൽ കടകളടച്ച് പ്രതിഷേധം പ്രകടിപ്പിച്ചത് ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കിയ

പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പൊടുന്നനെയുള്ള പ്രസ്തുത സമരത്തിന്റെ കാരണങ്ങളെ ക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(സി) ജനജീവിതത്തിന് ഹാനികരമായ ഇത്തരം സമരങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) ഉണ്ട്.

(ബി) കേരള വ്യാപാരി വ്യവസായി ഏകോപന സമിതി 3-12-2014-ലെ കടയടച്ച് പണിമുടക്കുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 28-10-2014-ൽ ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കാരണങ്ങൾ താഴെ പറയുന്നു :

1. കട പരിശോധന നിർത്തി വെയ്ക്കുക
2. തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള 2% ടേണോവർ ടാക്സ് പിൻവലിക്കുക
3. ഓൺലൈൻ വ്യാപാരം നിർത്തലാക്കുക
4. അളവുതൂക്കങ്ങൾ സീൽ വെക്കുന്നത് സംബന്ധിച്ചുള്ള അപാകതകൾ പരിഹരിക്കുക.
5. വാടക കുടിയാൻ നിയമത്തിലെ അപാകതകൾ പരിഹരിക്കുക
6. റോഡ് വികസനം നടത്തുമ്പോൾ നഷ്ടപരിഹാരവും കച്ചവടക്കാരുടെ പുനരധിവാസവും ഉറപ്പ് വരുത്തുക
7. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ-8 നിർത്തിവെയ്ക്കുക.

ഇത് സംബന്ധിച്ച് വ്യാപാരി പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിനായി 26-11-2014-ൽ യോഗം നടത്തുവാൻ തീരുമാനിച്ചിരുന്നു. എങ്കിലും 4-12-2014- ലാണ് പ്രസ്തുത യോഗം നടന്നത്.

പ്രസ്തുത ആവശ്യങ്ങൾ പരിശോധിച്ചു. ഒരു വ്യാപാരി നികുതി വെട്ടിക്കാൻ ശ്രമിക്കുന്നതായി ബോധ്യപ്പെട്ടാലോ സാധനങ്ങളോ രജിസ്റ്ററുകളോ അല്ലെങ്കിൽ വ്യാപാരവുമായി ബന്ധപ്പെട്ട രേഖകളോ മറ്റെവിടെയെങ്കിലുമാണ് സൂക്ഷിക്കുന്നതെന്ന് ബോധ്യപ്പെട്ടാലോ കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ 44-ാം വകുപ്പ്

പ്രകാരം കട പരിശോധിക്കാനുള്ള അധികാരം നികുതി നിർണ്ണയ അധികാരിക്കുണ്ട്. പ്രസ്തുത നിയമത്തിലെ 23-ാം വകുപ്പ് പ്രകാരം ഡെപ്യൂട്ടി കമ്മീഷണർക്കോ ഓഡിറ്റ് ഓഫീസർക്കോ വ്യാപാര സ്ഥാപനം സന്ദർശിച്ച് റിട്ടേണുകളും സ്റ്റോക്കും വ്യാപാരവുമായി ബന്ധപ്പെട്ട രേഖകളും പരിശോധിക്കാവുന്നതാണ്. Audit visit-ഉം intelligence wing പരിശോധനയും പ്രത്യേക നടപടിക്രമം പ്രകാരമുള്ളതാണ്. നികുതി ചോർച്ച ഉള്ളിടത്തോളംകാലം കട പരിശോധന ആവശ്യമാണ്. ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റൈൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള തുണിത്തരങ്ങളുടെ വിറ്റുവരവിന്മേലാണ് 2% ടേണോവർ ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനെതിരെ ചില വ്യാപാരികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. ഈ വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ യാതൊരു ഇടപെടലുകളും സാദ്ധ്യമല്ല. നികുതി സംബന്ധമായ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വ്യാപാരികൾക്ക് ഗ്രീവൻസ് റിഡ്രസ്സൽ ബ്യൂറോ സംവിധാനം നിലവിലുണ്ട്. കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ വ്യാപാരികൾക്ക് നികുതി സംബന്ധമായ പ്രശ്നങ്ങൾ നേരിട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള അവസരവും ഉണ്ട്.

സംസ്ഥാനത്ത് ഓൺലൈൻ സൈറ്റിലൂടെ സാധനങ്ങൾ വാങ്ങുന്ന പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് നടത്തുന്ന ഓൺലൈൻ വില്പന, കേന്ദ്ര ചരക്ക് വില്പന നിയമത്തിലും കേന്ദ്ര വില്പന നികുതി നിയമത്തിലും വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള രീതിയിലാകയാൽ നിയമപരമായി തടയുവാൻ ബുദ്ധിമുട്ടുള്ളതുമാണ്.

(സി) കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ 44-ാം വകുപ്പ് പ്രകാരം കട പരിശോധിക്കാനുള്ള അധികാരം നികുതി നിർണ്ണയ അധികാരിക്കുണ്ട്. നികുതി ചോർച്ച കണ്ടെത്താൻ കട പരിശോധന ആവശ്യമാണ്. അതിനാൽ അവ ഒഴിവാക്കാനാവില്ല. വ്യാപാരികളുടെ നികുതി സംബന്ധമായ പ്രശ്നങ്ങൾ റിഡ്രസൽ ബ്യൂറോയിൽ ഉന്നയിച്ച് പരിഹാരം കാണാവുന്നതാണ്.

**മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയതുമൂലമുള്ള പ്രശ്നങ്ങൾ**

<u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണെണ്ണ സബ്സിഡി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള മത്സ്യത്തൊഴിലാളികൾക്കും ഗ്രാമപ്രദേശത്തെ പാവപ്പെട്ടവർക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടി വിശദീകരിക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>) :

(എ) കേന്ദ്ര സർക്കാർ മണ്ണെണ്ണ സബ്സിഡി നിർത്തലാക്കുന്നതായുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്ര സർക്കാർ സബ്സിഡിയോടെ നല്കിവരുന്ന മണ്ണെണ്ണ പാചകാവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കേരള സർക്കാരിന്റെ S.R.O. No.1338/94 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ഇപ്രകാരം ലഭിക്കുന്ന മണ്ണെണ്ണ മത്സ്യബന്ധന മേഖലയിലും ഉപയോഗിക്കുന്നതിന് അനുവാദം നല്കിയിട്ടുണ്ട്. അതുപ്രകാരം കേന്ദ്രസർക്കാർ നല്കിവരുന്ന പി.ഡി.എസ്. മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്കും വിതരണം ചെയ്തുവരുന്നു. ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകളുടെയും പാചകവാതക കണക്ഷനുകളുടെയും എണ്ണം ഗണ്യമായി വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് കഴിഞ്ഞ അഞ്ചുവർഷമായി മണ്ണെണ്ണയുടെ കേന്ദ്രവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. 2009-10 കാലയളവിൽ 277968 കി.ലിറ്റർ അലോട്ട്മെന്റ് ഉണ്ടായിരുന്ന മണ്ണെണ്ണ 2013-14 കാലയളവിൽ 120192 കി.ലിറ്റർ ആയി കേന്ദ്രം പരിമിതപ്പെടുത്തി, ഈ അവസരത്തിലും മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ കേരള സർക്കാർ കുറവ് വരുത്തിയിട്ടില്ല. ഇ-കാർഡുകൾക്ക് 2 ലിറ്റർ, എൻ.ഇ-കാർഡുകൾക്ക് 5 ലിറ്റർ എന്ന നിരക്കിൽ കൊടുത്തിരുന്ന സ്ഥാനത്ത് ഇ-കാർഡുകൾക്ക് ലഭ്യതയ്ക്കനുസരിച്ച് 0.5 ലിറ്റർ,

അല്ലെങ്കിൽ 1 ലിറ്റർ എന്ന നിരക്കിലും എൻ.ഇ-കാർഡുകൾക്ക് 4 ലിറ്റർ എന്ന നിരക്കിലുമാണ് നൽകുന്നത്. മത്സ്യത്തൊഴിലാളികൾക്ക് 2532 കി.ലിറ്റർ മണ്ണെണ്ണ നല്കിയിരുന്നത് 2012 ഏപ്രിൽ മാസം മുതൽ കേന്ദ്ര അലോട്ട്മെന്റ് കുറഞ്ഞ സാഹചര്യത്തിൽ 2525 കി.ലിറ്റർ ആയി നിജപ്പെടുത്തി. ഇപ്പോഴും ആവശ്യകതയ്ക്കനുസരിച്ച് മത്സ്യബന്ധന മേഖലക്ക് പരമാവധി 2525 കി.ലിറ്റർ മണ്ണെണ്ണ നല്കിവരുന്നുണ്ട്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് കൂട്ടിനൽകുവാനായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇ-ഫയലിംഗ് സിസ്റ്റം

1 (3632) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഇലക്ട്രോണിക് ഫയലിംഗ് സിസ്റ്റം അഥവാ ഇ-ഫയലിംഗ് നടപ്പാക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി എന്ത് തുകയാണ് ചെലവഴിക്കേണ്ടി വരിക എന്ന് കണക്കാക്കിയിട്ടുണ്ടോ ; ആവർത്തന ചെലവ് വർഷം എത്ര രൂപ വരുമെന്ന് അറിയിക്കുമോ ;

(സി) ഓഫീസ് നടപടികളുടെ പരിഷ്കരണത്തിന് മുമ്പ് നടപ്പാക്കിയ DDFS/IDEAS/LIMS എന്നീ സംവിധാനങ്ങൾ ഇപ്പോഴും പിൻതുടരുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇവയ്ക്കുവേണ്ടി എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇ-ഓഫീസ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് നേരിട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ടോ ; ഇതു നടപ്പാക്കുമ്പോൾ ഏതെങ്കിലും തസ്തികകൾ നഷ്ടപ്പെടുമോയെന്നറിയിക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി NIC-യിൽനിന്നും ഐ ടി മിഷനിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന്

സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിലെ മാനവശേഷിക്കായുള്ള ചെലവ് ചുവടെ ചേർക്കുന്നു :

1-ാം വർഷം - 3.84 കോടി രൂപ

2-ാം വർഷം - 1.39 കോടി രൂപ

3-ാം വർഷം - 98.22 ലക്ഷം രൂപ

അടുത്ത 5 വർഷത്തേക്കായി 43 ലക്ഷം രൂപ

(സി) നിയമ വകുപ്പിൽ ഓഫീസ് നടപടികളുടെ പരിഷ്കരണത്തിനായി നടപ്പിലാക്കിയ Law Information Management System (LIMS) എന്ന സംവിധാനം ഇപ്പോഴും പിൻതുടരുന്നുണ്ട്. 2003-04 മുതൽ നടപ്പിലാക്കിയ LIMS സംവിധാനത്തിൽ ഇതുവരെ 7,01,91,037 (ഏഴ് കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുപ്പത്തി ഏഴുരൂപ) ചെലവായിട്ടുണ്ട്. DDFS-ഉം IDEAS-ഉം ഇപ്പോഴും പിൻതുടരുന്നുണ്ട്. DDFS-നായി ഇതുവരെ 78,66,092 രൂപ ചെലവായിട്ടുണ്ട്. IDEAS- നായി ഇതുവരെ 61.06 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഇ-ഓഫീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാർ ചൂണ്ടിക്കാട്ടിയ ചില പോരായ്മകളെ സംബന്ധിച്ച് ന്യൂഡൽഹിയിൽനിന്നുള്ള NIC ടീമുമായി ഒന്നിലധികം തവണ ചർച്ചകൾ നടത്തുകയും തുടർന്ന് ന്യൂനതകൾ പ്രാധാന്യം അനുസരിച്ച് പരിഹരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള തസ്തികകളൊന്നുംതന്നെ നഷ്ടപ്പെടുന്നതല്ല.

**പെൻഷൻ പറ്റിയതിന് ശേഷവും പുനർ നിയമനം ലഭിച്ച് സർവീസിൽ തുടരുന്നവർ**

2 (3633) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ പറ്റിയതിന് ശേഷവും സർക്കാരിൽ വിവിധ കാരണങ്ങളാൽ സേവനം അനുഷ്ഠിക്കുന്ന എത്രയാളുകൾ ഉണ്ട് ; അവരുടെ പേര് വിവരം വെളിപ്പെടുത്താമോ ;

(ബി) പല തവണ സേവന കാലാവധി നീട്ടികൊടുത്ത് പുനർ നിയമനം ലഭിച്ച് സർവ്വീസ് തുടരുന്നവരുടെ പേര് വിവരം ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ സേവനം നീട്ടി കൊടുക്കാനുണ്ടായ കാരണങ്ങൾ വിശദീകരിക്കാമോ ; ഇപ്രകാരം പുനർ നിയമനങ്ങൾ നടത്തുന്നതു വഴി താഴെ തട്ടിൽ ഉള്ളവരുടെ ഉദ്യോഗക്കയറ്റം തടയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സർവ്വീസിൽനിന്ന് പെൻഷൻ പറ്റിയശേഷം സർക്കാർ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങളിലും കമ്മീഷനുകളിലും പുനർ നിയമനം ലഭിച്ച താഴെപ്പറയുന്നവർ നിലവിൽ സേവനമനുഷ്ഠിച്ച വരുന്നു: ഐ.എ.എസിൽ നിന്ന് റിട്ടയർ ചെയ്ത ശ്രീ. ജോസ് സിറിയക്, സംസ്ഥാന ഇന്നവേഷൻ കൗൺസിൽ ചെയർമാൻ എന്ന നിലയിലും ശ്രീ. എം.പി. ജോസഫ്, തൊഴിൽ വകുപ്പിൽ അഡ്വൈസർ എന്ന നിലയിലും ശ്രീ. വി. എൻ. ജിതേന്ദ്രൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എന്ന നിലയിലും ശ്രീമതി വൽസലകുമാരി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിലും ശ്രീ. എൽ. രാധാകൃഷ്ണൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഡ്വൈസർ എന്ന നിലയിലും ഐ.പി.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. ജേക്കബ് പുന്നൂസ് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ ചീഫ് കമ്മീഷണർ എന്ന നിലയിലും ജോലി ചെയ്തുവരുന്നു. കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ മുഖ്യ വിവരാവകാശ കമ്മീഷണറായി ഐ.പി. എസിൽ നിന്നും വിരമിച്ച ശ്രീ. സിബി മാത്യൂസും, ശ്രീ. നടരാജനും (ഇപ്പോൾ സസ്പെൻഷനിൽ) ഐ.എ.എസിൽനിന്ന് വിരമിച്ച ശ്രീ. എം. എൻ. ഗുണവർദ്ധനനും വിവരാവകാശ കമ്മീഷണർമാരായി സേവനമനുഷ്ഠിച്ചുവരുന്നു. ഐ.എഫ്.എസി-ൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. റ്റി. എം. മനോഹരൻ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിലെ ചെയർമാൻ എന്ന നിലയിലും ജോലി ചെയ്തുവരുന്നു. പൊതുഭരണ വകുപ്പിൽനിന്ന് സ്പെഷ്യൽ സെക്രട്ടറി തസ്തികയിൽനിന്നും വിരമിച്ച ശ്രീ. കെ. ബി. സന്തോഷ് കുമാറിന് കേരളാ സ്റ്റേറ്റ് യൂത്ത് കമ്മീഷൻ സെക്രട്ടറിയായി പുനർനിയമനം നൽകിയിട്ടുണ്ട്. ഈ വകുപ്പിൽ ശ്രീമതി എസ്. വസന്തകുമാരി സർവ്വീസിൽനിന്നും വിരമിച്ച ശേഷവും ഗാർഡൻ സൂപ്പർവൈസർ തസ്തികയിൽ സേവന മനുഷ്ഠിച്ചുവരുന്നുണ്ട്. സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരവും മറ്റു സ്ഥാപനങ്ങളിലെ ഇത്തരം പുനർ നിയമനത്തെ സംബന്ധിച്ച വിവരവും ശേഖരിച്ചുവരുന്നു.

(ബി&സി) പൊതുഭരണ വകുപ്പിന് കീഴിൽ ആർക്കും പല തവണ സേവന

കാലാവധി നീട്ടികൊടുത്ത് പുനർ നിയമനം നൽകിയിട്ടില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## മത-സാമുദായിക സംഘടനകളുമായി ബന്ധപ്പെട്ട കമ്മിറ്റികളിലെ അംഗത്വം

3 (3634) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത, സാമുദായിക, രാഷ്ട്രീയ, ചാരിറ്റബിൾ സംഘടനകളുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ സർക്കാർ, പൊതുമേഖലാ, എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അംഗമാകുന്നതിനോ ഭാരവാഹിയാകുന്നതിനോ വിലക്കുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; കോപ്പി ലഭ്യമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ, ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സംഘടനകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നകാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) 7-8-2014-ലെ G.O.(P)27/14/P&ARD. പ്രകാരം കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960 ബാധകമായ എല്ലാ സർക്കാർ ജിവനക്കാർക്കും മത/സാമുദായിക സംഘടനകളുടെ ഭാരവാഹിത്വം വഹിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില ജാതി/സാമുദായിക സംഘടനകൾ അപേക്ഷ സമർപ്പിച്ചിരുന്നു.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പി.എസ്.സി. ചെയർമാനും അംഗങ്ങളും യാത്രക്കൂലിയിനത്തിൽ വരുത്തിയ വർദ്ധനവ്

4 (3635) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. ചെയർമാനും അംഗങ്ങളും യാത്രക്കൂലിയിനത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വൻവർദ്ധനവു വരുത്തി സ്വയം പുതുക്കി തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെയോ, ധനകാര്യ വകുപ്പിന്റെയോ അനുമതി വാങ്ങാതെ എത്ര തുക യാത്രക്കൂലിയിനത്തിൽ പുതുക്കി നിശ്ചയിച്ചു ; നിലവിൽ പി.എസ്.സി. ചെയർമാനും അംഗങ്ങൾക്കും യാത്രക്കൂലി കിലോമീറ്ററിന് എത്ര രൂപയായിരുന്നു; ആയത് എത്രകണ്ട് വർദ്ധിപ്പിച്ചു ; നിലവിലെ നിരക്കിൽനിന്നും എത്ര ശതമാനം കൂടുതൽ വർദ്ധനവ് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം യാത്രക്കൂലിയിനത്തിൽ വരുത്തിയ വൻവർദ്ധനവു കൈപ്പറ്റുവാൻ ഇവർ അക്കൗണ്ടന്റ് ജനറലിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തികപ്രതിസന്ധി രൂക്ഷമായ ഈ സമയത്ത് യാത്രക്കൂലിയിനത്തിൽ നിലവിലെ തുകയേക്കാൾ വൻവർദ്ധനവു വരുത്തിയ ഇവരുടെ ഈ നടപടി ശരിയാണോയെന്ന് പരിശോധിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി. ചെയർമാനുൾപ്പെടെ നിലവിലെ അംഗങ്ങൾ യാത്രക്കൂലിയിനത്തിൽ നാളിതുവരെ കൈപ്പറ്റിയ ആകെ തുക എത്ര ; ഇവർ ഓരോരുത്തരും വർഷാവർഷം നാളിതുവരെ വാങ്ങിയ യാത്രക്കൂലിത്തുക എത്രയെന്നു തരംതിരിച്ചു വ്യക്തമാക്കുമോ ;

(എഫ്) മുഖ്യമന്ത്രി, ധനകാര്യ വകുപ്പ്, അക്കൗണ്ടന്റ് ജനറൽ തുടങ്ങിയവരുടെ അനുമതിയോ, കത്തിടപാടുകളോ നടത്താതെ പി.എസ്.സി. ചെയർമാനുൾപ്പെടെയുള്ള അംഗങ്ങളുടെ യാത്രക്കൂലി സ്വയം പുതുക്കിനിശ്ചയിച്ച് വൻവർദ്ധനവു വരുത്തിയ നടപടി റദ്ദുചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിന്മേൽ പി.എസ്.സി.-യുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പി.എസ്.സി.-യോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പി.എസ്.സി.-യിൽനിന്ന് വിശദീകരണം ലഭിക്കുന്നമുറയ്ക്ക്

നടപടികൾ സ്വീകരിക്കുന്നതാണ്.

## എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം

5 (3636) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ സൂപ്പർ ന്യൂമററി നിയമനങ്ങൾ നടത്തിയതു കാരണം പി.എസ്.സി.-യുടെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതു പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുതിയ അനക്സ് കെട്ടിടത്തിന്റെ പണി

6 (3637) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിനു വേണ്ടി പണിയുന്ന പുതിയ അനക്സ് കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) നിലവിൽ സ്ഥല സൗകര്യമില്ലാത്തതിന്റെ പേരിൽ ഒരേ ഡിപ്പാർട്ട്മെന്റിന്റെ വിവിധ വിഭാഗങ്ങളും ഉന്നത ഉദ്യോഗസ്ഥരും പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നത് കാര്യക്ഷമതയെയും സൗകര്യങ്ങളെയും ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) പുതിയ അനക്സ് കെട്ടിടം പൂർത്തിയാവുന്നതോടെ ഓരോ വകുപ്പും വകുപ്പുതലവന്മാരുടെ ഓഫീസുകളുൾപ്പെടെ ഒരു ബ്ലോക്കിൽത്തന്നെ സ്ഥിരമായി സ്ഥാപിക്കാൻ വേണ്ട നടപടികൾ കൂടി സ്വീകരിക്കുമോ ;

ഉത്തരം

(എ) സെക്രട്ടേറിയറ്റിന് വേണ്ടി പണിയുന്ന പുതിയ അനക്സ് II കെട്ടിടത്തിന്റെ പണി 2015 ഏപ്രിൽ മാസം അവസാനത്തോടെ പൂർത്തിയാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

**നവരത്ന പദ്ധതി ചെലവ്**

7 (3638) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന നവരത്ന പദ്ധതികൾക്കായി ഓരോന്നിനും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇത് ഏതൊക്കെ കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും പദ്ധതി തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ആകെ നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും അതിൽ ചെലവഴിക്കാൻ ബാക്കിയെത്രയെന്നും പദ്ധതിതിരിച്ച് വിവരം നൽകാമോ ;

(സി) ചെലവഴിക്കാനായി തുക മിച്ചം വന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) നവരത്ന പദ്ധതികൾ താഴെ പറയുന്നവയാണ് :

1. കൊച്ചി മെട്രോ
2. സ്മാർട്ട് സിറ്റി
3. വിഴിഞ്ഞം തുറമുഖം
4. കണ്ണൂർ വിമാനത്താവളം
5. ദേശീയ ജലപാതകൾ
6. തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതി
7. സബ് അർബൻ റെയിൽവെ
8. ദേശീയപാത വികസന പദ്ധതി
9. യുവജന സംരംഭകത്വം

ഇവയിൽ തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ, സബ്

അർബൻ റെയിൽവെ, ദേശീയ പാതാ വികസനം, യൂത്ത് എന്റർപ്രണർഷിപ്പ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്മാർട്ട് സിറ്റി പദ്ധതിയിൽ 246 ഏക്കർ ഭൂമി ടി കോമിന് സംസ്ഥാന വിഹിതമായി കൈമാറിയിട്ടുണ്ട്. കൊച്ചി മെട്രോ പദ്ധതിക്ക് 11/14 വരെ 231.43 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിനായി ഇതുവരെ 49.13 കോടി രൂപ ഭൂമിക്കും അടിസ്ഥാന സൗകര്യങ്ങൾക്കുമായി ചെലവാക്കിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിക്കായി ഭൂമിക്കും അടിസ്ഥാന സൗകര്യങ്ങൾക്കും കൺസൾട്ടൻസി പദ്ധതി പഠനം എന്നിവക്കുമായി 627.96 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**ഫ്രണ്ട് ഓഫീസ് സംവിധാനം**

8 (3639) <u>ശ്രീ. കെ. അച്ചുതൻ</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തുമോ ;

(ബി) സെക്രട്ടേറിയറ്റിൽ എത്തുന്ന പൊതുജനങ്ങൾക്ക് സെക്ഷനുകളിൽ കയറിയിറങ്ങിയുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് ഇതുവഴി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) 18-11-2009-ലെ സ.ഉ. (കൈ) നമ്പർ 257/2009/പൊ.ഭ.വ. ഉത്തരവ് പ്രകാരം പ്രവർത്തനമാരംഭിച്ച സെക്രട്ടേറിയറ്റിലെ മൂന്ന് സന്ദർശക സഹായക കേന്ദ്രംവഴി അപേക്ഷകൾ സ്വീകരിക്കുവാനും ഫയൽ സംബന്ധമായ വിവരങ്ങളും മറ്റ് സൗകര്യങ്ങളും സന്ദർശകർക്ക് ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത സന്ദർശക സഹായക കേന്ദ്രങ്ങൾവഴി ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു :

1. സന്ദർശകർ കൊണ്ടുവരുന്ന പരാതികൾ വാങ്ങി 3 പേജ് വരെയുള്ളവ സ്കാൻ ചെയ്ത് കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള സംവിധാനം ഉപയോഗിച്ച് രജിസ്റ്റർ ചെയ്തതിന് ശേഷം പരാതിക്കാരന് നമ്പർ നൽകുകയും പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് തത്സമയം അയച്ചുകൊടുക്കുന്നുണ്ട്.

2. സന്ദർശകർക്ക് നേരിട്ട് ബന്ധപ്പെട്ട സെക്ഷനിൽ സന്ദർശിക്കുവാൻ പാസ് നൽകാറുണ്ട്. പരാതി സന്ദർശകർ തന്നെ നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകണമെന്ന് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ അതിനുള്ള സൗകര്യം നൽകുന്നുണ്ട്.

3. ഓരോ ദിവസവും കേന്ദ്രത്തിൽ സ്കാൻ ചെയ്യുന്ന പരാതികൾ സെക്രട്ടേറിയറ്റ് ഇൻഫർമേഷൻ സിസ്റ്റംവഴി തത്സമയം ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്ന തോടൊപ്പം അവിടെ ഏൽപ്പിച്ചുപോകുന്ന പരാതികളുടെ ഒറിജിനൽ പതിപ്പ് അതാത് ദിവസം ബന്ധപ്പെട്ടവർക്ക് 5 മണിയോടുകൂടി എത്തിച്ചുകൊടുക്കുന്നുണ്ട്.

4. ഈ കേന്ദ്രങ്ങളിൽ ലഭ്യമായ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങളും മറ്റു വിവരങ്ങളും മനസ്സിലാക്കാൻ സന്ദർശകരെ സഹായിക്കുന്നുണ്ട്.

5. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിലും സെക്ഷനുകളിൽനിന്നും പരാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ഫോൺ മുഖാന്തരം ശേഖരിച്ചുനൽകുന്നതോടൊപ്പം ഉത്തരവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്.

**സിവിൽ സർവ്വീസ് ബോർഡ് രൂപീകരണം**

9 (3640) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഉദ്യോഗസ്ഥരുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) ബോർഡിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 5-5-2014-ലെ സ.ഉ.(കൈ) നമ്പർ 107/2014/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസ് ഉദ്യോഗസ്ഥർക്കുവേണ്ടി സിവിൽ സർവ്വീസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. മുൻ ക്യാബിനറ്റ് സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. എസ്. ആർ. സുബ്രഹ്മണ്യനും മറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരും പ്രമുഖ വ്യക്തികളും ചേർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത 82/11, 234/11 എന്നീ റിട്ട് പെറ്റീഷനുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രത്തിലും, എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഒരു സിവിൽ സർവ്വീസ് ബോർഡ് രൂപവൽക്കരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 31-10-2013-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി സിവിൽ സർവ്വീസ് ബോർഡുകൾ രൂപവൽക്കരിച്ചത്.

(ബി-ഡി) ഐ.എ.എസ്., ഐ.എഫ്.എസ്. വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ നിയമനത്തിനും സ്ഥലംമാറ്റത്തിനുമുള്ള ശിപാർശ നൽകേണ്ടത് പ്രസ്തുത സിവിൽ സർവ്വീസ് ബോർഡുകളാണ്. നിശ്ചിത മിനിമം കാലാവധിക്കുമുമ്പ് സ്ഥലം മാറ്റപ്പെടുന്നതിന് ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ കേസുകൾ സിവിൽ സർവ്വീസ് ബോർഡിന് പരിശോധിക്കാവുന്നതാണ്. പ്രത്യേക സാഹചര്യങ്ങളിൽ നിശ്ചിത കാലാവധിക്കുമുമ്പ് ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം സിവിൽ സർവ്വീസ് ബോർഡിനു പരിഗണിക്കാവുന്നതാണ്. നിശ്ചിത കാലാവധിക്കുമുമ്പ് സ്ഥലം മാറ്റേണ്ടതായുള്ള ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ കാര്യകാരണ സഹിതം ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് സിവിൽ സർവ്വീസ് ബോർഡിന് ശുപാർശ ചെയ്യാവുന്നതാണ്. നിശ്ചിത കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് ഒരു ഉദ്യോഗസ്ഥനെ സ്ഥലം മാറ്റുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പിൽനിന്നും വിശദമായ ന്യായീകരണം സിവിൽ സർവ്വീസ് ബോർഡിന് തേടാവുന്നതാണ്. ഭരണ വകുപ്പിന്റെ വിശദീകരണത്തോടൊപ്പം വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്നുള്ള

വിശദാംശങ്ങളും സ്ഥലം മാറ്റത്തിന് ശുപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്റെ അഭിപ്രായങ്ങളും സിവിൽ സർവ്വീസ് ബോർഡിന് പരിഗണിക്കാവുന്നതാണ്. സിവിൽ സർവ്വീസ് ബോർഡിന് ബോദ്ധ്യപ്പെടാത്ത പക്ഷം കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റാൻ സിവിൽ സർവ്വീസ് ബോർഡ് ശിപാർശ ചെയ്യാൻ പാടില്ല. കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് സ്ഥലം മാറ്റപ്പെടുന്നതിന് ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച് വിശദാംശങ്ങൾ കാര്യകാരണ സഹിതം വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ കേന്ദ്ര സർക്കാരിന് സിവിൽ സർവ്വീസ് ബോർഡ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് കാര്യകാരണ സഹിതം രേഖാമൂലം രേഖപ്പെടുത്തിക്കൊണ്ട് സിവിൽ സർവ്വീസ് ബോർഡിന്റെ ശിപാർശ തള്ളിക്കളയാവുന്നതാണ്.

**മൊബൈൽ ടവറുകളിൽനിന്നുള്ള വികിരണങ്ങൾ**

10 (3641) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്നുള്ളതായി പറയപ്പെടുന്ന വികിരണങ്ങളെ സംബന്ധിച്ച് ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് കൂടുതൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ ഇതുമൂലമുണ്ടാകുന്ന ആശങ്കകൾ ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാക്കാൻ വിദഗ്ദ്ധർ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായ രൂപീകരണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്താകെ പൊതു - സ്വകാര്യ മേഖലകളുടെ കീഴിൽ എത്ര ടവറുകൾ നിലവിലുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) മൊബൈൽ ടവറുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്കുണ്ടാകുന്ന

ആശങ്കകളും പരാതികളും പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ മെഡിക്കൽ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ പ്രതിനിധി ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ജില്ലാ ടെലികോം കമ്മിറ്റിക്ക് സർക്കാർ രൂപം നല്കിയിട്ടുണ്ട്. റേഡിയേഷൻ മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കേണ്ട സുരക്ഷിത അകലവും റേഡിയേഷന്റെ തോതും കേന്ദ്ര ടെലികോം വകുപ്പ് നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ച് ഉറപ്പുവരുത്തുവാൻ കൊച്ചി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഭാരത സർക്കാർ സ്ഥാപനമായ Telecom Enforcement Resource & Monitoring (TERM)-Kerala എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രവർത്തനക്ഷമമായ 15,000 ടവറുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇവ കൂടാതെ കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്കിന്റെ ഭാഗമായി 1500-ഓളം ചെറിയ ടവറുകളും (GI Pole) സ്ഥാപിച്ചിട്ടുണ്ട്.

## സർക്കാർ സേവനങ്ങളുടെ ഫീസ് വർദ്ധന

11 (3642) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർദ്ധിപ്പിച്ച വിവിധ സേവന ഫീസുകളുടെയും രജിസ്ട്രേഷൻ ഫീസുകളുടെയും വിശദവിവരങ്ങൾ നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, ഭൂമി സംബന്ധിച്ച രജിസ്ട്രേഷൻ ഫീസുകൾ എന്നിവ എത്ര പ്രാവശ്യം വർദ്ധിപ്പിക്കുകയുണ്ടായി; വിശദ വിവരം നൽകുമോ ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3 പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.

ജലവിഭവ വകുപ്പിന് കീഴിലെ വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ്ജ് വർദ്ധന സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ഉത്തരവുകളുടെ പകർപ്പുകൾ

അനുബന്ധം-I ആയി ചേർക്കുന്നു.* ഭൂജല വകുപ്പ് ജനങ്ങൾക്കു നൽകുന്ന സേവനങ്ങളുടെ വിവിധ ചാർജ്ജുകൾ വർദ്ധിപ്പിച്ചത് സംബന്ധിച്ച ഉത്തരവുകൾ അനുബന്ധം-II ആയി ചേർക്കുന്നു.* രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ വർദ്ധിപ്പിച്ച വിവിധ സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച ഉത്തരവുകൾ അനുബന്ധം-III ആയി ചേർക്കുന്നു.*

1865-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരമുള്ള വിവിധ ഇനങ്ങളിന്മേലുള്ള പിഴ ഈടാക്കുന്നതിനുള്ള ഫീസ് 2013-ലെ ഫിനാൻസ് ബിൽ പ്രകാരം വർദ്ധിപ്പിക്കുകയും 2014-ലെ ഫിനാൻസ് ബിൽ പ്രകാരം ആയത് കുറച്ച് ഉത്തരവാകുകയും ചെയ്തു.

1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസിൽ 23-9-2014-ലെ ജി.ഒ.(പി) നമ്പർ 409/ 14/ ഫിൻ. നമ്പർ ഉത്തരവിലൂടെ 50% വർദ്ധിപ്പിച്ചു. നിലവിൽ 25 രൂപയായിരുന്നത് 38 രൂപയായി വർദ്ധിപ്പിച്ചു.

23-9-2014-ലെ ജി.ഒ.(പി) നമ്പർ 409/14/ഫിൻ. നമ്പർ ഉത്തരവിലൂടെ 2005-ലെ വിവരാവകാശ നിയമത്തിലെ 4(2) നിയമ പ്രകാരം ഫ്ലോപ്പി, സിഡി, മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് 50% വർദ്ധിപ്പിച്ചു. നിലവിൽ 50 രൂപയായിരുന്നത് 75 രൂപയായി വർദ്ധിച്ചു.

ഫേം രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീസ് 15-ൽ നിന്നും 500 രൂപയാക്കിയും ഭേദഗതി വരുത്തുന്നതിന് 5-ൽ നിന്നും 200 രൂപയാക്കിയും തിരച്ചിലിന് 2 രൂപയിൽനിന്നും 50 രൂപയാക്കിയും പകർപ്പിന് 10 രൂപയിൽനിന്നും 100 രൂപയാക്കിയും 22657/Leg.A2/2011/Law ഉത്തരവ് പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി.

ചിട്ടി ഫീസുകൾ 18-12-2013-ലെ ജി.ഒ(പി) നമ്പർ 209/2013/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചുവെങ്കിലും ടി ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വർദ്ധനവ് നിലവിൽ വന്നിട്ടില്ല.

29-3-2012-ലെ ജി.ഒ. (പി) 8/12/Law, 26-11-2013-ലെ G.O. (P) 7/ 2013/ Law നമ്പർ ഉത്തരവുകൾ പ്രകാരം 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവിധ സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ചു.

27-4-2013-ലെ ജി.ഒ. (പി) നമ്പർ 88/2013/റ്റി.ഡി. നമ്പർ വിജ്ഞാപന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകാരം രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുള്ള നിരക്കുകൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

2014-15 സാമ്പത്തിക വർഷം 8-10-2014-ലെ ജി.ഒ.(പി) നമ്പർ 172/ 2014/റ്റി.ഡി. നമ്പർ നോട്ടിഫിക്കേഷനിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴുമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 1% എന്നതിന് വിധേയമായി പരമാവധി 25000 രൂപ എന്നത് ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തി. അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**ലാസ്റ്റ് ഗ്രേഡ് തസ്തികകൾ സൂപ്പർ ന്യൂമററിയായി ക്രിയേറ്റ് ചെയ്യുന്നതിനുള്ള നടപടി**

12 (3643) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ലാസ്റ്റ് ഗ്രേഡ് തസ്തികകൾ സൂപ്പർ ന്യൂമററിയായി ക്രിയേറ്റ് ചെയ്ത്, നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതിനുള്ള തീരുമാനം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പുതുതായി ആരംഭിച്ച കമ്മീഷനുകളും, കോർപ്പറേഷനുകളും**

13 (3644) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കമ്മിഷനുകളും സർക്കാർ ധനസഹായത്തോടുകൂടിയുള്ള സ്ഥാപനങ്ങളും കോർപ്പറേഷനുകളും പുതുതായി ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റായി നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പൊതുഭരണ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന കമ്മീഷനുകളും സ്ഥാപനങ്ങളും രൂപീകരിച്ചിട്ടുണ്ട് :

<u>കോർപ്പറേഷനുകൾ :</u>

1. കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

2. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

<u>കമ്മീഷനുകൾ:</u>

കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമകമ്മീഷൻ എന്ന പേരിൽ ഒരു കമ്മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

11-3-2013-ലെ സ.ഉ.(എം എസ്)നമ്പർ 67/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മിഷൻ രൂപീകരിച്ച് ഉത്തരവായെങ്കിലും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

മറ്റു വകുപ്പുകളുടെ കീഴിൽ പുതുതായി ആരംഭിച്ച കോർപ്പറേഷനുകൾ, കമ്മീഷനുകൾ എന്നിവയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷന് നാളിതുവരെയായി 14.795 കോടി രൂപ നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് നാളിതുവരെ 2 കോടി 38 ലക്ഷം രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകൾക്കു കീഴിലെ പുതുതായി രൂപീകരിച്ച സ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങളിലെ പരസ്യങ്ങൾ**

14 (3645) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങൾ എത്ര രൂപയുടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട് ;

(ബി) ഏതൊക്കെ പത്രങ്ങൾക്ക് എത്ര രൂപ വീതം ഈ ഇനത്തിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സർക്കാരിന്റെ വിവിധ പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങൾ, പരസ്യം പ്രസിദ്ധീകരിക്കുമ്പോൾ ചെലവാകുന്ന തുക ടി സ്ഥാപനങ്ങൾ തന്നെ വഹിക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പത്രങ്ങൾക്ക് പബ്ലിക് റിലേഷൻസ് വകുപ്പിൽ

നിന്നും റിലീസ് ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ പത്രങ്ങളിൽ ടി പരസ്യങ്ങൾ പ്രസിദ്ധീകരിക്കുകയുമാണ് ചെയ്തുവരുന്നത്. പരസ്യം പ്രസിദ്ധീകരിച്ചതിനുശേഷം വിവിധ പത്രസ്ഥാപനങ്ങൾ ബില്ലുകൾ നേരിട്ട് പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെലവായ തുക ടി സ്ഥാപനങ്ങൾ പത്ര മാധ്യമങ്ങൾക്ക് അനുവദിച്ചു കൊടുക്കുകയുമാണ് ചെയ്തുവരുന്നത്. അതിനാൽ വകുപ്പിൽ ടി സ്ഥാപനങ്ങൾക്ക് പരസ്യ ഇനത്തിൽ ചെലവായ തുകയുടെ ക്രോഡീകരിച്ച കണക്ക് ലഭ്യമല്ല.

**നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി**

15 (3646) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുകയില്ലായെന്ന് പ്രതിപക്ഷ യുവജന സംഘടനകൾക്ക് സർക്കാർ ഉറപ്പുനൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിരമിക്കൽ പ്രായം വർദ്ധിപ്പിക്കാതെയും നിയമന നിരോധനം പിൻവലിച്ചും പരമാവധി ഒഴിവുകൾ നികത്തുന്നതിനായി നിയമനം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) യുവജന സംഘടനകളെ വിശ്വാസത്തിലെടുത്തുമാത്രമേ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുകയുള്ളൂ എന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

(ബി) ഒഴിവുകളിലേക്കുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

**സേവനാവകാശ നിയമം**

16 (3647) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കാത്ത എത്ര വകുപ്പുകളെക്കൂടി പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് മുൻപ് ഓരോ വകുപ്പിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ വിശദമായ വർക്ക് സ്റ്റഡി നടന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ സേവനം നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന സേവനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിന്റെ 2(ജി) വകുപ്പിൽ പരാമർശിച്ചിരിക്കുന്നതും പ്രസ്തുത നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതുമായ സേവനങ്ങൾ നൽകുന്ന എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഇപ്രകാരമുള്ള സേവനങ്ങൾ നൽകുന്ന ഒരു വകുപ്പിനേയും ടി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(ബി) ഇല്ല. ഓരോ വകുപ്പിൽനിന്നും നൽകുന്ന വിവിധ സേവനങ്ങൾ എത്ര സമയപരിധിക്കുള്ളിൽ നൽകാൻ കഴിയും എന്ന് വ്യക്തമായി നിശ്ചയിക്കാൻ കഴിയുന്നത് അതത് വകുപ്പുകൾക്ക്/സ്ഥാപനങ്ങൾക്ക് തന്നെയായതിനാൽ, സേവനങ്ങൾ നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് അതത് വകുപ്പുകൾ/സ്ഥാപനങ്ങൾ തന്നെയാണ്.

(സി) 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിന്റെ 2(ജി) വകുപ്പിൽ പരാമർശിക്കുന്നതും പ്രസ്തുത നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതുമായ സേവനങ്ങൾ നൽകുന്ന വകുപ്പുകൾ അത്തരം സേവനങ്ങൾ നൽകുന്നതിനുള്ള സമയപരിധി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആയത് ഓഫീസുകളിൽ പ്രദർശിപ്പിക്കേണ്ടതുമുണ്ട്. ഈ വിജ്ഞാപനങ്ങൾ അതത് വകുപ്പുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംസ്ഥാനത്തെ 117 വകുപ്പുകളിലെ സേവനം സംബന്ധിച്ച് അതത് വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് സർക്കാർ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

**സേവനാവകാശ നിയമം**

17 (3648) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. പി. സി. ജോർജ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന് ഉതകുന്ന മോണിറ്ററിംഗ് സംവിധാനം നിലവിൽ വന്നുവോ ; വ്യക്തമാക്കുമോ ;

(ബി) ലഭ്യമാക്കേണ്ട സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതി പരിഹരിക്കുന്നതിന് സമീപിക്കേണ്ട ഉദ്യോഗസ്ഥന്റെ വിവരങ്ങൾ അതാതു ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സേവനാവകാശ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി, സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് പ്രതിമാസപത്രികയായി, നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുമുഖേന സർക്കാരിന് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കുവാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം, എല്ലാ സർക്കാർ ഓഫീസുകളുടെയും/സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ, സേവനാവകാശ ആക്ടിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഓരോ സേവനവും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെ പറ്റിയുള്ള വിവരവും പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, 19-2-2013-ലെ 21145/എ. ആർ. 12(1)/12/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 6-ൽ നിഷ്കർഷിച്ചിട്ടുള്ള വിധമുള്ള നോട്ടീസ് ബോർഡ് പ്രദർശിപ്പിക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം**

18 (3649) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) 2013-14 സാമ്പത്തിക വർഷം കോർപ്പറേഷന് അനുവദിച്ച ഫണ്ട് എത്രയെന്ന് അറിയിക്കുമോ ;

(സി) അനുവദിച്ച തുകയിൽ ഏതൊക്കെ സ്കീമിലായി എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) വിവിധ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം സമുദായ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ഇ) മുന്നോക്ക വിഭാഗത്തിലെ പിന്നോക്കക്കാരെ നിശ്ചയിക്കുന്ന മാനദണ്ഡം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന് പ്ലാൻ ഫണ്ടായി 10 കോടി രൂപ അനുവദിച്ചിരുന്നു.

| | | | |
|---|---|---|---|
| (സി) | സ്കോളർഷിപ്പ് | ... | 300 ലക്ഷം |
| | കോച്ചിംഗ് ക്ലാസ്സുകൾ | ... | 100 ലക്ഷം |
| | ഡാറ്റാബാങ്ക് സർവ്വേ | ... | 50 ലക്ഷം |
| | ഓപ്പറേഷണൽ കോസ്റ്റ് | ... | 50 ലക്ഷം |
| | മൂലധന സഹായം | ... | 500 ലക്ഷം |

(ഡി) ഓരോ സ്കീമുകൾക്കും ആനുകൂല്യം ലഭിച്ചവരുടെ സമുദായ അടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു :

ബിരുദതല സ്കോളർഷിപ്പ് സ്കീം:

| | | |
|---|---|---|
| നായർ | ... | 1462 |

| | | |
|---|---|---|
| റോമൻ കത്തോലിക്കർ | ... | 425 |
| ബ്രാഹ്മണർ | ... | 47 |
| യാക്കോബായ | ... | 40 |
| ശൈവ വെള്ളാള | ... | 30 |
| നമ്പ്യാർ | ... | 14 |
| മറ്റുള്ളവർ | ... | 339 |

ബിരുദാനന്തര ബിരുദതല സ്കോളർഷിപ്പ് സ്കീം:

| | | |
|---|---|---|
| നായർ | ... | 976 |
| റോമൻ കത്തോലിക്കർ | ... | 198 |
| ബ്രാഹ്മണർ | ... | 45 |
| യാക്കോബായ | ... | 41 |
| ഗൗഡസാരസ്വത ബ്രാഹ്മണർ | ... | 19 |
| ഓർത്തഡോക്സ് | ... | 13 |
| നമ്പ്യാർ | ... | 17 |
| ശൈവ വെള്ളാള | ... | 10 |
| മറ്റുള്ളവർ | ... | 83 |

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ലെവൽ സ്കോളർഷിപ്പ് :

| | | |
|---|---|---|
| നായർ | ... | 20 |
| റോമൻ കത്തോലിക്കർ | ... | 7 |
| ബ്രാഹ്മണർ | ... | 6 |
| മറ്റുള്ളവർ | ... | 15 |

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലന സഹായ പദ്ധതി :

| | | |
|---|---|---|
| നായർ | ... | 344 |
| റോമൻ കത്തോലിക്കർ | ... | 116 |
| ബ്രാഹ്മണർ | ... | 11 |

| | | |
|---|---|---|
| യാക്കോബായ | ... | 24 |
| നമ്പ്യാർ | ... | 11 |
| മറ്റുള്ളവർ | ... | 42 |

ബാങ്ക്/പി.എസ്.സി/യു.പി.എസ്.സി പരീക്ഷ പരിശീലന സഹായ പദ്ധതി:

| | | |
|---|---|---|
| നായർ | ... | 398 |
| റോമൻ കത്തോലിക്കർ | ... | 65 |
| ബ്രാഹ്മണർ | ... | 9 |
| യാക്കോബായ | ... | 11 |
| മാർത്തോമ | ... | 13 |
| ഓർത്തഡോക്സ് | ... | 12 |
| മറ്റുള്ളവർ | ... | 24 |

(ഇ) സാമ്പത്തികമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണ് മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരെ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 2 ലക്ഷം രൂപവരെ കുടുംബ വാർഷിക വരുമാനമുള്ളവരെയാണ് കേരള സംസ്ഥാന മുന്നോക്കസമുദായക്ഷേമ കോർപ്പറേഷന്റെ പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്.

**മുൻകൂർ അനുമതിയില്ലാതെ വിദേശരാജ്യങ്ങൾ സന്ദർശനം**

19 (3650) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏതെല്ലാം വിദേശരാജ്യങ്ങൾ സന്ദർശിക്കാമെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത രാജ്യങ്ങൾ സന്ദർശിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലാത്തതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം രാജ്യങ്ങൾ സന്ദർശിക്കുന്നതിന് എത്ര ദിവസമാണ് അവധി ലഭിക്കുകയെന്നും ഇതിൽ കൂടുതൽ അവധി അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാന ജീവനക്കാർക്ക് വിദേശരാജ്യങ്ങൾ സന്ദർശിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

**സർക്കാർ ആഫീസുകളിലെ കരാർ നിയമനം**

20 (3651) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ കരാർ-ദിവസക്കൂലിക്കാരെ സർക്കാർ ആഫീസുകളിൽ നിയമിക്കുന്നത് ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

**കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ വിവിധ വകുപ്പുകളിലായി ഒഴിവുള്ള തസ്തികകൾ**

21 (3652) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് സിവിൽസ്റ്റേഷനിൽ ഏതെല്ലാം വകുപ്പുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമായ കണക്കുകൾ സഹിതം വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ ഏതൊക്കെ തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ബധിരർക്കും മൂകർക്കും സംവരണ ആനുകൂല്യം**

22 (3653) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗ വിഭാഗത്തിലെ ബധിരർക്കും മൂകർക്കും എൽ.ഡി.സി. അടക്കമുള്ള ജോലികളിൽ സംവരണ ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നിയമനം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ബധിരർക്കും മൂകർക്കും അർഹമായ പ്രാതിനിധ്യത്തിൽ ജോലി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

**ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ**

23 (3654) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാം ;

(ബി) യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണ്;

(സി) ഇവയിൽ ഏതൊക്കെ തീരുമാനങ്ങൾ നടപ്പിൽ വരുത്തി ;

(ഡി) ഓരോ തീരുമാനങ്ങളും നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദീകരിക്കുമോ ;

(ഇ) യോഗത്തിന്റെ തീരുമാനങ്ങൾ അടിയന്തരമായി നടപ്പിൽ വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങളും യോഗ തീരുമാനങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത തീരുമാനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

(ഡി&ഇ) 1. ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർക്ക് അപ്ഗ്രേഡേഷൻ നൽകിയപ്പോൾ 5% ഫിറ്റ്മെന്റ് ബെനിഫിറ്റ് അനുവദിച്ച നടപടി സാധൂകരിക്കുന്ന തുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആയത് പരിഗണിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ സമർപ്പണത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. ഇൻഫർമേഷൻ കേരള മിഷന് ലഭിക്കേണ്ട മെമ്പർഷിപ്പ് ഫീ പിരിച്ചെടുക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. ആയത് പിരിച്ചെടുത്തുകഴിഞ്ഞാൽ മാത്രമേ 92.08 കോടി രൂപ ഇൻഫർമേഷൻ കേരള മിഷനിൽതന്നെ നിലനിർത്തുന്നതിനും പ്രസ്തുത തുക 10 വാർഷിക ഗഡുക്കളായി സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകുന്ന തിനുള്ള പ്രൊപ്പോസൽ മന്ത്രിസഭാ യോഗത്തിനു മുമ്പാകെ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

3. ഇൻഫർമേഷൻ കേരള മിഷന്റെ റീസ്ട്രക്ച്ചറിംഗുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. ടി റിപ്പോർട്ട് അംഗീകരിച്ചതിനുശേഷം മാത്രമേ ടെക്നിക്കൽ ഡയറക്ടർ, ഇംപ്ലിമെന്റേഷൻ ഡയറക്ടർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തൽ**

24 (3655) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ആയതിന് ന്യായവും വിശ്വസ്തവുമായ മാനദണ്ഡം ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കുമോ; വ്യക്തമാക്കുമോ ;

(സി) എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന, ഉയർന്ന തസ്തികയിലേയ്ക്ക് നിയമനത്തിന്

തെരഞ്ഞെടുക്കലിലൂടെ അർഹരാകുന്ന ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനങ്ങൾ വിലയിരുത്തി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി മേലധികാരിക്ക്/ റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും മേലധികാരി/ റിവ്യൂവിംഗ് ഓഫീസർ പ്രസ്തുത റിപ്പോർട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് വ്യക്തിഗത പ്രവർത്തനം വിലയിരുത്തി പ്രൊമോഷൻ നൽകുന്നത്.

(ബി&സി) കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഫോറം പരിഷ്കരിക്കുന്നകാര്യം സർക്കാർ പരിശോധിക്കുകയും തൽക്കാലം നിലവിലുള്ള രീതി തുടരുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**മുഖ്യമന്ത്രിയും മന്ത്രിമാരും നൽകുന്ന വാഗ്ദാനങ്ങൾ**

25 (3656) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയും മന്ത്രിമാരും പത്രസമ്മേളനങ്ങളിലൂടെയും മറ്റു നിലയിലും പുതുതായി നടത്തുന്ന പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിലവിൽ സംവിധാനങ്ങൾ ഉണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ അതത് ഘട്ടങ്ങളിൽ തന്നെ മന്ത്രിമാർ ഉത്തരവ് നല്കാറുണ്ടോ ; എങ്കിൽ അപ്രകാരമുള്ള ഉത്തരവുകൾ നിയമാനുസൃതമാണോ എന്ന് പരിശോധിക്കപ്പെടാറുണ്ടോ ;

(സി) മുഖ്യമന്ത്രി അശരണരായ ആളുകളുടെ സുരക്ഷിതത്വം ഏറ്റെടുത്തുകൊണ്ട് നടത്തിയതും പത്ര-ദൃശ്യമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ എത്ര പ്രഖ്യാപനങ്ങൾ ഇപ്പോഴും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) വാഗ്ദാനങ്ങൾ ലഭിച്ചവരിൽ പലരും അത് പാലിച്ചു കിട്ടുന്നതിനായി ഇപ്പോഴും സർക്കാർ ഓഫീസുകൾ കയറിയിറങ്ങുകയാണെന്ന് അറിയാമോ ?

<u>ഉത്തരം</u>

(എ&ബി) മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തുന്ന വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഇത് സംബന്ധിച്ച ഉത്തരവുകളെല്ലാം ചട്ടപ്രകാരമാണ് പുറപ്പെടുവിക്കാറുള്ളത്.

(സി&ഡി) സർക്കാർ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ച് ചട്ടപ്രകാരം മാത്രമേ വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടാണ് പലപ്പോഴും ഇക്കാര്യത്തിൽ കാലവിളംബം ഉണ്ടാകുന്നത്. എന്നിരുന്നാലും കാലഹരണപ്പെട്ടതും സങ്കീർണ്ണവുമായ ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി കാലവിളംബം കഴിയാവുന്നത്ര കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലെ ആറിന്റെ നീരൊഴുക്ക് വീണ്ടെടുക്കാൻ നടപടി**

26 (3657) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലൂടെ ഒഴുകിയിരുന്ന ആറിന്റെ നീരൊഴുക്ക് വീണ്ടെടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു സംയുക്തയോഗം വിളിച്ച് ചേർക്കുന്നതിന് തീരുമാനമെടുക്കുമോ ; വിശദാംശം അറിയിക്കുമോ ;

(ബി) ഈ വിഷയത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ ;

(സി) പരിസ്ഥിതി സന്തുലനവുമായി ബന്ധപ്പെടുന്ന ഈ വിഷയത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെട്ട് സമയബന്ധിതമായി പ്രസ്തുത പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള ശ്രമമുണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) 15-7-2014-ൽ ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചെങ്ങന്നൂർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിലും ഒരു യോഗം നടക്കുകയുണ്ടായി. മേൽ യോഗത്തിൽ ഈ നദിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനായി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി. ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, തിരുവൻവണ്ടൂർ പഞ്ചായത്ത് എന്നിവിടങ്ങളിലൂടെ ഒഴുകിയിരുന്ന വരട്ടാറിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ബന്ധപ്പെട്ട

വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുകൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്രട്ടേറിയറ്റിനു മുമ്പിലും പരിസരത്തും സമരങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ**

27 (3658) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിനു മുൻപിലും പരിസരത്തും സമരങ്ങൾ ഒഴിവാക്കാനുള്ള നടപടികൾക്കു തുടക്കം കുറിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി രാഷ്ട്രീയപ്പാർട്ടികൾക്കു നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സെക്രട്ടേറിയറ്റിനു മുൻപിലും പരിസരത്തുമുള്ള സമരങ്ങൾ ജനത്തെ ബുദ്ധിമുട്ടിക്കാത്തവിധം ക്രമീകരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശത്തിലുള്ളതെന്നു വിശദമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് സർവ്വകക്ഷിയോഗത്തിൽ അഭിപ്രായസമന്വയം ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) തലസ്ഥാന നഗരിയിൽ പ്രത്യേകിച്ച് സെക്രട്ടേറിയറ്റിനു മുമ്പിലും പരിസരത്തും വിവിധ സമരങ്ങൾമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും 27-1-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) 27-1-2014-ലെ ചർച്ചയിൽ പങ്കെടുത്ത മുഖ്യധാരാ രാഷ്ട്രീയ കക്ഷികളെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങൾ ടി വിഷയത്തിൽ തങ്ങളുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് തുടർയോഗങ്ങൾകൂടി തീരുമാനങ്ങളെടുക്കുന്നതാണ് എന്ന് പ്രസ്തുത

യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

## സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം

28 (3659) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) നിലവിലുള്ള ഫയലിംഗ് സംവിധാനത്തിൽനിന്ന് എന്തെല്ലാം മാറ്റങ്ങളാണ് പുതിയ സംവിധാനം മുഖേന ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) DDFS എന്ന സോഫ്റ്റ്‌വെയറാണ് സെക്രട്ടേറിയറ്റിലെ ഹയർ എഡ്യൂക്കേഷൻ വകുപ്പിലും സാമൂഹ്യനീതി വകുപ്പിലും ഉപയോഗിച്ചുവരുന്നത്. NIC-യുടെ ഇ-ഓഫീസ് സോഫ്റ്റ്‌വെയർ DDFS പോലെ മറ്റൊരു ഇ-ഫയലിംഗ് സോഫ്റ്റ്‌വെയർ ആകുന്നു. ഇ-ഓഫീസ് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും നടപ്പാക്കുന്നതായിരിക്കും. ഹയർ എഡ്യൂക്കേഷൻ വകുപ്പിലും സാമൂഹികനീതി വകുപ്പിലും DDFS-ൽ നിന്നും ഇ-ഓഫീസിലേക്ക് ഇ-ഫയലുകൾ മൈഗ്രേറ്റ് ചെയ്യുന്നതായിരിക്കും.

(ബി) ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഔദ്യോഗിക ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക, അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക അതുവഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ്.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവ DDFS ഉപയോഗിക്കുന്നത് ഒഴിച്ചാൽ മറ്റ് എല്ലാ വകുപ്പുകളിലും ഫയലിംഗ് മാന്വലായാണ്

നടക്കുന്നത്. ഐഡിയാസ് ഫയൽ ട്രാക്കിങ്ങിന് വേണ്ടി മാത്രമുള്ളതാണ്. ഇ-ഓഫീസിലേക്ക് മാറുന്നതുവഴി DDFS-ന്റെ അതേ ഗുണങ്ങൾ കുറഞ്ഞ ചെലവിൽ ഇ-ഓഫീസിൽ ലഭ്യമാകുന്നു. കൂടാതെ ഉടൻ തന്നെ ഇ-ഓഫീസിൽ പൊതുജനങ്ങൾക്ക് ഐഡിയാസിന്റെ മാതൃകയിൽ ഫയൽ ട്രാക്ക് ചെയ്യുവാൻ സൗകര്യമൊരുക്കുന്ന ഒരു സംവിധാനം ലഭ്യമാകുന്നതായിരിക്കും. DDFS-നു ആനുവൽ മെയിന്റനൻസ് ചാർജ്ജ് നൽകേണ്ടതായിട്ടുണ്ട്; എന്നാൽ ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന് വില ഈടാക്കുന്നില്ല. വിവിധ വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കാൻ വേണ്ട മാനവശേഷിക്ക് മാത്രമാണ് വില ഈടാക്കുന്നത്.

(ഡി) ഈ പദ്ധതി നടപ്പാക്കുന്നത് സംസ്ഥാന ഐ.ടി.മിഷനും അതിനു വേണ്ട സാങ്കേതിക സഹായം നല്കുന്നത് കെൽട്രോണും NIC-യും ആണ്. NIC PMU (പ്രോജക്റ്റ് മോണിട്ടറിംഗ് യൂണിറ്റ്) സ്റ്റാഫാണ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നല്കുന്നത്. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചർ, വെർച്ചൽ പ്രൈവറ്റ് നെറ്റ്‌വർക്ക് എന്നിവ അനുവദിക്കുന്നു. SeMT-ട്രെയിനിംഗ്, വിദഗ്ദ്ധോപദേശം എന്നിവ നൽകുന്നു.

കെൽട്രോൺ - നെറ്റ്‌വർക്ക്, ബാൻഡ് വിഡ്ത്ത് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നു. എൻ.ഐ.സി - ഇ – മെയിൽ ഐ.ഡി. അനുവദിച്ചു നല്കുക, എംപ്ലോയീ മാസ്റ്റർ ഡാറ്റാബേസ് നിർമ്മിക്കുക, ഡിജിറ്റൽ സിഗ്നേച്ചർ ടോക്കൺ ഇൻസ്റ്റലേഷൻ, പഴയ ആപ്ലിക്കേഷനുകളെ ഇ-ഓഫീസിലേക്ക് മൈഗ്രേറ്റ് ചെയ്യിക്കുക, സെർവറുകൾ വാങ്ങി ഇൻസ്റ്റോൾ ചെയ്യുക. ഇ-ഓഫീസ് സമാരംഭിക്കുക. ഇ-ഓഫീസ് പദ്ധതിയുടെ നടത്തിപ്പും അതിന്റെ മേൽനോട്ടവും വഹിക്കുന്നത് ഇൻഫർമേഷൻ ടെക്നോളജി (ഐടി സെൽ) ഡിപ്പാർട്ട്മെന്റാണ്.

**പ്രസിദ്ധപ്പെടുത്താൻ നടപടി**

29 (3660) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സെക്രട്ടേറിയറ്റ് ഡയറക്ടറി ആദ്യം പ്രസിദ്ധപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും ഒടുവിലായി അത് പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തിയത് ഏതു വർഷമാണ് ;

(സി) അതിനുശേഷമുള്ള മാറ്റങ്ങളുൾപ്പെടുത്തി പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡയറക്ടറിയുടെ ഘടനയിലും ഉൾപ്പെടുത്തുന്ന വിവരങ്ങളിലും വ്യത്യാസം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) വിവിധ വകുപ്പുകൾക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ ഡയറക്ടറി പരിഷ്ക്കരിച്ച് എത്രയും പെട്ടെന്ന് പ്രസിദ്ധപ്പെടുത്തണമെന്ന നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) 1983-ൽ.

(ബി) 2011.

(സി) പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ, ചില വകുപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി ലഭ്യമാകാനുണ്ട്. ആയവകൂടി ലഭ്യമായാൽ മാത്രമേ 2011-ൽ പ്രസിദ്ധപ്പെടുത്തിയ കേരളാ സെക്രട്ടേറിയറ്റ് ഡയറക്ടറി പരിഷ്ക്കരിച്ച് പ്രസിദ്ധപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഡി) പുതുതായി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന കേരളാ സെക്രട്ടേറിയറ്റ് ഡയറക്ടറിയിൽ ഓരോ വകുപ്പിനും കീഴിലുള്ള സെക്ഷനുകളുടെ സീറ്റ് വൈസ് വർക്ക് ഡിസ്ട്രിബ്യൂഷൻ, ബന്ധപ്പെട്ട സെക്ഷനുകളുടെ നിലവിലുള്ള ടെലഫോൺ നമ്പറുകൾ സഹിതം ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, മലയാളത്തിലും പകർപ്പ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭ്യമാക്കുന്ന മുറയ്ക്ക് കേരളാ സെക്രട്ടേറിയറ്റ് ഡയറക്ടറി പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.

**സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

30 (3661) <u>ശ്രീ. എം. എ. വാഹീദ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 253/2011) തസ്തികയുടെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു

വിഷയമായി ബി.കോം യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ യോഗ്യതയില്ല എന്ന കാരണത്താൽ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവാക്കുമെന്ന് അറിയിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 24-11-2014-ലെ സർക്കാർ ഉത്തരവ് നമ്പർ (എം എസ്) 47/14/ ആ.സാ.വ. പ്രകാരവും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരവും മേൽ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെക്കൂടി ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി-ക്ക് നിർദ്ദേശം നൽകുമോ ;

(സി) 24-10-2014-ലെ സർക്കാർ ഉത്തരവ് (എം. എസ്) 47/14/ആ.സാ.വ. പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 തസ്തികയിലേക്ക് അപേക്ഷിക്കുവാനുള്ള യോഗ്യതയിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം. യോഗ്യത നേടിയവരെക്കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് പരിഷ്ക്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സോടു കൂടിയ കോമേഴ്സ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെക്കൂടി ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ വേണ്ടിയാണ് സ്പെഷ്യൽ റൂൾസിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്2/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2/കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് 2 എന്നീ തസ്തികകളുടെ യോഗ്യതയായി 'ബിസിനസ് സ്റ്റാറ്റിസ്റ്റിക്സോടു കൂടിയ കോമേഴ്സ് ബിരുദം' കൂടി ഉൾപ്പെടുത്തിക്കൊണ്ട് 24-10-14-ലെ GO(Ms)No. 47/14/Plg നമ്പർ ഉത്തരവു പ്രകാരം സർക്കാർ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിച്ചത്. ടി സർക്കാർ ഉത്തരവ് പി.എസ്.സി. സെക്രട്ടറിക്കും നല്കിയിട്ടുണ്ട്.

Business Statistics പഠിച്ച ഉദ്യോഗാർത്ഥികളെക്കൂടി ടി തസ്തികയിലേക്ക് പരിഗണിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് 2 തസ്തികയിലേക്കുള്ള യോഗ്യതയിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയവരെക്കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

**2015-16 സാമ്പത്തിക വർഷത്തേക്ക് കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിലെ**

**പദ്ധതികൾക്ക് തുക അനുവദിക്കാൻ നടപടി**

31 (3662) ശ്രീ. എ. എ. അസീസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ 2015-16 സാമ്പത്തിക വർഷത്തേക്കുള്ള പൊതു ബഡ്ജറ്റിൽ കേരളത്തിലെ പദ്ധതികൾക്ക് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ;

(ബി) നിവേദനം എപ്രകാരമാണ് തയ്യാറാക്കുന്നത്;

(സി) ഇതിനായി ആരൊക്കെയുമായി സർക്കാർ ചർച്ച നടത്താറുണ്ട് ; വിശദമാക്കുമോ ;

(ഡി) കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന്റെ അവകാശങ്ങൾ ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) കേന്ദ്ര സർക്കാരിന്റെ 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള പൊതു ബഡ്ജറ്റിൽ കേരളത്തിലെ പദ്ധതികൾക്ക് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം**

32 (3663) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും വളരെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ, സിവിൽ സർവ്വീസ് പരീക്ഷകൾക്കുള്ള പരിശീലനത്തിന് ഒരു പരിശീലന കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള ശിപാർശ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ

പല ജില്ലകളിലും സിവിൽസർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീലന ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയ സമ്പന്നരുമായ അദ്ധ്യാപകരുടെ ലഭ്യതക്കുറവുമാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

**കാസർഗോഡ് ജില്ലയിൽ എം.എ.സി.ടി. കോടതികൾ**

33 (3664) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന അപകട കേസ്സുകൾ കൈകാര്യം ചെയ്യുന്ന എം.എ.സി.ടി. കോടതികൾ ഏതൊക്കെ ജില്ലകളിലാണ് ഇല്ലാത്തതെന്ന് വെളിപ്പെടുത്താമോ ;

(ബി) എം.എ.സി.ടി. കോടതിക്കായി കാസർഗോഡ് ജില്ലയിൽ ആവശ്യമായ കെട്ടിടവും ചേംബറും മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടും ഇതുവരെ കോടതി പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജില്ലയിൽ എം.എ.സി.ടി. കോടതിയുടെ പ്രവർത്തനം എന്നു തുടങ്ങും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും എം.എ.സി.ടി. കോടതികൾ പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ്, ഇടുക്കി ജില്ലകളിൽ പ്രത്യേക എം.എ.സി.ടി. കോടതികളില്ല. എന്നാൽ ഇവിടെ പ്രിൻസിപ്പൽ ജില്ലാകോടതിയും I[st] അഡീഷണൽ ജില്ലാ കോടതിയും എം.എ.സി.ടി. കോടതിയായി പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) കാസർഗോഡ് ജില്ലയിൽ എം.എ.സി.ടി. കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും ഇതുണ്ടാക്കുന്ന സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് തുടങ്ങാൻ നിർവ്വാഹമില്ലെന്ന് ഹൈക്കോടതിയെ അറിയിക്കുകയുമുണ്ടായി. തുടർന്ന് ഹൈക്കോടതി വീണ്ടും സർക്കാരിലേക്ക് കോടതി തുടങ്ങുന്നത് സംബന്ധിച്ച് ശിപാർശ നൽകിയത് പരിശോധിച്ചുവരുന്നു.

## ഷെട്ടി കമ്മീഷൻ ശിപാർശ

34 (3665) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നീതിന്യായ വകുപ്പിൽ ഷെട്ടി കമ്മീഷൻ ശിപാർശ പ്രകാരം ശിരസ്തദാർ, പ്രോസസ് സർവർമാർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, II എന്നിവർക്ക് എന്തെല്ലാം ആനുകൂല്യമാണ് നൽകേണ്ടിയിരുന്നത്; പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

നീതിന്യായ വകുപ്പിൽ ഷെട്ടി കമ്മീഷൻ ശിപാർശ പ്രകാരം ശിരസ്തദാർ, പ്രോസസ് സർവർമാർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, II എന്നിവർക്ക് യഥാക്രമം 7,800-12,975, 2,750-4,625, 5,000-8,150, 4,000-6,090 എന്നീ ശമ്പള സ്കെയിൽ വർദ്ധനയാണ് 1-4-2003-മുതൽ പ്രാബല്യത്തിൽ നൽകേണ്ടിയിരുന്നത്. ആയത് 1-4-2003 മുതൽ പ്രാബല്യത്തിൽ നൽകി ഉത്തരവായിട്ടുള്ളത്. ഇതു കൂടാതെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് സ്പെഷ്യൽ അലവൻസ്, പ്രോസസ് സർവർമാർക്ക് യാത്രാബത്ത, മെഡിക്കൽ അലവൻസ് എന്നിവയും ഷെട്ടി കമ്മീഷൻ നിർദ്ദേശ പ്രകാരം നൽകുന്നുണ്ട്.

## കോഴിക്കോട് ജില്ലയിലെ പുതിയ കോടതികൾ

35 (3666) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര കോടതികൾ തുടങ്ങുവാനാണ് ഉത്തരവിറക്കിയത് ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത കോടതികളിൽ ഏതെല്ലാം തസ്തികകളാണ് ആവശ്യമായി വരുന്നത് ; കോടതി തിരിച്ച് തസ്തികയും എണ്ണവും വ്യക്തമാക്കാമോ ;

(സി) ഈ തസ്തികകളിൽ എത്ര എണ്ണം അനുവദിച്ച് ഉത്തരവാക്കിയിട്ടുണ്ട് ; കോടതി തിരിച്ച് തസ്തികയും എണ്ണവും വിവരിക്കുമോ;

(ഡി) പ്രസ്തുത കോടതികൾ എപ്പോൾ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; തടസ്സങ്ങൾ വല്ലതുമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 25-2-2014 സ.ഉ.(എംഎസ്.) നമ്പർ 39/14/ ആഭ്യന്തരം പ്രകാരം

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വിചാരണ ചെയ്യുന്നതിനായി കോഴിക്കോട് ജില്ലയിൽ ഒരു കോടതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 13-5-2014 തീയതിയിലെ സ.ഉ.(എംഎസ്.) 94/14/ആഭ്യന്തരം പ്രകാരം എൻ.ഐ.ആക്ട് കേസുകൾ വിചാരണ ചെയ്യുന്നതിനായി ജില്ലയിൽ ഒരു താൽക്കാലിക കോടതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി (എ) ചേർക്കുന്നു.*

(സി) സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കോടതിയിലെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. എൻ.ഐ. ആക്ട് കേസുകൾക്കുള്ള താൽക്കാലിക കോടതിയിൽ ആകെ 10 എന്ന സ്റ്റാഫ് പാറ്റേണിൽ നാല് സ്ഥിരം തസ്തികകളും ആറ് താൽക്കാലിക തസ്തികകളും അനുവദിച്ചിട്ടുണ്ട്. വിവരം അനുബന്ധമായി (ബി) ചേർക്കുന്നു.*

(ഡി) എൻ. ഐ. ആക്ട് കേസുകൾക്കുള്ള താൽക്കാലിക കോടതി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം ഏറ്റെടുക്കുന്ന മുറയ്ക്കും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വിചാരണ ചെയ്യുന്ന കോടതിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്കും രണ്ട് കോടതികളും പ്രവർത്തിച്ചു തുടങ്ങും.

**ചാലക്കുടിയിൽ കോടതി സമുച്ചയം**

36 (3667) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ വിവിധ കോടതികൾ ഒരുമിച്ച് പ്രവർത്തിക്കുവാൻ സൗകര്യപ്പെടുന്ന വിധത്തിൽ ഒരു കോടതി സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 900 ലക്ഷം രൂപ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ട നിർദ്ദേശം ഹൈക്കോടതി രജിസ്ട്രാർ 1-12-2014-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**തീർപ്പാകാത്ത കോടതി കേസുകൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

37 (T3668) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കോടതികൾ ഉൾപ്പെടെ സംസ്ഥാനത്തെ കോടതികളിൽ എത്ര കേസുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 31-8-2014-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിൽ സിവിൽ വിഭാഗത്തിൽ 106412- ഉം ക്രിമിനൽ വിഭാഗത്തിൽ 34130 കേസ്സുകളും ജില്ലാ കോടതി ഉൾപ്പെടെയുള്ള സബോർഡിനേറ്റ് കോടതികളിൽ 30-9-2014 -ലെ കണക്ക് പ്രകാരം 424884 കേസുകൾ സിവിൽ വിഭാഗത്തിലും 970024 കേസുകൾ ക്രിമിനൽ വിഭാഗത്തിലും തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്.

(ബി) കീഴ്കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടികിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Special list system, unit system, target fixation എന്നീ രീതി നടപ്പാക്കി വരുന്നുമുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവത്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ എന്നിവ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താൽകാലിക ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടികിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേക്കായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക ആക്രമണങ്ങൾ, അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ കേസ്സുകൾ കേൾക്കുന്നതിനായും പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇവയ്ക്കെല്ലാം പുറമെ KELSA-യുടെയും ഹൈക്കോടതിയുടെയും

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നു.

(സി) 19-9-2014-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി)നമ്പർ 400/2014/ധന. പ്രകാരം 31-3-2015 മാർച്ച് വരെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അത്യാവശ്യ സന്ദർഭങ്ങളിൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാറുണ്ട്.

## നെടുമങ്ങാട് MACT (Motor Accident Claims Tribunal) കോടതി

38 (3669) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കേന്ദ്രമായി പുതിയതായി MACT (Motor Accident Claims Tribunal) കോടതി തുടങ്ങുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എന്നാണ് നിർദ്ദേശം ലഭിച്ചത്; എന്തൊക്കെയാണ് നിർദ്ദേശങ്ങൾ ;

(സി) ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) മലയോര താലൂക്ക് ആസ്ഥാനമായ നെടുമങ്ങാട് കേന്ദ്രമായി ഒരു MACT കോടതി ഈ വർഷം തന്നെ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഇത് സംബന്ധിച്ച് 2-8-2014-ൽ ഹൈക്കോടതി രജിസ്ട്രാറിൽ നിന്നും തിരുവനന്തപുരം, നെടുമങ്ങാട് കേന്ദ്രമാക്കി MACT ആരംഭിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഡയറക്ടർ തസ്തികയിലെ നിയമനങ്ങൾ

39 (3670) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും (കെ.എസ്.സി.എസ്.ടി.ഇ.) അതിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലും പിന്തുടരുന്ന നിയമന-വേതന വ്യവസ്ഥകൾ കൗൺസിൽ ഫോർ സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (സി.എസ്.ഐ.ആർ.) പിന്തുടരുന്ന വ്യവസ്ഥകൾക്ക്

അനുസൃതമാണോ ; വിശദമാക്കാമോ ;

(ബി) എങ്കിൽ സി.എസ്.ഐ.ആർ. നിയമന മാനദണ്ഡങ്ങൾ അനുസരിച്ച യോഗ്യതയുള്ളവരാണോ ഇപ്പോൾ കെ.എസ്.സി.എസ്.ടി.ഇ.-യിലും അതിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലും ഡയറക്ടർമാരായി തുടരുന്നത് ; ഇവരുടെ നിയമനത്തിൽ സി.എസ്.ഐ.ആർ. വ്യവസ്ഥയനുസരിച്ചുള്ള നടപടിക്രമങ്ങൾ പിന്തുടർന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഡയറക്ടർ നിയമനങ്ങളിലും തുടർന്നുള്ള നിയമനങ്ങളിലും സി.എസ്.ഐ.ആർ. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പുവരുത്തുവാൻ ഉദ്ദേശ്യമുണ്ടോ ; നിലവിൽ ഡയറക്ടർമാരായി തുടരുന്നവരുടെ യോഗ്യതകൾ വിശദമാക്കാമോ ;

(ഡി) മേൽപ്പറഞ്ഞ ഗവേഷണസ്ഥാപനങ്ങളിൽ ഡയറക്ടർ തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഉണ്ടോ ; എങ്കിൽ എത്രയെണ്ണം ; പ്രസ്തുത തസ്തികകളിൽ യോഗ്യതയുള്ളവരെ ഉടൻ നിയമിക്കുമോ ;

(ഇ) എങ്കിൽ എത്ര കാലത്തിനകം ഇത് നികത്താൻ കഴിയുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) അല്ല. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലെയും സേവന-വേതന വ്യവസ്ഥകൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചട്ടപ്രകാരമാണ് നടപ്പിലാക്കുന്നത്. നിലവിൽ സി.എസ്.ഐ.ആർ. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പുവരുത്താൻ തീരുമാനങ്ങളൊന്നും തന്നെയില്ല.

(സി) നിയമനങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചട്ടപ്രകാരമാണ് നടപ്പിലാക്കുന്നത്. നിലവിൽ സി.എസ്.ഐ.ആർ. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പുവരുത്താൻ തീരുമാനങ്ങളൊന്നും തന്നെയില്ല. നിലവിൽ ഡയറക്ടർമാരായി ഇരിക്കുന്നവരുടെ യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) ഉണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡവലപ്പ്മെന്റ് മാനേജ്മെന്റ് കോഴിക്കോട് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ഒഴിവുണ്ട്. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡവലപ്പ്മെന്റ് മാനേജ്മെന്റ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കേരള ഫോറസ്റ്റ്

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നിവിടങ്ങളിൽ ഡയറക്ടർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതുമാണ്.

**സെസ്സ് ഏറ്റെടുക്കാൻ നടപടി**

40 (3671) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെസ്സ് ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സെസ്സ് ഏറ്റെടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതുമൂലം സെസ്സിന്റെ വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് എന്തു തുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014 ജനുവരി ഒന്നാം തീയതി കേന്ദ്ര സർക്കാർ സെസ്സിനെ (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ഔദ്യോഗികമായി ഏറ്റെടുത്തു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭൗമ ശാസ്ത്ര മന്ത്രാലയം സെക്രട്ടറിയും സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിൽ ഇതിനുള്ള ധാരണാ പത്രത്തിൽ 1-1-2014-ൽ ഒപ്പുവച്ചു.

(സി) സെസ്സിന്റെ ഗവേഷണ പ്രവർത്തനങ്ങളും നേട്ടങ്ങളും ദേശീയ അന്തർദേശീയ തലത്തിൽ വർദ്ധിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി സംയോജിച്ച് പ്രവർത്തിക്കുന്നതിനും അവസരങ്ങൾ ലഭിക്കാൻ ഈ ഏറ്റെടുക്കൽ പ്രയോജനകരമാകും. ഇപ്പോൾ നിലവിലുള്ളതിനു പുറമെ വിവിധതരം അത്യന്താധുനിക ശാസ്ത്ര ഗവേഷണ ഉപകരണങ്ങളുടെയും ഭൗമ ശാസ്ത്രത്തിൽ അറിവ് നേടിയിട്ടുള്ള കൂടുതൽ ഗവേഷകരുടെയും മറ്റു വിദഗ്ദ്ധരുടെയും സഹായത്തോടുകൂടി ഭൗമ ഗവേഷണത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാമെന്ന് കരുതുന്നു.

(ഡി) 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സെസ്സിന്റെ വികസന

പ്രവർത്തനത്തിന് 128.67 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. ആയതിൽ 80.35 കോടി രൂപ ഗവേഷണ പ്രവർത്തനങ്ങൾക്കും ലബോറട്ടറി നവീകരണത്തിനുമാണ് നീക്കിവച്ചിരിക്കുന്നത്. ബാക്കി തുക ജീവനക്കാരുടെ ശമ്പളത്തിനും സ്ഥാപനത്തിന്റെ മറ്റു ആവശ്യങ്ങൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്.

## പാലോട് JNTBGRI-യുടെ സാമ്പത്തിക ബാദ്ധ്യതകളും പ്രതിസന്ധിയും പരിഹരിക്കാൻ നടപടി

41 (3672) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലോട് JNTBGRI-യുടെ പ്രവർത്തനങ്ങളും അന്തർദേശീയ പ്രസക്തിയും വിശദമാക്കുമോ ; ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ; തസ്തികകളുടെ എണ്ണം, ഏതെല്ലാം തസ്തികകൾ, ജീവനക്കാരുടെ പ്രതിമാസ വേതനം എന്നിവ സംബന്ധിച്ച കണക്ക് അറിയിക്കുമോ ;

(ബി) JNTBGRI-യിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പട്ടികയും അവരുടെ തസ്തികയും വേതനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ശരാശരി എത്ര രൂപയാണ് ചെലവഴിക്കുന്നത് ; സംസ്ഥാന ഗവൺമെന്റും കേന്ദ്ര സർക്കാരും ഓരോ വർഷവും എത്ര രൂപ വീതമാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം JNTBGRI-ൽ നിന്നും വിരമിച്ചവരും സ്ഥലം മാറി പോയവരും എത്രയാണ് ; ഇവർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്രയാണെന്ന് അറിയിക്കാമോ ;

(ഇ) വിരമിച്ച ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക നൽകാനുണ്ടോ; എത്ര തുകയാണ് ഈ ഇനത്തിൽ കൊടുത്തു തീർക്കാനുള്ളത് ; ഇത് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിരമിച്ച ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ ; ഇത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) ഇവിടുത്തെ ജീവനക്കാരുടെ EPF കുടിശ്ശിക എത്രയാണ് ; എത്ര മാസത്തെ EPF ബാദ്ധ്യതയാണ് നിലവിലുള്ളത് ; EPF ബാദ്ധ്യത ക്രമാതീതമായി വർദ്ധിക്കുന്നതു കാരണം ജീവനക്കാർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇത് പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ;

(ജി) ഈ സ്ഥാപനത്തിന്റെ ഗ്രാറ്റുവിറ്റി ഫണ്ടിൽ അവശേഷിക്കുന്ന തുക എത്ര; ഗ്രാറ്റുവിറ്റി ഇനത്തിൽ എത്ര രൂപയുടെ ബാദ്ധ്യതയാണ് ഇപ്പോഴുള്ളത്; പ്രോജക്ട് കോ-ഓർഡിനേഷൻ സെല്ലിൽ (PCC) നിന്നും എത്ര രൂപയാണ് കടമെടുത്തിട്ടുള്ളത്; ഇത് ഏതെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിച്ചത്; ഗവേഷണാവശ്യങ്ങൾക്കായി ഇതിൽ നിന്നും എത്ര തുക ചെലവാക്കി; ധനകാര്യ വകുപ്പിൽ നിന്നും അനുമതിയും സാമ്പത്തിക സഹായവും ലഭിക്കാത്ത എത്ര നിയമനങ്ങൾ ഇവിടെ നടത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ; JNTBGRI-യിൽ ഇപ്പോൾ നിലവിലുള്ള ആകെ ബാദ്ധ്യതകൾ എത്രയാണെന്ന് ഇനം തിരിച്ചുള്ള കണക്ക് നൽകുമോ ; പ്രസ്തുത സാമ്പത്തിക ബാദ്ധ്യതകൾ അടിയന്തരമായി പരിഹരിക്കുന്നതിനും JNTBGRI-യുടെ സുഗമമായ പ്രവർത്തനങ്ങൾക്കും ഉന്നമനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പശ്ചിമ ഘട്ടത്തിലെ, പ്രത്യേകിച്ചും കേരള സംസ്ഥാനത്തിലെ സസ്യസമ്പത്തിനെപ്പറ്റിയുള്ള പഠനത്തിനും സുസ്ഥിര ഉപയോഗത്തിനുംവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. ഈ രീതിയിൽ പ്രവർത്തിക്കുന്ന ഭാരതത്തിലെ ഏക സ്ഥാപനമാണിത്. കഴിഞ്ഞ 32 വർഷങ്ങളിലെ പ്രവർത്തനഫലമായി സ്ഥാപനം സുസ്ഥിര ഉപയോഗത്തിന്റെയും നീതി പൂർവ്വമായ സാമ്പത്തിക ലാഭം പങ്കുവയ്ക്കലിന്റെയും കാര്യത്തിൽ അന്തർദേശീയ ശ്രദ്ധ പിടിച്ചു പറ്റിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ജെ.എൻ.റ്റി.ബി.ജി.ആർ.ഐ.-ൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ചുള്ള പട്ടികയും അവരുടെ പ്രതിമാസ വേതനവും അനുബന്ധം A ആയി ചേർക്കുന്നു.*

(ബി) ജെ.എൻ.റ്റി.ബി.ജി.ആർ.ഐ.-ൽ താല്ക്കാലിക അടിസ്ഥാനത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ചുള്ള പട്ടികയും അവരുടെ പ്രതിമാസ വേതനവും അനുബന്ധം B ആയി ചേർക്കുന്നു.* ഗാർഡന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ കാഷ്വൽ തൊഴിലാളികളെ പ്രവൃത്തി പരിചയവും യോഗ്യതയും കണക്കിലെടുത്താണ് ആവശ്യമുള്ള സന്ദർഭങ്ങളിൽ നിയോഗിക്കാറുള്ളത്. ഇതിനായി പ്രത്യേകം മാനദണ്ഡങ്ങൾ ഒന്നും നിലവിലില്ല.

(സി) JNTBGRI-യുടെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം പദ്ധതി, പദ്ധതിയേതര ചെലവുകൾക്ക് മൊത്തമായി ശരാശരി 1500 ലക്ഷത്തിലധികം രൂപ ചെലവുവരുന്നുണ്ട്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ അതായത് 2012-13-ഉം 2013-2014-ഉം വർഷങ്ങളിൽ സംസ്ഥാന സർക്കാരിൽനിന്നും ലഭ്യമായതും ചെലവായതുമായ തുകകൾ ചുവടെ നൽകുന്നു :

| Sl.No. | Item | Year | Released Amount (in lakhs) | Expenditure (in lakhs) |
|---|---|---|---|---|
| 1 | Plan | 2012-13 | 720.00 | 513.89 |
| | | 2013-14 | 606.64 | 515.48 |
| 2 | Non Plan | 2012-13 | 634.00 | 754.37 |
| | | 2013-14 | 735.00 | 1035.84 |

കേന്ദ്ര സർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും 2012-13 സാമ്പത്തിക വർഷം 151 ലക്ഷം രൂപയും 2013-14- ൽ 415 ലക്ഷം രൂപയും ഗവേഷണ പദ്ധതികളുടെ നടത്തിപ്പിനായി മാത്രം ലഭിച്ചിട്ടുണ്ട്. ഇത് പ്രത്യേകം പ്രോജക്ട് കോ-ഓർഡിനേഷൻ സെൽ വഴിയാണ് ചെലവഴിക്കുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജെ.എൻ.റ്റി.ബി. ജി.ആർ.ഐ-ൽ നിന്നും 11 പേർ വിരമിക്കുകയും ഒരാൾ സ്ഥലം മാറിപ്പോവുകയും ചെയ്തിട്ടുണ്ട്. ഇവർക്ക് 59,21,932 രൂപ കുടിശ്ശികയിനത്തിൽ നൽകാറുണ്ട്.

(ഇ) വിരമിച്ച ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക നൽകാനുണ്ട്. ശമ്പള കുടിശ്ശിക ഇനത്തിൽ 99190രൂപയും ടെർമിനൽ സറണ്ടർ ഇനത്തിൽ 41,55,778 രൂപയും ഉണ്ട്. ആയത് നൽകുന്നതിനായി അധിക തുക അനുവദിക്കുന്നകാര്യം സർക്കാർ പരിഗണനയിലാണ്.

(എഫ്) ഇവിടുത്തെ ജീവനക്കാർക്കായി ഇ.പി.എഫ്. ബാദ്ധ്യത ഇനത്തിൽ

327.57 ലക്ഷം രൂപ കുടിശ്ശികയുണ്ട്. 2013 ജൂലൈ മുതൽ 2014 നവംബർ വരെ 17 മാസത്തെ ഇ.പി.എഫ്. ബാദ്ധ്യതയാണ് നിലവിലുള്ളത്. ഇ.പി.എഫ്. ബാദ്ധ്യത തീർക്കുന്നതിന് ആധിക തുക അനുവദിക്കുന്നകാര്യം പരിഗണിച്ചുവരുന്നു.

(ജി) 1,14,77,000 രൂപയോളം തുക ഗ്രാറ്റുവിറ്റി ഫണ്ടിൽ അവശേഷിക്കുന്നു. 340 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഇനത്തിൽ അടയ്ക്കുവാനുണ്ട്. വിരമിച്ച ജീവനക്കാർക്ക് 49.85 ലക്ഷം രൂപ നൽകുവാനുണ്ട്. പ്രോജക്ട് കോ-ഓർഡിനേഷൻ സെല്ലിൽനിന്നും 70 ലക്ഷം രൂപ കടമെടുത്തിട്ടുണ്ട്. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനാണ് പ്രസ്തുത തുക ഉപയോഗിച്ചിട്ടുള്ളത്. ഗവേഷണ ആവശ്യങ്ങൾക്കായി തുക ഉപയോഗിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ സ്ഥിര നിയമനങ്ങൾ നടത്തിയിട്ടില്ല.

JNTBGRI -ൽ നിലവിലുള്ള ബാദ്ധ്യതകൾ താഴെ ചേർക്കുന്നു :

| Sl. No. | Liabilities | Rupees (in Lakhs) |
|---|---|---|
| 1. | Terminal Surrender | 44.16 |
| 2. | Pending Arrears | 34.38 |
| 3. | EPF (For remittance) | 327.57 |
| 4. | Loan from PCC | 70.00 |
| 5. | Gratuity (For Remittance to LIC) | 340.00 |
| | Total | 816.11 |

പദ്ധതിയേതര വിഹിതം നിലവിലുള്ള 824 ലക്ഷം രൂപയിൽ നിന്നും 11 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് JNTBGRI-യിൽനിന്നും ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**തസ്തികകളുടെ പുനർവിന്യാസം - സംബന്ധിച്ച്**

42 (3673) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനർ വിന്യാസം നടത്തുന്നതിനായി കണ്ടെത്തിയ തസ്തികകൾ എത്രയാണ് ; വകുപ്പ് തിരിച്ച് വിശദമാക്കാമോ ; ഇതിനകം എത്ര തസ്തികകൾ പുനർ

വിന്യാസം നടത്തുകയുണ്ടായി ;

(ബി) പുനർവിന്യാസത്തിനുള്ള തസ്തികകൾ കണ്ടെത്തിയ മാനദണ്ഡം എന്തായിരുന്നു ;

(സി) ഇത് സംബന്ധമായി നിയോഗിക്കപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു ;

(ഡി) ഏത് തീയതിക്കകം പുനർവിന്യാസം പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പുനർ വിന്യാസം നടത്തുന്നതിനുള്ള തസ്തികകൾ കണ്ടെത്തിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## ഐ.എ.എസ്., സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് തസ്തികൾക്ക് വേണ്ട യോഗ്യത

43 (3674) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.പി.എസ്.സി. വഴി നിയമിതനാകുന്ന ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് വേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന പി.എസ്.സി. വഴി നിയമിക്കുന്ന അസിസ്റ്റന്റ് തസ്തികയുടെ (സെക്രട്ടേറിയറ്റ്/പി.എസ്.സി. etc) അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയെന്ത് ;

(സി) ഓരോ തസ്തികക്കും വേണ്ട വിദ്യാഭ്യാസ യോഗ്യത പി.എസ്.സി. ഉയർത്തുമ്പോൾ യു.പി.എസ്.സി. പരിഗണിക്കുന്ന യോഗ്യതകളുമായി പി.ആന്റ്.എ.ആർ.ഡി. താരതമ്യ പഠനം നടത്താറുണ്ടോ ?

ഉത്തരം

(എ) അംഗീകൃത സർവകലാശാല ബിരുദം.

(ബി) സംസ്ഥാന പി.എസ്.സി. വഴി നിയമിക്കുന്ന അസിസ്റ്റന്റ് തസ്തികയുടെ (സെക്രട്ടേറിയറ്റ്/പി.എസ്.സി. etc) അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 1-7-2011-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 21/2011/ഉ.ഭ.പ.വ. പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇല്ല.

## പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താല്ക്കാലിക നിയമനങ്ങളും സ്ഥിരപ്പെടുത്തലും

44 (3675) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താല്ക്കാലിക ഒഴിവുകളിലേക്കുള്ള നിയമനങ്ങളും പി.എസ്.സി പട്ടികയിൽ അർഹരായവരിൽ നിന്നായിരിക്കണം എന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിലപാട് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പി. എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഏതെങ്കിലും വകുപ്പുകളിലോ സ്ഥാപനങ്ങളിലോ താത്ക്കാലിക നിയമനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയതു പി. എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ മറ്റ് മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തരുതെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി, ഹൈക്കോടതി വിധികളോട് എപ്രകാരമാണ് യോജിച്ചു പോകുന്നത് ; അപ്രകാരമുള്ള നിയമനങ്ങളെല്ലാം റദ്ദാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിയമനത്തിന് തയ്യാറാക്കിയ ഹെൽപ്പർ/പ്യൂൺ റാങ്ക് ഹോൾഡേഴ്സ് വനിതാ അസോസിയേഷനു വേണ്ടി സെക്രട്ടറി ചന്ദ്രലേഖ. എൽ ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത എച്ച്.ആർ.എം.പി. നമ്പർ 8886/2014-ലെ കമ്മീഷന്റെ 27-11-2014-ലെ നടപടി ക്രമത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധികൾ അനുസരിച്ച് പി.എസ്. സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ മറ്റു മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തുവാൻ പാടില്ല, താല്ക്കാലികമായിട്ടാണ് നിയമനം നടത്തുന്നതെങ്കിലും പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽനിന്ന് എടുക്കാവുന്നതാണ്, പി.എസ്.സി. റാങ്ക് ലിസ്റ്റ് ഉള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നെടുക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമായി വിധിച്ചിട്ടുള്ളതാണ്

എന്ന് നിർദ്ദേശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താൻ നടപടി

45 (3676) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ ;

(ബി) നിലവിൽ ഏത് രീതിയിലാണ് നിയമനം നടക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) സബോർഡിനേറ്റ് സർവ്വീസിൽ നിയമിക്കുന്നതുമൂലം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിലേക്ക് മറ്റ് ജില്ലകളിൽനിന്നും ഉള്ളവർക്കുള്ള അവസരം നിഷേധിക്കപ്പെടും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യംകൂടി പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരെ കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) നിലവിൽ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന ഉദ്യോഗാർത്ഥികളെയാണ് സെക്രട്ടേറിയറ്റിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി നിയമിക്കുന്നത്.

(സി&ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയാലും പി.എസ്.സി. സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച്, പരീക്ഷ നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും നിയമനം നടത്തുക എന്നതിനാൽ ഒരു ജില്ലയിലെ ഉദ്യോഗാർത്ഥികൾക്കും അവസരം നിഷേധിക്കപ്പെടുന്ന

അവസ്ഥ ഉണ്ടാവുകയില്ല.

## ഇ-ഫയലിംഗ്

46 (3677) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ഇ-ഫയലിംഗ് സിസ്റ്റത്തിൽ തപാൽ നമ്പർ എടുക്കുവാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇ-ഫയലിംഗിനെ സംബന്ധിച്ച് ജീവനക്കാർ എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഐഡിയാസ് സംവിധാനം കാര്യക്ഷമമാക്കി ഈ-ഫയലിംഗ് പിൻവലിക്കുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇ-ഓഫീസ് സംവിധാനം സെക്രട്ടേറിയറ്റിൽ മുഴുവനായി നടപ്പിലാക്കുന്നതുവരെ ഫയലുകളുടെ നടപടിക്രമങ്ങൾ ട്രാക്ക് ചെയ്യുവാൻ ഐഡിയാസ് ഇ-ഓഫീസിനു പുറമേ ഉപയോഗിക്കേണ്ടതുണ്ട്. അതിനാൽ ഫയലിന്റെ വിവരങ്ങൾ ഇ-ഓഫീസിൽ രേഖപ്പെടുത്തുകയും കൂടാതെ തപാൽ നമ്പർ ഐഡിയാസിൽ നിന്നും എടുക്കേണ്ടതുമാണ്. പൊതു ജനങ്ങൾക്കും ഫയലുകൾ ട്രാക്ക് ചെയ്യുവാൻ കഴിയുന്ന വിധത്തിൽ ഒരു സിറ്റിസൺ ഇന്റർഫേസ് സോഫ്റ്റ്‌വെയർ ഇപ്പോൾ നിർമ്മാണത്തിലാണ്. ഈ പുതിയ സംവിധാനം ഉൾപ്പെടുത്തുകയും ഇ-ഓഫീസ് സെക്രട്ടേറിയറ്റിൽ പൂർണ്ണമായും നടപ്പിലാക്കുന്നത് വരെയും ഉദ്യോഗസ്ഥർ ഐഡിയാസിലും ഇ-ഓഫീസിലും ഡാറ്റ രേഖപ്പെടുത്തേണ്ടതാണ്. ഇത് കാരണമാണ് തപാൽ നമ്പർ എടുക്കുവാൻ ചെറിയ കാലതാമസം ഉണ്ടാകുന്നത്.

(ബി) ഉണ്ട്. ഇ-ഫയലിംഗ് സംബന്ധിച്ച് ജീവനക്കാർ ചൂണ്ടിക്കാട്ടിയ ചില പോരായ്മകൾ ചുവടെ കൊടുത്തിരിക്കുന്നു :

1. മലയാളം ഫോണ്ട് പകർത്തുന്നതിനുള്ള ബുദ്ധിമുട്ട്
2. സിറ്റിസൺ ഇന്റർഫേസ്
3. സെക്രട്ടേറിയറ്റ് മാനുവൽ പ്രകാരം ജി.ഒ., സർക്കുലർ, മെമ്മോറാണ്ടങ്ങൾ എന്നിവ നമ്പരിടുക

4. ഒരു ഡ്രാഫ്റ്റ് അപ്രൂവ് ചെയ്യപ്പെടുമ്പോൾ നമ്പർ സ്വയം ഉണ്ടാകുകയും അപ്രൂവ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം, ഡിജിറ്റൽ സിഗ്നേച്ചർ, തീയതി എന്നിവ വരുത്തുന്നതിനായുള്ള സംവിധാനം

5. നോട്ട്സിലുള്ള പാരഗ്രാഫ് നമ്പറിംഗ്

6. കൂടുതൽ MIS റിപ്പോർട്ടുകൾ ഉണ്ടാക്കാനുള്ള സംവിധാനം

7. മെച്ചപ്പെടുത്തിയ HTML എഡിറ്റർ സംവിധാനം

8. ഫയൽ നടപടിയുടെ വിവിധ ഘട്ടങ്ങളിൽ ഇ-മെയിലോ/ എസ്.എം.എസ്.അലേർട്ടുകളോ ലഭ്യമാക്കുന്നതിനായുള്ള സംവിധാനം

9. ഉപഭോക്താക്കൾക്ക് ടെമ്പ്ലേറ്റുകൾ നിർമ്മിക്കാനുള്ള സൗകര്യം.

ഡൽഹിയിൽ നിന്നുമുള്ള NIC-ടീമുമായി ഒന്നിലധികം തവണ ചർച്ചകൾ നടത്തുകയും തുടർന്ന ന്യൂനതകൾ പ്രാധാന്യം അനുസരിച്ച് പരിഹരിക്കുകയും ചെയ്യുന്നതാണ്.

(സി) ഫയലുകളുടെ നടപടിക്രമങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്ന ഒരു സോഫ്റ്റ്‌വെയറാണ് ഇ-ഓഫീസ്. എന്നാൽ ഐഡിയാസ് ഉപയോഗിച്ച് ഫിസിക്കൽ ഫയലുകൾ ട്രാക്ക് ചെയ്യുവാൻ മാത്രമേ കഴിയുകയുള്ളൂ. ഇ-ഓഫീസിൽ ഫയൽ നടപടികൾ ഇലക്ട്രോണിക്കായി നടക്കുന്നു, അതുവഴി പേപ്പർലെസ്സ് ഓഫീസ് (കടലാസ്സ് രഹിത ഓഫീസ്) എന്ന ആശയം സാധൂകരിക്കുന്നു. ഫയൽ ട്രാക്കിംഗ് എന്നത് ഇ-ഓഫീസിന്റെ അനേക ഗുണങ്ങളിൽ ഒന്നു മാത്രമാണ്. കൂടാതെ സിറ്റിസൺ ഇന്റർഫേസ് എന്നൊരു പുതിയ സംവിധാനത്തിലൂടെ ഐഡിയാസ് പോലെ പൊതുജനത്തിന് ഫയൽ ട്രാക്ക് ചെയ്യുവാനും സാധിക്കുന്നതാണ്. എല്ലാ ഡിപ്പാർട്ട്മെന്റുകളിലും പൂർണ്ണമായി ഇ-ഓഫീസ് നടപ്പിലാക്കി കഴിഞ്ഞാൽ ഐഡിയാസ് പിൻവലിക്കുന്നതായിരിക്കും.

**പി.എസ്.സി.-യുടെ ഓൺലൈൻ പരീക്ഷാകേന്ദ്രം**

47 (3678) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും

ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് മുഖേന പരീക്ഷാ നടത്തിപ്പിൽ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓൺലൈൻ പരീക്ഷാകേന്ദ്രം മുഖേനയുള്ള പരീക്ഷ നടത്തിപ്പിൽ ചെലവ് ചുരുക്കാൻ സാധിക്കുമോ ;

(ഡി) നിലവിൽ ഒരു ഉദ്യോഗാർത്ഥിക്ക് പരീക്ഷാ നടത്തിപ്പിന് പി.എസ്.സി. ചെലവഴിക്കുന്നത് എത്ര രൂപയാണെന്നും ഓൺലൈൻ പരീക്ഷാകേന്ദ്രം വന്നാൽ ഇത് എത്രയാകുമെന്നും വ്യക്തമാക്കാമോ ;

(ഇ) ഇത് നടപ്പിലാക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ നിലവിലുള്ളവ വെട്ടിച്ചുരുക്കുകയോ ചെയ്യുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ മുഖേന പരീക്ഷാ നടത്തിപ്പിൽ താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് :

1. പരീക്ഷാ തീയതി മുതൽ ഒരു മാസത്തിനകം ചുരുക്ക/സാദ്ധ്യത/റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക
2. കൂടുതൽ മികച്ച ഭൗതിക സൗകര്യങ്ങളുള്ള പരീക്ഷാകേന്ദ്രങ്ങൾ ലഭ്യമാക്കുക
3. പരീക്ഷാ കേന്ദ്രങ്ങളുടെ നിലവിലെ ലഭ്യതക്കുറവുമൂലമുള്ള കാലതാമസം ഒഴിവാക്കുക.

(സി) ചെലവ് ചുരുക്കാൻ സാധിക്കും.

(ഡി) നിലവിൽ ഒരു ഉദ്യോഗാർത്ഥിക്ക് എത്ര രൂപ പരീക്ഷാ നടത്തിപ്പിനായി ചെലവഴിക്കുന്നുണ്ടെന്ന് ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടില്ല. ഉദ്യോഗാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് തുക വ്യത്യാസപ്പെടും എന്നതിനാലാണ് ഇങ്ങനെ തിട്ടപ്പെടുത്താത്തത്. ഓൺലൈൻ പരീക്ഷകളാകുമ്പോൾ തുകയിൽ ഗണ്യമായ കുറവുണ്ടാകും.

(ഇ) ഇല്ല.

**പി.എസ്.സി.-യിലെ ജീവനക്കാരന്റെ സീനിയോറിറ്റി പുനഃസ്ഥാപനം**

48 (3679) <u>ശ്രീ. പി. സി. വിഷ്ണുനാഥ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) KS&SSR റൂൾ 8 അനുസരിച്ച് മാതൃവകുപ്പായ പി.എസ്.സി.-യിലേക്ക് തിരികെ വരുന്നതിനുള്ള അപേക്ഷ ഏഴ് കൊല്ലക്കാലം തടഞ്ഞ് വയ്ക്കുകയും പിന്നീട് കോടതി വിധിയിലൂടെ പി.എസ്.സി.-യിൽ പുനർ നിയമനം ലഭിച്ച ജോൺസൺ. ജി.-യുടെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതും മറ്റാനുകൂല്യങ്ങൾ നൽകുന്നതും ഒന്നര കൊല്ലമായിട്ടും നടപ്പാക്കി നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) KS&SSR റൂൾ 8 അനുസരിച്ച് തിരികെ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയ്ക്ക് ശേഷം പ്രൊമോഷൻ വന്നാൽ മാത്രം സീനിയോരിറ്റി നൽകിയാൽ മതിയെന്ന റൂൾസ് സെക്ഷനിലെ നിർദ്ദേശം ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ചട്ടവിരുദ്ധ പരാമർശങ്ങൾ നോട്ട് ഫയലിൽ എഴുതിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ശ്രീ. ജോൺസൺ ജി.-യുടെ മാതൃവകുപ്പിലേയ്ക്കുള്ള മടങ്ങിവരവ് ചട്ടവിരുദ്ധമായി തടഞ്ഞ സംഭവം പോലീസ് വിജിലൻസിനെ കൊണ്ടോ പി.എസ്.സി. അംഗങ്ങളുടെ പാനലിനെ കൊണ്ടോ സമഗ്രമായി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ശ്രീ. ജോൺസൺ ജി.-യുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിന് ഇനിയും എത്ര കാലം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) സർക്കാർ സർവ്വീസ് സംബന്ധിച്ച് സർക്കാരിന്റെ ഔദ്യോഗിക ഉപദേശക സ്ഥാനമുള്ള പി.എസ്.സി.-യിൽ തന്നെ ഇത്തരം ചട്ടവിരുദ്ധ നടപടികൾ നടക്കുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രീ. ജോൺസൺ ജി. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും വിടുതൽ ചെയ്യുമ്പോൾ ജോലി ചെയ്തിരുന്ന അറ്റൻഡർ ഗ്രേഡ് 1 തസ്തികയിൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് സീനിയോറിറ്റി പുനഃസ്ഥാപിച്ചും ടി തസ്തികയിലെ ശമ്പളം പുനർ നിർണ്ണയിച്ചും നൽകിയിട്ടുണ്ട്.

(ബി) അത്തരം നിർദ്ദേശം റൂൾസ് വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) ചട്ടവിരുദ്ധമായ പരാമർശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

(ഡി) ഏതെങ്കിലും തരത്തിലുള്ള അന്വേഷണത്തിനായി കേരള പബ്ലിക്

സർവ്വീസ് കമ്മീഷനെ സമീപിച്ചിട്ടില്ല.

(ഇ) ശ്രീ. ജോൺസൺ ജി.-യുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ചും ടി തസ്തികയിലെ ശമ്പളം പുനർ നിർണ്ണയിച്ചും അർഹമായ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

(എഫ്) ചട്ടങ്ങളനുസരിച്ചുള്ള നടപടികൾ മാത്രമേ പി.എസ്.സി.-യിൽ കൈക്കൊള്ളുകയുള്ളൂ.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ നടപടി

49 (3680) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗ രേഖകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഉദ്യോഗാർത്ഥികളെ പി.എസ്.സി.-യുടെ റാങ്ക് പട്ടികയിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്ന രീതി അവസാനിപ്പിച്ച് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി.-യുടെ കമ്പ്യൂട്ടർവത്കരണം

50 (3681) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം എത്രപേർ

നാളിതുവരെ രജിസ്റ്റർ ചെയ്തു ; ആയതിൽ എത്ര ശതമാനം പേർക്ക് ഓൺലൈൻ പരീക്ഷാകേന്ദ്രം കൊണ്ട് പ്രയോജനം ലഭിക്കും ;

(ബി) പി.എസ്.സി.-യുടെ ആദ്യത്തെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കൃത ഓഫീസായി പ്രവർത്തനം ആരംഭിച്ച കാസർഗോഡ് ജില്ലാ ഓഫീസിൽ ഫയൽ മൂവ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കമ്പ്യൂട്ടർ വഴിയാണോ നടക്കുന്നത് ; പി.എസ്.സി. ആസ്ഥാന ഓഫീസ് പൂർണ്ണമായി കമ്പ്യൂട്ടർവലരിക്കാതെ ഒരു ജില്ലാ ഓഫീസിനെ മാത്രം അപ്രകാരം ചെയ്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) ദേവസ്വം ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ഡി) കമ്പ്യൂട്ടർവത്കരണംമൂലം പി.എസ്.സി.-യിൽ കാര്യപ്രാപ്തിയും വേഗവും കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) സാങ്കേതികമായി പി.എസ്.സി.-യുടെ പുരോഗതിക്കനുസരിച്ച് ഉദ്യോഗസ്ഥരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) പി.എസ്.സി.-യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം 11-12-2014 വൈകുന്നേരം 4.50 വരെ 26,41,266 (ഇരുപത്താറു ലക്ഷത്തി നാൽപത്തി ഒന്നായിരത്തി ഇരുന്നൂറ്റി അറുപത്തിയാറ്) പേർ ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രയോജനം എത്ര ശതമാനം എന്നത് മുൻകൂട്ടിപ്പറയുവാൻ കഴിയില്ല.

(ബി) അല്ല. ആസ്ഥാന ഓഫീസ് ഏതാണ്ട് പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമാണ്. ജില്ലാ ഓഫീസുകളും പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഘട്ടം ഘട്ടമായി നടപ്പാക്കിവരുന്നു.

(സി) ഇതു സംബന്ധിച്ച സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാലാണ് ദേവസ്വം ബോർഡ്, മലിനീകരണനിയന്ത്രണ ബോർഡ് എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി വഴി നടത്താത്തത്.

(ഡി&ഇ) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമന നില**

51 (3682) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. പ്രസിദ്ധീകരിച്ച കാറ്റഗറി നമ്പർ 257/12 എൽ.ഡി. ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ക്ലർക്ക് റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നാളിതുവരെയായി നിയമനം ലഭിച്ച എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ശിപാർശ ചെയ്ത എല്ലാവരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേരാണ് ജോലിയിൽ പ്രവേശനം നേടിയതെന്നും ഇവർക്ക് പകരം മറ്റാരെയെങ്കിലും നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ക്ലർക്ക് തസ്തികകളിൽ ഒഴിവ് ഉണ്ടായിട്ടും പ്രസ്തുത ഒഴിവുകൾ വകുപ്പ് മേധാവികൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഫിഷറീസ്, റവന്യൂ, പഞ്ചായത്ത്, വനം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളിൽ നിലവിൽ ഈ തസ്തികയുടെ ഒഴിവുകൾ ഉണ്ടായിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ**

52 (3683) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമായി പി.എസ്.സി.യുടെ എത്ര റാങ്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലിസ്റ്റുകൾ നിലവിലുണ്ട് ; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) പല വകുപ്പുകളും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ചുവടെ ചേർക്കുന്നു :

18-5-2011 മുതൽ 31-12-2011 വരെ - 38139

2012 - 26657

2013 - 24679

2014 ഒക്ടോബർ വരെ - 21206

(ബി) സംസ്ഥാനതലത്തിലും ജില്ലാ തലത്തിലുമായി ആകെ 2164 റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. ഉദ്യോഗാർത്ഥികളുടെ ആകെ എണ്ണം കണക്കാക്കിയിട്ടില്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിൽ ചില വകുപ്പ് മേധാവികളും നിയമനാധികാരികളും കാലതാമസം വരുത്തുന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഒരേ യോഗ്യത വരുന്ന തസ്തികകളിലേക്ക് പി.എസ്.സി. ഒറ്റ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന രീതി**

53 (3684) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ യോഗ്യത വരുന്ന തസ്തികകളിലേക്ക് ഒറ്റ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി. തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ പരീക്ഷകളാണെന്ന് വിശദമാക്കാമോ ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലേക്ക് നിലവിൽ ഏതൊക്കെ വകുപ്പുകളിലാണ് അപേക്ഷ ക്ഷണിക്കാറുള്ളത്; ഓരോന്നിന്റെയും യോഗ്യതാ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) കൂടുതൽ പരീക്ഷകൾ നടത്തുന്നതുമൂലം പി.എസ്.സി.-ക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സമാന യോഗ്യതയുള്ള വിവിധ വകുപ്പുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലേക്ക് ഒറ്റപ്പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിലേക്ക് ഒറ്റപ്പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ വേതനവ്യവസ്ഥയിലെ ന്യൂനത പരിഹരിക്കാൻ നടപടി

54 (T3685) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായി വരുന്നവർക്ക് രണ്ടുതരം വേതനവ്യവസ്ഥ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായി വരുന്നവർക്ക് രണ്ടുതരം വേതന വ്യവസ്ഥയാണ് നിലനിൽക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പി.എസ്.സി.-യിൽ നിന്ന് വിരമിച്ച ചില അംഗങ്ങളും നിലവിലെ ചില അംഗങ്ങളും നൽകിയ നിവേദനങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കോംപോസിഷൻ ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് ഓഫ് മെമ്പേഴ്സ് ആന്റ് സ്റ്റാഫ്) റെഗുലേഷൻസ് 1957 പ്രകാരവും ഇന്ത്യൻ

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഭരണഘടനയുടെ ആർട്ടിക്കിൾ 315-320-ലെ വ്യവസ്ഥകൾ പ്രകാരവുമാണ് പി.എസ്.സി. അംഗങ്ങളുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്. ആകെയുള്ള മെമ്പർമാരുടെ എണ്ണത്തിന്റെ പകുതി മെമ്പർമാർ സംസ്ഥാന/കേന്ദ്ര സർക്കാർ ജീവനക്കാരായി 10 വർഷമെങ്കിലും സേവനം അനുഷ്ഠിച്ചിട്ടുള്ളവരായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിൽനിന്ന് പി.എസ്.സി. അംഗമായി വന്നവർക്ക് സർക്കാർ സേവനത്തിനനുസരിച്ചോ, പി.എസ്.സി.-യിലെ സേവനത്തിന് അനുസരിച്ചോ ഉള്ള വേതനം/പെൻഷൻ സ്വയം തെരഞ്ഞെടുക്കാനുള്ള അവസരമുണ്ട്. ഇക്കാരണത്താലാണ് രണ്ടുതരം വേതന വ്യവസ്ഥ നിലനിൽക്കുന്നത്. ഈ വ്യവസ്ഥകൾ അംഗീകരിച്ചു കൊണ്ടാണ് ഓരോ പി.എസ്.സി. അംഗവും ചുമതലയേൽക്കുന്നത്.

### പ്രീ സർവ്വീസ് പരിശീലനം

55 (3686) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം തസ്തികകളിലാണ് പ്രീ സർവ്വീസ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രീ സർവ്വീസ് പരിശീലനം സർവ്വീസായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ലഭ്യമായ വിവരങ്ങൾ പ്രകാരം കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തിക വിജിലൻസ് & ആന്റീകറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തിക വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക; സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേ സൂപ്രണ്ട് തസ്തിക, ലാന്റ് റവന്യൂ വകുപ്പിലെ പി.എസ്.സി. മുഖേന നേരിട്ട് നിയമനം ലഭിക്കുന്ന ഡെപ്യൂട്ടി കളക്ടർ തസ്തിക, സിവിൽ സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, വാണിജ്യ നികുതി വകുപ്പിൽ നേരിട്ട് നിയമനം ലഭിക്കുന്ന കൊമേഴ്സ്യൽ ടാക്സ് ഓഫീസർ തസ്തിക, ക്ഷീരവികസന വകുപ്പിൽ ഡയറിഫാം ഇൻസ്ട്രക്ടർ തസ്തിക, ആരോഗ്യവകുപ്പിനു കീഴിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ അനലിസ്റ്റ് ഗ്രേഡ് III, ഡ്രഗ്സ് ഇൻസ്പെക്ടർ, നഗരകാര്യ വകുപ്പിൽ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III; ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പട്ടികജാതി വികസനവകുപ്പിലെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II എന്നീ തസ്തികകളിൽ പ്രീ സർവ്വീസ് പരിശീലനം നൽകുന്നുണ്ട്.

(ബി) ഇവയിൽ വിജിലൻസ്&ആന്റീകറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ, വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സിവിൽ

സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്‌വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകുന്ന പ്രീ സർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസ് ആയി പരിഗണിക്കുന്നുണ്ട്.

കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പ്രീസർവ്വീസ് പരിശീലനകാലം, ഡയറിഫാം ഇൻസ്ട്രക്ടർ തസ്തികയിലെ പ്രീസർവ്വീസ് പരിശീലനം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നവർക്കുള്ള പ്രീ സർവ്വീസ് പരിശീലനകാലം എന്നിവ സർവ്വീസായി പരിഗണിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. ബാക്കിയുള്ള തസ്തികയിലെ പ്രീ സർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസായി പരിഗണിക്കുന്നതിന് പ്രൊപ്പോസൽ നിലവിലില്ല.

**എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനങ്ങൾ**

56 (3687) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര ശതമാനം നിയമനങ്ങൾ നടന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) മിക്ക ഒഴിവുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 31-3-2015-ന് കാലാവധി അവസാനിക്കുന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഉടനെ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് ഓരോ ജില്ലയിലും 31-5-2015 വരെ എൽ.ഡി.സി.-യുടെ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക്

റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധി കാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**മലയാള ഭാഷാ നിയമനിർമ്മാണത്തിന്റെ പുരോഗതി**

57 (3688) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പതിമൂന്നാം കേരള നിയമസഭാ കാലയളവിൽ തന്നെ മലയാള ഭാഷാ നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

മലയാളഭാഷാ നിയമനിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരികയാണ്.

**പത്ത് ശതമാനം പ്രൊമോഷൻ സംവരണം**

58 (3689) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിൽ 10 ശതമാനം പ്രൊമോഷൻ സംവരണം ചെയ്യുന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ, ഏതൊക്കെ വകുപ്പുകൾ പ്രൊമോഷന്റെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് ; നാളിതുവരെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെ ?

ഉത്തരം

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിൽ സംവരണം അനുവദിച്ചുകൊണ്ട് 3-1-2014-ലെ സ.ഉ.(പി)നമ്പർ 1/2014/ഉ.ഭ.പ.വ., 19-7-2014-ലെ സ.ഉ.(പി) നമ്പർ 21/2014/ ഉ.ഭ.പ.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പുകൾ

അനുബന്ധമായി ചേർക്കുന്നു).*

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി,കോമേഴ്സ് (സീനിയർ, ജൂനിയർ) റാങ്ക് ലിസ്റ്റ്**

59 (3690) <u>ശ്രീ. കെ. അച്ചുതൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, കോമേഴ്സ് (സീനിയർ, ജൂനിയർ) റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഈ ഒഴിവിലേക്ക് എത്ര വേക്കൻസികൾ വകുപ്പുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ കോമേഴ്സ് (ജൂനിയർ & സീനിയർ) ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി റാങ്ക് ലിസ്റ്റിലെ എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് തസ്തികയുടെ 32-ഉം എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് (ജിനിയർ) തസ്തികയുടെ 357-ഉം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 21 ഒഴിവുകൾ ഇതുവരെ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിൽ കൊമേഴ്സ് വിഷയത്തിൽ സീനിയർ അദ്ധ്യാപക തസ്തിക നിലവിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

**വിവിധ വകുപ്പുകളിൽ നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

60 (3691) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. അഡ്വൈസ് നൽകിയിട്ടും യഥാസമയം നിയമന ഉത്തരവ് നല്കാത്ത എത്ര വകുപ്പുകളും തസ്തികകളുമുണ്ട്; എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനുണ്ട് ; വിശദാംശം നൽകുമോ ;

(ബി) എല്ലാ ജില്ലകളിലും നിലവിലുള്ള എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് തസ്തികകളിലേക്ക് ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു ; എത്ര പേർക്ക് നിയമനം നീട്ടി എന്നിവ ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## എച്ച്.എസ്.എസ്.ടി. കോമേഴ്സ് റാങ്ക് ലിസ്റ്റ്

61 (3692) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള എച്ച്.എസ്.എസ്.ടി. കോമേഴ്സ് (സീനിയർ & ജൂനിയർ) റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെയായി എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്നും ഇപ്പോൾ എത്ര ഒഴിവുകളാണ് പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി എച്ച്.എസ്.എസ്.ടി. കോമേഴ്സ് റാങ്ക് ലിസ്റ്റിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് അഡ്വൈസ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എച്ച്.എസ്.എസ്.ടി. കോമേഴ്സ് (സീനിയർ & ജൂനിയർ) തസ്തികകളിലേക്ക് പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ചിട്ടില്ല. എച്ച്.എസ്.എസ്.ടി. കൊമേഴ്സ് തസ്തികയുടെ 32-ഉം എച്ച്.എസ്.എസ്.ടി. കൊമേഴ്സ് (ജൂനിയർ) തസ്തികയുടെ 357-ഉം ഒഴിവുകൾ ഹയർസെക്കണ്ടറി സ്പെഷ്യൽ റൂൾ പ്രകാരം നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## ആശ്രിത നിയമനം

62 (3693) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ നിലവിലുള്ള ആശ്രിത നിയമന വ്യവസ്ഥകൾ സംബന്ധിച്ച് വിശദീകരിക്കാമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലും ബോർഡുകളിലും എയ്ഡഡ് സ്ഥാപനങ്ങളിലും ആശ്രിത നിയമന വ്യവസ്ഥ നിലനിൽക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പുതുതായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിരവധി വകുപ്പുകളിൽ ജോലി പ്രതീക്ഷിച്ചിരിക്കുന്നവർക്ക് അതു ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരക്കാർക്ക് ജോലി ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കാൻ എല്ലാ വകുപ്പുകൾക്കും അടിയന്തര നിർദ്ദേശം നൽകുമോ ?

### ഉത്തരം

(എ) സംസ്ഥാന സർവ്വീസിൽ നിലവിലുള്ള ആശ്രിത നിയമന വ്യവസ്ഥകൾ പ്രതിപാദിക്കുന്ന പ്രധാനപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽപ്പറഞ്ഞ ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട്.

## ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ നിയമനങ്ങളിലെ ആസ്ഥാന ഒഴിവുകൾ

63 (3694) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ നിയമനങ്ങളിൽ ആസ്ഥാന ഒഴിവുകൾ എല്ലാ ജില്ലക്കാർക്കും വീതംവച്ച് നൽകുന്നതിൽ റവന്യൂ, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകൾ കൃത്യത പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വയനാട് ജില്ലയിൽ പി.എസ്.സി. മുഖേനയുള്ള നിയമനം**

64 (3695) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ പി.എസ്.സി. മുഖേന എത്ര പേർക്ക് ഏതൊക്കെ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട് എന്നുള്ളതിന്റെ വകുപ്പു തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**കേന്ദ്ര സംസ്ഥാന ജീവനക്കാർക്ക് ഭരണ സമിതിയിൽ ഭാരവാഹിത്വം**

65 (3696) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ മതക്കാരുടെ ആരാധനാലയങ്ങളുടെ ഭരണ സമിതിയിൽ കേന്ദ്ര - സംസ്ഥാന ജീവനക്കാർക്ക് ഭാരവാഹിത്വം പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ ആരാധനാലയങ്ങളിൽ കേന്ദ്ര - സംസ്ഥാന ജീവനക്കാർ ഭാരവാഹിത്വം വഹിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിൻമേൽ നടപടി സ്വീകരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) 7-8-2014-ലെ G.O(P)27/14/P&ARD പ്രകാരം മത/സാമുദായിക സംഘടനകളുടെയോ അതുമായി ബന്ധപ്പെട്ട ട്രസ്റ്റ്, സൊസൈറ്റി എന്നിവയുടെയോ ഭാരവാഹിത്വം വഹിക്കുന്നതിൽനിന്നും കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ബാധകമായ എല്ലാ സർക്കാർ ജീവനക്കാർക്കും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതിന് വിരുദ്ധമായി സർക്കാർ ജീവനക്കാർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിലവിലുള്ള ശിക്ഷണ നടപടി ചട്ടങ്ങൾ പ്രകാരം ശിക്ഷണ നടപടി സ്വീകരിക്കുന്നതാണ്.

## സംസ്ഥാന സർവ്വീസിലെ ഡ്രൈവർ തസ്തികയുടെ (ലൈറ്റ് മോട്ടോർ വാഹനം) അടിസ്ഥാന യോഗ്യത

66 (3697) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സംസ്ഥാന സർവ്വീസിലെ ഡ്രൈവർ തസ്തികയുടെ (ലൈറ്റ് മോട്ടോർ വാഹനം) അടിസ്ഥാന യോഗ്യത എന്താണ് ;

(ബി) ഇത് ഉയർത്തുന്നതിന് ആലോചിക്കുന്നുണ്ടോ ;

(സി) ഇതിനായി ഏതെങ്കിലും ശിപാർശകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിനായി എന്തെങ്കിലും തീരുമാനങ്ങളോ, നടപടികളോ എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) അടുത്ത ശമ്പള പരിഷ്കരണത്തോടുകൂടി യോഗ്യത ഉയർത്തി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ ?

ഉത്തരം

(എ) വിവിധ വകുപ്പുകളിലെ ഡ്രൈവർ തസ്തികയുടെ (ലൈറ്റ് മോട്ടോർ വാഹനം) അടിസ്ഥാന യോഗ്യതകൾ സ്പെഷ്യൽ റൂൾ പ്രകാരം താഴെ പറയും വിധമാണ് :

1. A pass in VII Standard/III Forum.
2. Must possess valid Driving Licence of three years standing to drive Light Motor Vehicles with Driver's badge.
3. Proficiency in driving Light Motor Vehicle (to be proved by a practical test conducted by the Kerala Public Service Commission during the course of selection.)

*4. Medical fitness:-*

| | | | |
|---|---|---|---|
| Ear | : Hearing should be perfect | | |
| Eye | : Distant vision | .. | 6/6 snellen |
| Near vision | | .. | 0.5 snellen |
| Colour vision | | .. | Normal |
| Night Blindness | | .. | Nil |
| Muscles and Joints | | .. | No paralysis and all joints with free movements |
| Nervous system | | .. | Perfectly normal.Free from any infectious diseases |

*Note*:- Physically handicapped persons are not eligible for appointment to the post.

(ബി&സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**കണ്ണൂർ ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിലെ ഒഴിവുകൾ**

67 (3698) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി**

68 (3699) ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയതിനുശേഷവും ഒഴിവുകൾ നികത്തി നിയമനങ്ങൾ നടത്താത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**പെൻഷൻപ്രായം വർദ്ധിപ്പിക്കൽ**

69 (3700) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പെൻഷൻപ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ/ പൊതുമേഖലാ ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട് ; എത്ര ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്; ഓരോ വർഷത്തെയും വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

70 (3701) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ :

(എ) ഒഴിവുകൾ യഥാവിധി പി.എസ്.സി.-യെ അറിയിക്കണം എന്ന P& ARD സർക്കുലർ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിൽ നിയമന അധികാരികൾ കൃത്യത പാലിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വകുപ്പുകൾ ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റ്**

71 (3702) <u>ശ്രീ. വി. ചെന്താമരാക്ഷൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയത് എന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; ഇതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) മസ്ദൂർ റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) 238 പേർക്ക് നിയമനം നൽകി.

(ബി) 27 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. 27 ഒഴിവുകൾ കൂടി ഇനി റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്. പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ 15-12-2004-ലെ ID No. 27/2002 വിധി പ്രകാരം പെറ്റി കോൺട്രാക്ട് വർക്കേഴ്സിന്റെ നിയമനത്തിനായി 1061 ഒഴിവുകൾ മാറ്റിവയ്ക്കാൻ ഉത്തരവുള്ളതിനാൽ മുഴുവൻ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ കഴിയുകയില്ല.

(സി) ഭാവിയിൽ മസ്ദൂർ തസ്തികയിൽ ഒഴിവുകൾ വരുന്നതനുസരിച്ച് മുകളിൽ പറഞ്ഞ ഉത്തരവിനുവിധേയമായി റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താവുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ എച്ച്.എസ്.എ. ഗണിതശാസ്ത്രം തസ്തിക**

72 (3703) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എ. ഗണിതശാസ്ത്രം തസ്തികയിൽ (കാറ്റഗറി നമ്പർ 661/2012) പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടും നാളിതുവരെ പരീക്ഷാ തീയതി നിശ്ചയിക്കുകയോ നിയമന നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടില്ലാത്തതിന്റെ സാങ്കേതിക തടസ്സം എന്താണെന്ന് വിശദമാക്കാമോ ;

ഉത്തരം

കോഴിക്കോട് ജില്ലയിലെ എച്ച്.എസ്.എ. ഗണിതശാസ്ത്രം തസ്തികയുടെ പരീക്ഷാതീയതി നിശ്ചയിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നും തന്നെയില്ല. ചോദ്യപേപ്പറുകൾ ലഭിച്ചാലുടൻ തന്നെ പരീക്ഷ നടത്തുന്നതാണ്.

**തസ്തികകൾ കുറയ്ക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഉന്നതാധികാര സമിതി**

73 (3704) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തസ്തികകൾ കുറയ്ക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഉന്നതാധികാര സമിതിയുടെ ശിപാർശകൾക്കനുസൃതമായി സർക്കാർ ഓരോ വകുപ്പിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

8-8-2012-ലെ സ.ഉ.(പി) നമ്പർ 441/2012/ധന ഉത്തരവ് പ്രകാരം സംസ്ഥാന സർവ്വീസിലെ അധിക തസ്തികകൾ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**താൽക്കാലിക നിയമനം ലഭിച്ച അംഗപരിമിതരുടെ സ്ഥിരനിയമനം**

74 (3705) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 മുതൽ 2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച എത്ര അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലത്ത് ഒരു വർഷത്തെ കരാർ നിയമനം ലഭിച്ചവർക്ക് ആർക്കെങ്കിലും സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ ഒരു വർഷത്തെ കരാർ നിയമനം ലഭിച്ച എത്ര അംഗപരിമിതരുണ്ട്എന്ന് വ്യക്തമാക്കുമോ ;

(ഡി) 2011-ൽ ഇത്തരത്തിൽ ഒരു വർഷത്തെ കരാർ നിയമനം ലഭിച്ച ഉഷ്മിത ടി. എന്നയാളിൽ നിന്നും 15615/ORD/CM/13 നമ്പറായി ലഭിച്ച നിവേദനത്തിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) മാനുഷിക പരിഗണന നൽകി ഈ അപേക്ഷയിൽ അനുകൂല നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16-8-99 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കെ.എസ്.&എസ്.എസ്.ആർ. ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയ ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാർ സർവ്വീസിൽനിന്നും പെൻഷൻ ആയി പിരിഞ്ഞുപോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ടി ഉദ്യോഗാർത്ഥികൾക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് സർവ്വീസിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവായിരുന്നു.

(ബി) 16-8-1999-നും 31-12-2003-നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് കരാർ വ്യവസ്ഥയിൽ എന്നാൽ നിശ്ചിത ശമ്പള സ്കെയിലിൽ ഒരു വർഷവും അതിൽ കൂടുതൽ ദിവസവും സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ/സ്ഥിര നിയമനം നൽകി ഉത്തരവായിരുന്നു.

(സി) വിവിധ ഉത്തരവുകൾ പ്രകാരം ആകെ 97 അംഗപരിമിതർക്ക് നിയമന ഉത്തരവ് നൽകിയിരുന്നു.

(ഡി&ഇ) ശ്രീമതി ഉഷ്മിത. ടി.-യിൽനിന്നും 15615/ORD/CM/13 നമ്പരായി ലഭിച്ച നിവേദനത്തിന്റെ പകർപ്പ് റിപ്പോർട്ടിനായി സാമൂഹ്യനീതി വകുപ്പ്

ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ശ്രീമതി ഉഷ്മിത. ടി പുനർ/സ്ഥിര നിയമനത്തിന് അർഹയായി ജില്ലാതല ലിസ്റ്റ് ലഭ്യമാകുന്നമുറയ്ക്ക് ചട്ടങ്ങൾക്കനുസൃതമായി നടപടി കൈക്കൊള്ളുന്നതാണ്.

**അസിസ്റ്റന്റ്/ഓഡിറ്റർ (ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ്) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

75 (3706) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസിസ്റ്റന്റ്/ഓഡിറ്റർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് എന്ന റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ 271 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 16 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആരോഗ്യ വകുപ്പിലെ ഹൗസ് കീപ്പിംഗ് തസ്തികകൾ**

76 (3707) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിനു കീഴിൽ ഹൗസ് കീപ്പിംഗ് തസ്തികയ്ക്കായി (കാറ്റഗറി നമ്പർ 100/2006 പ്രകാരം) പി.എസ്.സി. പ്രസിദ്ധീകരിച്ച ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ ; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമായി ; വിശദാംശം ലഭ്യമാക്കുമോ ;

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വകുപ്പിനു കീഴിൽ ഹൗസ് കീപ്പിംഗ് തസ്തികയ്ക്കായി (കാറ്റഗറി നമ്പർ 100/2006) പ്രകാരം പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | തസ്തിക നിലവിൽ വന്ന തീയതി | തസ്തിക റദ്ദായ തീയതി | നിയമന ശിപാർശകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 15-10-2009 | 17-4-2014 FN | 5 |
| കൊല്ലം | 2-12-2009 | 3-6-2014 FN | 4 |
| കോട്ടയം | 31-3-2009 | 1-10-2013 FN | 9 |
| തൃശ്ശൂർ | 21-2-2009 | 21-8-2013 FN | 4 |
| പാലക്കാട് | 27-7-2009 | 28-1-14 FN | 1 |
| മലപ്പുറം | 13-7-2009 | 14-1-2014 FN | 3 |
| കോഴിക്കോട് | 23-12-2009 | 24-6-2014 FN | 7 |
| വയനാട് | 17-2-2009 | 17-8-2013 FN | 5 |
| കണ്ണൂർ | 7-4-2009 | 8-10-2013 FN | 4 |
| കാസർഗോഡ് | 1-4-2009 | 1-10-2013 FN | 5 |

**അടൂർ കെ.എ.പി. 3 ബറ്റാലിയനിലേക്ക് നിയമനം**

77 (3708) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം (സിറ്റി/റൂറൽ), ആലപ്പുഴ, പത്തനംതിട്ട പോലീസ് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ റിക്രൂട്ടിംഗ് ക്യാമ്പായ അടൂർ കെ.എ.പി. 3 ബറ്റാലിയനിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റ് ഇപ്പോഴും നിലവിലുണ്ടോ ; എങ്കിൽ 11-9-2014-ന് നിലവിൽ വന്ന ഈ ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ആഭ്യന്തര വകുപ്പിൽനിന്നും പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് ; ആയത് എന്നാണെന്ന് അറിയിക്കുമോ ;

(സി) ഈ തസ്തികയിലേക്ക് നിരവധി ഒഴിവുകൾ നിലവിലുണ്ടെങ്കിലും ആയത് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്നുള്ള ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധിച്ചുവോ ; എങ്കിൽ അടിയന്തരമായി ഒഴിവുള്ള എല്ലാ തസ്തികകളും റിപ്പോർട്ട് ചെയ്യുവാൻ ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകുമോ ; വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ നിന്നും 10-10-2014 വരെ 124 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിന്മേൽ നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) NJD ഉൾപ്പെടെ 124 ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 15-2-2012, 13-6-2012, 2-7-2012, 14-3-2013, 20-4-2012 തീയതികളിൽ.

(സി) ഇപ്പോൾ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല.

## DEO റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിലെ കാലതാമസം

78 (3709) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ

(എ) പി.എസ്.സി. 24-7-2010-ന് പ്രസിദ്ധീകരിച്ച DEO റാങ്ക് ലിസ്റ്റിലെ 1(A) റാങ്ക്കാരൻ ആരായിരുന്നുവെന്നും അദ്ദേഹത്തിന് നിയമനം നൽകുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ;

(ബി) ടിയാന്റെ നിയമനം സംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവുണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(സി) ടിയാന് ഉടൻ തന്നെ സീനിയോരിറ്റി പുനസ്ഥാപിച്ച് നിയമനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 24-7-2010-ന് പി.എസ്.സി. പ്രസിദ്ധീകരിച്ച DEO റാങ്ക് ലിസ്റ്റിൽ ലിസ്റ്റ് എ (ഓപ്പൺ ക്വാട്ട) എന്നും ലിസ്റ്റ് ബി (ടീച്ചിംഗ് ക്വാട്ട) എന്നും രണ്ട് ഭാഗങ്ങളുണ്ട്.

ഇതിൽ ലിസ്റ്റ് എ-യിൽ ഒന്ന് (എ) റാങ്കുകാരൻ ഇല്ല. എന്നാൽ ലിസ്റ്റ് (ബി)യിൽ ഒന്ന് (എ) റാങ്കുകാരനായി ശ്രീ. സി. മനോജ്കുമാറിനെ റ്റി. എ. നമ്പർ 4666/12-ൽ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19-6-2013-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30-10-2013-ലെ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിലൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. മനോജ്കുമാറിനെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുമുമ്പുതന്നെ നിലവിലുണ്ടായിരുന്ന ഒഴിവിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നടത്തിയതിനാൽ ടിയാന് നിയമന ശിപാർശ നൽകാൻ പി.എസ്.സി.-ക്ക് കഴിഞ്ഞിട്ടില്ല.

(ബി) ടിയാന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുണ്ടെങ്കിൽ റാങ്ക് ലിസ്റ്റിൽ അർഹമായ സ്ഥാനത്ത് ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ റ്റി.എ. നമ്പർ 4666/2012-ൽ 19-6-2013-ന് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഏഴ് ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ടിയാന് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എഴുത്തുപരീക്ഷ

79 (3710) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ഡിസംബറിൽ കാറ്റഗറി നമ്പർ. 665/2012 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച ആരോഗ്യവകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ എഴുത്ത് പരീക്ഷ നാളിതുവരെയായി നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരീക്ഷ നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പരീക്ഷ അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**വിമുക്തഭടന്മാർക്ക് വീട്ടുകരത്തിൽ ഇളവ്**

80 (3711) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്ത ഭടന്മാരുടെയും വിധവകളുടെയും പേരിലുള്ളതും അവർ താമസിക്കുന്നതിന് ഉപയോഗിക്കുന്നതുമായ ഭവനങ്ങൾക്ക് തറവിസ്തീർണ്ണം നോക്കാതെ വീട്ടുകരം ഒഴിവാക്കി 29-8-2009-ലെ സ.ഉ. (എംഎസ്.) നമ്പർ 171/09 ത.സ്വ.ഭ.വ. പ്രകാരം ഉത്തരവിട്ടിരുന്നത്, 2000 ചതുരശ്ര അടിയിൽ താഴെയുള്ള വീടുകൾക്ക് മാത്രമാക്കി 2-7-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 242/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവിറ ക്കിയതിലൂടെ നല്ലൊരു വിഭാഗം വിമുക്തഭടന്മാരും ഈ ആനുകൂല്യം ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വീടിന്റെ വിസ്തൃതി കുറച്ച് ഉത്തരവിറക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) ആഡംബര നികുതി ഈടാക്കുന്നത് 3000 ച: അടിയിൽ കൂടുതലുള്ള വീടുകൾക്ക് മാത്രമാണെന്നിരിക്കെ വിമുക്ത ഭടന്മാർക്കുള്ള ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി&സി) വിമുക്തഭടന്മാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഭവനത്തെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി വിവിധ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അപേക്ഷപോലും വാങ്ങാതെ നികുതിയിളവ് അനുവദിക്കുന്നതായും നികുതിയിളവ് സ്ഥിരമായി അനുവദിച്ചു നൽകുന്നതായും ഉടമസ്ഥാവകാശം മാറ്റിയിട്ടും ഇളവ് തുടർന്നുവരുന്നതായും മൂന്ന് സേനാ വിഭാഗങ്ങളിൽ (കര, നാവിക, വ്യോമ സേന) സേവനം അനുഷ്ഠിച്ചവർക്കാണ് അർഹതയെങ്കിലും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്കും നികുതിയിളവ് അനുവദിച്ച് നൽകുന്നതായും മതിയായ സത്യവാങ്മൂലം വാങ്ങാതിരിക്കുന്നതായും

നികുതിയിളവിനുള്ള അർഹത പുനഃപരിശോധനയ്ക്ക് വിധേയമാക്കാതിരിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കര, നാവിക, വ്യോമ സേനാവിഭാഗങ്ങളിലെ വിമുക്തഭടന്റെയോ/അവരുടെ വിധവയുടെയോ ഉടമസ്ഥതയിലുള്ളതും അവർ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്നതും തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്തതുമായ ഒരു വീടിന് വസ്തുനികുതി ഒഴിവാക്കിക്കൊണ്ട് 2-7-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 242/2013/തസ്വഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**ധനസഹായത്തിന് അപേക്ഷ**

81 (3712) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടമരണം സംഭവിച്ചതിൽ ധനസഹായം ആവശ്യപ്പെട്ട് ശ്രീ. പ്രദീപ് കുമാർ, പുതിയ പറമ്പത്ത് എന്നയാൾ സമർപ്പിച്ചതും കോഴിക്കോട് ജില്ലാ കലക്ടറുടെ 23-2-2011-ലെ എഫ്-1-53050/2010 നമ്പരായിട്ടുള്ള ഫയലിൽ ഉൾപ്പെട്ടതുമായ അപേക്ഷയിൽ എന്ത് തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ടിയാന് ഉടൻതന്നെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 20-12-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 6376/ 14/ റവ.-യിലെ അനുബന്ധത്തിൽ ക്രമനമ്പർ 34 പ്രകാരം ശ്രീ. പ്രദീപ് കുമാറിന് 30,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

82 (3713) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിലല്ലാതെ മറ്റ് അപകടങ്ങളിലും ദുരന്തങ്ങളിലും നഷ്ടം സംഭവിക്കുന്ന കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകാറുണ്ടോ ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ ;

(ബി) ചേർത്തല കിഴക്കേ നാല്പതിൽ 19-11-2014 -ൽ ഉണ്ടായ പടക്കശാല

സ്പോടനത്തിൽ സ്ഥാപനത്തിനു ചുറ്റുവട്ടത്തുള്ള ഒട്ടേറെ വീടുകൾ തകർന്നു പോകുകയും മറ്റ് നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടും സർക്കാർ അവർക്ക് നഷ്ടപരിഹാരം നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; ഇത്തരം സന്ദർഭങ്ങളിൽ സർക്കാർ അടിയന്തര സഹായമെത്തിക്കാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ?

ഉത്തരം

(എ) ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ, കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നു. എന്നാൽ ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റുപദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി 1 ലക്ഷം രൂപ നൽകുന്നു. ഇൻഷ്വറൻസ് തുകയോ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ലഭിക്കേണ്ട തുകയോ കണക്കിലെടുത്ത ശേഷം കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. നക്സലൈറ്റ് ആക്രമണങ്ങളിലും മറ്റും കൊല്ലപ്പെടുന്ന കരസേന, വായുസേന, നാവികസേന, പാരാമിലിട്ടറി, GREF, കേന്ദ്രസംസ്ഥാന സർക്കാരുകൾ രൂപീകരിക്കുന്ന മറ്റു സേനാ വിഭാഗങ്ങൾ എന്നിവയിലെ ജവാന്മാർക്ക് സൈനിക ക്ഷേമനിധി ബോർഡിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതല്ല.

(ബി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

## അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ മരണപ്പെട്ട രവിയുടെ കുടുംബത്തിന് സഹായം

83 (3714) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ 8-ാം വാർഡിൽ പോലീസുകാർ ഓടിച്ചതിനെ തുടർന്ന് കായലിൽ വീണ് മരണപ്പെട്ട രവി എന്ന ചെറുപ്പക്കാരന്റെ മരണത്തിന് കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ

എന്തു ശിക്ഷണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മരണമടഞ്ഞ ടിയാന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പരമാവധി ധനസഹായം ലഭ്യമാക്കുമോ ;

(സി) മരണപ്പെട്ട ടിയാന്റെ കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകി കുടുംബത്തിനെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. സാബുകുമാർ, ഗ്രേഡ് എ.എസ്.ഐ. ശ്രീ. സൈമൺ എന്നിവരെ നിലവിൽ ജോലി ചെയ്തിരുന്ന സ്ഥലത്തുനിന്നും സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സമാശ്വാസ ധനസഹായ പദ്ധതി**

84 (3715) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമാശ്വാസ ധനസഹായം അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതു പരിഗണിക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധി 1,00,000 രൂപയാണ്.

**മാനന്തവാടി സ്വദേശിയായ ബാലികയ്ക്ക് എച്ച്.ഐ.വി.**

85 (3716) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രിയിൽനിന്ന് രക്തം സ്വീകരിച്ചതിലൂടെ എച്ച്.ഐ.വി. ബാധിതയായ മാനന്തവാടി സ്വദേശിയായ ബാലികയ്ക്കും കുടുംബത്തിനും 3-12-2013-ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച ഭൂമി വാങ്ങി വീട് വെയ്ക്കാനുള്ള പണം (13.5 ലക്ഷം രൂപ) ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) മുഖ്യമന്ത്രി നൽകിയ വാഗ്ദാനമനുസരിച്ചുള്ള സഹായം ലഭിക്കാതെ ബാലികയും കുടുംബവും ഇപ്പോഴും പുറമ്പോക്കിൽ കഴിയുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) 31-12-2013-ലെ വീഡിയോ കോൺഫറൻസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം 24-10-2014-ലെ G.O(MS)No.443/14/RD ഉത്തരവു പ്രകാരം 12.5 ലക്ഷം രൂപ (പന്ത്രണ്ടുലക്ഷത്തി അൻപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. അത് നൽകുന്നതിനു വേണ്ട നടപടികൾ ജില്ലാകളക്ടർ സ്വീകരിച്ചിട്ടുണ്ട്. അസ്മത് എന്ന കുട്ടിയുടെ പിതാവിന് കൂടി അവകാശമുള്ള സ്ഥലത്ത് വീട് വയ്ക്കാൻ കഴിയുമോ എന്ന് അന്വേഷിച്ചതിൽ ടി സ്ഥലത്ത് വീട് വയ്ക്കാൻ സാധ്യമല്ലെന്ന് അവകാശികൾ അറിയിച്ചിട്ടുള്ളതാണ്. അതിനാൽ കുട്ടിക്ക് സമ്മതവും സ്വീകാര്യവുമായ മാനന്തവാടി വില്ലേജിൽ റീ-സർവ്വേ നമ്പർ 254/1ബി1-ൽപ്പെട്ട 5 സെന്റ് സ്ഥലം വാങ്ങി വീട് വയ്ക്കാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം**

86 (3717) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശ്രീ. വിശ്വമോഹനൻ, ദൈവപുരയ്ക്കൽ കോളനി, പുന്നപ്ര എന്നയാൾ മുഖ്യമന്തിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ 1194/ഡിആർഎഫ്/സി.എം.2013 നമ്പരായി ലഭിച്ചുവെന്ന് 5-

3-2013-ൽ അപേക്ഷകന് മറുപടി നൽകിയെങ്കിലും നാളിതുവരെ അപേക്ഷകന് ധനസഹായം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വ്യക്തമാക്കാമോ ?

ഉത്തരം

ശ്രീ. വിശ്വമോഹനൻ, ദൈവപുരയ്ക്കൽ കോളനി, പുന്നപ്ര എന്നയാൾക്ക് മാതാവിന്റെ അപകടമരണത്തിന് ആശ്വാസധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,00,000 രൂപ 3-12-2012-ലെ സ.ഉ.(സാധാ) നമ്പർ7395/12 പ്രകാരം അനുവദിച്ച് വിതരണം ചെയ്തിട്ടുള്ളതിനാൽ ഇതേ ആവശ്യത്തിനായി 1194/ഡിആർഎഫ്/സി.എം.2013 നമ്പരായി ലഭിച്ച അപേക്ഷയിന്മേൽ അനുവദിച്ച 1,00,000 രൂപ വിതരണം ചെയ്തിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

87 (3718) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വാഹനാപകടങ്ങളിലും മറ്റപകടങ്ങളിലും മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് കഴിവതും വേഗത്തിൽ ധനസഹായം വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ആയതനുസരിച്ചുള്ള ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

88 (3719) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടും 2014 നവംബർ മാസം വരെയുള്ള കണക്കു പ്രകാരം എത്ര പേർക്ക് തുക കൈമാറാൻ ബാക്കിയുണ്ടെന്ന് അറിയിക്കുമോ ;

(ബി) ശ്രീമതി മേരി, കിഴക്കും തല വീട്, ചെലാമറ്റം, ഒക്കൽ പി.ഒ., എറണാകുളം

എന്നയാൾക്ക് 26-10-2013-ൽ 37161/DRF/CM/2013 പ്രകാരം അനുവദിച്ച തുക കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) തുക കൈമാറാനുള്ള നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) 20-11-2013-ലെ സ.ഉ. (സാധാ) നമ്പർ 6174/13/റവ. പ്രകാരം ശ്രീമതി മേരി, കിഴക്കുംതല വീട്, ചെലാമറ്റം, ഒക്കൽ പി.ഒ., എറണാകുളം എന്നയാൾക്ക് മാതാവിന്റെ ചികിത്സയ്ക്കായി 3,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുള്ളതും ടി തുക അപേക്ഷക്ക് കൈമാറിയിട്ടുള്ളതുമാണ്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാസഹായം**

89 (3720) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാസഹായമായി അനുവദിക്കുന്ന തുക സർക്കാർ ഉത്തരവ് ഉണ്ടായിട്ടും എന്തുകൊണ്ടാണ് ബന്ധപ്പെട്ട കളക്ടറേറ്റുകളിൽനിന്നും വിതരണം ചെയ്യാൻ കാലതാമസമുണ്ടാകുന്നതെന്ന് പറയാമോ;

(ബി) ചികിത്സാ സഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അപേക്ഷകൾ ശിപാർശ ചെയ്യുന്ന എം.എൽ.എ. മാർക്കും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ആയതനു സരിച്ചുള്ള ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം

കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന തുകവിതരണം ചെയ്യുന്നതിലെ കാലതാമസം

90 (3721) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചതിൽ കൊല്ലം ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷമായി വിതരണം ചെയ്യാതെ ബാക്കിയുള്ളത് എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വില്ലേജുകളിൽനിന്നും കൃത്യമായി അറിയിപ്പ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനായി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; ഇല്ലെങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുകയിൽ കഴിഞ്ഞ രണ്ട് വർഷമായിട്ടും വിതരണം ചെയ്യാനായി തുകയൊന്നും അവശേഷിച്ചിട്ടില്ല.

തുക അനുവദിക്കപ്പെട്ട കക്ഷികൾക്ക് വില്ലേജ് ഓഫീസ് മുഖാന്തിരവും പോസ്റ്റ് ഓഫീസ് മുഖാന്തിരവും നിരവധി അറിയിപ്പുകൾ നൽകിയിട്ടും തുക കൈപ്പറ്റാൻ ഹാജരാകാത്തതും ഇരട്ടിപ്പായി തുക അനുവദിക്കപ്പെട്ടതുമായ കേസ്സുകൾ ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് തിരിച്ചടപ്പിച്ച് പിന്നീട് വരുന്ന ഉത്തരവുകൾക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്.

(ബി) തുക അനുവദിച്ചത് സംബന്ധിച്ച് വില്ലേജ് ഓഫീസ് മുഖാന്തരം കക്ഷികൾക്ക് അറിയിപ്പ് നൽകുന്നുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

91 (3722) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുക മുഖ്യമന്ത്രി നേരിട്ടനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) മുഖ്യമന്ത്രി അനുവദിച്ച തുകയിൽ എത്ര തുക ഇതിനകം അപേക്ഷകർക്ക് ലഭ്യമാക്കിയെന്ന് വെളിപ്പെടുത്താമോ ;

(സി) മുഖ്യമന്ത്രി അനുവദിച്ച തുകയിൽ 80% തുകയും ഇനിയും വിതരണം ചെയ്തിട്ടില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ ആകെ 361,65,64,590 രൂപ (മുന്നൂറ്റി അറുപത്തൊന്ന് കോടി അറുപത്തഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിൽ 332,38,41,800 (മുന്നൂറ്റിമുപ്പത്തിരണ്ട് കോടി മുപ്പത്തിയെട്ട് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി എണ്ണൂറ് രൂപ മാത്രം) ജില്ലാ കളക്ടർമാർക്കായി അനുവദിച്ചതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-എ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.* മുഖ്യമന്ത്രി നേരിട്ട് അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയ തുകയുടെ വിവരം വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) അറിയിപ്പ് നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള തുകയൊഴികെ ബാക്കിയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം ലഭിക്കുന്നതിനായി ശ്രീമതി ജൂലിയറ്റ് ജോൺസൺ, അമ്പലപ്പുഴ നൽകിയ അപേക്ഷ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

92 (3723) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകട മരണത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് ദുരിതാശ്വാസ സഹായനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ശ്രീമതി ജൂലിയറ്റ് ജോൺസൺ, വലിയവീട്ടിൽ, വാർഡ് നമ്പർ 16, പുന്നപ്ര വടക്ക്, അമ്പലപ്പുഴ എന്നവർ നൽകിയ അപേക്ഷയിന്മേൽ ധനസഹായം നൽകി ഉത്തരവായിരുന്നുവോ ;

(ബി) 14-3-2014 ലെ 15432/ഡി.ആർ.എഫ്/സി എം/14 നമ്പരായി റവന്യൂ വകുപ്പിന് കൈമാറിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) അപേക്ഷകക്ക് നാളിതുവരെ ധനസഹായം ലഭ്യമാകാത്തതിന് കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) 11-12-2014-ലെ സ.ഉ.(സാധാ) നമ്പർ 6256/14/റവ. തീയതി പ്രകാരം ആലപ്പുഴ, അമ്പലപ്പുഴ, പുന്നപ്ര വടക്ക്, വാർഡ് നമ്പർ 16 വലിയ വീട്ടിൽ ജൂലിയറ്റ് ജോൺസണ് മകളുടെ അപകടമരണത്തിന് ആശ്വാസ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി**

93 (3724) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലൂടെ അനുവദിച്ച ആനുകൂല്യങ്ങൾ ഇനിയും പൊതുജനങ്ങൾക്ക് ലഭ്യമായിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(ബി) വാഹനാപകടത്തിൽ പരിക്കുപറ്റി ഗുരുതരമായി ചികിത്സ തുടരുന്ന ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി താഴപ്ര യത്തീംഖാന ക്വാർട്ടേഴ്സിൽ ശ്രീവിദ്യ, ശ്രീദേവി സഹോദരിമാർക്ക് 2013-ലെ ജനസമ്പർക്ക പരിപാടിയിലൂടെ 25000 രൂപ ധനസഹായവും 2500 രൂപ വീതം പ്രതിമാസ പെൻഷനും ഭൂമിയും വീടും അനുവദിച്ചത് ശ്രദ്ധയിലുണ്ടോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ലെന്ന പരാതി ലഭ്യമായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ജനസമ്പർക്കപരിപാടികളിലൂടെ ലഭ്യമായിട്ടുള്ള ഭൂരിഭാഗം പരാതികളിലും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. മാത്രമല്ല കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള വിഷയങ്ങളിൽ നടപടി ത്വരിതപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) 2013-ലെ ജനസമ്പർക്ക പരിപാടിയിൽ ശ്രീവിദ്യക്കും ശ്രീദേവിക്കും മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായമായി 25,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ, ചികിത്സാ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മൂന്നുലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതും തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുള്ളതുമാണ്. പാലക്കാട് ജില്ലക്കാരായ ഇവർ തൃശ്ശൂർ ജില്ലയിൽ താമസമായിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. അതിനാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം സംവിധാനം

94 (3725) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേതു പോലെ ഒരു സ്ഥിരം സംവിധാനം വേണമെന്ന് നിയമസഭയുടെ അഡ്ഹോക് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ, എന്തുകൊണ്ട് പ്രസ്തുത ശിപാർശ നടപ്പിലാക്കിയില്ലെന്ന് വ്യക്തമാക്കാമോ ;

(ബി) മുല്ലപ്പെരിയാർ, പറമ്പിക്കുളം, കാവേരി എന്നീ നദികളിൽനിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം കിട്ടാതെ വരികയും കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന കേസുകൾ പരാജയപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾ മനസ്സിലാക്കി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനമെടുക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നദീജലക്കരാറുകൾ സംബന്ധിച്ച ചർച്ചകളിൽ വിദഗ്ദ്ധോപദേശം

ലഭിക്കുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് പറമ്പിക്കുളം, മുല്ലപ്പെരിയാർ നദീജലക്കരാറുകളെ സംബന്ധിച്ച് പരിശോധന നടത്തിയ ഒമ്പതാം കേരള നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസ്ഥാനത്തിന് അനുകൂലമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ജലസേചന വകുപ്പിൽ നിലവിൽ സംവിധാനങ്ങളുണ്ട്. ഇതിനായി അന്തർ സംസ്ഥാന ജലവിഭാഗത്തിലെ ചീഫ് എഞ്ചിനീയറുടെ (ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യൂ.) നിയന്ത്രണത്തിൽ ഒരു ജോയിന്റ് ഡയറക്ടറും ഒരു ഡെപ്യൂട്ടി ഡയറക്ടറും അവരെ സഹായിക്കുന്നതിനായി അസിസ്റ്റൻറ് ഡയറക്ടർമാരും ഉൾപ്പെട്ട വിഭാഗം പ്രവർത്തിച്ചുവരുന്നു.

അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിന് മേൽ സൂചിപ്പിച്ച വിഭാഗം ജാഗ്രതയോടെ പ്രവർത്തിച്ചു വരുന്നു. ഇത്തരം കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും ടി വിഭാഗം നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുല്ലപ്പെരിയാർ സ്പെഷ്യൽ സെല്ലും പ്രവർത്തിച്ചുവരുന്നു. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാനത്തിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനായി ഒരു Advisory Committee-യും പ്രവർത്തിച്ചു വരുന്നുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി കരാറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തുന്നതിനായി പാലക്കാട് ഒരു J.W.R. Division ഓഫീസും പ്രവർത്തിച്ചുവരുന്നുണ്ട്. പി.എ.പി. കരാറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ സർക്കാരിനും ജലസേചന വകുപ്പിനും ടി ഡിവിഷന്റെ പ്രവർത്തനം വളരെയധികം സഹായകരമാണ്.

മുകളിൽ സൂചിപ്പിച്ച പ്രകാരം നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രയോജനപ്രദമായ രീതിയിൽ നിലവിലുള്ള സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ്

95 (3726) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് എന്ന സ്ഥാപനം കോട്ടയത്ത് തുടങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സാമ്പത്തിക നില മോശമായ സംസ്ഥാനത്തിന് ഒരു പുതിയ സംവിധാനം തുടങ്ങുന്നത് അഭിലഷണീയമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന് ഒരു വർഷം എന്ത് ചെലവുവരുമെന്നാണ് കണക്കുകൂട്ടിയിട്ടുള്ളത് ;

(ഡി) വെറ്റ് ലാന്റ് പഠനം കൂടി സി.ഡബ്ല്യൂ.ആർ.ഡി.എം.-ന തന്നെ നടത്താൻ സാധിക്കുമോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് കോട്ടയത്ത് തുടങ്ങുന്നതിനുള്ള അന്തിമ തീരുമാനം സർക്കാർ ഇതുവരെ എടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ള പഠനം സി.ഡബ്ല്യൂ.ആർ.ഡി.എം. ഇപ്പോൾത്തന്നെ നടത്തിവരുന്നുണ്ട്.

## ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ മദ്യ സൽക്കാര പരിപാടികൾ

96 (3727) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് സെക്രട്ടറിയുൾപ്പെടെ ഒരു വിഭാഗം സീനിയർ ഐ.എ.എസ്/ ഐ.പി.എസ്. ഉദ്യോഗസ്ഥർ നടത്തിയ ദീപാവലി ആഘോഷം എവിടെ വച്ചായിരുന്നുവെന്നും ഇതിനായി എന്തെങ്കിലും സഹായം നൽകിയോയെന്നും ഔദ്യോഗിക വാഹനമുൾപ്പെടെ ഏതെല്ലാം സർക്കാർ വാഹനങ്ങൾ ഇതിനായി ഉപയോഗിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിനായി ആഭ്യന്തര വകുപ്പ് ഉൾപ്പെടെ ഏതെല്ലാം ജീവനക്കാരുടെ സേവനം ഉപയോഗിച്ചു ; വ്യക്തമാക്കുമോ ;

(സി) മദ്യത്തിനെതിരെയുള്ള നടപടികൾ സ്വീകരിക്കുമ്പോൾ ഐ.എ.എസ്/ ഐ.പി.എസ്. ഉദ്യോഗസ്ഥർ കടൽക്കരയിലുള്ള മുന്തിയ സ്വകാര്യ ഹോട്ടലിൽ മദ്യവിരുന്ന് നടത്തിയതു സംബന്ധിച്ച പരാതികൾ സർക്കാർ പരിശോധിച്ചുവോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനായി സർക്കാർ അനുമതി ഇവർ വാങ്ങിയിരുന്നോ യെന്നും ഇല്ലായെങ്കിൽ സർവ്വീസ് ചട്ടലംഘനമായ ഇത്തരം പ്രവൃത്തികൾ നിയന്ത്രിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) ഇവർ മദ്യസത്ക്കാരം മദ്യ ലൈസൻസ് ഇല്ലാത്ത ഹോട്ടലിലാണ നടത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ ; പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ ആരെല്ലാം ; വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം മദ്യ സത്ക്കാരപരിപാടികൾ ഏതെല്ലാം ദൃശ്യ-പത്ര മാധ്യമങ്ങൾ പുറത്തുവിടുകയുണ്ടായി എന്നറിയാമോ ; വ്യക്തമാക്കുമോ ; പ്രതിഷേധ പരിപാടികൾ നടത്തിയത് ആരെല്ലാം ; വ്യക്തമാക്കുമോ ;

(ജി) ഇത്തരം പ്രവർത്തനങ്ങൾ സർവ്വീസ് ചട്ടലംഘനമാണെന്ന ചൂണ്ടിക്കാട്ടിയവരും പരാതിപ്പെട്ടവരുമായ ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ ആരെല്ലാമെന്ന വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ അനൗദ്യോഗിക മായി നടത്തുന്ന സ്വകാര്യ ആഘോഷങ്ങൾക്ക് സർക്കാർ അനുമതി ആവശ്യമില്ല. ആയതിനാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നുംതന്നെ സർക്കാരിൽ ലഭ്യമല്ല. ഇതിനായി സർക്കാർ ഒരു വിധത്തിലുള്ള സഹായവും നൽകിയിട്ടില്ല.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ&എഫ്) എ&ബി പിരിവുകൾക്ക് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ജി) ഐ.എ.എസ്. ഉദ്യോഗസ്ഥരിൽനിന്നോ ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ നിന്നോ ഇത് സംബന്ധിച്ച ഒരു പരാതിയും ലഭിച്ചിട്ടില്ല.

**ശ്രീമതി എസ്. രാജമ്മ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി**

97 (3728) <u>ശ്രീമതി ജമീല പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പൊഴിയൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മണലിവിള വീട്ടിൽ എസ്. ആസ്റ്റിൻ ദേവരാജിന്റെ വിധവ എസ്. രാജമ്മ 5-9-2014-ൽ മുഖ്യമന്ത്രിക്ക് ഒരു പരാതി

സമർപ്പിച്ചിരുന്നോ ;

(ബി) എങ്കിൽ ആ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ആസ്റ്റിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് CBI-ക്ക് കൈമാറുന്നതിനാവശ്യമായ വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ ; കേസന്വേഷണം CBI-ക്ക് കൈമാറുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) അതിനെ തുടർന്ന് എന്ത് നടപടി സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രീമതി രാജമ്മ 5-9-2014-ൽ നൽകിയ പരാതി അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്.

(ബി) പരാതിയുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പരാതി അന്വേഷണം നടത്തുന്നതിനായി ക്രൈംബ്രാഞ്ച് ഒ.സി.ഡബ്ല്യു-1 പോലീസ് സൂപ്രണ്ടിന് അയച്ചുകൊടുക്കുകയും അതുപ്രകാരം ഒ.സി.ഡബ്ല്യു-1 ഡിവൈ.എസ്.പി. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ പരാതിക്ക് ആധാരമായ ആസ്റ്റിൻ ദേവരാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തി കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഡി&ഇ) ആസ്റ്റിൻ ദേവരാജിന്റെ മരണവുമായി ബന്ധപ്പെട്ട പൊഴിയൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 126/1990 നമ്പർ കേസ് സി.ബി.ഐ.-ക്ക് കൈമാറുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

**വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡ് വികസനം**

98 (3729) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ (സിയാൽ) വികസനവുമായി ബന്ധപ്പെട്ട് അങ്കമാലിയിൽ നിന്നുള്ള പ്രധാനപ്പെട്ടതും തിരക്കേറിയതും എം.സി.റോഡിൽനിന്നു എയർപോർട്ടിലേക്കുള്ള ഏക മാർഗ്ഗവുമായ വേങ്ങൂർ -

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നായത്തോട് - എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട വികസനത്തിന് സിയാൽ നടപടികൾ സ്വീകരിക്കുമോ ;

(ബി) സിയാൽ ചെയർമാൻ എന്ന നിലയ്ക്ക് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് സിയാൽ നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. ഈ വിഷയം പരിശോധിച്ചുവരുന്നു.

## ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്

99 (3730) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത കമ്മീഷൻ മുമ്പാകെ സർക്കാർ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സോളാർ തട്ടിപ്പു കേസിൽ അധികാരസ്ഥാനങ്ങളുടെ സ്വാധീനം ഉണ്ടെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണകമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജസ്റ്റിസ് ജി ശിവരാജൻ കമ്മീഷൻ മുമ്പാകെ സോളാർ തട്ടിപ്പ് കേസിൽ സർക്കാർ രണ്ട് സ്റ്റേറ്റ്മെന്റുകളാണ് നൽകിയിരിക്കുന്നത്. അതിൽ ആദ്യത്തേത് കക്ഷിചേർക്കണമെന്ന് ആവശ്യപ്പെട്ട് A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ഹർജികളിൽ (Impleading Petitions) സർക്കാർ ഭാഗം അറിയിച്ചുകൊണ്ട് ഫയൽ ചെയ്തതാണ്. രണ്ടാമത്തേത് സോളാർ അന്വേഷണ വിഷയങ്ങളിൽ (Terms of Reference) ആദ്യത്തെ അന്വേഷണ വിഷയത്തിൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ആരോപണ സ്റ്റേറ്റ്മെന്റുകൾക്ക് (Statement of Allegations)മറുപടിയായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫയൽ ചെയ്ത 'സ്റ്റേറ്റ്മെന്റ് ഇൻ റെസ്പോൺസ്' ആണ്. A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ 'Statement of Allegations' അപ്രകാരം തന്നെ സ്വീകരിച്ചാൽ ആയത് ശരിയായ നടപടിക്രമം അല്ലാത്തതിനാൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ സ്റ്റേറ്റ്മെന്റ് ഓഫ് അലിഗേഷന്റെ സ്വീകാര്യതയെക്കുറിച്ചാണ് സർക്കാർ മറുപടി സ്റ്റേറ്റ്മെന്റ് നൽകിയത്.

(സി) കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന വിഷയമാണിത്.

**റസിഡന്റ്സ് അസോസിയേഷനുകൾ**

100 (3731) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി അവയെ തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ആക്കുന്നതു പരിഗണിക്കുമോ ;

(ബി) റസിഡന്റ്സ് അസോസിയേഷനിലെ ഇലക്ഷൻ പ്രക്രിയ സുതാര്യമാക്കുന്നതു പരിഗണിക്കുമോ ;

(സി) റസിഡന്റ്സ് അസോസിയേഷനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതു പരിഗണിക്കുമോ ?

ഉത്തരം

(എ-സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഇൻഫർമേഷൻ കേരള മിഷൻ എംപ്ലോയീസ് സെക്രട്ടറിയുടെ അപേക്ഷ**

101 (3732) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-10-2014-ലെ ഇൻഫർമേഷൻ കേരള മിഷൻ എംപ്ലോയീസ് കോൺഗ്രസ് സെക്രട്ടറിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) അപേക്ഷയിൻമേൽ തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ അപേക്ഷയിൻമേൽ ഉടൻ തീരുമാനമെടുക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

**ബിവറേജസ് കോർപ്പറേഷനിലെ തസ്തികകൾ**

102 (3733) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിലവിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഇതിൽ പി. എസ്. സി. വഴി നിയമനം നടത്തുന്നവ ഏതെല്ലാം ;

(സി) ബിവറേജസ് കോർപ്പറേഷനിലുള്ള ലോവർ ഡിവിഷൻ ക്ലാർക്ക്, അസിസ്റ്റന്റ് ഗ്രേഡ് II, കമ്പ്യൂട്ടർ പ്രോഗ്രാമർ എന്നീ തസ്തികകളുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാമാണ് ;

(ഡി) പ്രൊമോഷൻ തസ്തിക ലഭിക്കുവാൻ വേണ്ട അധിക യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു മാനദണ്ഡം ഉപയോഗിച്ചാണ് പ്രൊമോഷനുകൾ നൽകുന്നത് ;

(ഇ) നിയമനങ്ങളും പ്രൊമോഷനുകളും നടപ്പാക്കുന്നതിന് എന്തെങ്കിലും സ്റ്റാറ്റ്യൂട്ടോ, ചട്ടങ്ങളോ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏത് നിയമം അനുസരിച്ചാണ് പ്രൊമോഷനുകൾ നടത്തുന്നത് ;

(എഫ്) സ്റ്റാഫ് പാറ്റേണും സ്റ്റാറ്റ്യൂട്ടും ഇല്ലെങ്കിൽ നിയമനങ്ങൾക്കും പ്രൊമോഷനും വേണ്ട നിയമനിർമ്മാണം നടത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ 18 വിഭാഗങ്ങളിലായി 1721 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് ഗ്രേഡ് II, എൽ.ഡി. ക്ലാർക്ക്, കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-ഓപ്പറേറ്റർ, സ്റ്റെനോഗ്രാഫർ, ടൈപ്പിസ്റ്റ് ഗ്രേഡ് II, ഹെൽപ്പർ/പ്യൂൺ, ഡ്രൈവർ.

(സി) ലോവർ ഡിവിഷൻ ക്ലാർക്കിന്റെ പ്രൊമോഷൻ തസ്തിക അപ്പർ ഡിവിഷൻ ക്ലർക്കും കൂടാതെ ലോവർ ഡിവിഷൻ ക്ലാർക്കുമാരിൽ അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ യോഗ്യത ഉള്ളവരെ നിശ്ചിത അനുപാതത്തിൽ അസിസ്റ്റൻറ് ഗ്രേഡ് II ആയി ഉദ്യോഗക്കയറ്റവും നൽകുന്നു. അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ പ്രൊമോഷൻ തസ്തിക അസിസ്റ്റന്റ് ഗ്രേഡ് I-ഉം കമ്പ്യൂട്ടർ പ്രോഗ്രാമറുടേത് അസിസ്റ്റന്റ് മാനേജർ/ അക്കൗണ്ടന്റുമാണ്.

(ഡി) നിശ്ചയിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ എംപ്ലോയീസ് സർവ്വീസ് റൂൾ പ്രകാരം.

(എഫ്) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഇപ്പോഴത്തെ ആവശ്യകത അനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ നിലവിലില്ല. സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ നിയോഗിച്ചിട്ടുണ്ട്.

**കള്ള് വ്യവസായ രംഗത്തെ നവീകരണം**

103 (3734) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കള്ള് വ്യവസായത്തിന്റെ നവീകരണത്തിനും വികസനത്തിനും സർക്കാർ പരിഗണിക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) കള്ള്ചെത്ത് വ്യവസായരംഗത്തെ തൊഴിലാളി സംയുക്ത സമരസമിതി ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ടോ ; ആവശ്യങ്ങളോടുള്ള സർക്കാർ നിലപാട് വിശദമാക്കാമോ;

(സി) ടോഡി ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) തൊഴിലാളികളുടെ ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) പരമ്പരാഗത തൊഴിലധിഷ്ഠിതമായ വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തേയും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വിൽപ്പന നടത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കള്ള് വ്യവസായ മേഖലയിലെ നവീകരണത്തിനും

വികസനത്തിനുമായി ധാരാളം പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 2015-16 വർഷത്തെ അബ്കാരി നയരൂപീകരണ വേളയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി കൂടിയാലോചിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

(ബി) ഉണ്ട്. കള്ള് ചെത്ത് മേഖലയിലെ അംഗീകൃത ട്രേഡ് യൂണിയനുകളുടെ ആവശ്യം പരിഗണിച്ച് ലൈസൻസിംഗ് സമ്പ്രദായത്തിലൂടെ കള്ള് ഷാപ്പുകളുടെ വിൽപ്പന മൂന്ന് വർഷത്തേയ്ക്ക് ആക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ താലൂക്കിലെ കള്ള് ഷാപ്പുകളിലെ തൊഴിലാളികളുടെയും കൊടുങ്ങല്ലൂർ റെയ്ഞ്ചിലെ കള്ളുഷാപ്പുകളിലെ തൊഴിലാളികളുടെയും തൊഴിൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ടി കള്ളുഷാപ്പുകൾ റെയ്ഞ്ച് അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചു. കള്ളുഷാപ്പുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതെ കിടക്കുന്ന പ്രദേശങ്ങളിലെ കള്ളുചെത്ത് തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി നീര ഉല്പാദനത്തിന് സർക്കാർ അനുമതി നൽകി. കൂടാതെ, തൊഴിലാളികൾ നിരന്തരമായി ആവശ്യപ്പെട്ടിരുന്നതനുസരിച്ച് കള്ളുചെത്ത് മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കാണുന്നതിനുവേണ്ടി റെയ്ഞ്ച്തലംമുതൽ സംസ്ഥാനതലംവരെ സ്ഥിരം ഉപദേശക സമിതികൾക്ക് രൂപം നൽകി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## മാഫിയ-ക്രിമിനൽ ബന്ധമുള്ള എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

104 (3735) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പിരിറ്റ് മാഫിയ, മറ്റു ക്രിമിനൽ സംഘങ്ങൾ എന്നിവരുമായി ബന്ധമുള്ള എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഏതൊക്കെ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കാണ് ഈ സംഘങ്ങളുമായി ബന്ധമുള്ളതെന്നു വിശദമാക്കുമോ ;

(സി) ഈ സംഘങ്ങളുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി നേരിടുന്ന ഉദ്യോഗസ്ഥർ ആരൊക്കെയെന്നും, നിലവിൽ എവിടെയാണ് ജോലി ചെയ്യുന്നതെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) സ്പിരിറ്റ് മാഫിയയുമായി ബന്ധമുണ്ടെന്ന റിപ്പോർട്ടിൽ ശ്രീ. ഐ. പി. കെ. രാജൻ, പ്രിവന്റീവ് ഓഫീസർ (തിരുവനന്തപുരം), അബ്കാരി കേസുകളിൽ പ്രതിയായതിനെ തുടർന്ന് ശ്രീ. ഹാരിജോൺ (ആലപ്പുഴ), ശ്രീ. എം. സന്തോഷ് കുമാർ (തിരുവനന്തപുരം) എന്നിവർക്കെതിരെയും ക്രിമിനൽ കേസ്സിൽ പ്രതിയായതിനെത്തുടർന്ന് പ്രിവന്റീവ് ഓഫീസർ ശ്രീ. സിബു.എ.രാജ് (തിരുവനന്തപുരം), സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. എ. ഷിഹാബുദ്ദീൻ (തിരുവനന്തപുരം) എൻ.ഡി.പി.എസ്. കേസ്സിൽ പ്രതിസ്ഥാനത്തു ചേർത്തതിനെ തുടർന്ന് ശ്രീ. ഇ. ഇ. സുരേന്ദ്രൻ (ഇടുക്കി), ക്രിമിനൽ പശ്ചാത്തലമുള്ള വ്യക്തികളുമായി ബന്ധമുണ്ടെന്ന് കണ്ട് ശ്രീ. റ്റി. എസ്. ബൈജു (കൊല്ലം)തിനെ തിരെയും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ ശ്രീ. ഐ. പി. കെ. രാജൻ, പ്രിവന്റീവ് ഓഫീസർ, ശ്രീ. എം. സന്തോഷ് കുമാർ, ശ്രീ. ഹാരി ജോൺ, ശ്രീ. ഇ. ഇ. സുരേന്ദ്രൻ, (സിവിൽ എക്സൈസ് ഓഫീസർമാർ) എന്നിവരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രിവന്റീവ് ഓഫീസർ ശ്രീ. സിബു എ. രാജ് കൊലക്കേസിൽ പ്രതിയായതിനെ തുടർന്ന് സസ്പെൻഷനിലാവുകയും കോടതി വിധി വരുന്ന മുറയ്ക്ക് ടിയാനെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

ക്രിമിനൽ പശ്ചാത്തലമുള്ളവരുമായി ബന്ധമുണ്ടെന്ന് കണ്ട് ശ്രീ. റ്റി. എസ്. ബൈജു, സിവിൽ എക്സൈസ് ഓഫീസറെ കൊല്ലം ജില്ലയിൽനിന്ന് തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ കെ.എസ്.ബി.സി. ഓഫീസിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

ശ്രീ. സന്തോഷ് കുമാർ, സിവിൽ എക്സൈസ് ഓഫീസറെ അച്ചടക്ക നടപടികളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽനിന്നും കൊല്ലം ജില്ലയിലെ ചടയമംഗലം റെയ്ഞ്ചിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

**നീര ഉൽപ്പാദനം**

105 (3736) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ നീര ഉൽപാദനത്തിനായുള്ള ലൈസൻസിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; ഏതെല്ലാം ഫെഡറേഷനുകളാണ്

ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) എക്സൈസിൽനിന്നും ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ നീര ഉൽപ്പാദനത്തിനായുള്ള ലൈസൻസിന് 12 നാളികേര ഉൽപ്പാദക ഫെഡറേഷനുകളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. താഴെപ്പറയുന്ന നാളികേര ഉൽപ്പാദക ഫെഡറേഷനുകളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് :

1. എടത്തനാട്ടുകര നാളികേര ഉൽപ്പാദക ഫെഡറേഷൻ
2. കാരകുറുശ്ശി നാളികേര ഉൽപ്പാദക ഫെഡറേഷൻ
3. നല്ലേപ്പുള്ളി നാളികേര ഉൽപ്പാദക ഫെഡറേഷൻ
4. കാഞ്ഞിരപ്പുഴ നാളികേര ഉൽപ്പാദക ഫെഡറേഷൻ
5. കൊഴിഞ്ഞാമ്പാറ നാളികേര ഉൽപ്പാദക ഫെഡറേഷൻ
6. പെരുമാട്ടി നാളികേര ഉൽപ്പാദക ഫെഡറേഷൻ
7. തെങ്കര നാളികേര ഉൽപ്പാദക ഫെഡറേഷൻ
8. ശ്രീകൃഷ്ണപുരം നാളികേര ഉൽപ്പാദക ഫെഡറേഷൻ
9. എരിമയൂർ നാളികേര ഉൽപ്പാദക ഫെഡറേഷൻ
10. മൂലത്തറ നാളികേര ഉൽപ്പാദക ഫെഡറേഷൻ
11. മുതലമട നാളികേര ഉൽപ്പാദക ഫെഡറേഷൻ
12. കിഴക്കഞ്ചേരി നാളികേര ഉൽപ്പാദക ഫെഡറേഷൻ

(ബി) ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014 പ്രകാരം ബോണഫൈഡ് ജാഗറി ഉൽപ്പാദകർ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർക്ക് നീര ഉൽപ്പാദനത്തിനും വിപണനത്തിനും അനുമതി നൽകിയിട്ടുണ്ട്. അതാത് ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരാണ് നീര ലൈസൻസ്

നൽകുന്നത്. ഓരോ സാമ്പത്തിക വർഷവും സർക്കാർ തീരുമാനിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഓരോ ജില്ലയിലും എത്ര യൂണിറ്റുകൾക്ക് ലൈസൻസ് നൽകണമെന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണറാണ് തീരുമാനമെടുക്കേണ്ടത്. അതാത് സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് ലൈസൻസ് നൽകുന്നത്. കള്ളുഷാപ്പുകളിൽ നീര വിപണനം നടത്താൻ പാടില്ല. നീര ലൈസൻസ് അബ്കാരി ആക്റ്റ് പ്രകാരം നിയന്ത്രിച്ചിട്ടുള്ളതിനാൽ നീര ലൈസൻസ് ലഭിച്ചിട്ടുള്ള വ്യക്തി ലൈസൻസ് നിബന്ധനകൾ ലംഘിക്കുന്ന പക്ഷം അബ്കാരി ആക്റ്റ് അനുശാസിക്കുംവിധമുള്ള ശിക്ഷണ നടപടികൾക്ക് വിധേയമാകുന്നതാണ്. നീര ലൈസൻസിന് അപേക്ഷിക്കുന്ന വ്യക്തി റ്റോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ ക്ഷേമനിധി വിഹിതം ഒടുക്കിയ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. നീര ലൈസൻസിനുള്ള അപേക്ഷ ഫോം നമ്പർ 1-ൽ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും ആയത് നിയമാനുസൃതമായി പരിശോധിച്ചശേഷം ടി ഉദ്യോഗസ്ഥൻ ഫോം നമ്പർ 2-ൽ ലൈസൻസ് അനുവദിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ അപേക്ഷ നിരസിക്കുന്നപക്ഷം ഇതിനുള്ള കാരണം അപേക്ഷകനെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിക്കേണ്ടതാണ്. നീര ചെത്തുന്നതിനുള്ള തെങ്ങുകൾ മാർക്ക് ചെയ്യുന്നതിനുള്ള അധികാരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരിൽ നിക്ഷിപ്തമാണ്. നീര ചെത്തുന്നതിന് കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായവരെ നിയോഗിക്കേണ്ടതും ഇത്തരത്തിലുള്ളവർ ഇല്ലാത്തപക്ഷം പരിശീലനം നേടിയ നീര ടെക്നീഷ്യന്മാരെ നിയോഗിക്കേണ്ടതുമാണ്. നീര ചെത്തുന്ന തെങ്ങുകളെ ട്രീ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഒരു അപേക്ഷകന് ഒരു നീര ലൈസൻസ് മാത്രം അനുവദിക്കുന്നതും ഒരു ലൈസൻസിക്ക് സൗകര്യപ്രദമാകുംവിധം പരമാവധി ചെത്താവുന്ന വൃക്ഷങ്ങളുടെ എണ്ണം 20 തെങ്ങുകളോ 20 പനയോ 10 ചൂണ്ട പനയോ ആയിരിക്കണമെന്നും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഓരോ വർഷം അനുവദിച്ച മാർക്ക് ചെയ്ത വൃക്ഷങ്ങളിൽനിന്നും മാത്രമേ നീര ചെത്തുവാൻ പാടുള്ളൂ.

**നീര ഉൽപ്പാദനം**

106 (3737) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :

<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപാദിപ്പിക്കാൻ അനുവാദം നൽകിയതിനുള്ള മാനദണ്ഡം

വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര ഫെഡറേഷനുകളാണ് അപേക്ഷിച്ചിട്ടുള്ളത്; ജില്ലതിരിച്ച് വിവരം ലഭ്യമാക്കുമോ ;

(സി) പാലക്കാട് ജില്ലയിലെ ഒൻപത് ഫെഡറേഷനുകൾ അപേക്ഷിച്ചിട്ടും ലൈസൻസ് നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014 പ്രകാരം ബോണഫൈഡ് ജാഗറി ഉൽപ്പാദകർ - കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവർക്ക് നീര ഉൽപ്പാദനത്തിനും വിപണനത്തിനും അനുമതി നൽകിയിട്ടുണ്ട്. അതാത് ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരാണ് നീര ലൈസൻസ് നൽകുന്നത്. ഓരോ സാമ്പത്തിക വർഷവും സർക്കാർ തീരുമാനിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഓരോ ജില്ലയിലും എത്ര യൂണിറ്റുകൾക്ക് ലൈസൻസ് നൽകണമെന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണറാണ് തീരുമാനമെടുക്കേണ്ടത്. അതാത് സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് ലൈസൻസ് നൽകുന്നത്. കള്ളുഷാപ്പുകളിൽ നീര വിപണനം നടത്താൻ പാടില്ല. നീര ലൈസൻസ് അബ്കാരി ആക്റ്റ് പ്രകാരം നിയന്ത്രിച്ചിട്ടുള്ളതിനാൽ നീര ലൈസൻസ് ലഭിച്ചിട്ടുള്ള വ്യക്തി ലൈസൻസ് നിബന്ധനകൾ ലംഘിക്കുന്ന പക്ഷം അബ്കാരി ആക്റ്റ് അനുശാസിക്കും വിധമുള്ള ശിക്ഷണ നടപടികൾക്ക് വിധേയമാകുന്നതാണ്. നീര ലൈസൻസിന് അപേക്ഷിക്കുന്ന വ്യക്തി റ്റോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ ക്ഷേമനിധി വിഹിതം ഒടുക്കിയ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. നീര ലൈസൻസിനുള്ള അപേക്ഷ ഫോം നമ്പർ 1-ൽ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും ആയത് നിയമാനുസൃതമായി പരിശോധിച്ച ശേഷം, ടി ഉദ്യോഗസ്ഥൻ ഫോം നമ്പർ 2-ൽ ലൈസൻസ് അനുവദിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ അപേക്ഷ നിരസിക്കുന്നപക്ഷം, ഇതിനുള്ള കാരണം അപേക്ഷകനെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിക്കേണ്ടതാണ്.നീര ചെത്തുന്നതിനുള്ള തെങ്ങുകൾ മാർക്ക് ചെയ്യുന്നതിനുള്ള അധികാരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരിൽ നിക്ഷിപ്തമാണ്. നീര ചെത്തുന്നതിന് കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായവരെ നിയോഗിക്കേണ്ടതും ഇത്തരത്തിലുള്ളവർ ഇല്ലാത്തപക്ഷം പരിശീലനം നടത്തിയ നീര ടെക്നീഷ്യന്മാരെ നിയോഗിക്കേണ്ടതുമാണ്. നീര ചെത്തുന്ന തെങ്ങുകളെ ട്രീ

ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഒരു അപേക്ഷകന് ഒരു നീര ലൈസൻസ് മാത്രം അനുവദിക്കുന്നതും ഒരു ലൈസൻസിക്ക് സൗകര്യപ്രദമാകുംവിധം പരമാവധി ചെത്താവുന്ന വൃക്ഷങ്ങളുടെ എണ്ണം 20 തെങ്ങുകളോ 20 പനയോ, 10 ചൂണ്ടപ്പനയോ ആയിരിക്കണമെന്നും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഓരോ വർഷം അനുവദിച്ച മാർക്ക് ചെയ്ത വൃക്ഷങ്ങളിൽനിന്നും മാത്രമേ നീര ചെത്തുവാൻ പാടുള്ളൂ.

(ബി)

| ജില്ല | അപേക്ഷ സമർപ്പിച്ചിട്ടുള്ള ഫെഡറേഷനുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11 |
| കൊല്ലം | 6 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 15 |
| കോട്ടയം | 1 |
| ഇടുക്കി | 1 |
| എറണാകുളം | 7 |
| തൃശ്ശൂർ | 12 |
| പാലക്കാട് | 12 |
| കോഴിക്കോട് | 65 |
| മലപ്പുറം | 34 |
| വയനാട് | 1 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 8 |
| ആകെ | 180 |

(സി) നീര റൂൾസ് 3(4) പ്രകാരം ഓരോ സാമ്പത്തിക വർഷവും സർക്കാർ തീരുമാനിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഓരോ ജില്ലയിലും എത്ര യൂണിറ്റുകൾക്ക് ലൈസൻസ് നൽകണമെന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണറാണ് തീരുമാനമെടുക്കേണ്ടത്. നടപ്പ് സാമ്പത്തിക വർഷം നീര റൂൾസ് 2014-ൽ നിഷ്കർഷിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഏതൊക്കെ ജില്ലകളിൽ എത്ര വീതം യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കണമെന്ന കാര്യം സർക്കാർ

പരിശോധിച്ചുവരികയാണ്.

## നീര ഉൽപ്പാദനത്തിന് ലൈസൻസ് കൊടുത്തത് സംബന്ധിച്ചുള്ള വിവരം

107 (3738) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉത്പ്പാദനത്തിന് ലൈസൻസ് കൊടുത്തത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിലെ എത്ര സംഘങ്ങൾക്കാണ് നിലവിൽ ലൈസൻസ് കൊടുത്തിട്ടുള്ളത് ;

(സി) പാലക്കാട് ജില്ലയിൽ ലൈസൻസിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) നീര ഉത്പ്പാദനത്തിന് മൊത്തം തെങ്ങുകളുടെ 10 ശതമാനം അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

| ജില്ല | ലൈസൻസ് നൽകിയിട്ടുള്ള ഫെഡറേഷനുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 2 |
| കൊല്ലം | 5 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 1 |
| (1) | (2) |
| കോട്ടയം | 1 |
| ഇടുക്കി | 1 |
| എറണാകുളം | 2 |
| തൃശ്ശൂർ | 1 |

| | |
|---|---|
| പാലക്കാട് | 1 |
| കോഴിക്കോട് | 45 |
| മലപ്പുറം | 1 |
| വയനാട് | 1 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 1 |
| ആകെ | 64 |

(ബി) പാലക്കാട് ജില്ലയിൽ മുതലമട നാളികേര ഉൽപ്പാദക ഫെഡറേഷനു മാത്രമാണ് നിലവിൽ ലൈസൻസ് കൊടുത്തിട്ടുള്ളത്.

(സി) പാലക്കാട് ജില്ലയിൽ ലൈസൻസിനായി ആകെ 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിൽനിന്നും ഒരു യൂണിറ്റിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

(ഡി) ഓരോ നീര ഉൽപ്പാദക യൂണിറ്റുകളും അവർക്ക് ലഭ്യമാകുന്നത്ര എണ്ണം തെങ്ങുകൾ നീര ചെത്തുന്നതിന് ഉപയോഗിക്കാവുന്നതും ചെത്തു തെങ്ങുകളുടെ എണ്ണത്തിൽ പ്രത്യേക നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

**നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള അനുമതി**

108 (3739) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള അനുമതി ഏത് തീയതിവരെ അപേക്ഷിച്ചവർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീയതിക്കുശേഷം അപേക്ഷിച്ചവർക്ക് ലൈസൻസ് എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ;

(സി) ലൈസൻസ് ലഭിക്കാനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ പെൻഡിംഗിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഓരോ സാമ്പത്തിക വർഷവും സർക്കാർ തീരുമാനിക്കുന്ന നിബന്ധനകൾ പ്രകാരമാണ് എക്സൈസ് കമ്മീഷണർ ഓരോ ജില്ലയ്ക്കും എത്ര വീതം യൂണിറ്റുകൾക്ക് നീര ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് നീര റൂൾസ് ചട്ടം 3(4)-ൽ നിഷ്കർഷിച്ചിരിക്കുന്നത്. നടപ്പു സാമ്പത്തിക വർഷം നീര റൂൾസ്

2014-ൽ നിഷ്കർഷിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഏതൊക്കെ ജില്ലകളിൽ എത്ര ലൈസൻസുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) 115 അപേക്ഷകൾ ഇപ്പോൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്.

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

109 (3740) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപഭോഗം, കൈവശം സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ഓരോ ജില്ലയിലും നടത്തിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജില്ലാതല വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപഭോഗം, കൈവശം സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) എല്ലാ ജില്ലകളിലും ശക്തവും വിപുലവുമായ ബോധവൽക്കരണ പരിപാടികളാണ് നടത്തിയിട്ടുള്ളത്. റാലികൾ, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, എക്സിബിഷനുകൾ, ലഹരി വിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ, മൈക്ക് അനൗൺസ്മെന്റ് മുതലായവ ഇതിനോടനുബന്ധിച്ച പ്രവർത്തനങ്ങളായിരുന്നു. ഉത്സവങ്ങളോടനുബന്ധിച്ച് ബോധവൽക്കരണ സ്റ്റാളുകൾ ഒരുക്കിയിട്ടുണ്ട്.

2012 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ കേരളത്തിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

13 ജില്ലകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി പ്രൊഫ. ഗോപിനാഥ് മുതുകാടിന്റെ "മാജിക് വിത്ത് എ മിഷൻ" എന്ന പരിപാടി നടത്തുകയുണ്ടായി.

എല്ലാ ജില്ലകളിലും എക്സൈസ് വകുപ്പ് അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിവിധ ബോധവൽക്കരണ പ്രചരണ പരിപാടികൾ എല്ലാ വർഷങ്ങളിലും നടത്തിവരുന്നുണ്ട്.

ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളിൽനിന്നും ലഹരിക്കെതിരെയുള്ള ആശയങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ ക്ഷണിക്കുകയുണ്ടായി. ടി പോസ്റ്ററുകളുടെ ഒരു പ്രദർശനം തിരുവനന്തപുരം മ്യൂസിയം ഹാളിൽ വച്ച് 2012 ആഗസ്റ്റ് മാസം 6, 7 തീയതികളിൽ നടത്തി.

എക്സൈസ് വകുപ്പ് ഗാന്ധിജയന്തി വാരാഘോഷം മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവൽക്കരണ വാരമായി ആഘോഷിച്ചുവരുന്നുണ്ട്.

സന്നദ്ധ സംഘടനകളുടെയും, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ടി.വി., എഫ്.എം. റേഡിയോ, മാസിക തുടങ്ങി ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ പുറത്ത് മൂന്ന് വശങ്ങളിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ പരസ്യങ്ങൾ പതിച്ച് പ്രചാരണം നടത്തിയിട്ടുണ്ട്.

റയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാന്റുകളിലും സി.സി.ടി.വി. ബോധവൽക്കരണ പരസ്യങ്ങൾ വഴി പ്രചാരണം നടത്തിയിട്ടുണ്ട്.

റെയിൽവേ സ്റ്റേഷനുകളിൽ ലഹരി വിരുദ്ധ അനൗൺസ്മെന്റ് നടത്തുകയുണ്ടായി.

സി.യു.ജി. അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 376 ഡിപ്പാർട്ടുമെന്റ് മൊബൈൽ സിം കാർഡിലൂടെ ലഹരി വിരുദ്ധ സന്ദേശം റിംങ് ടോണായി ഇപ്പോൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ ആരംഭിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ എണ്ണം 1298 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, തെരുവ് നാടകങ്ങൾ, ചിത്ര പ്രദർശനങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, റാലികൾ, കൂട്ട ഓട്ടം, പോസ്റ്റർ പ്രദർശനങ്ങൾ, പോസ്റ്റർ രചനാ മത്സരങ്ങൾ മുതലായവ നടത്തി

സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ മാതൃകയിൽ കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മാസ്റ്റർ ട്രെയിനർമാരായി തെരഞ്ഞെടുത്ത 243 എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**ലഹരി വസ്തുക്കളുടെ ഉപഭോഗ വർദ്ധനവിനെതിരെ നടപടി**

110 (3741) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും ഉപഭോഗം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിൽ കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം വർദ്ധിക്കാനുള്ള കാരണം വിശദമാക്കാമോ; കഞ്ചാവ് വിൽപ്പന തടയാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് എക്സൈസ് വകുപ്പ് പുതുതായി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് മയക്കുമരുന്നുകൾ കടത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) കേരളത്തിലെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വർദ്ധിച്ചുവരുന്ന കഞ്ചാവ് വിൽപ്പന ഉൾപ്പെടെയുള്ള നിയമവിരുദ്ധ ലഹരി ഉപയോഗം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതുമായി ബന്ധപ്പെട്ട് എത്ര

കേസ്സുകൾ എടുത്തു ; എത്ര പേരെ അറസ്റ്റ് ചെയ്തു ; എത്ര കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്ര കേസ്സുകൾ വെറുതെ വിട്ടു ?

ഉത്തരം

(എ) ഉണ്ട്. 932 കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും വിൽപ്പന തടയുന്നതിന് റെയ്ഡുകളും വാഹന പരിശോധനയും കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കഞ്ചാവിന്റെയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വിൽപ്പന എന്നിവ തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കിവരുന്നുണ്ട്. കൂടാതെ റെയിൽവെ സ്റ്റേഷൻ, പാർസൽ സർവ്വീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തിവരുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും അന്യസംസ്ഥാന തൊഴിലാളികൾ മയക്കമരുന്നുകൾ ഉപയോഗിക്കുന്നതും കടത്തിക്കൊണ്ടുവരുന്നതും തടയുന്നതിനുവേണ്ടി ടി ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലും ജോലി ചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നു. സമൂഹത്തിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചുംപ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും മയക്കുമരുന്ന് വിൽപ്പന സംബന്ധിച്ച പരാതികൾ ശേഖരിക്കുന്നതിനായി വിവരശേഖരണപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് കഞ്ചാവിന്റെ വിതരണവും വിൽപ്പനയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് 233 കേസ്സുകൾ എടുക്കുകയും 254 പേരെ

അറസ്റ്റു ചെയ്യുകയും 29 പ്രതികൾ ശിക്ഷിക്കപ്പെട്ടുകയും ചെയ്തിട്ടുണ്ട്.

**മദ്യ വിൽപ്പനയുടെയും മദ്യ ഉപഭോഗത്തിന്റെയും കണക്കുകൾ**

111 (3742) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയത്തിനു മുൻപ് സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) പുതിയ മദ്യനയത്തിനു ശേഷം സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) 2014-ൽ ബിവറേജസ് കോർപ്പറേഷൻവഴിയും ബാറുകൾവഴിയും വിറ്റഴിച്ച മദ്യത്തിന്റെ ഓരോ മാസത്തെയും കണക്ക് ലഭ്യമാക്കുമോ ; വിറ്റഴിച്ച മദ്യത്തിന്റെ അളവ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പുതിയ മദ്യനയത്തിനു മുമ്പ് സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിലുള്ളത് അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) പുതിയ മദ്യനയത്തിനു ശേഷം സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) 2014-ൽ ബിവറേജസ് കോർപ്പറേഷൻവഴിയും ബാറുകൾവഴിയും വിറ്റഴിച്ച മദ്യത്തിന്റെ ഓരോ മാസത്തെയും കണക്ക്, അളവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-III-ഉം IV-ഉം ആയി ചേർക്കുന്നു.*

**എക്സൈസ് ജീവനക്കാർക്ക് കാന്റീൻ സൗകര്യം**

112 (3743) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വിഭാഗം ജീവനക്കാർക്ക് സൗജന്യ നിരക്കിൽ സാധനങ്ങൾ വാങ്ങുന്നതിനായി പോലീസ് വിഭാഗത്തിൽ നൽകി വരുന്നതുപോലെ കാന്റീൻ സൗകര്യം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏർപ്പെടുത്തുന്ന കാര്യം പരിഗണയിലുണ്ടോ ;

(ബി) എക്സൈസ് വിഭാഗം ജീവനക്കാർക്കും കാന്റീൻ സൗകര്യം ഏർപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ&ബി) പോലീസ് ഉദ്യോഗസ്ഥർക്ക് അനുവദിച്ച കാന്റീൻ സൗകര്യം പൂർണ്ണമായും പ്രാവർത്തികമായതിനുശേഷം ആയതിന്റെ സാമ്പത്തിക ബാദ്ധ്യത പരിശോധിച്ചതിനുശേഷം മാത്രമേ പ്രസ്തുത കാന്റീൻ സൗകര്യം എക്സൈസ് വകുപ്പിന് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

**എക്സൈസ് റേഞ്ച് ഓഫീസുകൾ**

113 (3744) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ജനുവരിക്ക് ശേഷം സംസ്ഥാനത്ത് പുതുതായി എക്സൈസ് റേഞ്ച് ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടങ്ങളിലൊക്കെയാണ് സ്ഥാപിച്ചത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പുതുതായി രൂപീകരിച്ച താലൂക്കുകളിൽ സർക്കിൾ ഓഫീസുകളും റേഞ്ച് ഓഫീസുകളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ഇ) വെള്ളരിക്കുണ്ടിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നത് പരിഗണനയിലാണെന്ന നികുതി വകുപ്പ് (എഫ്)-ന്റെ 15-10-2013-ലെ 24549/ എഫ് 3/2011 നമ്പർ ഫയൽ പ്രകാരമുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18-5-2013-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 106/13/നി.വ. നമ്പർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ എരുമേലിയിൽ ഒരു എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിച്ചിട്ടുണ്ട്.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) വെള്ളരിക്കുണ്ടിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്ന വിഷയം 24549/എഫ്3/11/റ്റി.ഡി. നമ്പർ ഫയലിൽ പരിശോധിക്കവെ സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തികനില പരിഗണിച്ച് 1-4-2015 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി. ആകയാൽ ഈ സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**എക്സൈസ് സേനയുടെ സേവനം മെച്ചപ്പെടുത്താൻ നടപടി**

114 (3745) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് സേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിലുള്ള എക്സൈസ് നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ഇൻസർവ്വീസ് പരിശീലനം നൽകുന്നുണ്ടോ ;

(സി) എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ ഉന്നതതല സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിൽ നിലവിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ 90 പ്രവൃത്തി ദിവസം നീണ്ടുനിൽക്കുന്ന പ്രാഥമിക പരിശീലനവും എക്സൈസ് ഡ്രൈവർമാരുടെ 3 മാസത്തെ പരിശീലനവും വനിത സിവിൽ എക്സൈസ് ഓഫീസർമാർക്ക് 90 ദിവസത്തെ

പരിശീലനവും നടത്തിവരുന്നു. കൂടാതെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികകളിലുള്ളവർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടെ നടത്തിവരുന്നു. ആയുധ പരിശീലനം നടത്തുന്നതിന് സൗകര്യം ഇല്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ (നേരിട്ട് നിയമിക്കപ്പെടുന്നവർ) തസ്തികയിലുള്ളവരുടെ പ്രാഥമിക പരിശീലനം നടത്തിവരുന്നത് നിലവിൽ കേരള പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും വച്ചാണ്. ഇവരുടെ പരിശീലനവും കൂടി എക്സൈസ് അക്കാദമിയിൽ വച്ച് നടത്തുന്നതിനുവേണ്ടി എക്സൈസ് അക്കാദമിയിൽ ഒരു ആയുധപ്പുര 2014-15 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി 30 പേരടങ്ങുന്ന 9 ബാച്ചുകളിലായി 270 എക്സൈസ് ഉദ്യോഗസ്ഥർക്ക് 3 ദിവസം വീതമുള്ള പരിശീലനം ഈ വർഷം നടത്തിയിട്ടുണ്ട്. കൂടാതെ 2003-ലെ സിഗരറ്റ് & അദർ ടുബാക്കോ പ്രോഡക്ട്സ് ആക്ട് അനുസരിച്ച് കേസുകൾ എടുക്കുന്നത് സംബന്ധിച്ച് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള 45 പേർക്ക് എക്സൈസ് അക്കാദമിയിൽ വെച്ച് 15-12-2014-ന് ഒരു പരിശീലന പരിപാടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2013-14 വർഷം കർണ്ണാടക സംസ്ഥാനത്തെ സബ് ഇൻസ്പെക്ടർ ഓഫ് എക്സൈസ് മുതൽ സൂപ്രണ്ട് ഓഫ് എക്സൈസ് തസ്തികയിലുള്ളവർക്ക് എൻ.ഡി.പി.എസ്./എം.ആന്റ് ടി.പി. കേസുകൾ കണ്ടെത്തി കുറ്റപത്രം സമർപ്പിക്കുന്ന വിഷയത്തിൽ 4 ദിവസം വീതം ദൈർഘ്യമുള്ള പരിശീലന പരിപാടി നടത്തിയിട്ടുള്ളതാണ്. ആകെ 12 ബാച്ചുകളിലായി 240 പേർക്ക് ഇപ്രകാരം പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ഇൻസർവ്വീസ് പരിശീലനം നൽകുന്നുണ്ട്. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള തസ്തികയിലുള്ളവർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടെ നടത്തിവരുന്നു.

(സി) എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ നിരീക്ഷിക്കുന്നതു കൂടാതെ പോലീസ് സേനയിലെ എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിഭാഗവും ഓഫീസ് സംബന്ധമായ കാര്യങ്ങൾ പരിശോധിക്കുവാൻ എക്സൈസിലെ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു ഇന്റേണൽ ആഡിറ്റ് വിഭാഗവും എക്സൈസ് വകുപ്പിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ പോലീസ് സേനയിലെ എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ എക്സൈസ് വിജിലൻസ് വിഭാഗത്തെയും എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കുവാൻ പോലീസ് സേനയിലെ എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ അഡീഷണൽ എക്സൈസ് കമ്മീഷണറായും നിയോഗിച്ചിട്ടുണ്ട്.

**എക്സൈസ് അക്കാദമി**

115 (3746) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എക്സൈസ് അക്കാദമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എല്ലാം എക്സൈസ് ഉദ്യോഗസ്ഥരെയും പരിശീലിപ്പിക്കുന്നതിന് അക്കാദമി പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിനും ആവശ്യമായ ബോധനരീതി ഇവിടെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-12-2003-ലെ ജി.ഒ. (എംഎസ്.)194/2003/നി.വ. നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ താലൂക്കിൽ അരണാട്ടുകര വില്ലേജ് പൂത്തോൾ ദേശത്ത് സർവ്വേ നമ്പർ 711 പ്രകാരം 2.74 ഏക്കർ വരുന്ന ഡിപ്പാർട്ടുമെന്റ് വക ഭൂമിയിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ മുഴുവൻ ജീവനക്കാർക്കും അടിസ്ഥാന പരിശീലനം നൽകുക എന്ന

ഉദ്ദേശ്യലക്ഷ്യത്തോടുകൂടി 1-1-2004-ൽ സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ പ്രിൻസിപ്പാളായും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ (വൈസ് പ്രിൻസിപ്പാൾ) സ്പെഷ്യൽ ആഫീസറായും 2 സർക്കിൾ ഇൻസ്പെക്ടർമാരും 2 പ്രിവന്റീവ് ആഫീസർമാരും 2 ഓഫീസ് അറ്റൻഡന്റ്1 ഡ്രൈവർ, 2 കുക്ക്, 1 പാർട്ട് ടൈം സ്വീപ്പർ, 6 കാഷ്വൽ സ്വീപ്പർമാർ എന്നീ ക്രമത്തിലുള്ള ജീവനക്കാരും ഇപ്പോൾ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. സ്റ്റേറ്റ് എക്സൈസ് അക്കാദമിയിൽ 50 സിവിൽ എക്സൈസ് ആഫീസർമാർ അടങ്ങുന്ന ആദ്യ ബാച്ചിന്റെ പരിശീലനം 2-9-2010-ൽ ആരംഭിച്ചു. തുടർന്ന് നാളിതുവരെ 12 ബാച്ചുകളിലായി 683 സിവിൽ എക്സൈസ് ആഫീസർമാർക്ക് 90 പ്രവൃത്തി ദിവസം വീതമുള്ള പ്രാഥമിക പരിശീലനം നൽകിയിട്ടുള്ളതാണ്. കൂടാതെ 2 ബാച്ചിൽ 56 എക്സൈസ് ഡ്രൈവർമാരുടെയും പ്രാഥമിക പരിശീലനം പൂർത്തിയായിട്ടുള്ളതാണ്. 1-ാം മത് ബാച്ചിൽ 90 വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ പരിശീലനം ഇപ്പോൾ നടന്നുവരുന്നു. ഏഴ് പാസ്സിംഗ് ഔട്ട് പരേഡുകൾ ഈ അക്കാദമിയിൽ വച്ച് ഇതിനോടകം തന്നെ നടത്തിയിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരേയും പരിശീലിപ്പിച്ച് ബൗദ്ധികവും കായികവുമായ ശേഷി പരിപോഷിപ്പിച്ച് അബ്കാരിയും, അനുബന്ധ നിയമങ്ങൾ എന്നിവയിൽ പരിജ്ഞാനം നൽകി അവരെ അച്ചടക്കവും കാര്യശേഷിയും സാമൂഹിക പ്രതിബദ്ധതയുള്ള ഉത്തമവ്യക്തിത്വമുള്ള ഉദ്യോഗസ്ഥരായി മാറ്റി എടുക്കലാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി&ഡി) പൂർണ്ണമായും പര്യാപ്തമല്ല. അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുധപരിശീലനം നടത്തുന്നതിന് സൗകര്യമില്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ (നേരിട്ട് നിയമിക്കപ്പെടുന്നവർ) തസ്തികയിലുള്ളവർക്ക് ആയുധ പരിശീലനവും കൂടി എക്സൈസ് അക്കാദമിയിൽ വച്ച് നടത്തുന്നതിനുവേണ്ടി എക്സൈസ് അക്കാദമിയിൽ ഒരു ആയുധപ്പുര 2014-15 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിന് ആവശ്യമായ ബോധനരീതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ**

116 (3748) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്യനയത്തിലെ പ്രഖ്യാപന പ്രകാരം സംസ്ഥാനത്തെ മുഴുവൻ ബിവറേജ്

ഔട്ട്ലെറ്റുകളും എന്നത്തേക്ക് അടച്ചുപൂട്ടാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

2014-15 വർഷത്തെ മദ്യനയം അനുസരിച്ച് ഓരോ വർഷവും 10% വീതം എഫ്.എൽ-1 ഷോപ്പുകൾ അടച്ചുപൂട്ടാനാണ് ഉത്തരവായിട്ടുള്ളത്. അതനുസരിച്ച് അടുത്ത പത്ത് വർഷംകൊണ്ട് സംസ്ഥാനത്തെ മുഴുവൻ എഫ്.എൽ-1 ഷോപ്പുകളും അടച്ചുപൂട്ടാൻ കഴിയും.

**ബിവറേജസ് കോർപ്പറേഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ**

117 (3749) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ ഭാഗമായി സർക്കാർ/സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രത്യേകസംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശങ്ങളെന്തെല്ലാം ?

ഉത്തരം

(എ&ബി) ബിവറേജസ് കോർപ്പറേഷൻ 2012-13 കാലയളവിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 3.50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 9-6-2014-ലെ ജി.ഒ.(എം എസ്) നമ്പർ 86/2014/നി.വ. ഉത്തരവ് പ്രകാരം 3.50 കോടി രൂപയിൽനിന്നും 1,00,35,840 രൂപ തെരഞ്ഞെടുക്കപ്പെട്ട 11 ലഹരി വിമുക്ത

കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുകയായ 2,49,64,160-ൽനിന്നും 1 കോടി രൂപ അർഹരായ അന്ധർക്ക് 500 ബ്രയിലി കമ്പ്യൂട്ടറുകളും 1500 വാക്കിങ് സ്റ്റിക്കുകളും വാങ്ങുന്നതിലേക്കായി നീക്കിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി എക്സൈസ് കമ്മീഷണർ ചെയർമാനായും കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറായും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, ഒരു സാമൂഹ്യ പ്രവർത്തക എന്നിവർ മെമ്പർമാരായുള്ള സംസ്ഥാനതല സമിതിയും ജില്ലാകളക്ടർ ചെയർമാനായും ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും ജില്ലാ സാമൂഹ്യ നീതി വെൽഫെയർ ഓഫീസർ, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നിവർ മെമ്പർമാരുമായി ജില്ലാതല സമിതികളും രൂപീകരിച്ചിട്ടുണ്ട്.

**മദ്യത്തിന് സെസ്സ്**

118 (3750) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണത്തിനു തുക കണ്ടെത്തുന്നതിനായി മദ്യത്തിന് സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതിവർഷം പ്രസ്തുത ഇനത്തിൽ എന്ത് തുക പിരിച്ചെടുക്കാനാകുമെന്ന് കരുതുന്നു ;

(സി) കെ.എസ്.ബി.സി. എത്ര ശതമാനം സെസാണ് ഇതിനായി ചുമത്തിയിരിക്കുന്നത് ;

(ഡി) സെസ് നിരക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണത്തിനായി മദ്യത്തിന് 1% സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രതിവർഷം ഈ ഇനത്തിൽ എത്ര തുക പിരിച്ചെടുക്കാൻ കഴിയുമെന്നത് മദ്യത്തിന്റെ വിൽപ്പനയെ ആശ്രയിച്ചിരിക്കും. 2012-13-ൽ 26.02 കോടി രൂപയും 2013-14-ൽ 44.03 കോടി രൂപയും 2014-15 ഒക്ടോബർ വരെ 28.20 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

(സി) വിദേശമദ്യത്തിന്റെയും ബിയറിന്റെയും വിൽപ്പന നികുതിയുടെ 1% ആണ് മെഡിക്കൽ സെസ് ആയി ചുമത്തിയിരിക്കുന്നത്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**മദ്യപാനവും മദ്യവ്യാപാരവും അയോഗ്യതയാക്കാൻ നടപടി**

119 (3751) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയത്തിന്റെ ഭാഗമായി മദ്യപാനവും മദ്യവ്യാപാരവും ഏതെങ്കിലും മേഖലകളിൽ അയോഗ്യതയായി കണക്കാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് ഇവ അയോഗ്യതയായി കണക്കാക്കണമെന്ന അഭിപ്രായത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

(സി) മദ്യപിക്കുന്നതിന്റെയും മദ്യവ്യാപാരം നടത്തുന്നതിന്റെയും പേരിൽ സർക്കാരിന്റെ ഏതെങ്കിലും ഔദ്യോഗിക പദവി വഹിക്കുന്നവരെ തൽസ്ഥാനത്തു നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ആർക്കെല്ലാം മദ്യം വിൽക്കാൻ പാടില്ലെന്നാണ് നിലവിൽ വ്യവസ്ഥയുള്ളത് ; പ്രായപൂർത്തിയായിട്ടുള്ള മറ്റേതെങ്കിലും വിഭാഗക്കാരെ ഈ വിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്താനുദ്ദേശമുണ്ടോ ; മദ്യനയത്തിന്റെ

അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) നിലവിലുള്ള അബ്കാരി ഡിസ്പോസൽ റൂൾസ് പ്രകാരം ചുവടെ പറയുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് മദ്യം വിൽക്കാൻ പാടില്ല :

1. ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ, ക്യാമ്പ് ഫോളോവേഴ്സ്
2. ഡ്യൂട്ടിയിലുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക്
3. ഡ്യൂട്ടിയിലുള്ള റെയിൽവെ ഉദ്യോഗസ്ഥന്മാർക്ക്
4. ഡ്യൂട്ടിയിലുള്ള മോട്ടോർ വാഹന ഡ്രൈവർമാർക്ക്
5. അലഞ്ഞുതിരിഞ്ഞു നടക്കുന്നവർക്ക്
6. 21 വയസ്സിനു താഴെ പ്രായമുള്ളവർക്ക്
7. ബുദ്ധിസ്ഥിരതയില്ലാത്തവർക്ക്
8. ലഹരി വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ട് എന്ന് കരുതാവുന്ന ആളുകൾക്ക്
9. മദ്യം വാങ്ങുന്നതിന് കമാൻഡിംഗ് ഓഫീസറിൽനിന്ന് പ്രത്യേക അനുവാദം ഇല്ലാത്ത സൈനിക ഉദ്യോഗസ്ഥർക്ക്

പുതുതായി ആരെയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

**വ്യാജചാരായം റെയ്ഡുകൾ**

120 (3752) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യാജചാരായം പിടിച്ചെടുക്കുന്നതിനുള്ള എത്ര റെയ്ഡുകൾ നടന്നു എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റെയ്ഡുകളിലൂടെ എത്ര ലിറ്റർ വ്യാജചാരായം/മദ്യം ആണ് പിടിച്ചെടുത്തതെന്ന് അറിയിക്കാമോ ; ഇക്കാലയളവിൽ എത്ര വ്യാജചാരായ കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രായപൂർത്തിയാകാത്തവരുടെ പേരിലും ആദിവാസി മേഖലകളിലും ഇത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത കേസുകളിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ; എത്ര കേസുകളിൽ പ്രതികളെ ശിക്ഷിക്കുകയുണ്ടായി; കോടതിയിൽ സമർപ്പിക്കപ്പെട്ട കുറ്റപ്പത്രത്തിൽ റദ്ദ് ചെയ്യപ്പെട്ടവ എത്ര ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജചാരായം പിടിച്ചെടുക്കുന്നതിനുള്ള എത്ര റെയ്ഡുകൾ നടത്തി എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത റെയ്ഡുകളിലൂടെ 17547 ലിറ്റർ വ്യാജചാരായം 29925 ലിറ്റർ മദ്യം എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. 2757 വ്യാജചാരായ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) ഉണ്ട്. പ്രായപൂർത്തിയാകാത്തവരുടെ പേരിൽ 2 കേസ്സുകളും ആദിവാസി മേഖലകളിൽ 150 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 2757 കേസ്സുകളിലായി ചാർജ് ഷീറ്റ് കോടതി മുമ്പാകെ സമർപ്പിക്കുകയും അതിൽ 363 പ്രതികളെ നാളിതുവരെ ശിക്ഷിച്ചിട്ടുമുണ്ട്. കോടതിയിൽ സമർപ്പിക്കപ്പെട്ട കുറ്റപത്രത്തിൽ ഒന്നുംതന്നെ റദ്ദ് ചെയ്തിട്ടില്ല.

**മദ്യനയത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ടവർ**

121 (3753) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനയത്തിന്റെ ഭാഗമായി അടച്ചുപൂട്ടപ്പെട്ട ബാറുകളിലും ബിവറേജ് ഔട്ട്ലെറ്റുകളിലുമായി തൊഴിൽ നഷ്ടപ്പെട്ടവർക്ക് എത്ര രൂപയുടെ സമാശ്വാസം പ്രഖ്യാപിച്ചെന്ന് വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ ഇതിനകം എത്ര പേർക്ക് എത്ര തുക വീതം ആകെ എത്ര തുക സമാശ്വാസം നൽകിയെന്ന് വിശദമാക്കാമോ ;

(സി) തൊഴിൽ നഷ്ടപ്പെട്ട് ബാർ തൊഴിലാളികൾ ആത്മഹത്യയിലേക്ക് തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനകം എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തെന്ന് വെളിപ്പെടുത്താമോ ;

(ഡി) കൂട്ട ആത്മഹത്യ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) അടച്ചുപൂട്ടപ്പെട്ട ബാറുകളിലെ രജിസ്റ്റേർഡ് തൊഴിലാളികൾക്ക് 5000 രൂപ വീതം ഓണക്കാലത്ത് സമാശ്വാസം നൽകി. ഡിസംബർ മാസത്തിൽ 10,000 രൂപയും ആത്മഹത്യ ചെയ്ത ബാർ തൊഴിലാളികളുടെ കുടുംബത്തിന് 2 ലക്ഷം രൂപ വീതവും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇതിനകം 5851 പേർക്ക് 5000 രൂപ വീതം ആകെ 2,92,55,000 രൂപ സമാശ്വാസമായി നൽകിയിട്ടുണ്ട്.

(സി) നാല് തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ബാർ ഹോട്ടലുകൾ പൂട്ടുന്നതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി 'പുനർജനി 2030 ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

**അട്ടപ്പാടിയിലെ സമ്പൂർണ്ണ മദ്യ നിരോധനം**

122 (3754) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയ അട്ടപ്പാടിയിൽ ഇപ്പോൾ മദ്യം ലഭ്യമാണോ; ആണെങ്കിൽ എങ്ങനെയെല്ലാമാണ് മദ്യം ലഭ്യമാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മദ്യത്തിന്റെ നിർമ്മാണം, വിതരണം, കൈവശംവയ്ക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര കേസ്സുകൾ അട്ടപ്പാടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട്; എത്ര മദ്യം പിടിച്ചെടുക്കുകയോ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ട് ;

(സി) അട്ടപ്പാടിയിൽനിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ വ്യാജമദ്യം

കണ്ടെത്തുകയോ പിടിച്ചെടുക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) മദ്യ ഉപയോഗം നിരുത്സാഹപ്പെടുത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയ അട്ടപ്പാടിയിൽ തമിഴ്നാട് TASMAC ഷോപ്പുകളിൽനിന്നും മദ്യം വ്യാജമായി കടത്തിക്കൊണ്ടുവന്ന് ഉപയോഗിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതോടൊപ്പം വ്യാജവാറ്റ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി മേഖലകളിലെ വനാന്തരങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പട്രോളിംഗും നടത്തിവരുന്നുണ്ട്.

(ബി&സി) മദ്യത്തിന്റെ നിർമ്മാണം, വിതരണം, കൈവശംവയ്ക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 397 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പ് 2014 റെയ്ഡുകൾ നടത്തുകയും 517.9 ലിറ്റർ ചാരായം, 573.96 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, 197 ലിറ്റർ അരിഷ്ടം, 1,27,217 ലിറ്റർ വാഷ് എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 90 കേസ്സുകളിലായി 65 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഡി) അട്ടപ്പാടിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനമൈത്രി സ്ക്വാഡ് രൂപീകരിച്ചും പാലക്കാട് സ്പെഷ്യൽ സ്ക്വാഡ്, അഗളി റെയ്ഞ്ച്, മണ്ണാർക്കാട് സർക്കിൾ ഓഫീസ് എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പട്രോളിംഗും നടത്തിവരുന്നുണ്ട്. പോലീസ്, വനം എന്നീ വകുപ്പുകളുമായിച്ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും അതിൽ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നുമുണ്ട്.

## കൊണ്ടോട്ടിയിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും

123 (3755) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ആസ്ഥാനമായി ഒരു എക്സൈസ് റെയ്ഞ്ച് ഓഫീസ് വേണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) മലപ്പുറം എക്സൈസ് സർക്കിൾ ഓഫീസ് ഇപ്പോൾ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇത് മലപ്പുറത്തേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ കൊണ്ടോട്ടിയിൽ പുതിയ സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. എക്സൈസ് സർക്കിൾ ഓഫീസ് മഞ്ചേരിയിലാണ് പ്രവർത്തിക്കുന്നത്.

(സി) പരിഗണനയിലില്ല.

(ഡി) പരിശോധിച്ചുവരുന്നു.

**പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളുടെ സമീപവും മയക്കമരുന്നും കഞ്ചാവും വിൽപ്പന തടയാൻ നടപടി**

124 (3756) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളുടെ സമീപവും മയക്കമരുന്നിന്റെയും കഞ്ചാവിന്റെയും വിൽപ്പന തടയുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പൊതുജനങ്ങൾ ഫോൺ മുഖേനയോ കത്തിലൂടെയോ അറിയിപ്പു നൽകിയാൽ നാർക്കോട്ടിക് വിഭാഗം നടത്തുന്ന തുടർനടപടികൾ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ 2014 ഓഗസ്റ്റ് മാസം മുതൽ നവംബർ 30 വരെ ഫോൺ മുഖേനയും അല്ലാതെയും എത്ര പരാതികൾ കിട്ടിയിട്ടുണ്ട്; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; ശ്രീകാര്യത്തു നിന്നും പരാതി ലഭിച്ചിട്ടുണ്ടോ ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതു സ്ഥലങ്ങളിലും സ്കൂൾ കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും കഞ്ചാവും മയക്കമരുന്നും വിൽപ്പന നടത്തുന്നത് തടയുവാനും കണ്ടുപിടിക്കുവാനും ശക്തമായ രഹസ്യ നിരീക്ഷണങ്ങളും റെയ്ഡുകളും നടത്തിവരുന്നുണ്ട്. കഞ്ചാവിന്റെയും മയക്കമരുന്നുകളുടെയും വില്പനയ്ക്കെതിരെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകൾ

എന്നിവയുമായി സഹകരിച്ച് റെയ്ഡുകൾ നടത്തി വരുന്നതോടൊപ്പം ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും മയക്കുമരുന്ന് വിൽപ്പന സംബന്ധിച്ച പരാതികൾ ശേഖരിക്കുന്നതിനായി വിവരശേഖരണപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് കഞ്ചാവിന്റെ വിതരണവും വില്പനയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കഞ്ചാവും മയക്കുമരുന്നും വില്പന സംബന്ധിച്ച് പൊതുജനങ്ങൾ ഫോൺ മുഖേനയോ കത്തിലൂടെയോ അറിയിപ്പ് നൽകിയാൽ ടി വിവരം രജിസ്റ്റർ ചെയ്ത് ഉടൻതന്നെ പ്രാഥമിക അന്വേഷണം നടത്തി പരാതിയിൽ കഴമ്പുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ നിയമാനുസൃതം കേസ്സ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ 2014 ഓഗസ്റ്റ് മാസം മുതൽ നവംബർ 30 വരെ 57 പരാതികൾ ലഭിക്കുകയും വിശദമായ പരിശോധനകൾ നടത്തി 15 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ശ്രീകാര്യത്തു നിന്നും പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

**തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി മാറ്റിയ നടപടി**

125 (3757) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓർഡിനൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) തുറമുഖ വകുപ്പിലെ ജീവനക്കാർക്ക് നിലവിൽ സർക്കാർ ജീവനക്കാർ എന്ന നിലക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കേരള മാരിടൈം ബോർഡ് രൂപീകരിച്ചാൽ ലഭ്യമാക്കുമോ ;

(സി) കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷനെ കേരള മാരിടൈം ബോർഡിൽ ലയിപ്പിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) തുറമുഖ വകുപ്പിന്റെ ഭാഗമായ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഇ) ബോർഡിലേക്ക് ജീവനക്കാരെ മാറ്റുമ്പോൾ താല്പര്യമുള്ള ജീവനക്കാർക്ക് മറ്റ് വകുപ്പുകളിലേയ്ക്ക് പോകുവാൻ ഓപ്ഷൻ സൗകര്യം നൽകുമോ ; വ്യക്തമാക്കുമോ ;

(എഫ്) ഹിന്ദു ധർമ്മ സ്ഥാപന (ഭരണ) വകുപ്പിനെ മലബാർ ദേവസ്വം

ബോർഡ് ആക്കി മാറ്റിയപ്പോൾ അവിടെ നിലവിലുണ്ടായിരുന്ന ജീവനക്കാരെ സർക്കാർ ജീവനക്കാരായി നിലനിർത്തിയ അതേ വ്യവസ്ഥകൾ തുറമുഖ വകുപ്പിൽ നിലവിലുള്ള ജീവനക്കാർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓർഡിനൻസിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) മാരിടൈം ബോർഡ് ഓർഡിനൻസ് സെക്ഷൻ 16 (f), സെക്ഷൻ 17 പ്രകാരം തുറമുഖ വകുപ്പിലെ നിലവിലുള്ള എല്ലാ സർക്കാർ ജീവനക്കാരേയും നിർദ്ദിഷ്ട മാരിടൈം ബോർഡിലെ ജീവനക്കാരാക്കി മാറ്റിയിട്ടുണ്ട്. സെക്ഷൻ 18 പ്രകാരം ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, പെൻഷൻ ഫണ്ട് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും ബോർഡിലേക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജീവനക്കാരുടെ മാസ ശമ്പളം, പെൻഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും നൽകേണ്ടത് കേരള മാരിടൈം ബോർഡിന്റെ ബാദ്ധ്യതയാണ്.

(സി) ഉണ്ട്. നിർദ്ദിഷ്ട ഓർഡിനൻസ് സെക്ഷൻ 10 പ്രകാരം കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനെയും സെക്ഷൻ 12 പ്രകാരം അതിലെ ജീവനക്കാരെയും മാരിടൈം ബോർഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ഡി) തുറമുഖ വകുപ്പിന്റെ ഭാഗമായ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടില്ല. സെക്ഷൻ 14(3) പ്രകാരം ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിലെ ജീവനക്കാരെ സർക്കാരിന്റെ അനുമതിയോടുകൂടി ആവശ്യമായി വന്നാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ബോർഡിലേയ്ക്ക് നിയമിക്കാവുന്നതാണ്.

(ഇ) നിർദ്ദിഷ്ട ഓർഡിനൻസ് വ്യവസ്ഥകൾ പ്രകാരം ജീവനക്കാർക്ക് മറ്റ് വകുപ്പുകളിലേയ്ക്ക് പോകാനുള്ള ഓപ്ഷൻ സൗകര്യം അനുവദിച്ചിട്ടില്ല.

(എഫ്) നിർദ്ദിഷ്ട ബോർഡിൽ ഇത്തരത്തിൽ ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ല.

## മാരിടൈം ബോർഡിലെ ജീവനക്കാരായി നിശ്ചയിച്ചതിൽ ജീവനക്കാർക്കുള്ള ആശങ്ക

126 (3758) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിലെ ജീവനക്കാരെ മാരിടൈം ബോർഡിലെ ജീവനക്കാരായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിശ്ചയിച്ചതിൽ ജീവനക്കാർക്കുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജീവനക്കാർ ബോർഡിലെ ജീവനക്കാരായി മാറുമ്പോൾ അവരുടെ നിലവിലെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(സി) മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചപ്പോൾ ഇല്ലാതായ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ)വകുപ്പിലെ തസ്തികകൾ സൂപ്പർ ന്യൂമറിയാക്കി സർക്കാർ ജീവനക്കാരായി തുടരുന്നതിന് അനുമതി നൽകിയതുപോലെ തുറമുഖ വകുപ്പിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി തുടരാൻ അനുമതി നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിർദ്ദിഷ്ട മാരിടൈം ബോർഡ് സെക്ഷൻ 16(f) പ്രകാരവും സെക്ഷൻ 17 പ്രകാരവും തുറമുഖ വകുപ്പിലെ സർക്കാർ ജീവനക്കാരെ നിലവിലുള്ള അതേ വ്യവസ്ഥകൾ അനുസരിച്ച് ബോർഡിലെ ജീവനക്കാരാക്കി മാറ്റിയിട്ടുണ്ട്. സെക്ഷൻ 18 പ്രകാരം ജീവനക്കാരുടെ ശമ്പളവും പെൻഷനുമെല്ലാം ബോർഡിന്റെ ബാദ്ധ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്. സെക്ഷൻ 72(b) പ്രകാരം ശമ്പളം, ഫീസ്, റെമ്യൂണറേഷൻ, പെൻഷൻ, അലവൻസ്, ഗ്രാറ്റുവിറ്റി, സമാശ്വാസ ബത്ത ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ബോർഡ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) നിർദ്ദിഷ്ട മാരിടൈം ബോർഡിൽ ഇത്തരത്തിൽ ഒരു വ്യവസ്ഥ പ്രതിപാദിച്ചിട്ടില്ല.

**കായിക്കര പാലം നിർമ്മാണം**

127 (3759) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിന്റെ പരിഗണനയിലുള്ള കായിക്കര പാലം നിർമ്മാണത്തിന് പ്രാഥമിക ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് നൽകുന്നത് ഏത് ഏജൻസിയാണ്, എന്ത് തുകയാണ് നീക്കിവക്കുന്നത് ;

(സി) ഈ പദ്ധതിക്ക് വേണ്ടി അപ്രോച്ച് റോഡ് നിർമ്മാണത്തിനായി അഞ്ച്തെങ്ങ്, വക്കം എന്നീ പഞ്ചായത്തുകളിൽനിന്നും സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് ഉറപ്പ് നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ടി റവന്യൂ വകുപ്പ് വഴി സ്ഥലം അളന്ന് വിലയ്ക്ക് വാങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന്

വേണ്ടിയുള്ള നടപടികൾ നടന്ന് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) തയ്യാറാക്കിയിട്ടുണ്ട്. വക്കം ഗ്രാമപഞ്ചായത്തിനെയും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി ലഭ്യമാക്കുന്നതിന് തയ്യാറാക്കിയിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

(സി) ടി സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. നബാർഡ് ഗൈഡ്ലൈൻസ് പ്രകാരം പ്രവൃത്തിക്കാവശ്യമായ സ്ഥലം പൂർണ്ണമായും ഏറ്റെടുത്താൽ മാത്രമേ പദ്ധതിക്ക് നബാർഡ് അംഗീകാരം ലഭിക്കുകയുള്ളൂ.

**മണലിന്റെ വില വർദ്ധന**

128 (3760) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മണലിനേക്കാൾ, പോർട്ട് അധീനതയിലുള്ള മണലിന് പോർട്ട് അധികൃതർ ഇരട്ടിയോളം വില നിശ്ചയിച്ച് വിൽപന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തുറമുഖ ചാനലുകളിൽനിന്നും മാനുവൽ ഡ്രഡ്ജിംഗ്‌വഴി കിട്ടുന്ന ഡ്രഡ്ജിംഗ് മെറ്റീരിയലിന്റെ വിൽപ്പന നിർണ്ണയിക്കുന്നത് ടെണ്ടർ പ്രക്രിയയിലൂടെയാണ്. 2013 സെപ്റ്റംബറിൽ മാനുവൽ ഡ്രഡ്ജിംഗിനുവേണ്ടി നടത്തിയ ടെണ്ടർ മുഖേന ലഭിച്ച നിരക്കുകളും സൊസൈറ്റികൾ സമർപ്പിച്ച പരാതികളും കോടതി ഉത്തരവുകളും പരിഗണിച്ചാണ് ഓരോ തുറമുഖത്തേയും നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്.

(ബി) ബാധകമല്ല.

**കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

129 (3761) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫിഷറീസ് വകുപ്പിന്റെ കീഴിൽ കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; നടപ്പിലാക്കുന്ന പ്രവൃത്തികളും അനുവദിച്ച തുകയും വിശദമാക്കുമോ ?

ഉത്തരം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഓഷ്യനേറിയം പദ്ധതി**

130 (3762) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) ആദ്യമായി ആഗോള ടെണ്ടർ വിളിച്ചതെന്നാണ് ; ഇതിനുശേഷം ഏതെല്ലാം തീയതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനെ പദ്ധതിയുടെ ബിഡ് മാനേജരായി നിയമിച്ചു .

2. മഹീന്ദ്ര കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് പദ്ധതിക്ക് വിശദമായ ടെക്നോ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി .

3. പുതുവയ്പിനിൽ റവന്യൂ വകുപ്പിൽ നിന്ന് 50 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിച്ചു .

4. പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ അനുമതി തദ്ദേശഭരണ സ്ഥാപനത്തിൽനിന്നും മലിനീകരണ നിയന്ത്രണ ബോർഡിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിന്നും ലഭ്യമാക്കി

5. പരിസ്ഥിതി ആഘാത പഠനം, കേന്ദ്ര ഗവൺമെന്റ് അക്രഡിറ്റ് ഏജൻസിയായ വിസൻ ലാബിനെക്കൊണ്ട് നടത്തിച്ച് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (ഇ.ഐ.എ.)ലഭ്യമാക്കി.

6. തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതിക്കുവേണ്ടി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് (KCZMA) അപേക്ഷ സമർപ്പിക്കുകയും അതോറിറ്റിയുടെ മുമ്പാകെ പഠന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

7. പാരിസ്ഥിതിക അനുമതിക്കുവേണ്ടി State Level Environment Impact Assessment Authority (SLEIAA)-ക്ക് അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ചു.

8. ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (JICA)-യിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആദ്യമായി ആഗോള ടെണ്ടർ വിളിച്ചത് 20-7-2011-ലാണ്. അതിനുശേഷം സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പാരിസ്ഥിതിക അനുമതിയും തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതിയും ലഭിക്കാനുണ്ട്.

(ഡി) പാരിസ്ഥിതിക അനുമതിയും തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതിയും ലഭിച്ചതിനുശേഷം ആഗോള ടെണ്ടർ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ മത്സ്യബന്ധന തുറമുഖം**

131 (3763) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ മത്സ്യബന്ധന തുറമുഖം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) സർവ്വേ നടപടി എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിൽപ്പെട്ട അജാനൂരിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളിൽ ടോപ്പോഗ്രാഫി സ്റ്റഡി, ബെഡ്സാമ്പിൾ കളക്ഷൻ, ബാത്തിമെട്രി സ്റ്റഡി എന്നിവ പൂർത്തീകരിച്ച് റിപ്പോർട്ട് മാതൃകാപഠനം നടത്തുന്ന ഏജൻസിയായ CWPRS-ന് നൽകിയിട്ടുണ്ട്. ഓരോ മാസവുമുള്ള ഷോർലൈൻ സർവ്വേയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

(ബി) അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഗവേഷണ പഠനം നടത്തുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നും ഉണ്ടായിട്ടില്ല.

(സി) 1-3-2013-ൽ തുടങ്ങിയ സർവ്വേ നടപടികൾ 2015 ഒക്ടോബർ മാസത്തോടെ പൂർത്തിയാകുന്നതാണ്.

**തുറമുഖങ്ങളിലെ മാനുവൽ ഡ്രഡ്ജിംഗ്**

132 (3764) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തുറമുഖങ്ങളിലെ മാനുവൽ ഡ്രഡ്ജിംഗിൽനിന്നും, ഡ്രഡ്ജ്ഡ് മെറ്റീരിയലിന്റെ വിപണനത്തിൽനിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഘങ്ങളെ ഒഴിവാക്കാനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സഹകരണ സംഘങ്ങളെ ഒഴിവാക്കാനുള്ള തീരുമാനമൊന്നും ഇതുവരെയെടുത്തിട്ടില്ല. എല്ലാ വശങ്ങളും വിശദമായി പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ രാമന്തളി - പാണ്ഡ്യാലക്കടവിൽ നടപ്പാലം**

133 (T3765) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തെ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളിയുമായി ബന്ധിപ്പിക്കുന്ന രാമന്തളി-പാണ്ഡ്യാലക്കടവിൽ നടപ്പാലം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ; ഈ പാലം പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ രാമന്തളി-വലിയപറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 18.50 കോടി രൂപയുടെ പ്രൊപ്പോസൽ RIDF-XIX-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുവാൻ നബാർഡിന് സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി ഇതുവരെ ലഭ്യമായിട്ടില്ല. നബാർഡിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

## പാലക്കാട് ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി

134 (3766) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ; വിശദ വിവരം നൽകുമോ ; ഈ വിധത്തിലുള്ള കൃഷിക്കാർക്ക് വകുപ്പ് മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇത്തരത്തിൽ നൽകിയിട്ടുള്ള പദ്ധതികളുടെയും ആനുകൂല്യങ്ങളുടെയും വിശദവിവരം നൽകുമോ ;

(സി) വിശദമായ DPR കോങ്ങാട് മണ്ഡലത്തിൽ നിന്നും സമർപ്പിക്കപ്പെട്ടാൽ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പാലക്കാട് ജില്ലയിൽ മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ മത്സ്യ കർഷകർക്ക് മത്സ്യവിത്ത് ഉൾപ്പെടെയുള്ള ഇൻപുട്ട് സബ്സിഡികൾ നൽകി

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വരുന്നു. കൂടാതെ മത്സ്യ കർഷക വികസന ഏജൻസി മുഖാന്തരം കുളം നിർമ്മാണം, നവീകരണം, മത്സ്യവിത്തുൽപ്പാദന യൂണിറ്റുകളുടെ നിർമ്മാണം എന്നിവയ്ക്കുള്ള സബ്സിഡികളും മത്സ്യകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡികളും മറ്റ് സാങ്കേതിക സഹായങ്ങളും കർഷകർക്ക് നൽകിവരുന്നു.

(ബി) കോങ്ങാട് നിയോജക മണ്ഡലത്തിൽ 2012-13-ൽ മങ്കര, മണ്ണൂർ, പറളി എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളും 2013-14-ൽ മങ്കര, മണ്ണൂർ, പറളി, കരിമ്പ, കാഞ്ഞിരപ്പുഴ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളും 2014-15-ൽ മങ്കര, മണ്ണൂർ, പറളി, കരിമ്പ, കാഞ്ഞിരപ്പുഴ, തച്ചമ്പാറ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളും മത്സ്യ സമൃദ്ധി പദ്ധതിയിൽ പങ്കാളികളായി.

കോങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഡി.പി.ആർ. സമർപ്പിക്കുന്ന പക്ഷം ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ്**

135 (3767) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ് വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവ് മുതൽ എത്ര രൂപയെന്ന് വ്യക്തമാക്കാമോ ;

(ബി) സ്റ്റൈപ്പന്റ് യഥാസമയം വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യത്തിൽ 2012-13 വർഷം മുതൽ കുടിശ്ശിക വന്നിട്ടുണ്ട്. 2012-13 വർഷത്തിൽ 1.70 കോടി രൂപയും 2013-14 വർഷത്തിൽ 12.66 കോടി രൂപയും കുടിശ്ശിക ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപയാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ 2012-13 വർഷത്തിൽ 1.70 കോടി രൂപയും 2013-14 വർഷത്തിൽ 12.66 കോടി രൂപയും കുടിശ്ശിക ഉള്ളതായി

കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിൽ കുടിശ്ശിക തുക നൽകുന്നതിന് ഫസ്റ്റ് ബാച്ച് എസ്.ഡി.ജി. യിൽ 15 കോടി രൂപ അനുവദിച്ചു നൽകുകയും ചെയ്തു. ഈ വർഷത്തെ ബഡ്ജറ്റ് ശീർഷകത്തിലെ 9 കോടി രൂപയും എസ്.ഡി.ജി. പ്രകാരം അനുവദിച്ച 15 കോടി രൂപയും ചേർത്ത് ആകെ 24 കോടി രൂപ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി 2014-15 സാമ്പത്തിക വർഷം ജില്ലാ ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലാ ഓഫീസർമാർ ടി ഫണ്ട് കുടിശ്ശിക തീർക്കുന്നതിനായി വിതരണം ചെയ്തുവരുന്നു.

## ഫിഷറീസ് സ്കൂളുകൾ

136 (3768) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ചുമതല ആരിൽ നിക്ഷിപ്തമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ തുക ഉപയോഗിച്ച് ഓരോ സ്കൂളിലും നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന് കീഴിൽ 9 ജില്ലകളിലായി 10 ഫിഷറീസ് സ്കൂളുകൾ നിലവിലുണ്ട്.

(ബി) ഫിഷറീസ് സ്കൂളുകളുടെ നടത്തിപ്പും അറ്റകുറ്റപ്പണികളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യ വികസനം ഫിഷറീസ് വകുപ്പിലും നിക്ഷിപ്തമായിരിക്കുന്നു.

(സി) 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 10 ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണത്തിനും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി 2516.5 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഇതിൽ ഓരോ സ്കൂളുകൾക്കും

അനുവദിച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. കാഞ്ഞങ്ങാട് ഫിഷറീസ് സ്കൂൾ | - | 139.00 | ലക്ഷം രൂപ |
| 2. അഴീക്കൽ ഫിഷറീസ് സ്കൂൾ | - | 340.00 | ലക്ഷം രൂപ |
| 3. ബേപ്പൂർ ഫിഷറീസ് സ്കൂൾ | - | 174.00 | ലക്ഷം രൂപ |
| 4. കൊയിലാണ്ടി ഫിഷറീസ് സ്കൂൾ | - | 135.00 | ലക്ഷം രൂപ |
| 5. താനൂർ ഫിഷറീസ് സ്കൂൾ | - | 298.00 | ലക്ഷം രൂപ |
| 6. ചാവക്കാട് ഫിഷറീസ് സ്കൂൾ | - | 132.00 | ലക്ഷം രൂപ |
| 7. തേവര ഫിഷറീസ് സ്കൂൾ | - | 202.00 | ലക്ഷം രൂപ |
| 8. അർത്തുങ്കൽ ഫിഷറീസ് സ്കൂൾ | - | 119.50 | ലക്ഷം രൂപ |
| 9. കരുനാഗപ്പള്ളി ഫിഷറീസ് സ്കൂൾ | - | 195.00 | ലക്ഷം രൂപ |
| 10. വലിയതുറ ഫിഷറീസ് സ്കൂൾ | - | 782.00 | ലക്ഷം രൂപ |
| ആകെ | | 2516.50 | ലക്ഷം രൂപ |

(ഡി) ടി തുക ഉപയോഗിച്ച് ഫിഷറീസ് സ്കൂളുകളിൽ ഉറപ്പുള്ള കെട്ടിടം, അദ്ധ്യാപകർക്കും ഹെഡ്മാസ്റ്റർക്കും മുറികൾ, സ്മാർട്ട് ക്ലാസ്സ് മുറികൾ, കളിസ്ഥലങ്ങൾ, ലൈബ്രറി, ലാബുകൾ, ആവശ്യത്തിന് ഫർണിച്ചറുകൾ, ടോയ്ലറ്റുകൾ എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടത്തിവരുന്നു.

**കണയംകോട് ഫിഷ് ലാന്റിംഗ് സെന്റർ**

137 (3769) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണയംകോട് ഫിഷ് ലാന്റിംഗ് സെന്റർ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ ;

(ബി) ഇതിനുവേണ്ടി തയ്യാറാക്കിയ പ്ലാൻ, ഡിസൈൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പ്രദേശത്ത് ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന സൗന്ദര്യവൽക്കരണ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ടൂറിസം വികസന പരിപാടിയുമായി സംയോജിപ്പിച്ച് ലാന്റിംഗ് സെന്റർ കൂടുതൽ ആകർഷകമാക്കുന്നകാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) കണയംകോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി 4 പ്രാവശ്യം ദർഘാസ് ക്ഷണിക്കുകയും 1 പ്രാവശ്യം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തുവെങ്കിലും ആരും പങ്കെടുത്തില്ല.

(ബി) കണയംകോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വിശദമായ ഡ്രോയിംഗുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിഗണനയിലില്ല.

**മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്**

138 (3770) ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. മീനാകുമാരി കമ്മിറ്റി, യാതൊരു ശാസ്ത്രീയ പഠനവും നടത്താതെ ആഗസ്റ്റിൽ സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശരിയായ ശാസ്ത്രീയ പഠനത്തെ തുടർന്ന് സമർപ്പിക്കപ്പെട്ട മുരാരി കമ്മിറ്റി റിപ്പോർട്ടിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ താൽപ്പര്യങ്ങളെ മുൻനിർത്തിയുള്ള ശിപാർശകളെ പാടെ അട്ടിമറിക്കുന്നതാണ് മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന് കേന്ദ്ര സർക്കാരിനോട് അവശ്യപ്പെടാൻ തയ്യാറാകുമോ ;

(ഡി) എങ്കിൽ ഏതു രീതിയിലാണ് ഈ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ താൽപ്പര്യങ്ങളെ മുൻനിർത്തിയുള്ള മുരാരി കമ്മിറ്റി റിപ്പോർട്ടിലെ പല ശിപാർശകൾക്കും കടക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിരുദ്ധമായുള്ള ശിപാർശകളാണ് മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിൽ ഉള്ളത്

(സി&ഡി) മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളെയും പ്രതികൂലമായി ബാധിക്കുന്ന കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിക്കാൻ കഴിയില്ലെന്ന വിവരം കേന്ദ്ര സർക്കാരിനെ സർക്കാർ കത്തു മുഖേന അറിയിച്ചിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ കണയംകോട് ഇൻലാന്റ് ഫിഷ് ലാന്റിംഗ്**

139 (3771) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോരപ്പുഴ തീരത്ത് കണയംകോട് ഇൻലാന്റ് ഫിഷ് ലാന്റിംഗ് സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(സി) ഈ പ്രദേശത്ത് വളർന്നുവരുന്ന ടൂറിസം മേഖലയിലെ സാദ്ധ്യതകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ഫിഷ് ലാന്റിംഗ് സെന്ററിന്റെ മാതൃകയിൽ ടൂറിസം വകുപ്പിന്റെ പരിഷ്കരണ നിർദ്ദേശങ്ങൾ പരിഗണിക്കാമോ ;

(ഡി) കണയംകോട് ഇൻലാന്റ് ഫിഷ് ലാന്റിംഗിനു വേണ്ടി തയ്യാറാക്കിയ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി പ്രവൃത്തിക്ക് 4 പ്രാവശ്യം ഇ-ടെണ്ടർ ക്ഷണിക്കുകയും ഒരു പ്രാവശ്യം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തുവെങ്കിലും ആരും പങ്കെടുത്തിട്ടില്ല.

(സി) പരിഗണനയിലില്ല.

(ഡി) ഈ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വിശദമായ ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ്**

140 (3772) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതും, അപേക്ഷയിൻമേൽ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ളതുമായ പ്രവൃത്തികൾ തുക സഹിതം വിശദമാക്കാമോ ;

(ബി) പരിമിതമായ ഗതാഗത സൗകര്യങ്ങൾ മാത്രമുള്ള കുട്ടനാട്ടിലെ റോഡു നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപടി സ്വീകരിക്കുന്നത്.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ മത്സ്യകൃഷി**

141 (3773) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തികവർഷത്തിൽ, ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലും നടത്തുന്ന പദ്ധതിയിൽപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) ഈ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലുമായി 2014-15 കാലയളവിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്ന മത്സ്യസമൃദ്ധി പദ്ധതി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്ന ലക്ഷ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഫിഷറീസ് വകുപ്പ് 2012-15 കാലയളവിൽ നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ മത്സ്യകൃഷി നടത്തിവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

കറുകച്ചാൽ - 0.96 ha ജലാശയത്തിൽ, 41കർഷകർക്കായി 10200 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

മാടപ്പള്ളി - 0.48 ha ജലാശയത്തിൽ, 10 കർഷകർക്കായി 5400 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

പായിപ്പാട് - 5.5 ha ജലാശയത്തിൽ 32 കർഷകർക്കായി 42400 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

തൃക്കൊടിത്താനം - 0.04 ha ജലാശയത്തിൽ 2 കർഷകർക്കായി 400 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

കുറിച്ചി - 15.76 ha ജലാശയത്തിൽ 31 കർഷകർക്കായി 118200 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

വാഴപ്പള്ളി - 6.85 ha ജലാശയത്തിൽ 27 കർഷകർക്കായി 62700 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി- 3.72 ha ജലാശയത്തിൽ 40 കർഷകർക്കായി 27900 കാർപ്പ് മത്സ്യവിത്തുകൾനൽകിയിട്ടുണ്ട്.

ടി തദ്ദേശഭരണ സ്ഥാപനങ്ങളിൽ 2 ha പ്രദേശത്ത് കരിമീൻ മത്സ്യ കൃഷിക്കായുള്ള സർവ്വേ നടത്തുകയും കരിമീൻ വിത്ത് വിതരണം നടത്തിവരികയും ചെയ്യുന്നു.

**കുട്ടനാട്ടിലെ മാതൃകാമത്സ്യഗ്രാമം പദ്ധതി**

142 (3774) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാതൃകാ

മത്സ്യ ഗ്രാമം പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവനനിർമ്മാണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ എത്ര വീടുകൾ ആർക്കൊക്കെ അനുവദിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട്/ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതിയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രകാരം 18 ഗുണഭോക്താക്കൾക്കും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്കും കുട്ടനാട്ടിൽ വീടുകൾ നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന " ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" -ക്ക് ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചു. പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. വലിയതുറയിൽ 32 ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം ലഭിച്ചു. 24-9-2014-ൽ വർക്ക് ടെണ്ടർ ചെയ്തു. ടെണ്ടറിൽ ആരും പങ്കെടുത്തില്ല. 6-11-14-ൽ വീണ്ടും ടെണ്ടർ ചെയ്തതിൽ ഒരു ബിഡ്ഡർ മാത്രമാണ് ഉണ്ടായിരുന്നത്. എസ്റ്റിമേറ്റ് തുകയേക്കാൾ 14% കൂടുതലായ ടെണ്ടർ ആയിരുന്നു ലഭിച്ചത്. പദ്ധതി സുതാര്യമായി നടപ്പിലാക്കുന്നതിനായി 9-12-14-ൽ വീണ്ടും ടെണ്ടർ ചെയ്തു. മറ്റു സ്ഥലങ്ങളിൽ വീട് നിർമ്മിച്ചു നൽകുന്നതിനായി സ്ഥല ലഭ്യതയ്ക്കായുള്ള നടപടിയും ഗുണഭോക്തൃ തെരഞ്ഞെടുപ്പും പുരോഗമിച്ചുവരുന്നു.

## കുട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം (ഫിഷ് സാങ്ച്വറി)

143 (3775) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കുട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം (ഫിഷ് സാങ്ച്വറി) നിർമ്മിക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഇതുവരെ എത്ര തുക അനുവദിച്ചുവെന്നും, ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന് 1-11-2014-ൽ ഫിർമ അംഗീകാരം നൽകുകയും അതനുസരിച്ച് 1-12-2014-ൽ ടെണ്ടർ ചെയ്യുകയുംചെയ്തു.

(ബി) 13-ാം ധനകാര്യ കമ്മീഷന്റെ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ സാങ്ച്വറി നിർമ്മിക്കുന്ന പദ്ധതിക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

144 (3776) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിക്കുന്നതിന് അർഹരെന്ന് കണ്ടെത്തി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട എത്രപേർക്ക് ഇനിയും കടാശ്വാസം അനുവദിക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കടാശ്വാസം അനുവദിക്കുന്നതിന് അർഹരായ എത്രപേരുടെ എത്ര ലിസ്റ്റുകളാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സമർപ്പിച്ചതെന്നും ഏതൊക്കെ തീയതികളിലെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നാളിതുവരെ ആറുഘട്ടങ്ങളിലായി 66363 പേർക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന 48044 മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത ഒഴിവാക്കിയിട്ടുണ്ട്. അർഹത കണ്ടെത്തിയ 18319 പേർക്ക് ഇനി കടാശ്വാസം അനുവദിക്കാനുണ്ട്.

(ബി) കമ്മീഷൻ കടാശ്വാസത്തിന് അർഹത കണ്ടെത്തി നാളിതുവരെ 6 ഘട്ടങ്ങളിലായി 66363 പേർക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ താഴെ പറയുന്ന തീയതികളിലാണ് സമർപ്പിച്ചിട്ടുള്ളത് :

| | |
|---|---|
| 1-ാം മത് റിപ്പോർട്ട് | - 2009 നവംബർ |
| 2-ാം മത് റിപ്പോർട്ട് | - 2-9-2010 |
| 3-ാം മത് റിപ്പോർട്ട് | - 24-9-2011 |
| 4-ാം മത് റിപ്പോർട്ട് | - 12-11-2012 |
| 5-ാം മത് റിപ്പോർട്ട് | - 27-4-2013 |
| 6-ാം മത് റിപ്പോർട്ട് | - 10-6-2014 |

**തീരപ്രദേശങ്ങളിലെ മത്സ്യബന്ധനതുറമുഖങ്ങളുടെ അപര്യാപ്തതകൾ**

145 (3777) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ എത്ര മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാൻഡിംഗ് കേന്ദ്രങ്ങളുമുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ ;

(സി) നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കമിട്ട തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രവർത്തനക്ഷമമായ 12 മത്സ്യബന്ധന തുറമുഖങ്ങളും 19 ഫിഷ്ലാന്ഡിംഗ് സെന്ററുകളും ഉണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി പല ഘട്ടങ്ങളിലായി വിലയിരുത്തുന്നുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർമാർ എന്നിവർ പല ഘട്ടങ്ങളിലായി സ്ഥല പരിശോധന നടത്തുകയും പുരോഗതി വിലയിരുത്തുന്നതിനായി പ്രതിമാസ അവലോകന യോഗങ്ങൾ ഡിവിഷൻ/സർക്കിൾ/ചീഫ് എഞ്ചിനീയറുടെ കാര്യാലയം എന്നിവിടങ്ങളിൽ നടത്തുന്നുമുണ്ട്. കൂടാതെ സെക്രട്ടറി തലത്തിലും മന്ത്രിതലത്തിലും അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പാ കുടിശ്ശിക**

146 (T3778) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്തി നോട്ടീസിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഭവന വായ്പ, തിരിച്ചടച്ച മത്സ്യത്തൊഴിലാളികളെ, ടി തുക എഴുതിത്തള്ളുന്ന പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നില്ല എന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ ;

(ബി) 2012-ൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് അപേക്ഷ നൽകി 11-7-2014-ൽ തുക അനുവദിച്ചുകൊണ്ടുള്ള നോട്ടീസ് ജില്ലാ ബാങ്കിൽനിന്ന് ലഭിച്ചു. എന്നാൽ ബാങ്കിൽനിന്ന് തുക ലഭ്യമാകാൻ സർക്കാരിന്റെ പുതിയ ഉത്തരവ് ആവശ്യപ്പെടുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം വായ്പ തിരിച്ചടച്ച മത്സ്യത്തൊഴിലാളികളെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. കൂടാതെ കടമില്ലാതെ ആശ്വാസം നൽകാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിയമത്തിൽ വ്യവസ്ഥയില്ല.

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന കടങ്ങളിൽ സഹകരണ വകുപ്പ് ആഡിറ്റിംഗ് നടത്തി അർഹത ഉണ്ടെന്ന് വകുപ്പ് തലത്തിൽ കണ്ടെത്തുന്ന തുക ബന്ധപ്പെട്ട വായ്പാ അക്കൗണ്ടുകളിലാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വരവ് വച്ച് നൽകുന്നത്. തുക നൽകാൻ പുതിയ ഉത്തരവിന്റെ ആവശ്യകത ഉള്ളതായി എവിടെയും വ്യക്തമാക്കിയിട്ടില്ല.

**മത്സ്യത്തൊഴിലാളികളുടെ വായ്പാ തിരിച്ചടവിന് ഇളവുകൾ**

147 (3779) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ വായ്പകൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം കാലാവധി എന്നാണ് പൂർത്തിയായത് ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷൻ വഴി പ്രഖ്യാപിച്ച ഇളവുകൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിന് കാരണമെന്നറിയിക്കുമോ ;

(സി) മത്സ്യത്തൊഴിലാളികൾക്ക് വായ്പാ തിരിച്ചടവിന് പ്രഖ്യാപിച്ച ഇളവുകൾ അടിയന്തരമായി നൽകുന്നതിനും ജപ്തി നടപടികളിൽനിന്നും രക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും 31-12-2007 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31-12-2014 വരെ മോറട്ടോറിയം കാലാവധി ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നാളിതുവരെയായി ആറു ഘട്ടങ്ങളിലായി 66,363 പേർക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. ഇതിൽ 48044 പേർക്ക് കടാശ്വാസം അനുവദിച്ചു നൽകിയിട്ടുണ്ട്. അർഹത കണ്ടെത്തിയ 18319 പേർക്ക് ഇനി കടാശ്വാസം അനുവദിക്കാനുണ്ട്. കടാശ്വാസ കമ്മീഷൻ

ശിപാർശ ചെയ്ത സഹകരണ മേഖലയിൽ നിന്നുള്ള വായ്പകളിൽ അക്കൗണ്ടുകൾ പരിശോധിച്ച് ആഡിറ്റ് നടത്തി കടാശ്വാസ തുക നൽകുന്നത് സഹകരണ വകുപ്പാണ്. ആഡിറ്റ് നടപടികൾ താമസിച്ചതാണ് തുക അനുവദിക്കുന്ന കാര്യത്തിൽ വന്ന കാലതാമസത്തിന് കാരണം. ദേശസാൽകൃത ബാങ്കുമായി ബന്ധപ്പെട്ട കടങ്ങളിൽ ലിസ്റ്റ് വെരിഫിക്കേഷനായി അതാത് ബാങ്കുകൾക്ക് നൽകിയിരിക്കുകയാണ്. വെരിഫിക്കേഷൻ പൂർത്തിയായാലുടൻ കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തതും ഓഡിറ്റ് പൂർത്തിയായതുമായ കേസുകളിൽ സർക്കാരിൽനിന്നും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഡിറ്റ് പൂർത്തിയാക്കി സമർപ്പിച്ചിട്ടുള്ള 4, 5, 6 ലിസ്റ്റുകളിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള മോറട്ടോറിയം ഉത്തരവിന്റെ കാലാവധി 31-12-2014 വരെ ഉണ്ട്.

**വിദേശകപ്പലുകൾക്ക് മത്സ്യബന്ധനത്തിന് അനുമതിനൽകിയിട്ടുള്ള ദൂരപരിധി**

148 (3780) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കടൽത്തീരത്തുനിന്നും എത്ര നോട്ടിക്കൽ മൈൽ അകലെവരെയാണ് വിദേശകപ്പലുകൾക്ക് മത്സ്യബന്ധനത്തിന് അനുമതി നൽകിയിട്ടുള്ളത് ; പ്രസ്തുത പരിധി ലംഘിച്ച് വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്ന കാര്യം ശ്രദ്ധയിലുണ്ടോ ;

(ബി) വിദേശകപ്പലുകൾ അപ്രകാരം മത്സ്യബന്ധനം നടത്തുന്നത് മത്സ്യസമ്പത്ത് കുറയുവാൻ കാരണമായെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ, അത് തടയുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(സി) കടലിലെ മത്സ്യസമ്പത്ത് കുറയാനിടയായ സാഹചര്യം പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കടൽ തീരത്തുനിന്നും 24 നോട്ടിക്കൽ മൈലിനപ്പുറം 200 നോട്ടിക്കൽ മൈൽ വരെയാണ് കടലിലെ Exclusive Economic Zone. ഈ മേഖലയിലാണ് വിദേശകപ്പലുകൾക്ക് കേന്ദ്ര ഗവൺമെന്റ് മത്സ്യബന്ധനത്തിന് അനുമതി

നൽകുന്നത്. പ്രസ്തുത ദൂരപരിധി ലംഘിച്ച് വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദേശ കപ്പലുകൾ ദൂരപരിധി ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമായിട്ടുണ്ടെന്ന് മത്സ്യത്തൊഴിലാളികൾ പരാതി ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശാസ്ത്രീയ പഠനങ്ങൾ ഫിഷറീസ് വകുപ്പ് നടത്തിയിട്ടില്ല. ഇപ്രകാരമുള്ള മത്സ്യബന്ധനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**മത്സ്യത്തൊഴിലാളികളുടെ ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കാൻ നടപടി**

149 (3781) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽത്തീരവും കായൽത്തീരവും മത്സ്യത്തൊഴിലാളികളുടെ ആവാസ കേന്ദ്രമാണെന്നകാര്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ; എങ്കിൽ, പ്രസ്തുത സ്ഥലങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ ആട്ടിയോടിക്കുന്ന തരത്തിലുള്ള നിലപാടുകൾ തിരുത്താൻ സർക്കാർ തയ്യാറാകുമോ ;

(ബി) വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ കരപ്രദേശം നിയന്ത്രണമേഖലയായി പ്രഖ്യാപിച്ചതിനെത്തുടർന്ന് ഈ മേഖലയിൽ പുതുതായി വീടുകൾ നിർമ്മിക്കാൻ പോലും അനുമതി നിഷേധിക്കുകയാണെന്നറിയാമോ ;

(സി) മത്സ്യത്തൊഴിലാളികൾ തീരപ്രദേശങ്ങളിൽനിന്ന് അകറ്റപ്പെടുമ്പോഴും വൻവ്യവസായങ്ങൾക്കും ടൂറിസ്റ്റ് റിസോർട്ടുകൾക്കും അനുവാദം നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ ;

(ഡി) മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) കടൽത്തീരവും കായൽത്തീരവും മത്സ്യത്തൊഴിലാളി സമൂഹം ഉൾക്കൊള്ളുന്ന ജനങ്ങളുടെ ആവാസ കേന്ദ്രമാണ്. പ്രസ്തുത സ്ഥലങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ ഒഴിപ്പിക്കുന്നതിനോ മാറ്റിപ്പാർപ്പിക്കുന്നതിനോ ഉള്ള ഒരു

നിലപാടും സർക്കാർ എടുത്തിട്ടില്ല.

(ബി) തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം പ്രകാരം വികസനരഹിത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ പുതുതായി വീടുകൾ വയ്ക്കുന്നതിന് അനുമതി നൽകാൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തീരദേശ നിയന്ത്രണ മേഖലയിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് കർശനമായ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്. തീരപ്രദേശത്തുനിന്നും മത്സ്യത്തൊഴിലാളികളെ അകറ്റുന്നത് ശരിയല്ല എന്ന നിലപാടാണ് സർക്കാരിനുള്ളത്.

(ഡി) തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 1991-ലാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചത്. തുടർന്ന് 2011-ൽ വീണ്ടും വിജ്ഞാപനം പുതുക്കി പുറപ്പെടുവിക്കുകയുണ്ടായി. ഈ വിജ്ഞാപനത്തിലെ ചില വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനമായതിനാൽ സംസ്ഥാന സർക്കാരിന് വ്യവസ്ഥകൾ പിൻവലിക്കുവാൻ സാധിക്കുകയില്ല.

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ നടപടികൾ

150 (3782) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികൾക്കു കൂടുതൽ കടബാദ്ധ്യതയുള്ള പിന്നോക്ക വിഭാഗ കോർപ്പറേഷനിലേയും വനിതാ വികസന കോർപ്പറേഷനിലേയും കടബാദ്ധ്യതകകൾ എഴുതിതള്ളുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പും ഫിഷറീസ് വകുപ്പിനോട് അനുബന്ധിച്ചുള്ള ഏജൻസികളും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

പഞ്ഞമാസക്കാലത്ത് സൗജന്യ റേഷനും സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 1800 രൂപ ധനസഹായവും നൽകുന്നു. രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് തണൽ പദ്ധതി പ്രകാരം 1350 രൂപ പ്രതിവർഷം ധനസഹായം നൽകുന്നു. മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ നിരക്കിൽ NFWF പദ്ധതി പ്രകാരവും മാതൃകാ മത്സ്യഗ്രാമ പദ്ധതി പ്രകാരവും സംയോജിത മത്സ്യഗ്രാമ പദ്ധതി പ്രകാരവും ധനസഹായം നൽകുന്നു. 13-ാം ധനകാര്യ കമ്മീഷനിലുൾപ്പെടുത്തി 25 കോടി രൂപ ഫിഷറീസ് കോളനി നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 50,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. കൂടാതെ സാനിറ്റേഷൻ പദ്ധതിയും ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം തീരദേശ ജില്ലകളിൽ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിൽ 114 കോടി രൂപയുടെ കുടിവെള്ള വിതരണം, വ്യക്തിഗത ശൗചാലയം, വൈദ്യുതീകരണം, ലൈബ്രറി സപ്പോർട്ട്, പൊതുശൗചാലയം, ബയോഗ്യാസ്, ഹൈമാസ്റ്റ് ലൈറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും നിലനിർത്തുന്നതിനുമായി സംസ്ഥാനത്ത് സാഫ് മുഖേന തീരമൈത്രി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വാർദ്ധക്യകാല പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തരച്ചെലവുകൾക്കുള്ള ധനസഹായം, മാരകരോഗ ചികിത്സാ പദ്ധതി, ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി, ക്രാഫ്റ്റ് ഇൻഷ്വറൻസ് തുടങ്ങിയ 18-ഓളം ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ

മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ നാടൻ വള്ളങ്ങളുടെ നവീകരണം, ബാങ്കബിൾ സ്കീം, മൈക്രോഫിനാൻസ്, ഇൻഷ്വറൻസ് പരിരക്ഷ, മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ, വനിതാ ബസ് സർവ്വീസ്, മത്സ്യബന്ധന വലകൾ വാങ്ങുന്നതിനുള്ള ധനസഹായം, എൻ.ഡി.സി.എഫ്. ഡി.സി./എൻ.എം.ഡി.എഫ്.സി പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട പദ്ധതികളായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം, ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി പ്രൊഡക്ഷൻ ബോണസ്, മത്സ്യഫെഡ്, എറണാകുളം നെറ്റ് ഫാക്ടറിയിലെ പഴയ വല നിർമ്മാണ യന്ത്രങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, മത്സ്യവിപണന കേന്ദ്രങ്ങൾ എന്നിവ മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ്സ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. മത്സ്യത്തൊഴിലാളി കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗിന് പരിശീലനം നൽകുന്ന വിദ്യാതീരം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചു.

(ബി) കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത സർക്കാർ അംഗീകരിച്ച I, II, III ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ തുക വിതരണം ചെയ്തു. IV, V, VI ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും ദേശസാൽകൃത ബാങ്കുകളുമായി ബന്ധപ്പെട്ട കടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും മറ്റു ധനകാര്യ സ്ഥാപനങ്ങളായ പിന്നോക്ക വിഭാഗ കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ, കെ.എസ്.എഫ്.ഇ., എൽ.ഐ.സി. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും കടമെടുത്ത മത്സ്യത്തൊഴിലാളികൾക്കും കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 1-7-2013-ലെ സ.ഉ(പി)നമ്പർ 40/13/മ.ഉ.വ. തീയതി പ്രകാരം വ്യത്യസ്ത ഭരണവകുപ്പുകളുടെ കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന വികലാംഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ഹഡ്കോ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, എൽ.ഐ.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ എന്നും സമാന സ്വഭാവമുള്ള മറ്റ് ഉത്തമർണ്ണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത മത്സ്യത്തൊഴി ലാളികൾക്ക്

കടാശ്വാസം നൽകുന്നതിന് ഉത്തരവായിരുന്നു. ടി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കടങ്ങളിൽ കടാശ്വാസ കമ്മീഷൻ ലിസ്റ്റ് തയ്യാറാക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇനിയൊരു ആഡിറ്റിംഗ് ആവിശ്യമില്ലെന്നും അതാത് സ്ഥാപനങ്ങളിലെ മേധാവി സാക്ഷ്യപ്പെടുത്തിയാൽ മതിയാകും എന്ന് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റുകൾ അതാത് സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭിച്ചാലുടൻ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കതിരൂരിൽ മനോജ് കൊലചെയ്യപ്പെട്ട കേസ്**

151 (3783) <u>ശ്രീ. കെ. കെ. നാരായണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കതിരൂരിലെ ബി.ജെ.പി. പ്രവർത്തകൻ മനോജ് കൊലചെയ്യപ്പെട്ട കേസിൽ (780/14) /യു.എ.പി.എ. അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (യു.എ.പി.എ.)-ന്റെ വ്യവസ്ഥകൾ ചേർത്തതിന്റെ കാരണം എന്തായിരുന്നു ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് പോലീസിന് ലഭിച്ച ആദ്യവിവരം എന്തായിരുന്നു ; ആ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് പ്രാഥമികമായി അന്വേഷണം നടത്തിയതിനുശേഷമാണോ യു.എ.പി.എ. വ്യവസ്ഥകൾ ചേർത്തത് ; വിശദമാക്കാമോ ;

(സി) തുടർന്നുള്ള അന്വേഷണത്തിൽ ആദ്യവിവരം ശരിയായിരുന്നു എന്ന നിഗമനത്തിലെത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കേസ് എടുത്തത് സംബന്ധിച്ച പരാതിയിൻമേലുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ആരാണ് അന്വേഷിക്കുന്നത്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത കേസിൽ ബോംബ് സ്ഫോടനം നടത്തി ജനങ്ങൾക്ക് ഭീതി ജനിപ്പിക്കുകയും ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയും മറ്റൊരാളെ വെട്ടിക്കൊല പ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തതിനാലാണ് യു.എ.പി.എ. വകുപ്പുകൾ ചേർക്കുവാൻ ഇടയായത്.

(ബി) പ്രതികൾ സംഘം ചേർന്ന് ബോംബെറിഞ്ഞ് സ്ഥലത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയും മറ്റൊരാളെ വെട്ടിക്കൊലപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു എന്നുള്ളതാണ് ആദ്യ വിവരം. ഈ വിവരം അനുസരിച്ചാണ് മേൽ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തത്. നേരിട്ടെടുക്കാവുന്ന കുറ്റം സംബന്ധിച്ച് ലഭിച്ച വിവരം ആകയാൽ പ്രാഥമിക അന്വേഷണം നടത്തേണ്ടതില്ല.

(സി) തുടർന്നുള്ള അന്വേഷണത്തിൽ യു.എ.പി.എ. ചേർക്കുവാനുള്ള കാരണം ഉചിതമായിരുന്നുവെന്ന് ബോദ്ധ്യമായിട്ടുണ്ട്.

(ഡി) യു.എ.പി.എ. വ്യവസ്ഥകൾക്ക് വിരുദ്ധമായി കേസ് എടുത്തു എന്നാരോപിച്ച് പരാതി ലഭിച്ചിട്ടില്ല. ടി കൊലപാതകം സംബന്ധിച്ച കേസ് ഇപ്പോൾ സി.ബി.ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്.

**ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണം**

152 (3784) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ജില്ലാ ക്രൈം ബ്രാഞ്ച് രൂപീകരിക്കണമെന്ന തീരുമാനം കൈക്കൊണ്ട് 17-6-2014 -ലെ GO (MS) No. 124/14 പ്രകാരം ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; എങ്കിൽ ആയത് ഏതു വിധത്തിൽ പ്രായോഗികമാക്കുവാനാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ജില്ലാ ക്രൈംബ്രാഞ്ചിലെ ഓരോ യൂണിറ്റിനും രണ്ട് സർക്കിൾ ഇൻസ്പെക്ടർമാരെക്കൂടി നിയമിക്കുന്നതിന് തീരുമാനിച്ചുവോ ; ജില്ലാ ക്രൈം ഡിറ്റാച്ചുമെന്റിൽ സർക്കിൾ ഇൻസ്പെക്ടർമാരുടെ അനുവദനീയ തസ്തിക നിലവിലുണ്ടോ ; ഇല്ലായെങ്കിൽ ഈ വിഭാഗം പോലീസ് ഉദ്യോഗസ്ഥരെ എങ്ങനെ നിയമിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) സംസ്ഥാന പോലീസിലെ സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ പുനർവിന്യാസം നടത്തി ഒഴിവുകൾ പരിഹരിച്ച് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരുന്നുവോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പുനർ വിന്യാസം മുഖേന സർക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവ് നികത്തി പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നകാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുവാൻ തയ്യാറാകുമോ;

(ഇ) സർക്കിൾ ഇൻസ്പെക്ടർമാരുടെ പുനർവിന്യാസംമൂലം ജീവനക്കാരെ കണ്ടെത്തുവാൻ കഴിയാത്തപക്ഷം സംസ്ഥാന പോലീസ് സേനയിലെ ഹയർ ഗ്രേഡ് സബ് ഇൻസ്പെക്ടർമാരുടെ 38 തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് സ്ഥാനകയറ്റം നൽകി പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ; ഇത്തരത്തിൽ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതുമൂലം ഗവൺമെന്റിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകില്ലെന്നകാര്യം ഗവൺമെന്റ് ശ്രദ്ധിച്ചുവോ ;

(എഫ്) എത്രയും വേഗം ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണമെന്ന ഗവൺമെന്റ് തീരുമാനം പ്രാവർത്തികമാക്കുവാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ;

<u>ഉത്തരം</u>

(എ-ഡി) 17-6-2014-ലെ GO (Ms)No.124/14/Home. ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുനഃസംഘടി പ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ഒരു 'Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നത്. ക്രൈംബ്രാഞ്ച് (സി.ബി.സി.ഐ.ഡി.) വിഭാഗത്തിന്റെ അന്വേഷണ ഭാരം കുറയ്ക്കുക, ജില്ലാ തലത്തിൽ തന്നെ സെൻസേഷണൽ കേസുകളുടെ അന്വേഷണം ഫലപ്രദമായി നടത്തുക എന്നീ ലക്ഷ്യങ്ങളാണ് ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണത്തിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. അന്വേഷണ വൈദഗ്ധ്യമുള്ള പോലീസുദ്യോഗസ്ഥരെ പുനർവിന്യാസം മുഖേന ജില്ലാ ക്രൈം ബ്രാഞ്ചുകളിൽ നിയമിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈംബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്), 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, 14 സീനിയർ സിവിൽ പോലീസ് ഓഫീസർ, 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് കണ്ടെത്തുന്ന

കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി.-മാർ, റേഞ്ച് ഐ.ജി.മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേയ്ക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈംബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈംബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം**

153 (3785) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പോലീസിൽ പരാതി നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പരാതി നൽകുന്നതിന് വിവര സാങ്കേതികവിദ്യയുടെയും നവ മാധ്യമങ്ങളുടെയും സഹായം സർക്കാർ ഉപയോഗപ്പെടുത്തുമോ ;

(ഡി) പരാതിക്കാരന് രസീത് നൽകുന്ന സംവിധാനം കാര്യക്ഷമമാണോ ; ഇതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ് ;

(ഇ) ഈ സർക്കാരിന്റെ ഭരണകാലത്ത് പോലീസ് സ്റ്റേഷനുകളിൽ എഴുതി തയ്യാറാക്കിയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര എണ്ണത്തിന് കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രായമായവരും സ്ത്രീകളും മാത്രം താമസിക്കുന്ന വീടുകൾക്ക് സംരക്ഷണം നൽകാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് എത്ര പോലീസുകാരുടെ ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിലയിരുത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതികൾ നേരിട്ടും Internal Administrative Processing System (*i*APS), Telephone, SMS, Mobile Phone, Thapal-എന്നിവ വഴി പരാതികൾ സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) കാര്യക്ഷമമാണ്. Station House officer (SHO)-മാരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്.

(ഇ) ഈ സർക്കാരിന്റെ ഭരണകാലത്ത് പോലീസ് സ്റ്റേഷനുകളിൽ 1016144 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽനിന്നും 960914 പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ട്.

(എഫ്) ജനമൈത്രി സുരക്ഷാ പദ്ധതി നിലവിലുള്ള പോലീസ് സ്റ്റേഷനുകളിൽ ഓരോ ബീറ്റ് ഓഫീസറും തങ്ങളുടെ ബീറ്റിലുള്ള പ്രായമായവരും സ്ത്രീകളും മാത്രം താമസിക്കുന്ന വീടുകളുടെ പട്ടിക തയ്യാറാക്കി അത്തരം പ്രദേശങ്ങളിൽ പതിവായി ബീറ്റുകൾ നടത്തി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്ന സംവിധാനം നിലവിലുണ്ട്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

**ക്രിമിനൽ കേസ്സുകളിൽ യു.എ.പി.എ. വകുപ്പ് ചുമത്തൽ**

154 (3786) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ക്രിമിനൽ കേസ്സുകളിൽ യു.എ.പി.എ. വകുപ്പ് ചുമത്തിയിട്ടുണ്ട് ;

(ബി) യു.എ.പി.എ. വകുപ്പ് ചുമത്താൻ അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥൻ ആരാണ്; ഈ വകുപ്പ് ചുമത്താൻ നിയമം അനുശാസിക്കുന്ന കാരണങ്ങൾ എന്തെല്ലാമെന്നു വിശദമാക്കാമോ ;

(സി) രാഷ്ട്രീയ പ്രതിയോഗികൾക്കുനേരെ പ്രതികാരബുദ്ധ്യാ ഈ നിയമം ചുമത്താൻ ഉദ്യോഗസ്ഥർ നിർബ്ബന്ധിതരാകുന്ന സാഹചര്യം നിലവിലുണ്ടെന്നത്

വസ്തുതാപരമായി ശരിയാണോ ;

(ഡി) രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായി നടന്നുവെന്ന് കരുതുന്ന എത്ര കൊലപാതകക്കേസ്സുകളിൽ 2013 ജനുവരി മുതൽ 2014 നവംബർവരെ അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 69 കേസുകളിൽ.

(ബി) സ്റ്റേഷൻ ഹൗസ് ഓഫീസർക്കോ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനോ ഈ വകുപ്പ് ചുമത്തി അന്വേഷണം നടത്താവുന്നതാണ്. വ്യക്തികളുടേയും സംഘടനകളുടേയും ചില നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിലേക്കായി ഇവർക്കെതിരെ കൂടുതൽ കാര്യക്ഷമമായ നിയമ നടപടികൾ കൈക്കൊള്ളുന്നതിലേക്ക് യു.എ.പി.എ.-യിലെ വകുപ്പുകൾ ചുമത്താവുന്നതാണ്.

(സി) അല്ല.

(ഡി) ഷുക്കൂർ, ജയകൃഷ്ണൻ മാസ്റ്റർ, കതിരൂർ മനോജ് എന്നീ വധക്കേസുകളും റ്റി. പി. ചന്ദ്രശേഖരൻ വധത്തിനു പിന്നിലെ ഗൂഢാലോചന സംബന്ധിച്ചും സി.ബി.ഐ. അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അതിൽ കതിരൂർ മനോജ് വധക്കേസ് മാത്രമാണ് അന്വേഷണത്തിനായി സി.ബി.ഐ. ഏറ്റെടുത്തിട്ടുള്ളത്.

**സോളാർ തട്ടിപ്പ് കേസ് ജുഡീഷ്യൽ കമ്മീഷൻ**

155 (3787) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സോളാർ തട്ടിപ്പ് കേസ് ജുഡീഷ്യൽ കമ്മീഷൻ മുമ്പാകെ വിശദീകരണ പത്രിക നൽകാൻ കാലവിളംബം നേരിടുകയുണ്ടായോ ; ഇതേതുടർന്ന് സർക്കാർ കമ്മീഷന് മാപ്പ് അപേക്ഷ നൽകുകയുണ്ടായോ ?

<u>ഉത്തരം</u>

കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം വിശദീകരണ പത്രികകൾ നൽകാൻ ഒരു കാലയളവും നിയമവും അനുശാസിക്കുന്നില്ല. എന്നാൽ ജുഡീഷ്യൽ കമ്മീഷന് അതിന്റെ നടപടിക്രമങ്ങൾ പാലിക്കുവാനും നടപ്പിലാക്കുവാനുമുള്ള

സ്വാതന്ത്ര്യമുണ്ട്. ആ അധികാരം വിനിയോഗിച്ച് പത്രികകൾ സമർപ്പിക്കുവാൻ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഇപ്രകാരം പത്രിക സമർപ്പിക്കാൻ കുറച്ച സമയം കൂടി നീട്ടിത്തരണമെന്ന് കമ്മീഷന് മുമ്പാകെ അപേക്ഷിക്കുകയും ആ അപേക്ഷ കമ്മീഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ലീഗ് പ്രവർത്തകനായ റഷീദിന്റെ മരണം സംബന്ധിച്ച കേസ്**

156 (3788) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഒക്ടോബർ-16-ന് അർദ്ധരാത്രി ബൈക്കിൽ പോകവെ കാസർഗോഡ് ജില്ലയിൽ രാവണീശ്വരം മുക്കട് ജിലാനി നഗറിൽ രാവണീശ്വരം ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് ലീഗ് പ്രവർത്തകനായ റഷീദ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പരേതന്റെ പിതാവ് തന്റെ മകന്റെ മരണത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1092/2014 u/s 279, 304 (A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പരാതി നൽകിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് ലഭിച്ച പരാതി കാഞ്ഞങ്ങാട് ഡിവൈ.എസ്.പി.-യുടെ കീഴിൽ ഒരന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിവരികയാണ്.

**രാഷ്ട്രീയ പ്രേരിതമായുള്ള കേസ്സുകൾ**

157 (3789) ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :</u>

<u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ പകപോക്കലിന് അധികാരം ദുർവിനിയോഗിക്കുന്നതായുള്ള ആഭ്യന്തരവകുപ്പിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; രാഷ്ട്രീയ എതിരാളികളെ കള്ളകേസ്സുകളിൽ കുടുക്കി വേട്ടയാടുന്നത് നയമാണോ :

(ബി) ഇടുക്കിയിലെ പൊതു പ്രവർത്തകനായ സി.പി.ഐ.(എം) നേതാവ് ശ്രീ. എം. എം. മണി ഒരു ഗ്രാമത്തിൽ ജനങ്ങളോടു സംസാരിക്കുമ്പോൾ ഉപേയാഗിച്ചതായി പറയപ്പെടുന്ന ചില വാചകങ്ങളെ അടിസ്ഥാനമാക്കി പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നുവോ ; എത്ര ദിവസം ജയിലിൽ അടയ്ക്കുകയുണ്ടായി ; ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ്സെടുത്തു ;

(സി) ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ശ്രീ. എം. എം. മണിയുടെ പ്രസംഗത്തെ ആധാരമാക്കി സർക്കാരെടുത്ത പുനരന്വേഷണ നിലപാട് തള്ളിക്കളഞ്ഞുകൊണ്ട് വിധിപ്രസ്താവന നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) രാഷ്ട്രീയപ്രവർത്തകർ ജനങ്ങളോട് പൊതുയോഗങ്ങളിൽ പ്രസംഗിക്കുമ്പോൾ വന്നു ചേരുന്ന പരാമർശങ്ങളുടെ പേരിൽ രാഷ്ട്രീയ പ്രേരിതമായി കേസ്സെടുക്കുന്നത് അവസാനിപ്പിക്കാമോ ?

<u>ഉത്തരം</u>

(എ) രാഷ്ട്രീയ പകപോക്കലിന് അധികാരം ദുർവിനിയോഗം ചെയ്യുന്നതായുള്ള ആഭ്യന്തര വകുപ്പിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്.

(ബി) ഇടുക്കിയിലെ പൊതുപ്രവർത്തകനായ സി.പി.ഐ.(എം) നേതാവ് ശ്രീ. എം. എം. മണി തൊടുപുഴ സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മണക്കാട് വച്ച് 25-5-2012 തീയതി നടത്തിയ പ്രസംഗത്തിൽ ഉപയോഗിച്ചതായി പറയപ്പെടുന്ന ചില വാചകങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം 1196/12-ൽ 109 of 302, 118 of 302, 116, 117, 505(1) (b) IPC & 117 E of KP Act 2011 വകുപ്പുകൾ പ്രകാരം 28-5-2012 -ന് രജിസ്റ്റർ ചെയ്ത കേസിൽ ടിയാനെ അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള

രാഷ്ട്രീയപ്രതിയോഗികളുടെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്ന മൂന്ന് കേസ്സുകളിൽ (ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം 118/82-അഞ്ചേരി ബേബി വധം, രാജാക്കാട് പോലീസ് സ്റ്റേഷൻ ക്രൈം 02/83- മുള്ളൻചിറ മത്തായി വധം, ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം 65/83-മുട്ടുകാട് നാണപ്പൻ വധം) തുടരന്വേഷണം നടത്തിയിട്ടുള്ളതും ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം 118/82 കേസിൽ ശ്രീ. എം. എം. മണിയെ 21-11-2012-ൽ അറസ്റ്റ് ചെയ്ത് 4-1-2013 വരെ 44 ദിവസം റിമാൻഡ് ചെയ്ത് പീരുമേട് സബ് ജയിലിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

(സി) വിവാദ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 206/2004 കേസിന്റെ തുടരന്വേഷണത്തിന് അനുമതിക്കായി ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന അപേക്ഷ 24-11-2014-ൽ നിരസിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) രാഷ്ട്രീയ പ്രേരിതമായി കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

**പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ**

158 (3790) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ഓരോ വിഭാഗത്തിലുമായി കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് പറയാമോ ;

(ബി) പോലീസ് കോൺസ്റ്റബിൾമാരുടെ 30-11-2014 വരെയുള്ള ഒഴിവുകൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) ഏതൊക്കെ ജില്ലകളിലാണ് പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ് നിലവിലുള്ളത് ; ഓരോ ലിസ്റ്റിൽനിന്നും എത്ര പേർക്ക് വീതം നിയമന ഉത്തരവുകൾ നൽകി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കൊല്ലം ജില്ലാ ആശുപത്രിയിൽ പോലീസ് സർജന്റെ ഒഴിവ്**

159 (T3791) ശ്രീ. പി.കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്ന പോലീസ് സർജന്റെ ഒഴിവ് വന്നിട്ട് മൂന്ന് വർഷത്തിലധികമായിട്ടും പ്രസ്തുത ഒഴിവ് നികത്താതിരിക്കുന്ന തിനുള്ള കാരണം അറിയിക്കുമോ ;

(ബി) ജില്ലാശുപത്രിയിൽ പോലീസ് സർജന്റെ സേവനം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയ അവസരത്തിൽ ഫോറൻസിക് മെഡിസിനിൽ ഒരു കൺസൾട്ടന്റ് തസ്തിക സൃഷ്ടിച്ചിരുന്നു. എന്നാൽ തസ്തികകൾ പുനർനിർണ്ണയിച്ചപ്പോൾ പ്രസ്തുത തസ്തിക ത്വക്ക് രോഗ സ്പെഷ്യലിസ്റ്റിന്റേതായി. ആയതിനാൽ പോലീസ് സർജൻ തസ്തിക നിലവിലില്ലാത്തതാകുന്നു.

(ബി) കൊല്ലം ജില്ലാ ആശുപത്രിയിൽ പോലീസ് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് സേവനം ലഭ്യമാക്കുന്നതാണ്.

**പോലീസ് കംപ്ലയിന്റ് അതോറിറ്റിയിലെ പരാതികൾ**

160 (3792) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചു എന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര പരാതികളിൽ തീർപ്പു കൽപ്പിച്ചു എന്നും അതനുസരിച്ച് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ എന്തൊക്കെ നടപടി എടുത്തു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പോലീസ് ഓഫീസർമാർക്കെതിരെ പ്രോസിക്യൂഷൻ നടപടിക്കുള്ള ഫയൽ ഡി.ജി.പി. ഓഫീസിൽനിന്നും കാണാതാവുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ഫയലുകൾ കാണാതായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് ഡി.ജി.പി.-ക്ക് ലഭിച്ചിരുന്നോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിൽ ഇതുവരെ 1298 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 853 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരവും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**പോലീസ് സർജന്മാരുടെ അലവൻസ് വർദ്ധന**

161 (3793) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ വിഭാഗം പോലീസ് സർജന്മാരുടെ പ്രതിമാസ അലവൻസ് തുകയായ 125 രൂപ, 190 രൂപ എന്നതു മുപ്പതു വർഷമായി വർദ്ധിപ്പിച്ചിട്ടില്ലായെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വർദ്ധനവിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അലവൻസ് വർദ്ധനവ് കഴിഞ്ഞ ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണന വിഷയങ്ങളിൽപ്പെടാത്തതു കാരണം നിരസിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിഷയം പുതിയ ശമ്പള കമ്മീഷനിൽ ശിപാർശ ചെയ്യാനുള്ള നടപടി വകുപ്പിൽ നിന്നും ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിക്കുന്നകാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പുതിയ കമ്മിഷനെ സർക്കാർ നിയോഗിച്ചിട്ടുള്ളതിനാൽ, പോലീസ് സർജന്മാരുടെ പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പുതിയ ശമ്പള പരിഷ്കരണ കമ്മിഷന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ സാധിക്കില്ല.

(ബി) ഉണ്ട്. ഇല്ല.

**സ്കൂൾ കാമ്പസുകളെ ലഹരി മുക്തമാക്കാൻ സ്റ്റുഡന്റ് പോലീസ് കേഡറ്റ്**

162 (3794) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് മുഖേന സ്കൂൾ കാമ്പസുകളെ ലഹരി മുക്തമാക്കാൻ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) സ്കൂൾ കാമ്പസുകൾ കേന്ദ്രീകരിച്ച് മാത്രമല്ലാതെ സ്റ്റുഡന്റ് കേഡറ്റുകളുടെ വാസസ്ഥലത്തിന് ചുറ്റും വിദ്യാർത്ഥികളുടെ കൂട്ടായ്മ സംഘടിപ്പിച്ച് ലഹരി വിമുക്ത പരിപാടിക്കും ലഹരിയുടെ ഉറവിടം കണ്ടെത്തുന്നതിനുമുള്ള പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) പോലീസ് വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹകരണത്തോടെ സ്കൂൾ പരിസരങ്ങളിലും മറ്റുമുള്ള കടകളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി പരിശോധനകൾ നടത്തിവരുന്നതും കൂടാതെ ഇതു സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖ വിതരണം തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു.

(ബി) ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും അതിൽ പതിയിരിക്കുന്ന അപകടത്തെക്കുറിച്ചും ബോധവാന്മാരായ കേഡറ്റുകൾ തങ്ങളുടെ കുടുംബാംഗങ്ങളെയും അയൽവാസികളെയും സഹപാഠികളെയും മറ്റ് ബന്ധുമിത്രാദികളെയും "ബാൻ ബാഡ്നസ്സ്" എന്ന സാമൂഹിക പദ്ധതിയിലൂടെ ബോധവൽക്കരണം നടത്തിവരുന്നു. എക്സൈസ് വകുപ്പുമായി ചേർന്ന് "ബാൻ ബാഡ്നസ്സ്" പ്രോജക്ട് കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്രിമിനൽ കേസ്സുകളിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

163 (3795) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകൾ നിലവിലുള്ള ഐ.പി.എസ്. കേഡർ മുതൽ സിവിൽ പോലീസ് ഓഫീസർമാർ വരെയുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) ഇവരിൽ എത്ര പേർക്കെതിരെ ഡിപ്പാർട്ട്മെന്റ് ശിക്ഷാ നടപടി എടുത്തിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ;

(സി) ക്രിമിനൽ കേസ്സിൽ പ്രതികളായവരെ പോലീസ് സേനയിൽ നിയമിക്കരുത് എന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ

കേസ്സ് നിലവിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 880.

(ബി) ഇവരിൽ 726 പേർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടി എടുത്തിട്ടുണ്ട്. കാറ്റഗറി/ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ക്രിമിനൽ കേസ്സിൽ പ്രതികളായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും മാറ്റിനിർത്തിക്കൊണ്ട് വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും വകുപ്പുതല അന്വേഷണത്തിന്റെയും ക്രിമിനൽ കേസിലെ വിധിയുടെയും അടിസ്ഥാനത്തിൽ കേസിന്റെ തീവ്രതയനുസരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. ക്രിമിനൽ കേസിൽ പ്രതികളായവരെ പോലീസ് സേനയിൽ നിയമിക്കരുത് എന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ വിശദാംശങ്ങൾ സർക്കാർ വിശകലനം ചെയ്തു വരികയാണ്.

**അന്യസംസ്ഥാന തൊഴിലാളികൾ**

164 (3796) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ തങ്ങളുടെ പ്രവർത്തന പരിധിയിലുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ ചിത്രം, തിരിച്ചറിയൽ രേഖ, ലൈസൻസ് ഉൾപ്പെടെയുള്ള രേഖകൾ എന്നിവ ശേഖരിക്കാറുണ്ടോ; പോലീസ് സ്റ്റേഷനിൽനിന്നും തൊഴിലാളികൾക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ നൽകാറുണ്ടോ; ഇതു സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

പോലീസ് സ്റ്റേഷനുകളിൽ അന്യസംസ്ഥാന തൊഴിലാളികളുടെ പേര്, അവരുടെ തിരിച്ചറിയൽ രേഖ, ഫോട്ടോ, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്. ഇവർക്ക് പോലീസ് സ്റ്റേഷനിൽനിന്നും ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകാറില്ല.

**എ.ആർ. ബറ്റാലിയൻ അബോളിഷ് ചെയ്തുകൊണ്ട് ഉത്തരവ്**

165 (3797) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്ത് എ.ആർ. ബറ്റാലിയൻ അബോളിഷ് ചെയ്തുകൊണ്ട് 2007-ന് ശേഷം ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2007-ൽ സർവ്വീസിൽ വരികയും 2008-ൽ ട്രെയിനിംഗ് പൂർത്തിയാക്കുകയും ചെയ്ത എത്ര പേർക്ക് എ.ആർ. വില്ലിംങ്ങ് അനുവദിച്ചിട്ടുണ്ട് ; ഇനിയും എത്രപേർക്ക് വില്ലിംഗ് നൽകാനുണ്ട് ;

(സി) 2010 മാർച്ചിന് മുൻപ് എ. ആർ. വില്ലിംഗ് നൽകാത്തവർക്ക് അനുമതി നൽകാത്തത് ഏത് ചട്ട പ്രകാരമാണ് ;

(ഡി) ഒരേ ബാച്ചിൽപ്പെട്ട ജീവനക്കാരിൽ പകുതി പേർക്ക് എ. ആർ. വില്ലിംഗ് അനുവദിക്കുകയും പകുതി പേർക്ക് നിഷേധിക്കപ്പെടുകയും ചെയ്യുന്നത് എന്തടിസ്ഥാനത്തിലാണ് ;

(ഇ) എങ്കിൽ 2007 -ലെ ബാച്ചിൽ ഉൾപ്പെട്ട എല്ലാ ജീവനക്കാർക്കും എ. ആർ. വില്ലിംഗ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഐടി ആക്ട്**

166 (3798) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ ടി ആക്ട് 66A വകുപ്പ് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസ്സുകൾ സൈബർ സെൽ അന്വേഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(സി) ഇത്തരം കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി വേണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ഏതെങ്കിലും കേസിൽ മേൽപ്പറഞ്ഞപ്രകാരം അറസ്റ്റിനുള്ള അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളിലാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കേരള സർക്കാർ

നയം രൂപീകരിച്ചിട്ടുണ്ടോ ;

(എഫ്) പ്രസ്തുത വകുപ്പ് അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവകാശത്തെ ഹനിക്കുന്നതായി കരുതുന്നുണ്ടോ ;

(ജി) ഐ. ടി. ആക്ട് 66A വകുപ്പനുസരിച്ച് എടുക്കുന്ന കേസുകളിൽ അറസ്റ്റ് ചെയ്യുന്നതിനും ജാമ്യം നൽകുന്നതിനും എന്ത് വ്യവസ്ഥയാണ് നിശ്ചയിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഐ. ടി. ആക്ട് 66A വകുപ്പ് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 618 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇത്തരം കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി വേണമെന്നുള്ള സുപ്രീംകോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ ടി വിഷയത്തിൽ 9-1-2013-ലെ 11(6)/2012-CLFE നമ്പർ കത്ത് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 10 കേസുകളിൽ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കേസുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) ബാധകമല്ല.

(എഫ്) ഇല്ല.

(ജി) ഐ.ടി. ആക്ട് 66A വകുപ്പനുസരിച്ച് എടുക്കേണ്ട കേസുകളെ സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ 9-1-2013-ലെ 11(6)/2012/CLFE നമ്പർ കത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

## എസ്.ഐ. (ജനറൽ എക്സിക്യൂട്ടീവ്) തസ്തികകൾ

167 (3799) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 2008 ജനുവരി മുതൽ 2014 ഒക്ടോബർ മാസം വരെ പോലീസ് വകുപ്പിൽ എത്ര പുതിയ എസ്.ഐ. (ജനറൽ എക്സിക്യൂട്ടീവ്) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഏതൊക്കെ ഉത്തരവുകൾ പ്രകാരമാണ് ഇവ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ; വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ 1:1 അനുപാതത്തിൽ എത്ര നേരിട്ടുള്ള എസ്.ഐ ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(സി) 2008 ജനുവരി മുതൽ 2014 ജനുവരി വരെ എത്ര നേരിട്ടുള്ള എസ്.ഐ മാർക്ക് സി.ഐ.-മാരായി പ്രൊമോഷൻ ലഭിച്ചിട്ടുണ്ട് ;

(ഡി) കേരള പോലീസിൽ എസ്.ഐ ജനറൽ എക്സിക്യൂട്ടീവിന്റെ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

### കേരള പോലീസ് സബ് ഇൻസ്പെക്ടർമാർ

168 (3800) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ സബ് ഇൻസ്പെക്ടർമാരുടെ സാംഗ്ഷൻഡ് സ്ട്രെങ്ത് എത്ര ;

(ബി) ഇതിൽ ഗ്രേഡ് സബ് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

<u>ഉത്തരം</u>

(എ) കേരള പോലീസിൽ 1940 സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

### ആംഡ് പോലീസ് ബറ്റാലിയനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ

169 (3801) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആംഡ് പോലീസ് ബറ്റാലിയനുകളിൽ എത്ര സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് ബറ്റാലിയൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകിയവർക്ക് നിയമനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നിലവിൽ ഒഴിവുകളൊന്നുമില്ല.

(ബി) ബാധകമല്ല.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾക്ക് നിയമന ശുപാർശ ലഭിച്ചവർക്ക് നിയമനം നൽകുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കേരള പോലീസ് ടെലികമ്യൂണിക്കേഷൻ വിഭാഗത്തിലെ തസ്തികകൾ**

170 (3802) <u>ശ്രീ. ടി. വി. രാജേഷ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരള പോലീസ് ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ എത്ര തസ്തികകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ ;

(ബി) ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിന് കൊല്ലം, തൃശ്ശൂർ ജില്ലകൾ കേന്ദ്രീകരിച്ച് മറ്റ് ജില്ലകളിലേതുപോലെ ടെലി കമ്മ്യൂണിക്കേഷൻ സേനാംഗങ്ങളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ആധുനിക സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന മേഖലയായതിനാൽ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ അംഗബലം വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ (എക്സിക്യൂട്ടീവും മിനിസ്റ്റീരിയലും ഉൾപ്പെടെ) 949 തസ്തികകളാണ് നിലവിലുള്ളത്.

| | | |
|---|---|---|
| പോലീസ് സൂപ്രണ്ട് | - | 1 |
| ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് | - | 2 |
| പോലീസ് ഇൻസ്പെക്ടർ | - | 24 |
| പോലീസ് സബ് ഇൻസ്പെക്ടർ | - | 101 |
| ഡ്രൈവർ സബ് ഇൻസ്പെക്ടർ | - | 1 |
| എ.എസ്.ഐ. | - | 130 |
| പോലീസ് ഹെഡ് കോൺസ്റ്റബിൾ | - | 208 |
| ഡ്രൈവർ പോലീസ് കോൺസ്റ്റബിൾ | - | 12 |
| പോലീസ് കോൺസ്റ്റബിൾ | - | 388 |
| ഡ്രൈവർ പോലീസ് കോൺസ്റ്റബിൾ | - | 30 |
| ബ്ലാക്ക്സ്മിത്ത് | - | 1 |
| പെയിന്റർ | - | 1 |
| കാർപെന്റർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 19 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 2 |
| കാഷ്യർ | - | 1 |
| ഹെഡ് ക്ലാർക്ക് | - | 1 |
| യു.ഡി. ക്ലാർക്ക്/എൽ.ഡി. ക്ലാർക്ക് | - | 17 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| എസ്.ജി.റ്റി/യു.ഡി.റ്റി./എൽ.ഡി.റ്റി. | - | 3 |

| | | |
|---|---|---|
| ഓഫീസ് അറ്റന്റന്റ് | - | 2 |
| ഡ്രാഫ്റ്റ്സ്മാൻ | - | 1 |
| ക്യാമ്പ് ഫോളോവർ | - | 1 |
| ആകെ | - | 949 |

(ബി&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ അപര്യാപ്തതകൾ

171 (3803) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിന്റെ വാർത്താവിനിമയ സംവിധാനമായ കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം ആധുനിക ഉപകരണങ്ങളുടെയും സൗകര്യങ്ങളുടെയും അഭാവത്തിൽ ഏറെ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉയർന്ന മലമുകളിൽ സ്ഥാപിച്ചിട്ടുള്ള റിപ്പീറ്റർ സ്റ്റേഷനുകളിൽ ഉറപ്പുള്ള കെട്ടിടമോ, കുടിവെള്ളമോ, വൈദ്യുതിയോ, ഗതാഗത യോഗ്യമായ റോഡുകളോ ഇല്ലാതെ ജീവനക്കാർ പ്രയാസപ്പെടുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ പന്തല്ലൂർ റിപ്പീറ്ററിൽ 12 km അകലെയുള്ള നീർച്ചാലിൽനിന്നും ജലം ബാരലുകളിലാക്കി കൊണ്ടുവരുന്നതും സുരക്ഷിതമല്ലാത്ത കെട്ടിടത്തിൽ ഇടയ്ക്കിടെ വിഷമുള്ള പാമ്പുകൾ കയറി വരുന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ സംസ്ഥാനത്തെ എല്ലാ റിപ്പീറ്റർ സ്റ്റേഷനുകളും നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളും, റോഡും നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി&സി) ഉണ്ട്.

(ഡി) റിപ്പീറ്റർ സ്റ്റേഷനുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളും റോഡും നിർമ്മിക്കുന്നതിലേക്കായി എല്ലാ ടെലികമ്മ്യൂണിക്കേഷൻ സബ് യൂണിറ്റുകളിലെയും

ഇൻസ്പെക്ടർമാരെ 'ലെയ്സൺ ഓഫീസർ'-മാരായി നിയോഗിച്ച് ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ന്യൂ ജനറേഷൻ ബാങ്കുകൾ**

172 (3804) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരന്റെ ആവശ്യങ്ങൾക്ക് ബ്ലാങ്ക് ചെക്ക് ലീഫുകളും മുദ്രപ്പത്രങ്ങളും ഈടായി സ്വീകരിച്ചുകൊണ്ട് പണം കടം കൊടുക്കുകയും പിന്നീട് ഇവയിൽ തുകയെഴുതി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലെ വകുപ്പുകൾ ദുരുപയോഗം ചെയ്തുകൊണ്ട് വ്യാജരേഖകൾ ചമച്ച് ചെക്കുകേസുകൾ ഫയൽ ചെയ്യുകയും ചെയ്ത് വസ്തുവകകൾ അപഹരിക്കുന്ന ബ്ലേഡ് മാഫിയ സംഘങ്ങൾ ചെയ്യുന്നതുപോലുള്ള സാമൂഹ്യദ്രോഹപ്രവർത്തനങ്ങൾ സംസ്ഥാനത്തു പ്രവർത്തിക്കുന്ന ചില ന്യൂ ജനറേഷൻ ബാങ്കുകളും ചുരുക്കം ചില സർവ്വീസ് സഹകരണ ബാങ്കുകളും ചെയ്തുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാനത്തെ ഇന്റലിജൻസ് വകുപ്പിനും ഇതര ഏജൻസികൾക്കും ലഭിക്കുന്ന പരാതികളിന്മേൽ യുദ്ധകാലാടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിനും കഴിയുമോ ;

(സി) പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ രൂപീകൃതമായ സഹകരണ പ്രസ്ഥാനത്തിലെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് അറുതി വരുത്തുന്നതിന് കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കുന്നതാണ്.

(സി) 'ഓപ്പറേഷൻ കുബേര' തുടങ്ങിയതിനുശേഷം ചില പരാതികൾ വരികയും ആയതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ശ്രീ. എ. സുനിൽരാജിനെ ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തൽ**

173 (3805) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ HHW-1, CBCID-SI ശ്രീ. എ. സുനിൽരാജിനെ ഡി.പി.സി.

സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലിൽ (No.87225/A3/14/Home)- തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ ഫയലിൽ ഉടൻ തീർപ്പ് കൽപ്പിക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ശ്രീ. സുനിൽരാജിന്റെ അപേക്ഷ സംസ്ഥാന പോലീസ് മേധാവിയുടെ 1-12-2014-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ശ്രീ. പി. വിജേഷിന്റെ പേരിൽ കണ്ണപുരം പോലീസ് സ്റ്റേഷനിലെ കേസ്സ്

174 (3806) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ കല്ല്യാശ്ശേരി കോലത്ത് വയലിൽ ശ്രീ. പി. വിജേഷിന്റെ പേരിൽ കണ്ണപുരം പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ഡി) പരാതിക്കാർ മർദ്ദനമേൽക്കുകയോ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയോ മുറിവേൽക്കപ്പെടുകയോ ഒന്നും ചെയ്യാത്ത സാഹചര്യത്തിൽ യാതൊരുവിധ അന്വേഷണവും നടത്താതെ മദ്യപാനികളും ക്രിമിനൽ പശ്ചാത്തലവുമുള്ള പരാതിക്കാരുടെ അഭിപ്രായം മാത്രം പരിഗണിച്ച് നിരപരാധിയായ ഒരു ചെറുപ്പക്കാരനെതിരെ ഇത്തരം വകുപ്പുകൾ ചുമത്തി കേസ്സ് രജിസ്റ്റർ ചെയ്തതിന് എന്തു ന്യായീകരണമാണുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സലിൻ ആനന്ദ്, S/o. സദാനന്ദൻ എന്നയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ.

(സി) കണ്ണപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 741/2014 u/s 143, 147,

148, 324, 308 r/w 149 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) പരാതിക്കാരന് മർദ്ദനത്തിൽ പരിക്കേറ്റ് കണ്ണൂർ ജില്ലാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത സാഹചര്യത്തിലാണ് പരാതിക്കാരന്റെ മൊഴി പ്രകാരം പ്രതിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**സോളാർ കേസ്**

175 (3807) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ കേസന്വേഷണത്തിന്റെ ഭാഗമായി പ്രതി സരിത എസ് നായരിൽനിന്ന് എത്ര മൊബൈൽ ഫോണുകളും ലാപ്പ്ടോപ്പുകളും അന്വേഷണ ഉദ്യോഗസ്ഥർ പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഉദ്യോഗസ്ഥർ എത്ര വീതം മൊബൈൽ ഫോണുകളും ലാപ്പ്ടോപ്പുകളുമാണ് പിടികൂടിയതെന്നും ഇതിൽ എത്ര വീതം ഏതെല്ലാം കോടതിയിൽ ഹാജരാക്കിയെന്നും വ്യക്തമാക്കാമോ ;

(സി) സോളാർ കേസിലെ നിർണ്ണായക തെളിവുകളടങ്ങിയ 3 മൊബൈൽ ഫോണും ഒരു ലാപ്പ്ടോപ്പും പോലീസ് പിടിച്ചെടുത്ത് കോടതിയിൽ ഹാജരാക്കാതെ പൂഴ്ത്തി വയ്ക്കുകയും തനിക്കെതിരെ ദുരുപയോഗിക്കുകയും ചെയ്യുന്നുവെന്ന് കാണിച്ച് സരിത എസ്. നായർ ഡി.ജി.പി.-ക്ക് പരാതി നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6 മൊബൈൽ ഫോണുകളും ഒരു ലാപ്പ്ടോപ്പും.

(ബി)

1. ശ്രീ. സുധീർ മനോഹർ, എസ്.ഐ., പെരുമ്പാവൂർ - 2 ഫോണുകൾ
2. ശ്രീ. വി. റോയ്, പോലീസ് ഇൻസ്പെക്ടർ, പെരുമ്പാവൂർ - 4 ഫോണുകളും ഒരു ലാപ്പ്ടോപ്പും പിടിച്ചെടുത്തു. ഇവയെല്ലാംതന്നെ പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. തന്റെ ദൃശ്യങ്ങൾ പുറത്തുവിട്ടത് സംബന്ധിച്ചും മറ്റുമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സരിത എസ്. നായരുടെ ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിവരികയാണ്.

## വനിതാ പോലീസ് - ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ

176 (3808) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-3-2011 -ലെ G.O. (P) No. 83/11/ഹോം ഉത്തരവ് പ്രകാരം മാതൃജില്ലയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട വനിത പോലീസുകാരുടെ പേരുവിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥലം മാറ്റം ലഭിക്കുന്നതിന് അപേക്ഷിച്ചവർക്ക് മാതൃ ജില്ലയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മേൽ ഉത്തരവു പ്രകാരം തിരുവനന്തപുരം ജില്ലയിൽനിന്ന് എത്ര പേർക്ക് കൊല്ലം ജില്ലയിലേക്ക് ട്രാൻസ്ഫർ ലഭിച്ചിട്ടുണ്ട്; പേരുവിവരം വിശദമാക്കുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിൽനിന്നും കൊല്ലം ജില്ലയിലേക്ക് ഇനി എത്രപേർക്ക് ട്രാൻസ്ഫർ ലഭിക്കുവാനുണ്ട് ; ആയതിന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സ്ഥലം മാറ്റം ആവശ്യപ്പെട്ടവരുടെ വിവരം ജില്ല തിരിച്ച് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു..*

(ബി) കൊല്ലം ജില്ലയിൽ വേക്കൻസി ഇല്ലാത്തതിനാൽ നിയമനം നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പേരുവിവരം ചുവടെപ്പറയുന്നു :

WCPO T 2099 - വിനീത ഗോപിനാഥ്

WCPO T 3063 - ശോഭ

WCPO T 3009 - സ്മിത ചന്ദ്രൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

WCPO T 3038 - സുചിത്ര ദേവി

WCPO T 3491 - ഷെർളി. എസ്

(ഡി) 3 പേർക്ക് ട്രാൻസ്ഫർ ലഭിക്കുവാനുണ്ട്. മൊത്തത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റ് അനുബന്ധം (II)* ആയി ചേർത്തിരിക്കുന്നു.

**ഹവാല പണമിടപാട് കേസ്സുകൾ**

177 (3809) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ എത്ര ഹവാലാ പണമിടപാട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ആകെ എത്ര തുകയുടെ ഇടപാടുകളുമായി ബന്ധപ്പെട്ടാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര വിദേശ പൗരന്മാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഓരോരുത്തരും ഏതു രാജ്യത്തെ പൗരന്മാരാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹവാലപ്പണവുമായി ബന്ധപ്പെട്ട് 17 കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി.

(ബി) ഏഴ് കോടി എൺപത്തി മൂന്നു ലക്ഷത്തി ഇരുപതിനായിരത്തി എഴുന്നൂറ് രൂപയുടെ (7,83,20,700) ഇടപാടുകളുമായി ബന്ധപ്പെട്ടാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ഈ കേസ്സുകളിൽ വിദേശ പൗരന്മാർ ഉൾപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**ചുംബന സമരത്തിനെതിരെയുള്ള പോലീസ് നടപടികൾ**

178 (3811) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ ചുംബനസമരം തടയാനെന്ന പേരിൽ ആയുധങ്ങളുമായി വിദ്വേഷ മുദ്രാവാക്യങ്ങളുയർത്തി എത്തിയവരെ പോലീസ് സംരക്ഷിച്ച നടപടി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാധാരണയിൽനിന്നും വ്യത്യസ്തമായി , പ്രതിഷേധ രീതികളോട് യോജിപ്പുള്ളവരും വിയോജിപ്പുള്ളവരും ഉണ്ടാകുമ്പോൾ, ഇരട്ടത്താപ്പ് സ്വീകരിച്ചതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പോലീസ് സംഘത്തിന്റെ പിന്തുണയോടെ വർഗ്ഗീയവാദികൾ ഉൾപ്പെടെ ആക്രോശ പ്രകടനം നടത്തിയെന്നതിനെ അംഗീകരിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) സർക്കാർ വർഗ്ഗീയവാദികളുമായി ഉണ്ടാക്കിയ ധാരണയുടെ പിൻബലത്തിലാണ് ഇവർ അഴിഞ്ഞാടിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല. കൊച്ചി മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തിൽ പ്രതിഷേധിക്കുവാനായി എത്തിയ ശിവസേന, വി.എച്ച്.പി., ബജ്റംഗൾ, എസ്.ഡി.പി.ഐ. എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 200-ഓളം പ്രവർത്തകർക്കെതിരെ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കൊച്ചി മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തെ അനുകൂലിച്ച് പ്രകടനം നടത്തിയ 19-ഓളം പ്രവർത്തകർക്കെതിരെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഇത്തരം ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

## ഗതാഗത നിയന്ത്രണത്തിനുള്ള ക്യാമറകളുടെയും സിഗ്നൽ സംവിധാനത്തിന്റെയും പോരായ്മകൾ

179 (3812) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന ഗതാഗതം നിയന്ത്രിക്കാൻ ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെയും സിഗ്നൽ സംവിധാനത്തിന്റെയും പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വശത്തേയ്ക്കും വാഹനം കടത്തിവിടുന്ന സമയം സിഗ്നൽ പോസ്റ്റിലെ ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കാത്തതുമൂലം വാഹനങ്ങൾ ഓഫാക്കി നിർത്താൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(സി) ഇതുമൂലമുണ്ടാകുന്ന ഇന്ധന നഷ്ടം, ശബ്ദശല്യം, വായുമലിനീകരണ പ്രശ്നം എന്നിവ പരിഹരിക്കാൻ എല്ലാ സിഗ്നൽ പോസ്റ്റുകളിലും സമയ കൗണ്ട് ഡൗൺ സംവിധാനം കൂടി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രധാനപ്പെട്ട തിരക്കേറിയ ജംഗ്ഷനുകളിലെല്ലാം സമയ കൗണ്ട്ഡൗൺ സംവിധാനം ഏർപ്പെടുത്തിവരുന്നുണ്ട്.

**സോഷ്യൽ മിഡിയ**

180 (3813) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർ സോഷ്യൽ മീഡിയകളിൽകൂടി ലഭിക്കുന്ന മെസ്സേജുകൾ ലൈക് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്താൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം വകുപ്പുകളാണ് നിലവിലുള്ളത് ; ബന്ധപ്പെട്ട വകുപ്പുകളുടെയും ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) സോഷ്യൽ മീഡിയകളിൽ സ്വന്തമായി അഭിപ്രായം രേഖപ്പെടുത്തുന്നതിനെയും ലൈക് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്യുന്നതിനെയും രണ്ടായി കാണുന്നതിന് നിയമതടസ്സമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കേരളത്തിൽ സർക്കാർ ജീവനക്കാരുടെ പേരിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് ; ഇവർക്കെതിരെ എടുത്ത നടപടികളും പ്രസ്തുത അച്ചടക്ക നടപടി തീർപ്പാക്കലും സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഡി) ഇപ്രകാരം ചെയ്തതിന് ഏതെങ്കിലും സർക്കാർ ജീവനക്കാരെ സസ്പെൻഡ്

ചെയ്തിട്ടുണ്ടെങ്കിൽ ആയത് ആറുമാസത്തിലേറെ നീട്ടിക്കൊണ്ടുപോകുന്നത് സാമൂഹ്യനീതിയ്ക്ക് എതിരാണെന്ന് കരുതുന്നുണ്ടോ ; ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശവും തുടർനടപടിയും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർ സോഷ്യൽ മീഡിയകളിൽകൂടി ലഭിക്കുന്ന മെസ്സേജുകൾ ലൈക് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്താൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിലവിൽ പ്രത്യേക വകുപ്പുകളില്ല. എന്നാൽ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ (Online സംവിധാനം) ലഭിക്കുന്ന സന്ദേശം (Text Images, Video, Audio and any other electronic record) ഷെയർ ചെയ്യുന്നതുവഴി അത് ലഭിക്കുന്നവർക്കോ, മറ്റുള്ളവർക്കോ അസഹ്യത, വെറുപ്പ്, ഇഷ്ടക്കേട്, ശത്രുത, മാനഹാനി മുതലായവ സൃഷ്ടിക്കുന്നുണ്ടെങ്കിൽ അപ്രകാരം ഷെയർ ചെയ്യുന്നത് 2008-ലെ Information Technology Act (Amendment Sec 66A (a), (b), (c)) പ്രകാരം കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം കേസിൽ പ്രതിയാകുന്നവരുടെ പേരിൽ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സോഷ്യൽ മീഡിയകളിൽ സ്വന്തമായി അഭിപ്രായം രേഖപ്പെടുത്തുന്നതിനെയും ലൈക് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്യുന്ന അഭിപ്രായങ്ങളുടെ (text, Images, Video, Audio and any other electronic record) സ്വഭാവമനുസരിച്ച് അവയെ കുറ്റകരമായതും അല്ലാത്തതുമായി തരംതിരിക്കാം. 2008-ലെ Information Technology Act(Amendment Sec 66 A (a), (b), (c)) എന്നിവയുടെ നിർവ്വചനത്തിൽ വരുന്ന സന്ദേശങ്ങൾ കുറ്റകരവും അല്ലാത്തവ കുറ്റകരവുമല്ല.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## അടൂർ മണ്ഡലത്തിലെ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ അഗ്നിബാധ- അന്വേഷണം

181 (3814) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) അടൂർ മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള ഹിരണ്യനല്ലൂർ ക്ഷേത്രം സംശയാസ്പദമായ സാഹചര്യത്തിൽ അഗ്നിക്കിരയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നൂറ്റാണ്ടുകൾ പഴക്കമുള്ള വളരെ പ്രാധാന്യമേറിയ ഈ ക്ഷേത്രത്തിലുണ്ടായ അഗ്നിബാധ സംബന്ധിച്ച അന്വേഷണത്തിൽ കാര്യമായ പുരോഗതിയില്ലാത്ത തിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) നാളിതുവരെ ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണ വിവരങ്ങളുടെ വിശദാംശം അറിയിക്കാമോ ;

(ഡി) അനുബന്ധ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി ഊർജ്ജിത പ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് അടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2000/ 2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിത അന്വേഷണത്തിനായി അടൂർ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായ രീതിയിൽ അന്വേഷണം നടന്നുവരുന്നതുമാകുന്നു.

(സി) സംഭവസ്ഥലത്തുനിന്നും തെളിവിനായി ശേഖരിച്ചിട്ടുള്ള വസ്തുക്കൾ ബഹുമാനപ്പെട്ട കോടതി മുഖേന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. പരിശോധനാ ഫലം ലഭ്യമായാൽ മാത്രമേ തീപിടിത്തത്തിന് ഇടയായ കാരണങ്ങൾ വ്യക്തമാകുകയുള്ളൂ. Electronic തെളിവുകൾ ഉൾപ്പെടെ ശേഖരിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) ടി കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനു കൈമാറാൻ ഉത്തരവായിട്ടുണ്ട്.

**ജനപക്ഷ യാത്ര**

182 (3815) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.പി.സി.സി. പ്രസിഡന്റ് നയിക്കുന്ന ജനപക്ഷ യാത്രയുമായി ബന്ധപ്പെട്ട് സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും മറ്റുമായി പണപ്പിരിവ് നടത്തുന്നതായും സർക്കാർ

പദവികൾ ദുരുപയോഗം ചെയ്യുന്നതായും പത്ര-ടെലിവിഷൻ മാധ്യമങ്ങളിൽ വന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഗൗരവപൂർവ്വമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**ജില്ലാ സായുധ സർവ്വീസിലേക്ക് സ്ഥലം മാറ്റം വാങ്ങുന്ന പോലീസുകാരുടെ സീനിയോറിറ്റി**

183 (3816) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തീർപ്പാക്കിയ WPC No. 17133/2010-ാം നമ്പർ കേസിന്റെ വിധി പ്രകാരം 10-3-1989-ലെ G.O(p)No. 33/89/Home ഉത്തരവ് നടപ്പിലാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ ഉത്തരവ് എന്ന് നടപ്പിലാക്കും;

(ബി) നിലവിലുള്ള നിയമപ്രകാരം ആംഡ് പോലീസ് ബറ്റാലിയനിൽ നിന്നും ജില്ലാ സായുധ സർവ്വീസിലേക്ക് സ്ഥലം മാറ്റം വാങ്ങുന്ന പോലീസുകാരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് ജില്ലാ സായുധ റിസർവ്വിലേയ്ക്ക് മാറ്റിക്കൊണ്ട് ആംഡ് പോലീസ് ബറ്റാലിയൻ ഡി.ഐ.ജി പുറപ്പെടുവിക്കുന്ന ഉത്തരവ് തീയതി മുതലാണ്. എന്നാൽ ആയത് കൃത്യമായി പാലിക്കുന്നുണ്ടോ; ഉത്തരവിന് വിരുദ്ധമായ സീനിയോറിറ്റി നിശ്ചയിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്;

(സി) ആംഡ് പോലീസ് ബറ്റാലിയനിൽനിന്നും ജില്ലാ പോലീസ് റിസർവ്വുകളിലേക്ക് 19-4-1989 മുതൽ 19-4-1990 വരെ ട്രാൻസ്ഫർ ആയി വന്നവർക്ക് G.O(p)No. 33/84 പ്രകാരമാണോ സീനിയോറിറ്റി നൽകിയിട്ടുള്ളത് ; ഇതിനു വിരുദ്ധമായി സീനിയോറിറ്റി നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) 1983, 1984 കാലയളവിൽ ആംഡ് പോലീസ് ബറ്റാലിയനിൽ പോലീസുകാരായി നിയമനം ലഭിച്ചവർക്ക് ജില്ലാ ആംഡ് റിസർവ്വുകളിലേക്ക് ട്രാൻസ്ഫർ ആയി വരുന്നതിന് 22-3-1988-ലെ G.O(Ms) No. 38/88 Home പ്രകാരമാണോ ട്രാൻസ്ഫർ നൽകിയിട്ടുള്ളത്; GO-ൽ ട്രാൻസ്ഫർ ആകുന്നതിനുള്ള കാലാവധി എത്ര ; ജില്ല സായുധ റിസർവ്വുകളിൽ വേക്കൻസിയുടെ അടിസ്ഥാനത്തിലാണോ ട്രാൻസ്ഫർ നല്കുന്നത്; അപ്രകാരം ട്രാൻസ്ഫർ ആയി വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ജില്ലാ

സായുധ റിസർവ്വുകളിൽ സീനിയോറിറ്റി ഏത് തീയതി മുതലാണ് നിശ്ചയിക്കുന്നത്;

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതി വിധി WPC No. 17133/2010, G.O(P)No. 33/89എന്നിവ നടപ്പിലാക്കുന്നതിനായി നിയമവകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലാണോ സീനിയോറിറ്റി നിശ്ചയിച്ചിട്ടുള്ളത് ; ഏതു തീയതിയിലാണ് നിയമോപദേശം തേടിയിട്ടുള്ളത് ;

ഉത്തരം

(എ- ഇ ) വിവരം ശേഖരിച്ചുവരുന്നു.

**റാന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിലെ ഉദ്യോഗസ്ഥരുടെ കുറവ്**

184 (3817) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ ക്രമസമാധാന പരിപാലനത്തിനുള്ള ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ എത്ര ഉദ്യോഗസ്ഥരുടെ തസ്തികയാണ് ആകെയുള്ളത്; ഇതിൽ എത്രപേർ നിലവിലുണ്ട് ;

(ബി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ താൽക്കാലിക വ്യവസ്ഥയിൽ റാന്നി സ്റ്റേഷനിൽ പോലീസുകാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയാണെന്ന് പറയാമോ ;

(സി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ശബരിമല സീസണിലും മറ്റും അനുഭവപ്പെടുന്ന ട്രാഫിക് കുരുക്കിനു പരിഹാരമായി റാന്നിയിൽ അനുവദിക്കാമെന്നു പറഞ്ഞിരുന്ന ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ട്രാഫിക് ഡ്യൂട്ടിക്ക് അധികമായി പോലീസുകാരെ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ- ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**തീരദേശ പോലീസ് സ്റ്റേഷനുകൾ**

185 (3818) ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അവ ഏതെല്ലാം എന്ന് വിശദമാക്കുമോ ;

(സി) വിഴിഞ്ഞത്ത് 2010-ൽ പ്രവർത്തനം ആരംഭിച്ച വിഴിഞ്ഞം തീരദേശ പോലീസ് സ്റ്റേഷന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥിതിക്ക് മാറ്റം വരുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) വിഴിഞ്ഞം തീരദേശ പോലീസ് സ്റ്റേഷന്റെ സ്ഥിതി സംബന്ധിച്ച് 2014 നവംബർ 24-ാം തീയതിയിലെ മലയാള മനോരമ പത്രത്തിന്റെ 13-ാം പേജിൽ വന്നിട്ടുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; പ്രസ്തുത റിപ്പോർട്ടിനെ തുടർന്ന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 8 എണ്ണം.

1. വിഴിഞ്ഞം
2. നീണ്ടകര
3. തോട്ടപ്പള്ളി
4. ഫോർട്ട് കൊച്ചി
5. അഴിക്കോട്
6. അഴീക്കൽ
7. ബേപ്പൂർ
8. ബേക്കൽ.

(സി-എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം തീരദേശ പോലീസ്സ്റ്റേഷന്റെ നവീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

**പോലീസ് സേനയിലെ ഡ്രൈവർമാർ**

186 (3819) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ വേണ്ടത്ര ഡ്രൈവർമാർ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര പേരുടെ ഒഴിവുണ്ട് എന്ന് വ്യക്തമാക്കുമോ ; ഒഴിവുള്ള തസ്തികകയിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 380 ഒഴിവുകൾ നിലവിലുണ്ട്. ഇവയെല്ലാം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡ്രൈവർ തസ്തികയിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടില്ലാത്തതിനാലാണ് ഒഴിവുകൾ നികത്താൻ സാധിക്കാത്തത്.

## പോലീസ് ഡ്യൂട്ടി മീറ്റുകളിലെ വിജയികൾക്ക് ആനുകൂല്യം

187 (3820) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ ഓൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റിൽ മെഡൽ നേടിയ വ്യക്തിക്ക് സർക്കാരോ ഡിപ്പാർട്ട്മെന്റോ ആനുകല്യം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാന പോലീസ് ഡ്യൂട്ടി മീറ്റിന്റെ 6-11-2013-ൽ നടന്ന അവാർഡുദാന ചടങ്ങിൽ വച്ച് സംസ്ഥാന, ദേശീയ പോലീസ് ഡ്യൂട്ടി മീറ്റുകളിലെ വിജയികൾക്ക് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ് മന്ത്രി പ്രഖ്യാപിച്ച ക്യാഷ് റിവാർഡ് എപ്പോൾ വിതരണം ചെയ്യുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. സംസ്ഥാന പോലീസ് ഡ്യൂട്ടി മീറ്റിൽ മെഡൽ നേടിയ വ്യക്തികൾക്ക് ക്യാഷ് റിവാർഡ് നൽകണമെന്ന ശിപാർശ സർക്കാർ നിരസിച്ചിട്ടുള്ളതാണ്.

## പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ നിയമനം

188 (3821) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ബോട്ടും ടൂവീലറുകളുമൊഴികെ ആകെ എത്ര വാഹനങ്ങളാണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന പോലീസ് സേനയിൽ ഡ്യൂട്ടി പ്രകാരം ആകെ എത്ര ഡ്രൈവർമാരെ ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന പോലീസ് വകുപ്പിലെ വാഹനങ്ങൾക്ക് ആനുപാതികമായി ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചും നിലവിലുള്ള ഒഴിവുകളിലും അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് സേനയിൽ ബോട്ടും ടൂവീലറുകളുമൊഴികെ 3945 വിവിധ തരം വാഹനങ്ങൾ ഉണ്ട്.

(ബി&സി) സംസ്ഥാന പോലീസ് സേനയിൽ ആകെ 2585 ഡ്രൈവർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ നിലവിലുള്ള 380 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നതിനനുസരിച്ച് ഒഴിവുകൾ നികത്തിയതിനുശേഷം മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാൻ നിർവ്വാഹമുള്ളൂ.

**പോലീസ് മർദ്ദനം സംബന്ധിച്ച പരാതികൾ**

189 (3822) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസ് മർദ്ദനം സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റ എത്ര സംഭവം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റക്കാരായ പോലീസ്സുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസ് മർദ്ദനം സംബന്ധിച്ച 565 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റ എത്ര സംഭവം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ചുവടെ

ചേർത്തിരിക്കുന്നു :

| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം | |
|---|---|
| പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റതിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | 2 |
| പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റതിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | 1 |
| ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റതിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ... |

(സി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റക്കാരായ പൊലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ചുവടെ ചേർക്കുന്നു :

| കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ച കേസുകളുടെ എണ്ണം | |
|---|---|
| പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുണ്ടായ മർദ്ദനങ്ങളിൽ | 2 |
| പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുണ്ടായ മർദ്ദനങ്ങളിൽ | 1 |
| ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുണ്ടായ മർദ്ദനങ്ങളിൽ | ... |

## പോലീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുനൽകാൻനടപടി

190 (3823) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ പള്ളാത്തുരുത്തി തോടിനു കുറുകെ പാലം പണിഞ്ഞ് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന്റെ അധീനതയിലുള്ള വസ്തുവിൽ നിന്നും 5 സെന്റ് സ്ഥലം പൊതുമരാമത്തു വകുപ്പിന് വിട്ടുനൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചു ; സ്ഥലം വിട്ടുനൽകി ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പള്ളാത്തുരുത്തി പോലീസ് ഔട്ട് പോസ്റ്റ് സ്ഥിതി ചെയ്യുന്ന ഭൂമിയിൽനിന്നും 5 സെന്റ് സ്ഥലം പൊതുമരാമത്ത് വകുപ്പിനു കൈമാറുന്നതിന് ആഭ്യന്തര വകുപ്പ് അനുമതി നൽകിക്കഴിഞ്ഞു. റവന്യൂ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു.

**പോലീസ് സർവ്വകലാശാല**

191 (3824) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പോലീസ് സർവ്വകലാശാല ബിൽ സംബന്ധിച്ച കരടുരൂപം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പോലീസ് സയൻസിലും ആഭ്യന്തര സുരക്ഷയിലും ഉന്നത വിദ്യാഭ്യാസ സൗകര്യമൊരുക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-ഡി) നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസ് & സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി തുടങ്ങുന്നത് സംബന്ധിച്ച് ശ്രീ. എൻ. ആർ. മാധവ മേനോൻ ചെയർമാനായുള്ള കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകളിലെ മൂന്നാംമുറ**

192 (3825) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം എത്ര പേർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറയ്ക്ക് വിധേയരായിട്ടുണ്ട് ; ഇരയായവരുടെ വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടുണ്ട് ; ഇരയായവരുടെ വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ ;

(സി) എത്ര രാഷ്ട്രീയ പാർട്ടി പ്രവർത്തകർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടുണ്ട് ; രാഷ്ട്രീയ ബന്ധം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ

സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) മൂന്നാം മുറയുമായി ബന്ധപ്പെട്ട് എത്ര പോലീസുകാരുടെ പേരിൽ സർക്കാർ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; പേര്, ഔദ്യോഗിക നാമം, ശിക്ഷാ നടപടി എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വിശദമാക്കുമോ ;

(ഇ) മൂന്നാം മുറയെ തുടർന്ന് എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട് ; സ്റ്റേഷൻ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) മൂന്നാം മുറയെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട് ; സ്റ്റേഷൻ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) രാഷ്ട്രീയ പാർട്ടി പ്രവർത്തകർ ആരും തന്നെ പോലീസ്സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ആരും കൊല്ലപ്പെട്ടിട്ടില്ല.

(എഫ്) ആരും ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പോലീസ് കോൺസ്റ്റബിൾ (ഡ്രൈവർമാരുടെ) തസ്തികകൾ**

193 (3826) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പോലീസ് കോൺസ്റ്റബിൾ (ഡ്രൈവർമാരുടെ) എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

2585 തസ്തികകൾ.

**പോലീസ് കോൺസ്റ്റബിൾ ഒഴിവുകൾ**

194 (3827) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ നിലവിൽ വന്ന പി.എസ്.സി.-യുടെ കേരള പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ ലിസ്റ്റിൽനിന്നും എത്ര പേരെ ഇതുവരെ നിയമന

ശുപാർശ ചെയ്തു ; എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) 2011-2014 സാമ്പത്തിക വർഷ കാലയളവിൽ പോലീസ് സേനയിൽ ഉണ്ടായ റിട്ടയർമെൻറ് ഒഴിവുകൾ എത്ര ; ഇവയിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു ; ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇടുക്കി ജില്ലയിൽ മാത്രം എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്രദിവസത്തിനകം നിയമനം നടത്തും എന്നറിയിക്കാമോ ?

ഉത്തരം

(എ) 2014-ൽ നിലവിൽ വന്ന പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും 1479 പേരെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. നിലവിലെ ഒഴിവുകൾ എത്രയെന്ന് ശേഖരിച്ച് നൽകുന്നതാണ്.

(ബി-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ**

195 (3828) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കേസുകളിൽപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(ബി) ഇവ ലേലം ചെയ്യുന്നതിനോ വിൽക്കുന്നതിനോ നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ; ഇതിനു വേണ്ടിവരുന്ന ചുരുങ്ങിയ കാലാവധി എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ ലേലം ചെയ്തു ; ഇതിൽ നിന്നും എന്ത് തുക സർക്കാരിന് ലഭിച്ചു ;

(ഡി) വാഹനങ്ങൾ നശിച്ചുപോകുന്നതിന് മുമ്പുതന്നെ ലേലം ചെയ്തു വിൽക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ക്രൈം കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസ് തീരുന്ന മുറക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട കോടതിയുടെ അനുവാദത്തോടുകൂടി ഡിസ്പോസൽ ചെയ്തുവരുന്നു. അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ കേരളാ പോലീസ് ആക്ട് 56 പ്രകാരം ലേലം ചെയ്ത് ഒഴിവാക്കുന്നു. ഇതിന് പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല.

(സി) 9000 വാഹനങ്ങൾ ലേലം ചെയ്തു. ഇതിൽനിന്നും 4,79,79,723 രൂപ (നാല് കോടി എഴുപത്തിയൊൻപത് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി എഴുനൂറ്റി ഇരുപത്തി മൂന്ന് ) സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) അവകാശികളില്ലാത്ത വാഹനങ്ങൾ നശിച്ചുപോകുന്നതിന് മുമ്പുതന്നെ ലേലം ചെയ്ത് വിൽക്കുന്നതിന് പരമാവധി വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്യാമറ സ്ഥാപിക്കുന്നതിന് ചെലവായ തുകയും ക്യാമറയുടെ പ്രവർത്തനവും

196 (3829) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ആഭ്യന്തര വകുപ്പ് റോഡുകളിൽ ആധുനിക ക്യാമറാ സൗകര്യം ഏർപ്പെടുത്തുവാനായി നാളിതുവരെ എത്ര തുക ചെലവാക്കി ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകമാനം എത്ര ക്യാമറകൾ സ്ഥാപിച്ചു; അവയിൽ എത്ര എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ് ; എത്ര എണ്ണം പ്രവർത്തനരഹിതമായി ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്യാമറകൾ സ്ഥാപിക്കാനും അറ്റകുറ്റപ്പണികൾക്കുമായി ഏതൊക്കെ സ്ഥാപനങ്ങളെ നിയോഗിച്ചിട്ടുണ്ട് ; ഇതിനായി എന്തു തുക ഓരോവർഷവും നൽകേണ്ടതുണ്ട്; ഇതിൽ എത്ര തുക ഓരോ വർഷവും നൽകി; എത്ര നൽകാനുണ്ട് ; പ്രസ്തുത സ്ഥാപനങ്ങൾ കരാർ ലംഘനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ആഭ്യന്തര വകുപ്പിന്റെ പരിശോധനയിൽ നൈറ്റ് വിഷൻ ക്യാമറയാണ് സ്ഥാപിക്കേണ്ടതെന്ന വകുപ്പിന്റെ അറിയിപ്പ് പാലിക്കാതെ സ്ഥാപിക്കപ്പെട്ട ക്യാമറകളിൽ നിന്ന് ഇവ പകർത്തുന്ന രാത്രി ദൃശ്യങ്ങൾ വിവിധ അന്വേഷണങ്ങൾക്ക് ഫലവത്താവുന്നില്ല എന്നതും ഇതുമൂലം അപകടമരണങ്ങളുണ്ടാക്കുന്ന വാഹനങ്ങൾ കണ്ടുപിടിക്കാൻ കഴിയുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) എങ്കിൽ ഇവയുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനവും വാഹനാപകടം മൂലം മരണപ്പെട്ടവരുടെ മരണത്തിനിടയാക്കിയതും സ്പിരിറ്റ് ഉൾപ്പെടെ സ്ഫോടക വസ്തുക്കൾ കടത്തിയതുമായ കണ്ടെത്താൻ കഴിയാത്ത വാഹനങ്ങൾ എത്രയാണ് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം സാഹചര്യത്തിൽ, പ്രസ്തുത അപകട മരണങ്ങൾക്ക് വിധേയരായവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ 9 സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുന്നതിനായി 1,63,32,000 രൂപയും 86 ട്രാഫിക് സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കുന്നതിനായി 4,08,51,480 രൂപയും 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ പോലീസ് വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ കാസർഗോഡ് പാക്കേജിന്റെ ഭാഗമായി 29-1-2014 സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ റ്റി) നമ്പർ 333/13/ ആഭ്യന്തരം പ്രകാരം 2,28,03,356 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഈ സർക്കാർ കാലയളവിൽ 9 സ്പീഡ് ഡിറ്റക്ഷൻ ക്യാമറകളും 86 ട്രാഫിക് സെക്യൂരിറ്റി ക്യാമറകളും പോലീസ് വകുപ്പ് മാത്രമായി സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപണികൾക്കുമായി കെൽട്രോണിനെയാണ് നിയോഗിച്ചിട്ടുള്ളത്. 2011-12, 2012-13-ൽ സ്ഥാപിച്ച ക്യാമറകൾ അതിന്റെ വാറണ്ടി പീരിയഡിൽ അറ്റകുറ്റപണികൾ ചെയ്തിട്ടുണ്ട്. 3 വർഷത്തെ Annual Maintenance Contract നായി 2,55,21,020 രൂപയുടെ അനുമതിയും വർക്ക് ഓർഡറും കെൽട്രോണിന് ഇപ്പോൾ നൽകിയിട്ടുണ്ട്. കരാർ ലംഘനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അപൂർവ്വം ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാത്രിയിലെ ക്യാമറയിലെ ദൃശ്യങ്ങൾ പരിശോധിച്ച് കണ്ടെത്താൻ കഴിയാത്ത 5 കേസുകൾ ഉണ്ടായിട്ടുണ്ട്.

(ഇ) 5 വാഹനങ്ങൾ. തിരുവനന്തപുരം സിറ്റി ജില്ല പരിധിയിൽ 2-ഉം കോഴിക്കോട് സിറ്റി ട്രാഫിക് പരിധിയിൽ 3-ഉം.

(എഫ്) കോഴിക്കോട് സിറ്റി ജില്ലാ പരിധിയിൽ മൂന്നുപേരും തിരുവനന്തപുരം സിറ്റി ജില്ല പരിധിയിൽ രണ്ട് പേരും വീതവും മരണപ്പെട്ടിട്ടുണ്ട്.

**അഴിമതി ആരോപണത്തിന്മേലുള്ള വിജിലൻസ് അന്വേഷണം**

197 (3830) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ചതായി ആരോപിക്കപ്പെട്ട മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയും സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ ; ആയവ അന്വേഷിക്കുന്നതിന് വിജിലൻസ് സംവിധാനം വിപുലപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; ഇപ്പോൾ അന്വേഷണം നേരിടുന്നവരെത്ര ; മന്ത്രിമാർ എത്ര ;

(ബി) മുൻ വനം വകുപ്പ് മന്ത്രിയും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനും അഴിമതിക്കാരുടെ പേരുകൾ വെളിപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാർ പ്രഖ്യാപനം നടത്തിയവരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ശേഖരിച്ച പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആരോപിക്കപ്പെട്ടവർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ഔദ്യോഗിക പദവി ദുരപയോഗം ചെയ്തുവരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി ആരോപിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടന്നുവരുന്നു. ഇപ്പോൾ അന്വേഷണം നടക്കുന്നവയിൽ മന്ത്രിമാർ ആരും ഉൾപ്പെടുന്നില്ല. 35 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസുകളും 53 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണങ്ങളും 10 ഉദ്യോഗസ്ഥരുടെ പേരിൽ സത്വരാന്വേഷണങ്ങളും നടന്നുവരുന്നു. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ടവ അന്വേഷിക്കുന്നതിന് ഇപ്പോഴത്തെ വിജിലൻസ് സംവിധാനം പര്യാപ്തമാണ്.

(ബി) വിജിലൻസ് കേസുകളും അന്വേഷണങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ പരാതിക്കാരിൽനിന്നും വിവരങ്ങൾ ശേഖരിക്കാറുണ്ട്. അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നവേളയിൽ മാത്രമേ ഇതിന്റെ പൂർണ്ണരൂപം

ലഭ്യമാകുകയുള്ളൂ.

(സി) വിജിലൻസ് അന്വേഷണങ്ങളുടെ വെളിച്ചത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി തെളിഞ്ഞവയിൽ വിജിലൻസ് ബ്യൂറോ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസുകൾ അന്വേഷിച്ചുവരുന്നു. പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ 35 ഉദ്യോഗസ്ഥർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ് അന്വേഷിച്ചുവരുന്നു.

**ആലപ്പുഴ -ചെട്ടിക്കുളങ്ങര പോലീസ് എയ്ഡ് പോസ്റ്റ്**

198 (3832) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ ജില്ലയിലെ പ്രശസ്തമായ ചെട്ടിക്കുളങ്ങര ക്ഷേത്രത്തോട് ചേർന്ന് ഒരു സ്ഥിരം പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചെട്ടികുളങ്ങര ദേവീ ക്ഷേത്രത്തിനോട് ചേർന്ന് ഇപ്പോൾ തന്നെ ദേവസ്വം ബോർഡ് വാർഡന്മാരെ നിയമിച്ചിട്ടുള്ളതാണ്. മാവേലിക്കര പോലീസ് സ്റ്റേഷനിൽനിന്നും മൂന്നര കിലോമീറ്റർ ദൂരത്തിനുള്ളിലാണ് ചെട്ടികുളങ്ങര ദേവീക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിൽ തിരക്ക് കൂടുതലുള്ള അവസരങ്ങളിൽ വനിതാ പോലീസ് അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയമിക്കുന്നുണ്ട്. കൂടാതെ, ടി ക്ഷേത്രത്തിൽ സൂക്ഷിച്ചിട്ടുള്ള പട്ടാബുക്കിൽ എല്ലാ ദിവസങ്ങളിലും നൈറ്റ് പട്രോളിംഗിനു പോകുന്ന പോലീസ് ഉദ്യോഗസ്ഥർ ഒപ്പ് രേഖപ്പെടുത്താറുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ചെട്ടികുളങ്ങര ദേവീ ക്ഷേത്രത്തോടു ചേർന്ന് പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മൊബൈൽ, ഇന്റർനെറ്റ്, ഫേസ് ബുക്ക് എന്നിവയിലൂടെ സൈബർ കുറ്റകൃത്യങ്ങൾ**

199 (3833) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ

മൊബൈൽ ഫോൺ ദുരുപയോഗം, ഇന്റർനെറ്റ് ദുരുപയോഗം, ഫേസ് ബുക്കിലെ വ്യാജ പ്രൊഫൈൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗൗരവകരമായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഇവയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടവ എത്രയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് 1140 കേസുകളും, ഇന്റർനെറ്റ് ദുരപയോഗവുമായി ബന്ധപ്പെട്ട് 682 കേസുകളും ഫേസ് ബുക്കിലെ വ്യാജ പ്രൊഫൈലുമായി ബന്ധപ്പെട്ട് 362 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗൗരവകരമായ 32 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇവയിൽ 10 എണ്ണത്തിന് കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

**അനധികൃത മണൽ വാരലും മണൽ കടത്തുമായി ബന്ധപ്പെട്ട കേസുകൾ**

200 (3834) <u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറ്റിൻകര പോലീസ് സബ്ഡിവിഷന്റെ കീഴിലുള്ള വിവിധ സ്റ്റേഷനുകളിൽ അനധികൃത മണൽ വാരലും മണൽ കടത്തുമായി ബന്ധപ്പെട്ട് 2011 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം എത്രയാണെന്ന വിവരം സ്റ്റേഷൻ തിരിച്ച് ക്രൈം നമ്പർ സഹിതം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

നെയ്യാറ്റിൻകര പോലീസ് സബ്ഡിവിഷന്റെ കീഴിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ മണൽ വാരലുമായി ബന്ധപ്പെട്ട് 524 കേസുകളും മണൽ കടത്തുമായി ബന്ധപ്പെട്ട് 611 കേസുകളും 2011 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളുടെ പോലീസ് സ്റ്റേഷൻ തിരിച്ച് ക്രൈം നമ്പർ സഹിതമുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**സോളാർ കേസിലെ ജുഡീഷ്യൽ കമ്മീഷന്റെ നിയമപരമായ സാധുത**

201 (3835) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വഞ്ചനാ കേസിൽ പരസ്യാന്വേഷണത്തിന് നിയമം അനുവദിക്കുന്നുണ്ടോ ;

(ബി) സോളാർ സംഭവം സ്വകാര്യവ്യക്തികൾ തമ്മിലുള്ള വഞ്ചനാകേസ് മാത്രമാണെന്ന് കാട്ടി സോളാർ കമ്മീഷന് മുന്നിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ ;

(സി) അങ്ങനെയെങ്കിൽ സോളാർ കേസിലെ ജുഡീഷ്യൽ കമ്മീഷന് നിയമപരമായ സാധുത ഉണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) വഞ്ചനാകേസ് കൈകാര്യം ചെയ്യുന്നത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 415 മുതൽ 420 വരെയുള്ള വകുപ്പുകൾ പ്രകാരം ക്രിമിനൽ നടപടി സംഹിതയിലെ ക്രമങ്ങൾ അനുസരിച്ചാണ്.

(ബി) സർക്കാരിനുവേണ്ടി സത്യവാങ്മൂലങ്ങളൊന്നുംതന്നെ കമ്മീഷനുമുന്നിൽ സമർപ്പിച്ചിട്ടില്ല.

(സി) 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം പൊതു പ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയമായി ഒരു വിഷയത്തെ സർക്കാരിനു ബോദ്ധ്യപ്പെട്ടാൽ ആയത് അന്വേഷിക്കുവാൻ ഒരു കമ്മീഷനെ നിയോഗിക്കുവാൻ സർക്കാരിന് അധികാരമുണ്ട്.

**പരവൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർക്കെതിരെ നടപടി വേണമെന്ന ആവശ്യം**

202 (3836) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പരവൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ പൊതുപ്രവർത്തകനോടുള്ള മോശപ്പെട്ട പെരുമാറ്റം, ഇതര നടപടികൾ എന്നീ പ്രവൃത്തികൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് രാജു.ഡി, മാവിളവീട്, പൂതക്കുളം

എന്നയാൾ നൽകിയ പരാതി ലഭിച്ചിരുന്നുവോ ; വിശദാംശം അറിയിക്കാമോ ;

(ബി) പ്രസ്തുത പരാതി അന്വേഷിക്കുവാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയതെന്നും നാളിതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ ;

(സി) പൊതുപ്രവർത്തകരോടും പൊതുജനങ്ങളോടും വളരെ മോശമായി പെരുമാറുകയും ആക്ഷേപിക്കുകയും ചെയ്യുന്ന പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇതു സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ അന്വേഷണം നടത്തിവരുന്നു.

(ബി) പരവൂർ സർക്കിൾ ഇൻസ്പെക്ടറെ അന്വേഷണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച അന്വേഷണം നടത്തിവരുന്നതിനാൽ ഇപ്പോൾ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ സാധിക്കുകയില്ല.

(സി) അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാന പോലീസ് സർവ്വീസിലെ ക്രിമിനൽ പശ്ചാത്തലമുള്ളവർ**

203 (3837) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സർവ്വീസിൽ ഗുണ്ടാ-മാഫിയ ബന്ധമുള്ളവരും ക്രിമിനൽ പശ്ചാത്തലമുള്ളവരുമായ എത്ര ഉദ്യോഗസ്ഥരാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) കൈക്കൂലി വാങ്ങുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ നൽകുന്നതിന് നിലവിൽ പോലീസ് വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മൂന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് ഗുണ്ടാ-മാഫിയ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളിൽ കർശനമായ അച്ചടക്ക/ക്രിമിനൽ നടപടികൾ സ്വീകരിക്കുകയും സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷകൾ നൽകുകയും ചെയ്യുന്നുണ്ട്.

(സി) കൈക്കൂലി വാങ്ങുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനായി പോലീസ് സ്പെഷ്യൽ ബ്രാഞ്ച് ഫലപ്രദമായ നിരീക്ഷണം നടത്തിവരുന്നു. സംശയമുള്ള സംഗതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തുകയും ആവശ്യമാണെന്നു കാണുന്ന പക്ഷം എൻക്വയറിക്കായി വിജിലൻസ് വകുപ്പിന് കൈമാറുകയും ചെയ്തുവരുന്നു.

**പോലീസ് സേനയിലെ കുറ്റവാസനയ്ക്ക് പരിഹാരം**

204 (3838) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സിവിൽ പോലീസ് ഓഫീസർമാർ മുതൽ ഐ.പി.എസ്. തലംവരെയുള്ള വിഭാഗത്തിൽ വർദ്ധിച്ചുവരുന്ന കുറ്റവാസനയ്ക്കു പരിഹാരം കാണാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ആലോചനയിലുണ്ടോ ;

(ബി) പോലീസ് സേനയെ യഥാർത്ഥ ജനസേവകരാക്കാനുതകുന്ന പരിശീലന ക്ലാസ്സുകൾ നൽകാൻ സർക്കാർ തയ്യാറാകുമോ ;

(സി) പോലീസ് സേനയിൽ തെരഞ്ഞെടുക്കപ്പെടാനുള്ള മാനദണ്ഡങ്ങളിൽ ശാരീരിക യോഗ്യതയ്ക്കൊപ്പം മാനസികാരോഗ്യത്തിനും പ്രാധാന്യം നൽകുന്ന പരിശോധനകൾ നടപ്പിൽ വരുത്തുന്നത് ആലോചിക്കുമോ ?

ഉത്തരം

(എ&ബി) പോലീസ് സേനാംഗങ്ങൾക്കിടയിൽ കുറ്റവാസന ഉള്ളവർക്കും മറ്റും നിയമപരമായ അവബോധം സൃഷ്ടിക്കുന്നതിനായി Correctional Behavioural Attitude, Human Rights എന്നീ വിഷയങ്ങളിൽ ആവശ്യമായ പരിശീലനം നൽകിവരുന്നു.

(സി) പോലീസ് സേനയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ പരിശോധനയ്ക്കുശേഷമാണ് നിയമനം നൽകുന്നത്. നിയമനം നൽകി

കഴിഞ്ഞാൽ ശാരീരികയും മാനസികവുമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധ തലങ്ങളിൽ പരിശീലന പരിപാടികൾ നൽകിവരുന്നുണ്ട്.

**പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ**

205 (3839) ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീ. സി. കെ. നാണു :

ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിൽ വർഷങ്ങളായി പിടിച്ചിട്ടിരിക്കുന്നതും കാലപ്പഴക്കംകൊണ്ട് തുരുമ്പിച്ച് യാത്രക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതുമായ വാഹനങ്ങൾ എടുത്തുമാറ്റുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ബി) പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുടെ എണ്ണവും പിടിച്ചിട്ടിട്ടുള്ളതിന്റെ പഴക്കവും പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത വാഹനങ്ങൾ മാറ്റുന്നതിന് എന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോ ; എങ്കിൽ അവ അതിജീവിക്കുവാൻ നിയമനിർമ്മാണം അടക്കമുള്ള നടപടികൾക്ക് തയ്യാറാവുമോ ?

ഉത്തരം

(എ) ക്രൈം കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസ് തീരുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട കോടതിയുടെ അനുവാദത്തോടുകൂടി ഡിസ്പോസൽ ചെയ്തുവരുന്നു. അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ കേരളാ പോലീസ് ആക്ട് 56 പ്രകാരം ലേലം ചെയ്ത് ഒഴിവാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എണ്ണം പരിശോധിച്ചിട്ടുണ്ട്.

(സി) ക്രൈം കേസുകളിൽ ഉൾപ്പെട്ടതും കോടതി കേസുകളുമായി ബന്ധപ്പെട്ടവയും കോടതി തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ഡിസ്പോസ് ചെയ്യാൻ കഴിയുകയുള്ളൂ.

**ഓപ്പറേഷൻ കുബേര**

206 (3840) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര പ്രകാരമുള്ള നടപടിമൂലം അനധികൃതമായി കൈവശം വച്ച രേഖകൾ, ആഭരണ വസ്തുക്കൾ, പണം എന്നിവ എത്ര വീതം കണ്ടെടുത്തുവെന്ന്

വ്യക്തമാക്കാമോ ;

(ബി) ഓരോ പോലീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചും ഓപ്പറേഷൻ കുബേര പ്രകാരം പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഇവയുടെ പ്രവർത്തന കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര പ്രകാരമുള്ള നടപടിമൂലം അനധികൃതമായി കൈവശം വച്ച 36175 രേഖകൾ 5,03,35,974 (അഞ്ച് കോടി മൂന്ന് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തിനാല്) രൂപ, 3904.94 ഗ്രാം സ്വർണ്ണം, 4 ഗ്രാം വെള്ളി, 5 തരം ആഭരണം എന്നിവ കണ്ടെടുത്തിട്ടുണ്ട്.

(ബി) ഓരോ പോലീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചും ഓപ്പറേഷൻ കുബേര പ്രകാരം പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നില്ല.

## സ്ത്രീധന പീഡനം സംബന്ധിച്ച കേസുകൾ

207 (3841) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്ത്രീധന പീഡനം സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്ത്രീധനത്തിന്റെ പേരിൽ നടന്ന എത്ര കൊലപാതകങ്ങളും എത്ര ആത്മഹത്യയും ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 18157 കേസുകൾ.

(ബി) 1 കൊലപാതകവും 146 ആത്മഹത്യയും ഉണ്ടായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഫോറൻസിക് മെഡിസിൻ എം.ഡി. ബിരുദമുള്ള ഡോക്ടർമാരെ പോലീസ് സർജന്മാരായി അംഗീകരിക്കുന്നതിനുള്ള നടപടി

208 (3842) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കേരളത്തിലെ ആരോഗ്യവകുപ്പിൽ ജോലി ചെയ്തു വരുന്ന ഫോറൻസിക് മെഡിസിൻ എം.ഡി. ബിരുദമുള്ള ഡോക്ടർമാരെ പോലീസ് സർജൻമാരായി അംഗീകരിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ ശിപാർശ ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലാ ആശുപത്രി ഒഴികെ മറ്റു ജില്ലാ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഫോറൻസിക് വിദഗ്ധർക്ക് ആഭ്യന്തര വകുപ്പിന്റെ അംഗീകാരം ഇല്ലാത്തതിനാൽ പോലീസ് സർജന്മാരായി ജോലി ചെയ്യാൻ കഴിയില്ല എന്നകാര്യം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഫാസ്റ്റ് ട്രാക്ക് കോൾ സെന്റർ**

209 (3843) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള ഫാസ്റ്റ് ട്രാക്ക് കോൾ സെന്റർ രൂപീകരിക്കരിക്കാൻ എന്നാണ് തീരുമാനമെടുത്തത് ; എന്നാണ് ഇത് സംബന്ധിച്ച ഉത്തരവ് ഇറക്കിയത് ; വ്യക്തമാക്കാമോ ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര കോൾ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; ഏതെല്ലാം സ്ഥലങ്ങളിൽ ; വ്യക്തമാക്കാമോ ;

(സി) എത്ര വീതം പോലീസ് ഉദ്യോഗസ്ഥരാണ് ഓരോ സെന്ററിലുമുള്ളത് ; പ്രസ്തുത സെന്ററുകൾ വഴി സ്ത്രീകൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2-7-2013-ലെ ജി.ഒ. (എംഎസ്.) 165/2013/ആഭ്യന്തരം പ്രകാരമാണ് കോൾ സെന്റർ രൂപീകരിക്കാൻ സർക്കാർ ഉത്തരവായത്.

(ബി) തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നിവിടങ്ങളിൽ കോൾ സെന്റർ രൂപീകരിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ഇത് നടപ്പിലാക്കുവാനുള്ള നടപടികൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥ തലത്തിൽ നടന്നുവരികയാണ്.

(സി) ഓരോ സെന്ററിലും 2 വീതം വനിതാ സിവിൽ പോലീസ്

ഓഫീസേഴ്സിന്റെ സേവനം 24 മണിക്കൂറും ലഭ്യമായിരിക്കും. ഇതിനായി 8 വനിതാ സിവിൽ പോലീസ് ഉദ്യോഗസ്ഥർ 3 ഘട്ടങ്ങളിലായി (8 മണിക്കൂർ x 3) വേണ്ടി വരും. വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ ഏറ്റവും പെട്ടെന്നുതന്നെ നടപടികൾ സ്വീകരിക്കുന്നതിന് ഇത്തരം കോൾ സെന്ററുകൾ ഉപകാരപ്രദമായിരിക്കും.

**പോലീസിലെ ഒഴിവുകൾ**

210 (3844) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ഒഴിവകൾ പി.എസ്.സ്. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പോലീസ് സേനയിലെ ഒഴിവുകൾ നികത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**അനാശാസ്യം ഒളിക്യാമറവഴി ചിത്രീകരിച്ച് പണം തട്ടിയ സംഘം**

211 (3845) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാശാസ്യം ചിത്രീകരിച്ച് ഭീഷണിപ്പെടുത്തി പണം തട്ടിയെടുത്ത സംഘത്തെക്കുറിച്ചുള്ള എറണാകുളം നോർത്ത് സി.ഐ.-യുടെ നേതൃത്വത്തിലുള്ള പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ബി) എത്ര തട്ടിപ്പുകാരെ പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായി ; രജിസ്റ്റർ ചെയ്ത കേസ് നമ്പറുകൾ വിശദമാക്കാമോ ;

(സി) അന്വേഷണ ഘട്ടത്തിൽ എന്തെല്ലാം നിലവിലുള്ള പുതിയ വിവരങ്ങൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭിക്കുകയുണ്ടായി ; അറസ്റ്റിലായ സംഘത്തിന്റെ ഒളിക്യാമറ ദൃശ്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; അതിന്റെ അടിസ്ഥാനത്തിലുള്ള തുടരന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷിക്കുന്നതാരാണ് ; കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 999/14 കേസിൽ 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി&ഡി) എറണാകുളം ടൗൺ നോർത്ത് പോലീസ് ഇൻസ്പെക്ടർ ശ്രീ. എൻ. സി. സന്തോഷിന്റെ നേതൃത്വത്തിലാണ് ടി കേസ് അന്വേഷണം നടത്തിവരുന്നത്. ടി കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വിളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

**ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി**

212 (3846) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പോലീസ് ഓഫീസർമാർക്കെതിരെ ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി ഉയർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഓരോരുത്തരുടെയും തസ്തികയും ഇവരിൽ ആർക്കെതിരെയൊക്കെ കേസ്സ് നിലവിലുണ്ട് എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കപ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി ഉയർന്ന ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, കേസ് നിലവിലുണ്ടോ എന്നും മറ്റുമുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പോലീസിലെ ക്രിമിനലുകളെയും അഴിമതിക്കാരെയും കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം**

213 (3847) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിന്റെ സ്റ്റേഷനുകളിൽ വാദികളായും പ്രതികളായും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്തുന്ന ജനങ്ങളോട് പോലീസുകാർ അപരിഷ്കൃതമായ രീതിയിൽ പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ പോലീസ് സ്റ്റേഷനുകളിൽ ക്യാമറ സംവിധാനം സ്ഥാപിക്കുന്നതിനും ജനങ്ങളോട് പെരുമാറുന്നത് സംബന്ധിച്ച് ആറു മാസത്തിൽ ഒരിക്കൽ ഇവർക്ക് പ്രത്യേക ബോധവൽക്കരണം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(ബി) പോലീസിലെ ക്രിമിനലുകളെയും അഴിമതിക്കാരെയും കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 272 പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പിൽ ക്യാമറ സ്ഥാപിച്ച് ലോക്കപ് മോണിറ്ററിംഗ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങളുമായി ഉചിതമായ രീതിയിൽ ഇടപഴകുന്നതിനും അവരോട് മാന്യമായി പെരുമാറുന്നതിനും ആവശ്യമായ പരിശീലന പരിപാടികളും സെമിനാറുകളും പോലീസുകാർക്ക് നൽകിവരുന്നുണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതായോ ക്രിമിനൽ കുറ്റങ്ങളിലേർപ്പെടുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ അവരെ സർവ്വീസിൽനിന്നും മാറ്റിനിർത്തിക്കൊണ്ട് കർശനമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കാസർഗോഡ് കോട്ടക്കണ്ണി യൂണിറ്റി മെഡിക്കൽ സ്റ്റോറിലെ തീപിടിത്തം**

214 (3848) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കാസർഗോഡ് നഗരത്തിലെ കോട്ടക്കണ്ണി റോഡിൽ യൂണിറ്റി മെഡിക്കൽ സ്റ്റോറിൽ 18-10-2014-ന രാത്രി ഉണ്ടായ തീപിടിത്ത സംഭവത്തിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കേസ്സിൽ എത്ര പ്രതികൾ ഉണ്ട്; അവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഈ സംഭവത്തിൽ ഇലക്ട്രിക്കൽ വിംഗിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടിലെ വിവരം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 885/2014 പ്രകാരം ഫയർ ഒക്കറൻസ് ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കേസിൽ ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളായി ആരെയും

സംശയിക്കത്തക്കവിധം വിവരം ലഭിച്ചിട്ടില്ല.

(സി) ഇലക്ട്രിക്കൽ വിംഗിന്റെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

**ഓപ്പറേഷൻ കുബേര**

215 (3849) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജു :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര എന്നുമുതലാണ് നടപ്പാക്കിയത്; ഈ പദ്ധതി പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തു ; എത്ര കേസ്സുകൾ ഇതുവരെയായി ചാർജ് ചെയ്ത് കോടതിയിലെത്തി; വിശദമാക്കാമോ ;

(ബി) ബ്ലേഡ് മാഫിയയുടെ പ്രവർത്തനംമൂലം ഇതിനകം സംസ്ഥാനത്ത് എത്ര മരണങ്ങളുണ്ടായി ; വിശദമാക്കാമോ ;

(സി) ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ രണ്ടാം ഘട്ടത്തിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ആരംഭിച്ച ഓപ്പറേഷൻ കുബേര പരാജയപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 11-5-2014 മുതലാണ് 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം 2925 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2161 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 1467 കേസുകളിൽ കുറ്റപത്രം കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ബ്ലേഡ് മാഫിയയുടെ പ്രവർത്തനംമൂലം ഇതിനകം സംസ്ഥാനത്ത് 17 മരണങ്ങളുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം 17-9-2014 മുതൽ ആരംഭിച്ചിട്ടുണ്ട്. അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തുവകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ ഈ പദ്ധതി പ്രകാരം തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഓപ്പറേഷൻ കുബേര**

216 (3850) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത് കേസ്സുകളിൽ എത്ര തുകയുടെ പണമിടപാടുകൾ നടന്നിട്ടുണ്ടെന്നാണ കണക്കാക്കപ്പെടുന്നത് ;

(ബി) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെട്ട എത്ര പോലീസുദ്യോഗസ്ഥന്മാർ ക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഇത്തരം കേസ്സുകളിൽപ്പെട്ട പോലീസുദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പുതലത്തിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത കേസുകളിൽ 24,58,61,594 (ഇരുപത്തിനാല് കോടി അൻപത്തിയെട്ട് ലക്ഷത്തി അറുപത്തിയോട്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാല്) രൂപയുടെ പണമിടപാട് നടന്നിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.

(ബി) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെട്ട 7 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇത്തരം കേസുകളിലുൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും വകുപ്പുതല ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

**ഓപ്പറേഷൻ കുബേര പ്രകാരം കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ**

217 (3851) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര പ്രകാരം കൊല്ലം ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ചവറ ജനമൈത്രി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1166/2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലെ തൊണ്ടിമുതലുകളുടെ വിശദവിവരം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേസ്സിലെ തൊണ്ടിമുതൽ പോലീസ് ഉദ്യോഗസ്ഥർ മാറ്റിയത് സംബന്ധിച്ച ഏതെങ്കിലും പരാതിയോ ഇന്റലിജൻസ് റിപ്പോർട്ടോ ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ വിവരവും ഇവർക്കെതിരെ വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും വെളിപ്പെടുത്തുമോ ;

(ഇ) നടപടി സ്വീകരിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര പ്രകാരം കൊല്ലം ജില്ലയിൽ 386 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിവരം അനുബന്ധം-എ ആയി ചേർത്തിട്ടുണ്ട്.*

(ബി) ചവറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1166/2014 പ്രകാരം രജിസ്റ്റർ ചെയ്ത തൊണ്ടിമുതലുകളുടെ വിശദവിവരം അനുബന്ധം-ബി ആയി ചേർത്തിട്ടുണ്ട്.*

(സി-ഇ) പരാതി ലഭിച്ചിട്ടില്ല. ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യ സ്വഭാവമുള്ളതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

**കർഷകരുടെ തോക്ക് ലൈസൻസുകൾ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

218 (3852)ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരുടെ തോക്ക് ലൈസൻസുകൾ പുതുക്കി കൊടുക്കാത്ത നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പന്നി ഉൾപ്പെടെയുള്ള മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് വ്യാപകമായ സാഹചര്യത്തിൽ കൃഷിക്കാരുടെ ലൈസൻസുകൾ പുതുക്കി നൽകാൻ തയ്യാറാവുമോ ;

(സി) തോക്കുകളുടെ ലൈസൻസ് പുതുക്കി നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിന്റെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) അന്വേഷണ ഉദ്യോഗസ്ഥരുടെ വ്യക്തമായ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സംസ്ഥാനത്ത് കന്നുകാലി/വിള സംരക്ഷണത്തിനുള്ള ഫോം നമ്പർ V-ലെ ആയുധ ലൈസൻസുകൾ അനുവദിക്കുകയും പുതുക്കി നൽകുകയും ചെയ്തുവരുന്നു.

(സി) ഇല്ല.

**കൊയിലാണ്ടി കോടതിയുടെ പുതിയ കെട്ടിട നിർമ്മാണം**

219 (3853)ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി കോടതിയുടെ പഴയ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഴയ കെട്ടിടം പൊളിക്കാനുള്ള ലേല നടപടികൾ അംഗീകരിക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന ആഭ്യന്തര വകുപ്പിന് സമർപ്പിച്ച അപേക്ഷയിൽ കൈക്കൊണ്ട തുടർ നടപടികൾ വിശദമാക്കാമോ ;

(ബി) കൊയിലാണ്ടി കോടതി ദ്വൈശതാബ്ദി കെട്ടിടം പണി ടെണ്ടർ നടപടികഴിഞ്ഞ ശേഷം അനിശ്ചിതാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പഴയ കോടതി കെട്ടിടം പൊളിച്ചു മാറ്റുന്നതിനും പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനം സുഗമമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ആവശ്യമായ ഉത്തരവ് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കൊയിലാണ്ടി കോടതിയുടെ പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചതിലും കുറഞ്ഞ ലേലം ഉറപ്പിച്ച കൊയിലാണ്ടി സബ് ജഡ്ജിന്റെ നടപടി സാധൂകരിക്കണമെന്ന ജില്ലാ കളക്ടറുടെ ശിപാർശ റവന്യൂ വകുപ്പിൽനിന്നും 11-2-2014-ൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കെട്ടിടം

പണി സംബന്ധിച്ച അനിശ്ചിതാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ മുരളീധരൻ എന്ന യുവാവ് കൊല ചെയ്യപ്പെട്ടതിനെ തുടർന്നുള്ള അന്വേഷണം

220 (3854) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ മുരളീധരൻ എന്ന യുവാവ് കൊല ചെയ്യപ്പെട്ടതിനെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസിൽ എത്ര പ്രതികളാണുള്ളത് ; എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ;

(ബി) ഈ കേസ്സിന്റെ അന്വേഷണം കണ്ണൂർ മേഖലാ ഡി.ഐ.ജി.-യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തെ ഏൽപ്പിച്ചിരുന്നോ; എങ്കിൽ ഈ സംഘത്തിൽ ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ ആരൊക്കെയാണ് ; ഈ സംഘത്തിൽനിന്ന് പിന്നീട് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ;

(സി) ഈ കേസ്സ് ക്രൈംബ്രാഞ്ചിനെ ഏല്പിച്ചിട്ടുണ്ടോ;എങ്കിൽ എപ്പോഴാണ് ഏല്പിച്ചത് ; അന്വേഷണം പൂർത്തിയാക്കാൻ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ മുരളീധരൻ കൊല ചെയ്യപ്പെട്ടതിനെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസ്സിൽ 8 പ്രതികളാണുള്ളത്. ടി 8 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം കണ്ണൂർ റേഞ്ച് ഡി.ഐ.ജി. ആയ ശ്രീ. ദിനേന്ദ്ര കശ്യപിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് എ.ഡി.ജി.പി., നോർത്ത് സോൺ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുകയുണ്ടായി.

1. ശ്രീ. പി. പി. രഞ്ജിത്ത്, ഡിവൈ.എസ്.പി., കാസർഗോഡ്
2. ശ്രീ. കെ. ദാമോദരൻ, ഡിവൈ.എസ്.പി., ഡി.സി.ആർ.ബി., കാസർഗോഡ്
3. ശ്രീ. കെ. പി. സുരേഷ് ബാബു, ഇൻസ്പെക്ടർ കുമ്പള
4. ശ്രീ. സി. കെ. സുനിൽ കുമാർ, ഇൻസ്പെക്ടർ കോസ്റ്റൽ പോലീസ് സ്റ്റേഷൻ, കാസർഗോഡ്

5. ശ്രീ. ബാലകൃഷ്ണൻ, എസ്.സി.പി.ഒ. 1098, ബേഡകം പോലീസ് സ്റ്റേഷൻ
6. ശ്രീ. നാരായണൻ, എസ്.സി.പി.ഒ. 1089 വിദ്യാനഗർ പോലീസ് സ്റ്റേഷൻ
7. ശ്രീ. പ്രദീപ് , സി.പി.ഒ. 1742, ബേഡകം പോലീസ് സ്റ്റേഷൻ
8. ശ്രീ. സുനിൽ അബ്രഹാം, സി.പി.ഒ. 1758, ജില്ലാഎസ്.ബി, കാസർഗോഡ്
9. ശ്രീ. സിനീഷ് സിറിയക്, സി.പി.ഒ. 1933, കുമ്പള പോലീസ് സ്റ്റേഷൻ
10. ശ്രീ. ശിവകുമാർ, സി.പി.ഒ. 2045,സൈബർ സെൽ കാസർഗോഡ്
11. ശ്രീ. ഷാജു, സി.പി.ഒ 1760, നീലേശ്വരം പോലീസ് സ്റ്റേഷൻ
12. ശ്രീ. പ്രതീഷ് ഗോപാൽ, സി. പി. ഒ., 1825, കുമ്പള പോലീസ് സ്റ്റേഷൻ.

മേൽപറയുന്ന ഉദ്യോഗസ്ഥരിൽനിന്നും ശ്രീ. പി. പി. രജ്ഞിത്ത്, ഡിവൈ.എസ്.പി. കാസർഗോഡിനെ ടി പ്രത്യേക അന്വേഷണ സംഘത്തിൽ തെറ്റായി ഉൾപ്പെടുത്താൻ ഇടയായതിനാൽ ടിയാനെ പ്രസ്തുത സംഘത്തിൽനിന്നും ഒഴിവാക്കിക്കൊണ്ട് എ.ഡി.ജി.പി. നോർത്ത് സോൺ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടില്ല. പ്രസ്തുത കേസിന്റെ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ പോലീസുകാർ**

221 (3855) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിലെ കാസർകോട്, വിദ്യാനഗർ, ബദിയടുക്ക, ആദൂർ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന എസ്.ഐ. മാരടക്കമുള്ള പോലീസുകാരുടെ എണ്ണം സ്റ്റേഷൻ തരംതിരിച്ച് പറയാമോ ;

(ബി) ഇവരിൽ തുടർച്ചയായി മൂന്ന് വർഷത്തിലധികം ഒരേ പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യുന്നവരുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുവിവരം ലഭ്യമാക്കുമോ ;

(സി) ഒരേ പോലീസ് സ്റ്റേഷനിൽ മൂന്ന് വർഷം വരെ ജോലി ചെയ്തവരെ

മാറ്റുമ്പോൾ ദൂരപരിധി പരിഗണിക്കാറുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, വിദ്യാനഗർ, ബദിയടുക്ക, ആദൂർ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന എസ്.ഐ. മാരടക്കമുള്ള പോലീസുകാരുടെ എണ്ണം സ്റ്റേഷൻ തരംതിരിച്ച് ചുവടെ ചേർക്കുന്നു :

| Police Station | SI | ASI | SCPO | CPO | WSCPO/WCPO |
|---|---|---|---|---|---|
| കാസർഗോഡ് | 4 | 2 | 10 | 45 | 6 |
| ബദിയടുക്ക | 1 | 2 | 5 | 25 | 1 |
| വിദ്യാനഗർ | 3 | 1 | 6 | 24 | 4 |
| ആദൂർ | 1 | ... | 6 | 25 | 1 |

(ബി) ഇവരിൽ തുടർച്ചയായി 3 വർഷത്തിലധികം ഒരേ പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു :

| Sl.No. | Police station | Name & Designation |
|---|---|---|
| (1) | (2) | (3) |
| 1. | Kasaragod | പുരുഷോത്തമൻ. ജി 885 |
| 2. | | രാജൻ പാളങ്കി, ജി 971 |
| 3. | | സദാനന്ദൻ, ജി 1052 |
| 4. | | ഗോപാലകൃഷ്ണൻ, ജി 1086 |
| (1) | (2) | (3) |
| 5. | | രത്നാകരൻ, ജി 1150 |
| 6. | | രാമകൃഷ്ണൻ, ജി 1151 |
| 7. | | രഞ്ജിത്, ജി 1160 |
| 8. | | ജയചന്ദ്രൻ, ജി 1796 |
| 9. | | രാജേന്ദ്രൻ, ജി 1862 |
| 10. | | അനന്ദകൃഷ്ണൻ, ജി 1863 |
| 11. | | മധുസൂദനൻ, ജി 1921 |
| 12. | | രാജേഷ്, ജി 1922 |

| (1) | (2) | (3) |
|---|---|---|
| 13. | | നാരായണൻ, ജി 1926 |
| 14. | | സജീവൻ, ജി 1928 |
| 15. | | മനോജ് കുമാർ, ജി 1932 |
| 16. | | ഷീല, ജി 1693 |
| 1. | Vidyanagar | കൃഷ്ണൻ ടി. ജി 786 |
| 2. | | തോമസ്, ജി 840 |
| 3. | | നാരായണൻ, ജി 1089 |
| 4. | | ചന്ദ്രൻ, ജി 1170 |
| 5. | | തോമസ്, ജി 1187 |
| 6. | | ഷാജി പി.വി, ജി 1861 |
| 7. | | ബിന്ദു, ജി 1897 |
| 1. | Adhur | ദാമോദരൻ നമ്പൂതിരി, ജി 809 |
| 2. | | രവീന്ദ്രൻ, ജി 889 |
| 3. | | വേലായുധൻ, ജി 1038 |
| 4. | | സതീശൻ, ജി 1267 |
| 5. | | മധുസൂദനൻ, ജി 1568 |
| 6. | | മഹേന്ദ്രൻ, ജി 1560 |
| 7. | | ദിനേശൻ, ജി 1576 |
| 8. | | ഗംഗാധരൻ, ജി 1939 |
| 9. | | പ്രദീപൻ, ജി 1943 |
| 10. | | പ്രസീത, ജി 1957 |
| 1. | Badiyadukka | ബാലകൃഷ്ണൻ, ജി 469 |
| 2. | | സ്റ്റീഫൻ, ജി 864 |
| 3. | | രഘുനാഥൻ, ജി 1180 |
| 4. | | ശിവദാസൻ, ജി 1532 |
| 5. | | വിനോദ് കുമാർ.കെ, ജി 1924 |
| 6. | | ഹരി, ജി 1719 |

(സി) സേനാംഗങ്ങളിൽ നിന്നും സ്ഥലംമാറ്റത്തിനുള്ള ഓപ്ഷൻ സ്വീകരിച്ച ശേഷം ദൂരപരിധിയും ഭരണപരമായ സൗകര്യങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് പൊതു സ്ഥലംമാറ്റം നടപ്പിലാക്കാറുള്ളത്.

**അതിർത്തി ജില്ലകളിൽ ഓപ്പറേഷൻ കുബേര**

222 (3856) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനത്ത് രജിസ്ട്രേഷൻ എടുത്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന ചിട്ടി/ഫൈനാൻസ് സ്ഥാപനങ്ങൾ, പണം കടം കൊടുത്ത് അമിത പലിശ വാങ്ങുന്നതും വീടും പറമ്പും തട്ടിയെടുക്കുന്നതും സംബന്ധിച്ച് ഓപ്പറേഷൻ കുബേരയിൽ, അതിർത്തി പങ്കിടുന്ന ഓരോ ജില്ലയിൽനിന്നും നാളിതുവരെ എത്ര പരാതികൾ ലഭിച്ചു ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) ഇത്തരക്കാരിൽനിന്നും നാളിതുവരെ എത്ര തുക പിടിച്ചെടുത്തു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇവയിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി ; പ്രതികളായി കണ്ടെത്തിയവർ ആരെല്ലാം; ഇത്തരക്കാർക്കെതിരെ എന്തൊക്കെ നിയമ നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പൂർത്തീകരിക്കാത്ത കേസുകളുടെ അന്വേഷണം പൂർത്തീകരിക്കാൻ ആഭ്യന്തര വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നു ;

(ഇ) ഇതുപോലെ സംസ്ഥാനത്തെ വിവിധ അതിർത്തി ജില്ലകളിൽ തമിഴ്നാട് നിവാസികളായ ബ്ലേഡ് മുതലാളിമാർ വീടുകളിലെത്തി അമിത പലിശയ്ക്ക് പണം നൽകുകയും ഗുണ്ടകളെ ഉപയോഗിച്ച് പണം പിരിക്കുന്നതും വീടും പറമ്പും കൈക്കലാക്കുന്നതും സർക്കാർ പരിശോധിച്ചുവോ ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ; കണ്ടെത്തിയ പ്രതികൾ ആരെല്ലാം ; ഇത്തരക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ ;

(ജി) പ്രസ്തുത ബ്ലേഡുകാരെ കണ്ടെത്തി നിയന്ത്രിക്കാൻ അതിർത്തി മേഖലകളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ എടുത്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന ചിട്ടി/ഫൈനാൻസ് സ്ഥാപനങ്ങൾ പണം കടം കൊടുത്ത് അമിതപലിശ വാങ്ങുന്നതും വീടും പറമ്പും തട്ടിയെടുക്കുന്നത് സംബന്ധിച്ചും ഓപ്പറേഷൻ കുബേരയിൽ അതിർത്തി പങ്കിടുന്ന ഓരോ ജില്ലയിൽനിന്നും നാളിതുവരെ 48 പരാതികൾ ലഭിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(ബി) ഇത്തരക്കാരിൽനിന്നും നാളിതുവരെ 6500 രൂപ പിടിച്ചെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-എ യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) ഇവയിൽ 2 കേസുകളുടെ അന്വേഷണം പൂർത്തിയായി. വിശദാംശങ്ങൾ അനുബന്ധം- ബി ആയി ചേർത്തിരിക്കുന്നു.

(ഡി) അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ അന്വേഷണം ഊർജ്ജിതമാക്കുകയും എത്രയുംവേഗം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഇതുസംബന്ധിച്ച് 9 പരാതികൾ ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ജി) പ്രസ്തുത ബ്ലേഡുകാരെ കണ്ടെത്തി നിയന്ത്രിക്കുവാൻ അതിർത്തി മേഖലയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കേസ്സുകൾ പിൻവലിക്കൽ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

223 (3857) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കാസർകോട് ജില്ലയിൽ നിന്ന് കേസ്സുകൾ പിൻവലിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; എത്ര അപേക്ഷകളിൽ തീരുമാനമായിട്ടുണ്ട് ; അനുകൂലവും പ്രതികൂലവുമായ തീരുമാനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ കേസ്സുകൾ പിൻവലിക്കാറുള്ളത്; കാസർകോട് ജില്ലാ പോലീസ് മേധാവിയോട് എത്ര അപേക്ഷകളിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട് ; ഇതുവരെ ആവശ്യപ്പെട്ടതും ലഭിച്ചതുമായ റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ തീയതികളടക്കം വ്യക്തമാക്കാമോ ;

ഉത്തരം

(എ) 946 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 777 അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്. 483 അപേക്ഷകളിൽ അനുകൂലമായ തീരുമാനം എടുത്തിട്ടുള്ളതാണ്.

(ബി) പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുന്നതിന് സർക്കാരിന് ലഭിക്കുന്ന എല്ലാ അപേക്ഷകളിന്മേലും ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. ടി കേസുകൾ പൊതുതാല്പര്യത്തിന് വിരുദ്ധമല്ലെന്ന് സർക്കാരിന് തോന്നുന്ന പക്ഷം കോടതിയുടെ അനുമതിയോടെ കേസ് പിൻവലിക്കുന്നതിന് സർക്കാർ സമ്മതപത്രം നൽകാറുള്ളതാണ്. കാസർഗോഡ് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ 169 കേസുകളിൽ തീരുമാനമെടുക്കാനുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ**

224 (3858) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) പട്ടികജാതി വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച്

എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) പട്ടികജാതി വനിതകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവിരങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 3,014 പരാതികൾ ലഭിച്ചിട്ടുണ്ട്. 2,808 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2,164 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) 1,276 പരാതികൾ ലഭിച്ചിട്ടുണ്ട്. 1,232 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,062 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) പട്ടികജാതി വനിതകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

## നഗരങ്ങളിൽ ക്ലോസ്ഡ് സർക്യൂട്ട് നിരീക്ഷണ ക്യാമറകൾ

225 (3859) <u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ക്ലോസ്ഡ് സർക്യൂട്ട് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നഗരങ്ങളിൽ എവിടെയൊക്കെയാണ് ഇത്തരം ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) നഗരങ്ങളിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും ട്രാഫിക് നിയമലംഘനം ചെയ്യുന്നവരെ കണ്ടെത്തുന്നതിനും അതുവഴി വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും സമരങ്ങളിലും മറ്റും പൊതുമുതൽ നശിപ്പിക്കുന്നവരെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും അത്യാവശ്യം വേണ്ട സമയങ്ങളിൽ പൊതുജനങ്ങൾക്ക് നിരത്തിൽ നിർദ്ദേശം നൽകുന്നതിനും നിരീക്ഷണ ക്യാമറകൾ വളരെയധികം സഹായകരമാണ്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പള്ളിക്കൽ പോലീസിന്റെ കേസ് അന്വേഷണം സംബന്ധിച്ച പരാതി**

226 (3860) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പള്ളിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 482/2011 എന്ന കേസിന്റെ അന്വേഷണം ഫലപ്രദമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കേസ് സി.ബി.ഐ. അന്വേഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പള്ളിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 482/2011-ാം നമ്പർ കേസ് 9-10-2013 മുതൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഫലപ്രദമായി അന്വേഷിച്ചുവരികയും എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുന്ന Sec. 174 CrPC ഭേദഗതി ചെയ്ത് 498 (A) IPC പ്രകാരം ടി കേസിന്റെ അന്വേഷണം നടന്നുവരുന്നതും ഈ കേസിലെ പ്രതിയായ നാസർഖാനെ 7-10-2014-ന് അറസ്റ്റ് ചെയ്ത് റിമാന്റ് അപേക്ഷ സഹിതം ബഹുമാനപ്പെട്ട ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-II കോടതിയിൽ

ഹാജരാക്കിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി റിമാന്റനുവദിച്ച് 25-10-2014 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞ് വരവെ ടിയാൻ ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. സി.ബി.ഐ. അന്വേഷണം സംബന്ധിച്ച് ശിപാർശകളൊന്നും നിലവിലില്ല.

## അന്യസംസ്ഥാന തൊഴിലാളികൾ

227 (3861) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ കുറ്റവാളികളും തീവ്രവാദികളും നുഴഞ്ഞു കയറുന്നത് തടയുവാനും നിരോധിച്ച പുകയില ഉല്പന്നങ്ങളും മയക്കു മരുന്നുകളും ഇവരിലൂടെ കൈമാറ്റം ചെയ്യുന്നത് തടയുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങളിൽ കൃത്യമായ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ മാത്രം താമസിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ചെക്ക്പോസ്റ്റുകളിലൂടെയും ട്രെയിനുകളിലൂടെയും അന്യസംസ്ഥാന തൊഴിലാളികൾ നിരോധിച്ച പുകയില ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിനാവശ്യമായ പരിശോധന നടത്തുന്നുണ്ട്. കുറ്റവാളികളെയും തീവ്രവാദികളെയും കണ്ടുപിടിക്കുന്നതിനു പോലീസ് മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണങ്ങളും നിയമ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ആഭ്യന്തര വകുപ്പ് അത്തരത്തിലൊരു നിർദ്ദേശം നൽകിയിട്ടില്ല.

(സി) ബാധകമല്ല.

**കാസർഗോഡ് - ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ**

228 (3862) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ അധിക ജോലിഭാരം സംബന്ധിച്ച ഒരു പഠനം നടത്തുവാൻ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം ഉപ്പളയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**നിർഭയകേരളം പദ്ധതി**

229 (3863) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആരംഭിച്ച നിർഭയകേരളം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പദ്ധതിക്ക് ലഭ്യമാക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി നാളിതുവരെയും നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നടപ്പിലാക്കാനുണ്ടായ കാലതാമസത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് 'നിർഭയകേരളം സുരക്ഷിതകേരളം' എന്ന പദ്ധതി നടപ്പിലാക്കിയത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക, ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണവും പുനരധിവാസവും നൽകുക തുടങ്ങിയവയും ഉൾപ്പെടുത്തിക്കൊണ്ട്

ഈ പദ്ധതി ഒരു പൈലറ്റ് പ്രോജക്ട് ആയി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കായി ഈ സാമ്പത്തികവർഷം ഏഴുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ധനസഹായത്തിനായി അപേക്ഷ ഇതിനകം സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) നിർഭയകേരളം സുരക്ഷിതകേരളം പദ്ധതി പൈലറ്റ് പ്രോജക്ട് ആയി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ചങ്ങനാശ്ശേരി ടൗണിൽ നിരീക്ഷണ ക്യാമറകൾ

230 (3864) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ടൗണിലെ പ്രധാന കേന്ദ്രങ്ങളിൽ, കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഇക്കാര്യം സംബന്ധിച്ച് കോട്ടയം ജില്ലാ പോലീസ് മേധാവി നടപടി സ്വീകരിക്കുന്നതാണ്.

### കോഴിക്കോട് ജില്ലയിൽ സ്റ്റുഡന്റ്സ് പോലീസ്

231 (3865) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ ബാച്ച് ഏതെല്ലാം സ്കൂളുകളിലാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കാരന്തൂർ മർകസ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. ബാച്ച് അനുവദിക്കുന്നതിനു നൽകിയ അപേക്ഷയിന്മേൽ ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സ്റ്റേറ്റ് നോഡൽ ഓഫീസർക്കു എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത സ്കൂളിൽ എസ്.പി.സി. അനുവദിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനു നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 48 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിബന്ധനകൾക്ക് വിധേയമായി കാരന്തൂർ മർകസ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. പദ്ധതി അനുവദിച്ച് നൽകിയിരുന്നു. പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കുമ്പോൾ ആവശ്യമായി വരുന്ന ചെലവ് പൂർണ്ണമായും സ്കൂൾ അധികാരികൾതന്നെ വഹിക്കേണ്ടതാണെന്നും ഇതിനുവേണ്ടി ഏറ്റവും കുറഞ്ഞത് രണ്ട് വർഷത്തെ നടത്തിപ്പിന് ആവശ്യമായ 5 ലക്ഷം (അഞ്ച് ലക്ഷം) രൂപ സ്കൂൾ അധികൃതരോ പി.ടി.എ.-യോ സ്ഥലം സി.ഐ.-യുടെയും സ്കൂൾ ഹെഡ്മാസ്റ്ററുടെയും/പ്രിൻസിപ്പാളിന്റെയും പേരിൽ ഒരു ദേശസാൽകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങി പണം മുൻകൂറായി നിക്ഷേപിക്കണമെന്ന് എസ്.പി.സി.-യുടെ സംസ്ഥാനതല ഉപദേശക സമിതി തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള സമ്മതപത്രം നൽകാതിരുന്നതിനാൽ പ്രസ്തുത സ്കൂളിന്റെ അപേക്ഷ ഈ അദ്ധ്യയന വർഷം പരിഗണനയ്ക്കെടുക്കുവാൻ സാധിച്ചിട്ടില്ല.

(സി) ഇല്ല. പുതിയ അദ്ധ്യയന വർഷത്തിൽ മേൽപ്പറയുന്ന പ്രകാരം സമ്മതപത്രം നൽകി അപേക്ഷ സമർപ്പിച്ചാൽ ആയത് പരിഗണിക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**മാവോവാദികൾ അടക്കമുള്ള തീവ്രവാദ പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യം**

232 (3866) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മാവോവാദികൾ അടക്കമുള്ള തീവ്രവാദ പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യം എവിടെയെല്ലാം കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ; ഏതെല്ലാം പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർ കേരളത്തിൽ ഇത് വരെ എത്ര ആക്രമണങ്ങൾ നടത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(സി) ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്നും ഈ നടപടികൾക്കായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നാളിതുവരെ എന്ത് തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാവോയിസ്റ്റുകൾ 2 ആക്രമണങ്ങൾ സംസ്ഥാനത്ത് നടത്തിയതായി സ്ഥിരീകരിച്ചിട്ടുണ്ട്. മറ്റ് 3 ആക്രമണങ്ങളിൽ അവരുടെ പങ്കുള്ളതായി സംശയിക്കുന്നു.

1. 24-4-2014-ന് വയനാട് വെള്ളമുണ്ടയിൽ പ്രമോദ് എന്ന പോലീസ് ഉദ്യോഗസ്ഥന്റെ വീട്ടിൽ അതിക്രമിച്ച് കയറുകയും മോട്ടോർസൈക്കിൾ കത്തിച്ചതും 7-12-2014-ന് വയനാട്, വെള്ളമുണ്ടയ്ക്ക് സമീപം പോലീസ് പാർട്ടിക്ക് നേരെ വെടി ഉതിർത്തതും മാവോയിസ്റ്റുകൾ ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

2. 27-10-2013-ന് കോഴിക്കോട് ചുരണിമലയിൽ എസ്കവേറ്റർ കത്തിച്ചതും 10-11-2014-ന് എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചതും 18-11-2014-ൽ വയനാട് തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചതും മാവോയിസ്റ്റുകളാ ണെന്ന് സംശയിക്കുന്നു.

(സി) സംസ്ഥാനത്ത് മുഖ്യമായും വടക്കൻ മേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിലുള്ള നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. മാവോവാദികളുടെ സ്വാധീനം സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കിടയിലും പിന്നോക്കമേഖലയിലെ ജനങ്ങൾക്കിടയിലും ഇല്ലാതാക്കാൻ പ്രസ്തുത മേഖലകളിൽ വിവിധ ക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും നടത്തിവരുന്നു. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലംമുതൽ ജില്ലാ പോലീസ് മേധാവി തലംവരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായിവരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. വനമേഖല മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് പോലീസ് നിലവിൽ

പരിശോധനകൾ നടത്തിവരുന്നു. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിനു വനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

മാവോയിസ്റ്റുകളുടെ പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യം ഉടലെടുക്കാതിരിക്കുന്നതിനും ഇവർ ഉന്നം വയ്ക്കുന്ന ജനവിഭാഗങ്ങളായ ആദിവാസികൾ, ഗോത്രവർഗ്ഗക്കാർ മുതലായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി തുകകൾ ചെലവാക്കിയിട്ടുണ്ട്. മാവോയിസ്റ്റുകളെ പിടികൂടുന്നതിനു മാത്രമായി പ്രത്യേക തുക ചെലവായിട്ടില്ല.

**മാവോയിസ്റ്റ് സാന്നിദ്ധ്യം**

233 (3867) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം ആഭ്യന്തര വകുപ്പ് സ്ഥിരീകരിക്കുമ്പോഴും ഇത് സംബന്ധിച്ച് തെളിവൊന്നുമില്ലെന്ന സി.ആർ.പി.എഫ്. അധികൃതരുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദമാക്കാമോ;

(ബി) മാവോയിസ്റ്റ് ആക്രമണങ്ങൾ ഓരോന്നും ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്; എത്ര കേസ്സുകളുടെ അന്വേഷണം പൂർത്തിയായി ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാവോയിസ്റ്റ് ആക്രമണങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 27-10-2013-ന് കോഴിക്കോട് ചുരണിമലയിൽ എസ്കവേറ്റർ കത്തിച്ചതിലേയ്ക്ക് തൊട്ടിൽപാലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 460/2013
2. 24-4-2014-ന് വയനാട് വെള്ളമുണ്ടയിൽ പോലീസ് ഉദ്യോഗസ്ഥനെ ഭീഷണിപ്പെടുത്തിയതിലേയ്ക്ക് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 142/14. ഇതിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്
3. 10-11-2014-ന് എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 1599/14

4. 18-11-2014-ന് വയനാട് തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചതുമായി ബന്ധപ്പെട്ട് തിരുനെല്ലി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 507/2014

5. 7-12-2014-ന് വയനാട് വെള്ളമുണ്ടയ്ക്ക് സമീപം പോലീസ്പാർട്ടിക്കുനേരെ വെടിയുതിർത്തതുമായി ബന്ധപ്പെട്ട് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 507/2014. ഇതിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ 5 കേസുകളിൽ 460/2013 നമ്പർ കേസ് ക്രൈം ബ്രാഞ്ച്, ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗവും മറ്റെല്ലാ കേസുകളും ലോക്കൽ പോലീസും അന്വേഷിച്ചുവരുന്നു. എല്ലാ കേസുകളും അന്വേഷണാവസ്ഥയിലാണ്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

**കൊലപാതകങ്ങൾ**

234 (3868) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ കൊല ചെയ്യപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിക്കാരാണ് എന്നും കൊലപാതകികൾ ഏതു രാഷ്ട്രീയപ്പാർട്ടിക്കാരാണ് എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) കൊല ചെയ്യപ്പെട്ടവരുടെ പേരിൽ മറ്റ് കേസ്സുകൾ ഉണ്ടായിരുന്നുവെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കൊലപാതക കേസ്സുകളിൽ ഓരോന്നിലും ഏതെല്ലാം വകുപ്പുപയോഗിച്ചാണ് കേസ്സുകൾ എടുത്തിട്ടുള്ളത് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ രാഷ്ട്രീയ ബന്ധമുള്ളവർ കൊലചെയ്യപ്പെട്ടവരും കൊലപാതകികളും ആയ കേസുകളുടെ വിവരം അനുബന്ധം-എ ആയിചേർത്തിരിക്കുന്നു*

(ബി) കൊല ചെയ്യപ്പെട്ടവരുടെ പേരിലുള്ള മറ്റ് കേസുകൾ അനുബന്ധം- ബി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത കൊലപാതക കേസുകളിൽ ഓരോന്നിലും ഏതെല്ലാം വകുപ്പുകളുപയോഗിച്ചാണ് കേസുകൾ എടുത്തിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-എ യിൽ ചേർത്തിട്ടുണ്ട്.*

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

235 (3869) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എത്ര വിദ്യാലയങ്ങളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ;

(സി) വിദ്യാലയങ്ങളിൽ എസ്.പി.സി. ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഈ വർഷം എസ്.പി.സി. എത്ര വിദ്യാലയങ്ങളിൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 433 സ്കൂളുകളിൽ നിലവിലുണ്ട്.

(ബി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഈ അദ്ധ്യയന വർഷം പുതുതായി 110 സ്കൂളുകളിൽ നടപ്പിലാക്കുവാൻ സംസ്ഥാനതല ഉപദേശക സമിതി അനുവാദം നൽകിയിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ ചിട്ടി തട്ടിപ്പ്

236 (3870) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കടയിൽ പ്രവർത്തിച്ചിരുന്ന പൊന്നൂസ് ചിട്ടി ഫണ്ട് എന്ന സ്ഥാപനം നടത്തിയ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ബി) ഈ തട്ടിപ്പിനിരയായ കാട്ടാക്കട ഉടയൻകുഴി പുത്തൻവീട്ടിൽ എച്ച് തങ്കരാജ് എന്നയാൾ 7-7-2014 ന് ഇതു സംബന്ധിച്ച് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൻമേൽ സ്വീകരിച്ചതും ഇനി സ്വീകരിക്കേണ്ടതു മായ നടപടികളുടെ വിശദവിവരം നൽകാമോ ;

(സി) ഈ സ്ഥാപനം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നകാര്യം എപ്പോഴാണ് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടതെന്നും ശ്രദ്ധയിൽപ്പെട്ട ഉടൻ നടപടി സ്വീകരിച്ചോ എന്നും കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരം തട്ടിപ്പു സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും, നിയമനടപടി സ്വീകരിക്കാനും എല്ലാ പോലീസ് സ്റ്റേഷനുകൾക്കും നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് 120 പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഇത് സംബന്ധിച്ച് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പരാതികൾ ലഭിച്ചിട്ടുള്ളതും ആയതിലേക്ക് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് പരാതിക്കാരെ നേരിൽക്കണ്ട് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും ടിയാന്മാരെ സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തി കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നതുമാണ്.

(സി) 25-3-2014-ലാണ് പൊന്നൂസ് ചിട്ടി ഫണ്ട് എന്ന സ്ഥാപനത്തിനും അതിന്റെ നടത്തിപ്പുകാർക്കും എതിരെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. അന്നേ ദിവസംതന്നെ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 320/2014 u/s

406, 420 of 34IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെപ്പറ്റി സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് 12/2014 പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

**കാഞ്ഞങ്ങാട്ടെ അഭിലാഷിന്റെ കൊലപാതകം**

237 (3871) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മീനാപ്പീസ് കടപ്പുറത്ത് കൊല ചെയ്യപ്പെട്ട സ്കൂൾ വിദ്യാർത്ഥിയായ അഭിലാഷിന്റെ മരണത്തിന് ഉത്തരവാദികളായ യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് അഭിലാഷിന്റെ കുടുംബക്കാർ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് യഥാർത്ഥ പ്രതികളെ പിടികൂടുന്നതിന് സ്വീകരിച്ചിട്ടുള്ളത് ;

(ബി) സമീപകാലത്ത് മീനാപ്പീസ് കടപ്പുറത്ത് നടന്നിട്ടുള്ള അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്; ഇതുമായി പ്രസ്തുത കൊലപാതകത്തിന് ബന്ധമുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) സഹപാഠികൾ മാത്രമാണ് പ്രതികൾ എന്ന പോലീസിന്റെ നിഗമനം വിശ്വാസയോഗ്യമല്ലെന്നും ആയതിനാൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെ കൊണ്ട് ഇതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്നുമുള്ള നാട്ടുകാരുടെ ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ ?

ഉത്തരം

(എ) അഭിലാഷിന്റെ മരണവുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് നിയമസഭാംഗം ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. അഭിലാഷിന്റെ മരണവുമായി ബന്ധപ്പെട്ട് Cr.No.210/CR/HHW III/KKD/14 (ഹോസ്ദുർഗ് PS Crime No.1188/14) ആയി HHW III കോഴിക്കോട് യൂണിറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതും

ആയത് ശ്രീ. കെ. വി. സന്തോഷ് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ 2-12-2014 മുതൽ അന്വേഷണം നടത്തി വരുന്നതുമാണ്.

(ബി) സമീപകാലത്ത് അക്രമസംഭവങ്ങളൊന്നും നടന്നിട്ടില്ല.

(സി) ടി കേസിന്റെ അന്വേഷണം 2-12-2014 മുതൽ ക്രൈം ബ്രാഞ്ച് HHW III കോഴിക്കോട് ഡി.വൈ.എസ്.പി. ശ്രീ. കെ.വി. സന്തോഷിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

**പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ**

238 (3872) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ആക്രമിക്കപ്പെടുകയുണ്ടായി; എത്രപേർ ആത്മഹത്യ ചെയ്യുകയുണ്ടായി ; വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 314 പേർ ആക്രമിക്കപ്പെടുകയും 715 പേർ ആത്മഹത്യ ചെയ്യുകയും ഉണ്ടായി.

**വിദ്യാലയങ്ങളിൽ ജനമൈത്രി പോലീസ് പദ്ധതി**

239 (3873) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി "ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക്" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടുകൂടി സ്കൂളുകളിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കിയോസ്ക്കുകളിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സ്ത്രീ സംരക്ഷണ നിയമങ്ങൾ, കുട്ടികൾക്കായുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ, ഹെൽപ്ലൈൻ നമ്പരുകൾ, സൈബർ കുറ്റകൃത്യങ്ങളും പരിഹാരങ്ങളും എന്നിവ വിരൽത്തുമ്പിലൂടെ നിമിഷങ്ങൾക്കകം ലഭ്യമാകുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട ചില വീഡിയോ ഫിലിമുകളും കുട്ടികൾക്ക് കാണാൻ അവസരമൊരുക്കുന്നു.

(ബി) വിദ്യാർത്ഥികളുടെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ സുരക്ഷയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പെൺകുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവർ സ്വീകരിക്കേണ്ട മുൻകരുതലുകൾ, അവയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(സി&ഡി) തുടക്കത്തിൽ തിരുവനന്തപുരം, തൃശ്ശൂർ നഗരങ്ങളിലെ സ്കൂളുകളിലാണ് ഇത് സംഘടിപ്പിച്ചത്. ഈ പദ്ധതി സംസ്ഥാനം മുഴുവനും വ്യാപിക്കുന്നതിലേയ്ക്കായി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, ജനമൈത്രി നോഡൽ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

**കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ്**

240 (3874) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ് തയ്യാറാക്കിയത് കൊണ്ട് കൈവരിക്കാനായ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; എന്തെല്ലാം വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ?

<u>ഉത്തരം</u>

കുറ്റവാളികളുടെ വിവരങ്ങൾ സംസ്ഥാനത്തൊട്ടാകെ പോലീസ് ഓഫിസുകളിൽ

ലഭ്യമാക്കുന്ന വിധത്തിൽ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും, ഉയർന്ന പോലീസ് ഓഫീസുകൾക്കും തങ്ങളുടെ ഓഫീസിൽ നിന്നുതന്നെ സംസ്ഥാനത്തൊട്ടാകെയുള്ള കേസിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ പെട്ടെന്ന് സെർച്ച് ചെയ്ത് ശേഖരിക്കാവുന്നതാണ്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വിവിധ കേസുകളിൽ ഉൾപ്പെട്ട വ്യകതികളുടെ വിവരങ്ങൾ ഇതിൽ ലഭ്യമാണ്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിലേക്കായി മറ്റ് കേസ്സുകളിൽ ഉൾപ്പെട്ടയാളാണോ എന്ന് പരിശോധിക്കുന്നതിന് ഈ ഡേറ്റാബേസ് സഹായിക്കും. പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകളുടെ വിവരങ്ങളും കേസിൽ പ്രതിയാക്കപ്പെട്ടവരെ സംബന്ധിച്ച വിവരങ്ങളും ഈ ഡാറ്റാബേസിൽ ലഭ്യമാണ്.

**സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ**

241 (3875) <u>ശ്രീ. ബെന്നി ബെഹനാൻ :</u>
<u>ശ്രീ. വി.പി. സജീന്ദ്രൻ :</u>
<u>ശ്രീ. പി. എ. മാധവൻ:</u>
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ സിസ്റ്റമാറ്റിക് ഹെൽത്ത് അസെസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) പോലീസ് വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി സഹകരിച്ച് സേനയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യവും ശാരീരികക്ഷമതയും നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ (SHAPE) പദ്ധതി.

(ബി) സേനയിലെ പോലീസുദ്യോഗസ്ഥന്മാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും അവർ വ്യായാമമുറ അഭ്യസിക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി.

(സി) എല്ലാ ജില്ലാ പോലീസ് മേധാവിമാരും അവരുടെ കീഴിലുള്ള പോലീസുദ്യോഗസ്ഥർക്ക് ശാരീരിക വ്യായാമമുറകൾക്ക് പരിശീലനം നൽകേണ്ടതും പ്രസ്തുത ശാരീരിക വ്യായാമം രാവിലെ 7 മണി മുതൽ 7.45 മണിവരെ തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും നടത്തേണ്ടതും 50 വയസ്സിനുമേൽ പ്രായമുള്ളവർ അവർ ആഗ്രഹിക്കുന്നപക്ഷം പ്രസ്തുത പരിശീലനത്തിൽ ഏർപ്പെട്ടാൽ മതിയെന്നും കൂടാതെ പരിശീലനങ്ങളിൽ ഏർപ്പെടുന്നതിന് മുമ്പ് എല്ലാ ഉദ്യോഗസ്ഥരും ആവശ്യമായ മെഡിക്കൽ പരിശോധനകൾക്ക് വിധേയരാകേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പോലീസ് വകുപ്പും, ആരോഗ്യ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

## തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ

242 (3876) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ഇതിനകം എത്ര പരാതികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രത്യേകം കണക്കുകൾ ലഭ്യമാക്കാമോ ;

(സി) ഇതിൽ സർക്കാർ ജീവനക്കാർ പ്രതികളായി ശിക്ഷിക്കപ്പെട്ടത് ആരെന്നും ഏതെല്ലാം ഓഫീസുകളിലാണെന്നും വ്യക്തമാക്കാമോ ;

(ഡി) 2014-ൽ മാത്രം സംസ്ഥാനത്തെ സ്റ്റേറ്റ് സർവ്വീസിൽ മാത്രം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതിക്കാർ ആരെല്ലാമെന്നും എത്ര പരാതിയിന്മേൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## വിമാനത്താവളങ്ങൾവഴി സ്വർണ്ണ കള്ളക്കടത്ത്

243 (3877) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിമാനത്താവളങ്ങൾവഴി കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര തുകയുടെ സ്വർണ്ണ കള്ളക്കടത്തു നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആകെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേരളീയർ അല്ലാത്ത ആളുകൾ ഉൾപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

| | | |
|---|---|---|
| (എ) 2013-14 | - 47.34 | കോടി രൂപ |
| 2014-15 (നവംബർ വരെ) | - 34.16 | കോടി രൂപ |
| (ബി) 2013-14 | - 221 | കോടി രൂപ |
| 2014-15 (നവംബർ വരെ) | - 156 | കോടി രൂപ |
| (സി) 2013-14 | - 86 | കോടി രൂപ |
| 2014-15 (നവംബർ വരെ) | - 53 | കോടി രൂപ |

## അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം

244 (T3878) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം സംബന്ധിച്ച് പൊതുജനങ്ങളുമായി ചർച്ച ചെയ്യുന്നതിന് യോഗം വിളിച്ചു ചേർക്കാൻ തയ്യാറാകുമോ എന്നറിയിക്കുമോ ?

ഉത്തരം

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയന്ത്രിക്കുന്നതിനുള്ള നിയമത്തിന്റെ കരട്

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ബില്ല് സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. പൊതുജനങ്ങളുമായി ഇക്കാര്യം ചർച്ച ചെയ്യുന്നത് ബോദ്ധ്യപ്പെടുന്നപക്ഷം അതിനായി യോഗം വിളിച്ച് ചേർക്കുന്നതാണ്.

## തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ ദൃശ്യ-പത്ര മാധ്യമങ്ങളിൽ വരുന്നതിന് നടപടി

245 (3879) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്രീയമായി തെളിയിക്കപ്പെടാത്ത ചില വസ്തുക്കളുടെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ ദൃശ്യ-പത്ര മാധ്യമങ്ങളിൽ പതിവായി കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് 1954 -ലെ ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് (ഒബ്ജക്ഷണൽ അഡ്വർടൈസ്മെന്റ്) ആക്ട് പ്രകാരം കേസ്സെടുക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ;

(സി) ഈ ആവശ്യമുന്നയിച്ചു കൊണ്ടുള്ള പരാതി 30-8-2008-ന് Ref.No. 10129/എം (എച്ച്.വി &റ്റി.) (ഡി) 2008 നമ്പരായി ഡി.ജി.പി.യ്ക്ക് ലഭിച്ചിരുന്നോ ;

(ഡി) ഉണ്ടെങ്കിൽ ആരാണ് പരാതി നൽകിയതെന്നും ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതികൾ വരുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി&ഡി) പരാതി സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിട്ടില്ല എന്നതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

## സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

246 (3880) ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീമതി കെ. കെ. ലതിക :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പണത്തിന്റെയും മറ്റു പല സ്വാധീനങ്ങളുടെയും പ്രലോഭനങ്ങളുടെയും ഫലമായി കുറ്റകൃത്യം ചെയ്തവർക്കെതിരെയുള്ള കേസുകൾ പെറ്റിക്കേസുകളായി മാറിപ്പോകുന്ന അവസ്ഥയുള്ളതായി അറിയാമോ ;

(സി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർ ശിക്ഷിക്കപ്പെടാതെ പോയിട്ടുള്ളതായി അറിയാമോ ;

(ഡി) സംസ്ഥാനത്ത് ഒരു ദിവസം ശരാശരി എത്ര സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു ; ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുണ്ടായ കുറ്റകൃത്യങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ കണക്കുകൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) കണക്കാക്കിയിട്ടില്ല. സ്ത്രീകൾക്ക് എതിരായുണ്ടായ കുറ്റകൃത്യങ്ങൾക്ക് 47256 കേസുകളും കുട്ടികൾക്ക് എതിരായുണ്ടായ കുറ്റകൃത്യങ്ങൾക്ക് 5143 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## എസ് സി/എസ് ടി (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട്, 1988 പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

247 (3881) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ, ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് 1989 പ്രകാരം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ് ;

(ബി) ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് 1989 പ്രകാരം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ഇപ്പോഴും കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്ര ;

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസുകൾ എത്ര; അതിൽ മൂന്ന് വർഷവും രണ്ട് വർഷവും ഒരു വർഷവും കാലാവധികൾ പിന്നിട്ട കേസ്സുകൾ എത്ര വീതം

; വ്യക്തമാക്കുമോ ;

(ഡി) പെൻഡിംഗിലുള്ള ആകെ കേസ്സുകളിൽ എത്രപേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട് ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 3,340 കേസുകൾ.

(ബി) 458 കേസുകളിൽ കുറ്റപത്രം നൽകിയിട്ടില്ല.

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത 458 കേസുകളാണ് ഉള്ളത്, അതിൽ 3 വർഷം പിന്നിട്ട 10 കേസുകളും 2 വർഷം പിന്നിട്ട 9 കേസുകളും ഒരു വർഷം പിന്നിട്ട 45 കേസുകളും ഉണ്ട്.

(ഡി) പെൻഡിംഗിലുള്ള ആകെ കേസുകളിൽ 666 പേരെ ഇനിയും അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്.

## പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട്, 1998 പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

248 (3882) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ് ആക്റ്റ് 1989 പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) ഇതിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച എത്ര കേസ്സുകൾ ഉണ്ട് ; എത്ര എണ്ണം ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; എഫ്. ഐ .ആർ. രജിസ്റ്റർ ചെയ്ത എല്ലാ കേസ്സുകളും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിലവിൽ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 3,340 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 238 കേസുകൾ ഉണ്ട്. ഇതിൽ ഒരു കേസും ശിക്ഷിക്കപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇത്തരം കേസുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്താൽ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എക്സ്പ്രസ് റിപ്പോർട്ട് തയ്യാറാക്കി ജില്ലാ പോലീസ് മേധാവികൾക്ക് വിവരം നൽകുന്നു. ജില്ലാ പോലീസ് മേധാവിമാർ DYSP/ACP റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് അന്വേഷണ ചുമതല ഏൽപ്പിച്ചു കൊടുക്കുകയും, പരമാവധി 30 ദിവസത്തിനകം ചാർജ് ഷീറ്റ് സമർപ്പിക്കുന്നതിന് ഉത്തരവ് നൽകുകയും, കേസുകളുടെ അന്വേഷണ രീതിയും പുരോഗതിയും യഥാസമയം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇപ്രകാരം ചാർജ് ഷീറ്റ് സമർപ്പിക്കുന്ന കേസുകൾ ബഹുമാനപ്പെട്ട ജില്ലാ സെഷൻസ് കോടതികളിൽ വിചാരണ നടത്തി വരുന്നതുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരമോ, മറ്റ് കേസുകൾ വിസ്താരത്തിനു വരുമ്പോഴോ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസുകളുടെ വിചാരണയ്ക്ക് സ്വാഭാവികമായും കാലതാമസം നേരിടാറുണ്ട്.

**കെ.എ.പി. 3 ബറ്റാലിയനിലേക്കുള്ള നിയമനം**

249 (3883) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം (സിറ്റി & റൂറൽ), ആലപ്പുഴ, പത്തനംതിട്ട പോലീസ് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ റിക്രൂട്ടിംഗ് ക്യാമ്പായ അടൂർ കെ.എ.പി. 3 ബറ്റാലിയനിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കി 11-9-2014-ൽ നിലവിൽ വന്ന ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഏറ്റവും ഒടുവിൽ പി.എസ്.സി.-ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തശേഷം പിന്നീട് ഒഴിവുകൾ വന്നിട്ടുണ്ടോ ; എങ്കിൽ ആയത് എന്നത്തേക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(സി) കൊല്ലം (സിറ്റി&റൂറൽ), ആലപ്പുഴ, പത്തനംതിട്ട പോലീസ് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ റിക്രൂട്ടിംഗ് ക്യാമ്പായ അടൂർ കെ.എ.പി. 3 ബറ്റാലിയനിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിന്റെ കാലാവധി അവസാനിക്കുവാൻ കേവലം പത്ത് മാസം മാത്രം അവശേഷിക്കെ പരമാവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 11-9-2014-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും 10-10-2014 വരെ 124 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിൻമേൽ നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാന പോലീസ് സേനയിൽ സ്ത്രീകൾക്ക് 33% സംവരണം**

250 (3884) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ സ്ത്രീകൾക്ക് 33% സംവരണം ഏർപ്പെടുത്തണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഘട്ടംഘട്ടമായി പോലീസ് സേനയിൽ സ്ത്രീകൾക്ക് സംവരണം വർദ്ധിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 60 വനിതാ എസ്.ഐ.-മാരുടെയും 250 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും തസ്തികകൾ സൃഷ്ടിക്കുകയും ആയതിലേക്ക് നിയമനം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് പി.എസ്.സി.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**കെ.എ.പി. 3 ബറ്റാലിയനിലെ ഒഴിവുകൾ നികത്താൻ നടപടി**

251 (3885) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം സിറ്റി, കൊല്ലം റൂറൽ, ആലപ്പുഴ, പത്തനംതിട്ട എന്നീ പോലീസ് ജില്ലകളിലേക്കുള്ള സിവിൽ പോലീസ് ഓഫീസർമാരുടെ ട്രെയിനിംഗ് ക്യാമ്പായ അടൂർ KAP3 ബറ്റാലിയനിൽ അനുവദനീയമായ തസ്തിക എത്ര ; നിലവിലുള്ളവർ എത്ര ; ഒഴിവുകൾ എത്ര ;

(ബി) KAP3 ബറ്റാലിയനിൽ നിന്നും AR ക്യാമ്പിലേക്കും AR ക്യാമ്പുകളിൽ നിന്നും ലോക്കൽ സ്റ്റേഷനുകളിലേക്കും സിവിൽ പോലീസ് ഓഫീസർമാരുടെ ട്രാൻസ്ഫർ നടക്കാത്തതിന് കാരണം വിശദമാക്കുമോ ;

(സി) KAP3 ബറ്റാലിയനിലേക്ക് സിവിൽ പോലീസ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; എത്ര പേർക്ക് നിയമനം നൽകി വ്യക്തമാക്കുമോ ;

(ഡി) KAP3 ബറ്റാലിയനിൽനിന്നും നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുള്ളത് ;

(ഇ) KAP3 ബറ്റാലിയനിൽ 2015 സെപ്തംബർ വരെ എത്ര പ്രതീക്ഷിത ഒഴിവുകളാണ് ഉണ്ടാവുക; വ്യക്തമാക്കാമോ ;

(എഫ്) പ്രതീക്ഷിത ഒഴിവുകളുൾപ്പെടെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

252 (3886) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപ്പള ഫയർ സ്റ്റേഷന്റെ പരാധീനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷനിൽ ഏതൊക്കെ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് അറിയിക്കുമോ ;

(ഡി) ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ഇ) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപ്പള ഫയർ സ്റ്റേഷനിൽ ഫയർമാൻ-2 ഒഴിവ്, ഡ്രൈവർ മെക്കാനിക്ക്-1 ഒഴിവ് എന്നിവ നിലവിലുണ്ട്.

(സി) പി.എസ്.സി.-യിൽ നിന്ന്, ഫയർമാന്റെ ഒഴിവുകളിലേക്ക് അഡ്വൈസ് ലഭിക്കുന്ന മുറക്ക് ഒഴിവ് നികത്തുന്നതാണ്. ഡ്രൈവർ മെക്കാനിക്ക് തസ്തികയിലേക്ക് ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്ററിൽ നിന്ന് യോഗ്യതയുള്ള ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതാണ്.

(ഡി&ഇ) മംഗൽപ്പടി ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 50/1-ൽ ഉൾപ്പെട്ട ഒന്നര ഏക്കർ സ്ഥലത്ത് ഫയർ സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

**അങ്കമാലി ഫയർ ആഡ്റെസ്ക്യൂ സ്റ്റേഷനിലെ ക്രാഷ് ടെൻഡർ യൂണീറ്റ്**

253 (3887) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്കമാലി ഫയർ ആഡ് റെസ്ക്യൂ സ്റ്റേഷനിലെ ക്രാഷ് ടെണ്ടർ യൂണിറ്റ് വാഹനവും ആംബുലൻസും ഉൾപ്പെടെ, വാഹനങ്ങളും ഉപകരണങ്ങളും ഉപയോഗ യോഗ്യമാക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

അങ്കമാലി അഗ്നിരക്ഷാ നിലയത്തിലെ ക്രാഷ് ടെണ്ടർ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. ആംബുലൻസ് അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും ഈ സാമ്പത്തിക വർഷം വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിച്ച് വരികയാണ്. ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ ആവശ്യത്തിന് വാഹനങ്ങളും ഉപകരണങ്ങളും അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. അങ്കമാലി അഗ്നിരക്ഷാ നിലയത്തിൽ ഫയർമാൻ തസ്തികയിൽ 13 ജീവനക്കാരുടെ ഒഴിവുകളാണ് നിലവിലുള്ളത്. ഫയർമാൻ തസ്തികയിലുള്ള ജീവനക്കാരുടെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്ത് പരിശീലനത്തിന് ശേഷം ജീവനക്കാരുടെ കുറവ്

നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അരൂരിൽ ഫയർ സ്റ്റേഷൻ**

254 (3888) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും സീഡ്സ് എക്സ്പോർട്ട് മേഖലയിലുമായി അടിക്കടിയുണ്ടാകുന്ന അപകടങ്ങളിൽ രക്ഷാപ്രവർത്തനത്തിന് എറണാകുളത്തുനിന്നും ചേർത്തലയിൽ നിന്നും ഫയർഫോഴ്സ് എത്തുമ്പോഴേക്കും നാശനഷ്ടങ്ങൾ ഒരുപാടുണ്ടാകുന്നത് പരിഗണിച്ച് അരൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ജനകീയ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സ്ഥലം കണ്ടെത്തുന്നതിന് എം.പി., എം.എൽ.എ., ജില്ലാ കളക്ടർ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ജില്ലാ കളക്ടേറ്റിൽ ചേർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആയത് പ്രകാരം നിർദ്ദേശിക്കപ്പെട്ട സ്ഥലം ബി.എസ്.എൻ.എൽ-കെ.എസ്.ഇ.ബി.-ക്ക് ജില്ലാ വ്യവസായ കേന്ദ്രം അലോട്ട് ചെയ്തിരുന്നതും എന്നാൽ ഉപയോഗിക്കാതിരിക്കുകയും ചെയ്തതിനാൽ അത് റസ്യൂം ചെയ്ത് അനസ് എന്ന വ്യവസായിക്ക് നൽകിയിരുന്നതും, ഈ വ്യവസായി പൊതു ആവശ്യത്തിനായി ഈ സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്ന് യോഗത്തിൽ സമ്മതിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത സ്ഥലം ആവശ്യപ്പെട്ട് ഫയർ ഫോഴ്സ് ജില്ലാ വ്യവസായ കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അപേക്ഷ നൽകുവാൻ നടപടി സ്വീകരിക്കുമോ ; അവിടെ ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അരൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 18-9-2014-ന് യോഗം ചേർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ തന്നെ ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലം ഒഴിഞ്ഞ് കിടപ്പുണ്ടെന്ന് പ്രസ്തുത യോഗത്തിൽ അഭിപ്രായം

ഉയർന്നിട്ടുണ്ട്. സ്ഥലം വിട്ടുനൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ, അത്രർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥലം സംബന്ധിച്ച് വിശദമായി പരിശോധിച്ചുവരുന്നു. പരിശോധനയിൽ ഫയർ സ്റ്റേഷന് അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ അപേക്ഷ വ്യവസായ വകുപ്പിന് സമർപ്പിക്കുന്നതാണ്. നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നുള്ളൂ.

## വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

255 (3889) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ താലൂക്കുകളിലാണ് ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ ഇല്ലാത്തതെന്ന് അറിയിക്കുമോ ;

(ബി) വെള്ളരിക്കുണ്ട് താലൂക്കിൽ വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) താഴെ കൊടുത്തിരിക്കുന്ന ജില്ലകളിലുള്ള താലൂക്കുകളിലാണ് ഫയർ ആന്ഡ്സ്ക്യൂ സ്റ്റേഷൻ ഇല്ലാത്തത്.

| ക്രമ നമ്പർ | ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത താലൂക്ക് | ജില്ല |
|---|---|---|
| 1 | പത്തനാപുരം | കൊല്ലം |
| 2 | കുട്ടനാട് | ആലപ്പുഴ |
| 3 | മല്ലപ്പള്ളി | പത്തനംതിട്ട |
| 4 | പട്ടാമ്പി | പാലക്കാട് |
| 5 | കൊണ്ടോട്ടി | മലപ്പുറം |
| 6 | തിരൂരങ്ങാടി | മലപ്പുറം |
| 7 | വൈത്തിരി | വയനാട് |

| 8 | വെള്ളരിക്കുണ്ട് | കാസർഗോഡ് |
|---|---|---|

(ബി) വെള്ളരിക്കുണ്ട് ആസ്ഥാനമാക്കി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. 21-12-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3764/2011/ആഭ്യന്തരം, പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരിച്ച അടുത്ത 5 വർഷങ്ങൾക്കുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിലും പുതിയ ഫയർ ആഡ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ഏജൻസിയായ ആർ.എം.എസ്.ഐ. നടത്തിയ പഠനത്തിലും വെള്ളരിക്കുണ്ട് ഉൾപ്പെട്ടിട്ടില്ല. കൂടാതെ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നുള്ളൂ.

**ഫയർമാൻമാരുടെ ഒഴിവുകൾ**

256 (3890) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫയർമാൻമാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്താകെ 1270 ഫയർമാൻമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) ആകെ 1173 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തുന്നതായിരിക്കും.

**സി-ആപ്റ്റ് എം.ഡി.-യുടെ പേരിൽ വിജിലൻസ് കേസ്**

257 (3891) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതു മേഖല സ്ഥാപനമായ സി-ആപ്റ്റ് എം.ഡി.-യുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

വിശദാംശങ്ങൾ നൽകാമോ ;

(സി) വിജിലൻസ് അന്വേഷണം എപ്പോൾ പൂർത്തിയാകും ;

(ഡി) പ്രാഥമിക പരിശോധനയിൽ പ്രസ്തുത സ്ഥാപനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ വിജിലൻസ് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി&സി) ലോട്ടറി ടിക്കറ്റുകളുടെ അച്ചടി ജോലിക്ക് സി-ആപ്റ്റ് പുറം കരാർ നൽകിയതിനെ തുടർന്ന് സ്ഥാപനത്തിന് കോടികളുടെ നഷ്ടം സംഭവിച്ചതിനെ സംബന്ധിച്ച് സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ വി.ഇ.03/2014/എസ്.ഐ.യു.II എന്ന നമ്പരിൽ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(ഡി) അന്വേഷണം പുരോഗമിക്കുന്നു. നഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല.

**പി. രാജേന്ദ്രന് എതിരായി വിജിലൻസ് സാമ്പത്തിക അഴിമതി കേസ്**

258 (3892) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ തിരുവനന്തപുരം ബ്രാഞ്ച് ഓഫീസ് മാനേജർ പി. രാജേന്ദ്രന് എതിരായി വിജിലൻസ് സാമ്പത്തിക അഴിമതി കേസ് എടുക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് ചാർജ് ചെയ്തതെന്നും വിജിലൻസ് കേസ് നമ്പറും കോടതിയിലെ കേസിന്റെ ഫയൽ നമ്പർ സഹിതം വിവരം ലഭ്യമാക്കാമോ ;

(സി) ടിയാനെതിരെ പ്രസ്തുത കേസ് അല്ലാതെ മറ്റേതെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മേൽപ്പറഞ്ഞ കേസുമായി ബന്ധപ്പെട്ട് ടിയാനെതിരെ ഡിപ്പാർട്ട്മെന്റ് നടപടി വിജിലൻസ് ആവശ്യപ്പെട്ടിരുന്നോ ;

(ഇ) എങ്കിൽ ടിയാനെതിരെ നടപടി സ്വീകരിക്കാതെ സംരക്ഷണം നൽകുന്ന കെ.എഫ്.സി.-യുടെ എച്ച്.ആർ. ഡിപ്പാർട്ടുമെന്റിന് എതിരെ നടപടി സ്വീകരിക്കുമോ ;

(എഫ്) ടിയാനെ ജോലിയിൽനിന്നും മാറ്റി നിർത്താതെ അന്വേഷണം

നടത്തുന്നത് ഫലപ്രദമായ കേസന്വേഷണത്തെ ബാധിക്കും എന്ന കാര്യം ശ്രദ്ധിക്കുമോ ;

(ജി) എങ്കിൽ ടിയാനെ പ്രസ്തുത സ്ഥാനത്തുനിന്നും മാറ്റിനിർത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ തിരുവനന്തപുരം ബ്രാഞ്ച് ഓഫീസ് മാനേജർ ശ്രീ. പി. രാജേന്ദ്രന് എതിരായി വ്യാജരേഖകൾ ചമച്ച് കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ലോൺ എടുത്തത് സംബന്ധിച്ച് 12-1-2010-ൽ ഒരു വിജിലൻസ് കേസ് (വി.സി.01/2010/റ്റി.വി.എം) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി.

(ബി) 1988-ലെ അഴിമതി നിരോധന നിയമത്തിലെ 13(2), 13(1) (ഡി), ഇന്ത്യൻ ശിക്ഷാ നിയമം 468, 471, 420, 34 എന്നീ വകുപ്പുകൾ പ്രകാരമാണ് വിജിലൻസ് കേസ് (വി.സി.01/2010/റ്റി.വി.എം) രജിസ്റ്റർ ചെയ്തത്. പ്രസ്തുത കേസിൽ ഒന്നാം പ്രതിക്കെതിരെ വകുപ്പുതല നടപടിയും രണ്ടും മൂന്നും പ്രതികൾക്കെതിരെ തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സി.സി.74/2012 ആയി 26-2-2011-ന് കുറ്റപത്രം സമർപ്പിക്കുകയും ആയവ വിചാരണയിലും ആണ്.

(സി) വിജിലൻസ് ആഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ടിയാനെതിരെ മറ്റു കേസുകൾ ഒന്നും നിലവിലില്ല.

(ഡി&ഇ) പ്രസ്തുത കേസിൽ ഒന്നാം പ്രതിയായ ശ്രീ. പി. രാജേന്ദ്രനെതിരെ വകുപ്പുതല അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്ത് വസ്തുതാ റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും, ശിപാർശ അംഗീകരിച്ച് 3-9-2011-ലെ 8131/ഡി1/2011/വിജി നമ്പർ എന്ന സർക്കാർ കത്തുപ്രകാരം ശ്രീ. പി. രാജേന്ദ്രനെതിരെ അച്ചടക്ക നടപടി എടുക്കാൻ ധനകാര്യ വകുപ്പിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. അതിൻപ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ടിയാനെതിരെ അച്ചടക്ക നടപടി 'താക്കീത് ' നൽകി തീർപ്പാക്കിയിട്ടുണ്ട്.

(എഫ് & ജി) അന്വേഷണം പൂർത്തിയാക്കി വസ്തുതാ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചതിനാൽ ചോദ്യം ഉദിക്കുന്നില്ല.

**ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിക്കെതിരെ പരാതി**

259 (3893) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിക്കെതിരെ വിജിലൻസിൽ ആരെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് പരാതി സമർപ്പിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) പ്രാഥമിക റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പ്രാഥമിക അന്വേഷണത്തിൽ പ്രസ്തുത സ്ഥാപനത്തിന് നഷ്ടം സംഭവിച്ചതായി വ്യക്തമായിട്ടുണ്ടോ; അന്വേഷണത്തിൻെറ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി ശ്രീ. ഒ. റ്റി. പ്രകാശ്, ഓണാഘോഷത്തോടനുബന്ധിച്ചുള്ള 'കടലോളം ഓണം' പരിപാടിയുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതി ആരോപണം സംബന്ധിച്ച് പട്ടികജാതിക്ഷേമ സമിതി പ്രസിഡന്റ് ശ്രീ. എസ്. പ്രഹ്ലാദന്റെ പക്കൽ നിന്നുള്ള 5-9-2013, 8-8-2014 തീയതികളിലെ പരാതികൾ വിജിലൻസ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

(ബി) വിജിലൻസ് മുഖേനയുള്ള അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടില്ല. പ്രസ്തുത പരാതികളുടെ പകർപ്പ് 12-5-1992-ലെ സഉ (പി) നമ്പർ 65/92/വിജി നമ്പർ ഉത്തരവിലെ ഖണ്ഡിക (12) പ്രകാരം അനന്തര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി വിനോദ സഞ്ചാര വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) വിജിലൻസ് ബ്യൂറോ ഈ വിഷയത്തിൽ അന്വേഷണം നടത്തിയില്ല.

**ജസ്റ്റിസ് ജെ. ശിവരാജൻ കമ്മീഷൻ**

**260 (3894))** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ കേസ്സ് അന്വേഷിക്കുന്ന ജസ്റ്റിസ് ജെ. ശിവരാജൻ കമ്മീഷൻ മുൻപാകെ സർക്കാർ നൽകിയ സ്റ്റേറ്റ്മെന്റിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) സർക്കാരിന് സാമ്പത്തിക നഷ്ടമോ സർക്കാർ സംവിധാനങ്ങളുടെ ദുർവിനിയോഗമോ ഈ കേസ്സുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത നിരീക്ഷണത്തിലെത്തിയതിന് സഹായകമായ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ജസ്റ്റിസ് ജെ. ശിവരാജൻ കമ്മീഷന് മുമ്പാകെ സോളാർ തട്ടിപ്പ് കേസിൽ സർക്കാർ രണ്ട് സ്റ്റേറ്റുമെന്റുകളാണ് നൽകിയിരിക്കുന്നത്. അതിൽ ആദ്യത്തേത് കക്ഷി ചേർക്കണമെന്ന് ആവശ്യപ്പെട്ട് A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ഹർജികളിൽ (impleading Petitions) സർക്കാർഭാഗം അറിയിച്ചുകൊണ്ട് ഫയൽ ചെയ്തതാണ്. രണ്ടാമത്തേത് സോളാർ അന്വേഷണ വിഷയങ്ങളിൽ (Terms of Reference) ആദ്യത്തെ അന്വേഷണ വിഷയത്തിൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ആരോപണ സ്റ്റേറ്റുമെന്റുകൾക്ക് (Statement of Allegations) മറുപടിയായി ഫയൽ ചെയ്ത "സ്റ്റേറ്റുമെന്റ് ഇൻ റെസ്പോൺസ്" ആണ്. A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ 'Statement of Allegations' അപ്രകാരം തന്നെ സ്വീകരിച്ചാൽ ആയത് ശരിയായ നടപടിക്രമം അല്ലാത്തതിനാൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ സ്റ്റേറ്റുമെന്റ് ഓഫ് അലിഗേഷന്റെ സ്വീകാര്യതയെക്കുറിച്ചാണ് സർക്കാർ മറുപടി സ്റ്റേറ്റ്മെന്റ് നൽകിയത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**വിജിലൻസ് റെയ്ഡുകൾ**

261 (3895) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിവിധ സർക്കാർ വകുപ്പുകളിൽ വിജിലൻസ് നടത്തിയ റെയ്ഡുകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) വിജിലൻസ് റെയ്ഡിൽ അഴിമതി കണ്ടെത്തിയ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും വിവരം ലഭ്യമാക്കാമോ ;

(ഡി) നിലവിൽ വിജിലൻസിന്റെ പരിഗണനയിലുള്ള തീർപ്പാകാത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഥമ വിവര റിപ്പോർട്ട്

രജിസ്റ്റർ ചെയ്ത കേസുകളിൽ കോടതി ഉത്തരവ് പ്രകാരം 7 വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി)

| | |
|---|---|
| മോട്ടോർ വെഹിക്കിൾ വകുപ്പ് | 1 |
| കൊമേഴ്സ്യൽ ടാക്സസ് | 1 |
| പോലീസ് വകുപ്പ് | 1 |
| വ്യവസായ വകുപ്പ് | 1 |
| റവന്യൂ വകുപ്പ് | 1 |
| പൊതുമരാമത്ത് (ഗവ.സെക്രട്ടറിയേറ്റ്) | 1 |
| ജലസേചന വകുപ്പ് | 1 |
| ആകെ | 7 |

(സി) മുകളിൽ പറഞ്ഞിരിക്കുന്ന ഓഫീസുകളിലും പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ വീടുകളിലും ആണ് വിജിലൻസ് റെയ്ഡ് നടത്തിയത്.

(ഡി) നിലവിൽ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നീ വിജിലൻസ് കോടതികളിൽ 1286 കേസുകൾ വിചാരണയിലാണ്. തിരുവന്തപുരം, കോഴിക്കോട് എന്നീ വിജിലൻസ് ട്രിബ്യൂണലുകളിൽ 27 കേസുകൾ വിചാരണയിലുണ്ട്. വിജിലൻസ് ബ്യൂറോയിൽ നലവിൽ 353 കേസുകൾ അന്വേഷണ ഘട്ടത്തിലാണ്.

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയുമായി ബന്ധപ്പെട്ട അഴിമതി ആരോപണം

262 (3896) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ജെയിംസ് മാത്യൂ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിലെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ

ക്കെതിരായുള്ള അഴിമതി ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ; അഴിമതിക്ക് ഗൂഢാലോചന നടത്തിയതായി ആരോപിക്കപ്പെട്ടവരുടെ പങ്ക് വെളിപ്പെടുത്തുന്ന രേഖകൾ എല്ലാം കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ ;

(ബി) വിജിലൻസ് അന്വേഷണം തടയുന്നതിനുവേണ്ടി തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവ് ചോദ്യം ചെയ്ത് ആരെങ്കിലും ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു ;

(സി) വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നത് തടയണമെന്ന ആവശ്യം കോടതി അനുവദിച്ചിട്ടുണ്ടോ ; കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസിന് ലഭിച്ച പരാതികൾ എത്ര ; കേസ് രജിസ്റ്റർ ചെയ്തവ എത്ര; ചെയ്തിട്ടില്ലാത്തവ എത്ര ;

(ഇ) പ്രസ്തുത ആരോപണം സംബന്ധിച്ച കേസ് വിജിലൻസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ, ആരോപിക്കപ്പെട്ടവർ പ്രസ്തുത വകുപ്പിന്റെ മേൽനോട്ടം വഹിക്കുന്നത് ധാർമ്മികവും ഉചിതവുമാണെന്ന് അഭിപ്രായമുണ്ടോ ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിലെ അഴിമതി ആരോപണം സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം (V.E.30/06/SIU-I) നടത്തുകയും അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആഡ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം മുൻപാകെ 19-3-2013-ൽ അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് 105 രേഖകൾ അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ട്.

(ബി&സി) വിജിലൻസ് അന്വേഷണ റിപ്പോർട്ടിൻമേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ 28-8-14-ൽ ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആഡ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഉത്തരവിനെതിരെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് മുൻ ചെയർമാൻ ശ്രീ. ടി. ബാലകൃഷ്ണൻ സമർപ്പിച്ച Crl MA 5630/2014 in Crl (RP) 1568/14-മേൽ 1-9-2014-ന് ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയുടെ 28-8-2014-ലെ ഉത്തരവ് നടപ്പാക്കുന്നത് തടഞ്ഞുകൊണ്ട്

ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലികമായി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ നീട്ടിവച്ചിരിക്കുകയാണ്.

(ഡി) അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. സെബാസ്റ്റ്യൻ ജോർജ്, ശ്രീ. ജയൻ, ശ്രീ. ജി. സുനിൽ (സേവ് ടൈറ്റാനിയം ഫോറം) എന്നിവരുടെ പരാതികൾ ആണ് അന്വേഷണ വിധേയമാക്കിയത്. കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

**വിജിലൻസിന്റെ വകുപ്പുതല അന്വേഷണങ്ങൾ**

263 (3897) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്ര കേസ്സുകളിൽ വിജിലൻസിന്റെ വകുപ്പുതല അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെ ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയായി ; എത്ര കേസ്സുകളിൽ അന്വേഷണ റിപ്പോർട്ട് ഡയറക്ടർക്ക് നൽകി ; ഡയറക്ടർക്ക് ലഭിച്ച എത്ര റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(സി) ഏതെങ്കിലും കേസുകളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; അതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വിജിലൻസ് കേസുകളിൽ അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പൊതുവേ വകുപ്പുതല അന്വേഷണങ്ങൾക്ക് വിജിലൻസ് ബ്യൂറോ ശിപാർശ ചെയ്യുന്നില്ല. മറിച്ച് പ്രോസിക്യൂഷൻ നടപടികളോ വകുപ്പുതല നടപടികളോ ആണ് ശിപാർശ ചെയ്യുന്നത്. വിജിലൻസ് ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിൽ അഴിമതി നിരോധന നിയമപ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ തക്കവിധം കഴമ്പുള്ള ആരോപണങ്ങൾ ഇല്ലാത്തതും എന്നാൽ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ട ലംഘനം, നടപടിക്രമങ്ങൾ പാലിക്കുന്നതിലെ വീഴ്ച തുടങ്ങിയവ

ഉൾപ്പെടെയുള്ള ആരോപണങ്ങൾ ഉൾക്കൊള്ളുന്നതുമായ പരാതികൾ വിജിലൻസ് ബ്യൂറോ മറ്റു വകുപ്പുതല വിജിലൻസ് അന്വേഷണ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകളുടെ തലവൻമാർക്ക് അയച്ചുകൊടുക്കുന്നുണ്ട്.

(ബി&സി) മേൽ വിവരിച്ച പ്രകാരം ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുന്ന പരാതികളിൻമേലുള്ള വകുപ്പുതല അന്വേഷണങ്ങളുടെ റിപ്പോർട്ടുകൾ അതാത് വകുപ്പ് തലവൻമാർക്കാണ് അതാത് വകുപ്പുകളിലെ വിജിലൻസ് സെല്ലുകൾ സമർപ്പിക്കുന്നത്. വിജിലൻസ് ഡയറക്ടർക്ക് ഈ റിപ്പോർട്ടുകൾ സമർപ്പിക്കാറില്ല.

**കേരളത്തിലെ ജയിലുകളിൽ കഴിയുന്ന വിദേശിയർ**

264 (3898) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ കേസുകളിലായി എത്ര വിദേശീയർ കേരളത്തിലെ ജയിലുകളിൽ കഴിയുന്നുണ്ട്; ഏതെല്ലാം ജയിലിൽ എത്ര വിദേശികൾ വീതമാണുള്ളത്; ശിക്ഷാകാലാവധി പൂർത്തിയായി മോചനം കാത്ത് ജയിലുകളിൽ കഴിയുന്ന വിദേശികൾ എത്രയാണ് ?

ഉത്തരം

(എ) 8-12-2014 തീയതി പ്രകാരം 71 പേർ.

വിവിധ ജയിലുകളിൽ കഴിയുന്ന വിദേശികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| സെൻട്രൽ ജയിൽ, തിരുവനന്തപുരം | - 11 |
| സെൻട്രൽ ജയിൽ, കണ്ണൂർ | - 2 |
| സെൻട്രൽ ജയിൽ, വിയ്യൂർ | - 43 |
| ജില്ലാ ജയിൽ, കോഴിക്കോട് | - 7 |
| സ്പെഷ്യൽ സബ് ജയിൽ, പൊൻകുന്നം | - 1 |
| സ്പെഷ്യൽ സബ് ജയിൽ, കോട്ടയം | - 1 |
| വനിതാ ജയിൽ, തിരുവനന്തപുരം | - 1 |
| വനിതാ ജയിൽ, വിയ്യൂർ | - 4 |

സബ് ജയിൽ, ആലുവ - 1

ആകെ 71

ശിക്ഷാ കാലാവധി പൂർത്തിയാക്കി മോചനം കാത്ത് ജയിലിൽ കഴിയുന്ന 3 വിദേശികൾ ഉണ്ട്.

**ജയിലുകളിൽ തടവുകാരെ മർദ്ദിച്ചതായുള്ള പരാതി**

265(3899) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം ജയിലുകളിലാണ് തടവുകാരെ മർദ്ദിച്ചതായുള്ള പരാതി ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ജയിലിനകത്ത് തടവുകാർക്ക് മർദ്ദനം ഏൽക്കുന്നത് കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ ;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സെൻട്രൽ ജയിൽ വിയ്യൂർ, മൂവാറ്റുപുഴ, ഇരിങ്ങാലക്കുട, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ സ്പെഷ്യൽ സബ് ജയിലുകൾ എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നീ ജില്ലാ ജയിലുകളിലുമാണ് തടവുകാരെ മർദ്ദിച്ചതായുള്ള പരാതി ഉണ്ടായിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തടവുകാരെ മർദ്ദിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ആലപ്പുഴ ജില്ലാ ജയിലിൽ വിചാരണ തടവുകാരനായ യു.ടി.നമ്പർ 7033 അജേഷ് എന്ന പ്രതിയെ മർദ്ദിച്ചു എന്ന പരാതിയിന്മേൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായ ശ്രീ. കെ. വിനോദ് കുമാർ, ശ്രീ. പി. രതീഷ്, ശ്രീ. സെബാസ്റ്റ്യൻ.പി.എക്സ് എന്നിവരെ സ്ഥലംമാറ്റിയിട്ടുണ്ട്.

കൊല്ലം ജില്ലാ ജയിലിൽ തടവുകാരനെ മർദ്ദിച്ചു എന്ന പരാതിയിന്മേൽ ബന്ധപ്പെട്ട ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിൽ യു.ടി. 2382 രാജേഷ്, യു.ടി. 2385 ഗിരീഷ് കുമാർ എന്നീ തടവുകാരെ മർദ്ദിച്ചതായുള്ള പരാതിൻമേൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

**തടവുകാരോടുള്ള വർഗ്ഗീയ പീഡനം**

266 (3900) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലിനുള്ളിൽ ജയിലധികൃതർ തടവുകാരോട് വർഗ്ഗീയമായി പെരുമാറുന്നത് സംബന്ധിച്ച് സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ നിരീക്ഷണം നടത്തിയിട്ടുള്ളതായി അറിയുമോ ;

(ബി) ഇപ്രകാരം വർഗ്ഗീയമായ ചേരിതിരിവുണ്ടാക്കാനുള്ള ശ്രമങ്ങളെ ആരംഭത്തിൽ തന്നെ ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരത്തിലുള്ള നടപടി ശ്രദ്ധയിൽപ്പെട്ടാൽ ആരംഭത്തിൽ തന്നെ ഇല്ലാതാക്കുവാനുള്ള യുക്തമായ നടപടി സ്വീകരിക്കും.

**മരം ലേലം**

267 (3901) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ ഡിപ്പോകളിൽ മരം ലേലം ചെയ്യുന്നതിന്

നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ എന്തെല്ലാമായിരുന്നു ; പ്രസ്തുത സംവിധാനങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ പരിഷ്കരിച്ച സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ സംവിധാനം വീട്ടാവശ്യങ്ങൾക്കും മറ്റും മരം ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള വനംവകുപ്പിലെ തടി വിൽപ്പന വിഭാഗം ഡിവിഷനുകീഴിലെ തടി ഡിപ്പോകളിലെ ലേലം മുൻപിനാലെ സർക്കാർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ദർഘാസ് ലേല വ്യവസ്ഥകളും തീയതികളും അനുസരിച്ചാണ് തടിയും, മറ്റ് വനവിഭവങ്ങളും ലേലം ചെയ്യുന്നത്. ടി നടപടിക്രമത്തിൽ മാറ്റങ്ങളൊന്നും ഇല്ല.

തടി ഡിപ്പോകളിൽ ദർഘാസ്/ലേലം നടത്തുമ്പോൾ ലേലത്തിൽ നിയമാനുസരണം പങ്കെടുക്കുവാൻ അനുവദിക്കപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ മുൻ നിശ്ചയിക്കപ്പെട്ട ലോട്ടുകളുടെ ലേലം ഒന്നൊന്നായി നടത്തുകയാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ലേലം കഴിയുന്ന മുറയ്ക്ക് ആ ലോട്ടിനെ സംബന്ധിച്ച് ദർഘാസ് തുറക്കുകയും ആയതിന്റെ വിവരം പരസ്യമായി ലേലത്തിൽ പങ്കെടുക്കുന്നവരെ അറിയിക്കുകയുമാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ഈ വിധം ലേലവും തുടർന്ന് ദർഘാസ് തുറക്കുകയും ചെയ്യുകയാണ് മുൻപത്തെ നടപടി ക്രമം.

ടി രീതികളിൽ ഇ-ലേല സംവിധാനം വന്നതോടുകൂടി മാറ്റം വന്നിട്ടുണ്ട്. വനംവകുപ്പിൽ തടി ഉൾപ്പെടെയുള്ള വനവിഭവങ്ങൾ വിൽപ്പന നടത്തുന്നതിന് ഓൺലൈൻ രീതികൾ ആരംഭിച്ചുവഴി സാധാരണ ലേല നടപടികളിലെ കാലതാമസം ഒഴിവാകുന്നതിനൊപ്പം ഏതു പ്രദേശത്തുനിന്നും ഓൺലൈൻവഴി ഇ-ലേലത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നു. വേഗമാർന്ന നടപടികളും, സുതാര്യതയും വിശ്വാസ്യതയും ഓൺലൈൻ രീതികളുടെ പ്രത്യേകതയാണ്. ഭാരത സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd. എന്ന പൊതുമേഖലാ സ്ഥാപനം വഴിയാണ് ഓൺലൈൻ തടി വിപണനം.

തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി MSTC യുടെ വെബ്സൈറ്റായ www.mstcecommerce.com-ൽ രജിസ്റ്റർ ചെയ്യുക എന്നതാണ് ആദ്യഘട്ടം.

ഉൽപ്പന്നങ്ങളുടെ തരംതിരിവ്, അളവ് എന്നീ കാര്യങ്ങളിൽ നിലവിലുള്ള രീതി തന്നെയാണ് ഓൺലൈനിലും പിന്തുടരുന്നത്. തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങൾ തരംതിരിച്ച് ലോട്ട് ലിസ്റ്റ് തയ്യാറാക്കി വിശദവിവരങ്ങൾ

MSTC വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സൈറ്റിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ വ്യക്തികൾക്കും തടി വിൽപ്പന സംബന്ധിച്ച വിശദവിവരങ്ങൾ ഇ-മെയിൽ മുഖാന്തിരവും എസ്.എം.എസ്. വഴിയും ലഭ്യമാക്കുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ച ലേലം സംബന്ധിച്ച പട്ടിക MSTC-യുടെ വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം (EMD) അടച്ച് ലേലത്തിൽ പങ്കാളിയാകാം. തടി വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി ലേല തീയതിയ്ക്കു മുൻപ് തടി സൂക്ഷിച്ചിട്ടുള്ള ഡിപ്പോ/ഡമ്പിംഗ് സൈറ്റ് സന്ദർശിച്ച് ഉൽപ്പന്നങ്ങളുടെ അളവുകളും ഗുണനിലവാരവും തരംതിരിവുകളും കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചു വരുന്നു. ഒറ്റ തവണത്തേക്കു മാത്രം 5 ക്യു.മീറ്റർ തടിയിൽ കൂടുതലാകാതെ വേണ്ടവർക്ക് 500 രൂപ ഫീസടച്ച് രജിസ്റ്റർ ചെയ്യാവുന്നതും ലേലം കൊണ്ട് തടി ലഭ്യമാക്കുന്നതുമാണ്.

**വനംവകുപ്പിന്റെ കീഴിൽ ബോട്ടിംഗ് സർവ്വീസ്**

268 (3902) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ ബോട്ടിംഗ് സർവ്വീസ് നടത്തുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണ് ;

(ബി) ഇത്തരം സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന എത്ര ബോട്ടുകളാണ് നിലവിൽ പ്രവർത്തനക്ഷമമല്ലാതെയുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ബോട്ടുകൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാത്തതുമൂലമുള്ള വരുമാനനഷ്ടം കണക്കാക്കാറുണ്ടോ ; ഇല്ലായെങ്കിൽ വരുമാന നഷ്ടമുണ്ടാകാതിരിക്കുന്നതിന് ബോട്ടുകൾ യഥാസമയം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇത്തരം കേന്ദ്രങ്ങളിൽ ചെറിയ ബോട്ടുകളേക്കാൾ വലിയ ബോട്ടുകൾ ഉപയോഗിക്കുന്നത് കൂടുതൽ ലാഭകരവും സുരക്ഷിതവുമായിരിക്കുമെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കൂടുതൽ വലിയ ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) പെരിയാർ ടൈഗർ റിസർവ്വിലെ തേക്കടി ജലാശയത്തിലും നെയ്യാർ

വന്യജീവി സങ്കേതത്തിലെ നെയ്യാർ ജലാശയത്തിലുമാണ് കേരളാ വനം വകുപ്പിനു കീഴിൽ വിനോദസഞ്ചാരികൾക്കായി ബോട്ട് സർവ്വീസ് നടത്തിവരുന്നത്.

(ബി) നെയ്യാർ ജലാശയത്തിൽ ഉപയോഗിക്കുന്ന രണ്ട് ബോട്ടുകൾ പ്രവർത്തനക്ഷമമല്ലാത്ത സ്ഥിതിയിലാണ്.

(സി) ബോട്ടുകൾ പ്രവർത്തനക്ഷമമല്ലാത്തതു നിമിത്തമുള്ള വരുമാന നഷ്ടം കണക്കാക്കിയിട്ടില്ല. നെയ്യാറിൽ പ്രവർത്തനക്ഷമമായ മറ്റു രണ്ടു ബോട്ടുകളുപയോഗിച്ച് വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ബോട്ടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തേക്കടി ജലാശയത്തിൽ സർവ്വീസ് നടത്തുന്ന രണ്ട് ബോട്ടുകളും വലിയ ബോട്ടുകളാണ്. നെയ്യാറിലെ ബോട്ടുകൾ താരതമ്യേന ചെറുതാണെങ്കിലും ജലാശയത്തിലെ സാഹചര്യങ്ങൾക്കിണങ്ങുന്നതും സുരക്ഷിതവുമാണ്.

(ഇ) ഉത്തരം (ഡി)യുടെ വെളിച്ചത്തിൽ ബാധകമല്ല.

**ഇ.എഫ്.എൽ. കേസുകൾ**

269 (3903) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എഫ്.എൽ. കേസുകൾ വനം വകുപ്പിനുവേണ്ടി ഇപ്പോൾ വാദിക്കുന്നത് ആരാണ് ;

(ബി) പ്രസ്തുത കേസുകൾ വാദിക്കുന്ന ചുമതലയിൽനിന്നും അഡ്വക്കേറ്റ് ജനറലിനെ ഒഴിവാക്കിയിട്ടുണ്ടോ എന്നും, എങ്കിൽ ആയതിന്റെ കാരണം എന്തെന്നും വിശദമാക്കുമോ ;

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ വരുന്ന ഇ.എഫ്.എൽ. കേസുകൾ വാദിക്കുന്നത് അഡ്വക്കേറ്റ് ജനറലാണ്. കൂടാതെ വിവിധ ഇ.എഫ്.എൽ. ട്രൈബ്യൂണലുകൾ മറ്റ് കോടതികൾ എന്നിവ മുമ്പാകെ വരുന്ന കേസുകൾ ഗവൺമെന്റ് പ്ലീഡർമാരാണ് സർക്കാരിനുവേണ്ടി ഹാജരാകുന്നത്.

(ബി) ഇ.എഫ്.എൽ. കേസുകൾ വാദിക്കുന്ന ചുമതലയിൽനിന്നും അഡ്വക്കേറ്റ് ജനറലിനെ ഒഴിവാക്കിയിട്ടില്ല. എന്നാൽ ഇ.എഫ്.എൽ. നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുന്ന വിവിധ ഹർജികളുമായി ബന്ധപ്പെട്ട കേസിന് സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനായ ശ്രീ. കെ. വി. വിശ്വനാഥന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

## വനം വകുപ്പിലെ മസ്ദ്ദൂർ വാച്ചർമാരുടെ വേതന വിതരണം

270 (3904) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ താൽക്കാലിക മസ്ദ്ദൂർ വാച്ചർമാരായി ജോലി നോക്കുന്നവർക്ക് ഇതുവരെ ഏതു മാസം വരെയുള്ള വേതനമാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) വേതനം വിതരണം ചെയ്യുന്നതിലെ കാലതാമസത്തിന് കാരണം എന്താണ് ;

(സി) ഈ വർഷത്തെ ഉത്സവബത്ത വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മസ്ദ്ദൂർ വാച്ചർമാരുടെ മസ്റ്റർ റോളുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് തൊട്ടടുത്ത മാസം തന്നെ വേതനം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിൽ താൽക്കാലികമായി ജോലിക്ക് നിയോഗിച്ച ദിവസക്കൂലി വാച്ചർമാർക്ക് 2014 സെപ്റ്റംബർ മാസം വരെയുള്ള വേതനം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ലെറ്റർ ഓഫ് ക്രെഡിറ്റ് (LC) യഥാസമയം ലഭിക്കാത്തതു കാരണമാണ് വേതനം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്.

(സി) 2014 വർഷത്തെ ഉത്സവബത്ത വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മസ്ദ്ദൂർ വാച്ചർമാരുടെ മസ്റ്റർ റോളുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് തൊട്ടടുത്ത മാസം തന്നെ അവരുടെ വേതനം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### വനം വകുപ്പിന്റെ തടി വിൽപ്പന

271 (3905) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വനം വകുപ്പിന്റെ തടി വിൽപ്പനയിലൂടെ എത്ര രൂപയാണ് ലഭിച്ചത്; ഓരോ വർഷവും ലഭിച്ച തുകയും വിറ്റ തടിയുടെ അളവും തടിയുടെ പേരും വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം തടി വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമായിരുന്നു ; തടി വില എപ്രകാരമായിരുന്നു ;

(സി) നിലവിലുള്ള ഈ സംവിധാനം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ സംവിധാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) തടി വില്പന നടത്തുന്നതിനായി സ്വകാര്യ കമ്പനികളെ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട കമ്പനികളുടെ പേരും തെരഞ്ഞെടുത്ത മാനദണ്ഡങ്ങളും കമ്പനികളുമായുണ്ടാക്കിയ വ്യവസ്ഥകളും വ്യക്തമാക്കുമോ ;

(ഇ) പുതിയ സംവിധാനത്തിലൂടെ സർക്കാരിനുണ്ടാകുന്ന നേട്ടം വ്യക്തമാക്കുമോ ?

#### ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കേരള വനംവകുപ്പിലെ തടി വിൽപ്പന വിഭാഗം ഡിവിഷനുകീഴിലെ തടി ഡിപ്പോകളിൽ സർക്കാർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ദർഘാസ് ലേല വ്യവസ്ഥകളും തീയതികളും അനുസരിച്ച് തടി ലേലം ചെയ്ത് വിൽപ്പന നടത്തുന്നു. ലേലത്തിൽ നിയമാനുസരണം പങ്കെടുക്കുവാൻ അനുവദിക്കപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ മുൻ നിശ്ചയിക്കപ്പെട്ട ലോട്ടുകളുടെ ലേലം ഒന്നൊന്നായി നടത്തുകയാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ലേലം കഴിയുന്ന മുറയ്ക്ക് ആ ലോട്ടിനെ സംബന്ധിച്ച് ദർഘാസ് തുറക്കുകയും ആയതിന്റെ വിവരം പരസ്യമായി ലേലത്തിൽ പങ്കെടുക്കുന്നവരെ അറിയിക്കുകയുമാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ഈ വിധം ലേലവും തുടർന്ന് ദർഘാസ് തുറക്കുകയും ചെയ്യുകയാണ് മുൻപത്തെ നടപടി ക്രമം. തടി വില സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തി ഇ-ലേല സംവിധാനം നിലവിൽവന്നിട്ടുണ്ട്. ടി രീതികളിൽ ഇ-ലേല സംവിധാനം വന്നതോടുകൂടി മാറ്റം വന്നിട്ടുണ്ട്. വനംവകുപ്പിൽ തടി ഉൾപ്പെടെയുള്ള വനവിഭവങ്ങൾ വിൽപ്പന നടത്തുന്നതിന് ഓൺലൈൻ മുഖേനയുള്ള ഇ-ലേല സംവിധാനത്തിൽ ടി ഉൽപ്പന്ന ങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്ന ഉപഭോക്താവ് MSTC-യുടെ വെബ്സൈറ്റായ www.mstcecommerce.com-ൽ രജിസ്റ്റർ ചെയ്യുക എന്നതാണ് ആദ്യഘട്ടം.

ഉൽപ്പന്നങ്ങളുടെ തരംതിരിവ്, അളവ് എന്നീ കാര്യങ്ങളിൽ നിലവിലുള്ള രീതി തന്നെയാണ് ഓൺലൈനിലും പിന്തുടരുന്നത്. തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങൾ തരംതിരിച്ച് ലോട്ട് ലിസ്റ്റ് തയ്യാറാക്കി വിശദവിവരങ്ങൾ MSTC യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സൈറ്റിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ വ്യക്തികൾക്കും തടി വിൽപ്പന സംബന്ധിച്ച വിശദവിവരങ്ങൾ ഇ-മെയിൽ മുഖാന്തിരവും എസ്.എം.എസ്. വഴിയും ലഭ്യമാക്കുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ച ലേലം സംബന്ധിച്ച പട്ടിക MSTC യുടെ വെബ്സൈറ്റിൽ ലഭ്യമായിരിക്കും. നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം (EMD) അടച്ച് ലേലത്തിൽ പങ്കാളിയാകാം. തടി വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി ലേല തീയതിയ്ക്കു മുൻപ് തടി സൂക്ഷിച്ചിട്ടുള്ള ഡിപ്പോ/ ഡമ്പിംഗ് സൈറ്റ് സന്ദർശിച്ച് ഉൽപ്പന്നങ്ങളുടെ അളവുകളും, ഗുണനിലവാരവും തരംതിരിവുകളും കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്.

(ഡി) തടി വിൽപന നടത്തുന്നതിനായി സ്വകാര്യകമ്പനികളെ നിശ്ചയിച്ചിട്ടില്ല. ഭാരത സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd. എന്ന പൊതുമേഖലാ സ്ഥാപനം ഇ-ലേലംവഴിയാണ് തടി വിൽപന നടത്തുന്നത്. 18-3-2014-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ.ടി) 132/2014/വനം പ്രകാരമാണ് M/s MSTC Ltd എന്ന കമ്പനിയുമായി ഉടമ്പടി ഒപ്പ് വച്ചിട്ടുള്ളത്. ടി ഉടമ്പടി 30-9-2014 മുതൽ പ്രാബല്യത്തിൽ വന്നതും പ്രസ്തുത ഉടമ്പടിക്ക് 6 മാസത്തെ കാലാവധി ഉണ്ടായിരിക്കുന്നതുമാണ്. M/s MSTC Ltd. നൽകുന്ന സേവനത്തിന് തടിവിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 0.8% (നിയമാനുസരണമുള്ള നികുതികൾക്കു പുറമെ) ആണ് സർവ്വീസ് ചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത്.

(ഇ) കഴിഞ്ഞ ഒരു മാസത്തിനകം നടത്തിയ ഇ-ലേലത്തിൽ ചില സ്ഥലങ്ങളിൽ സാധാരണ ലേലത്തിനെക്കാൾ 20-30% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പുതിയ സംവിധാനം, മത്സര ബുദ്ധിയോടെയുള്ള ലേലം ഉറപ്പാക്കുന്നതിനാൽ വിലയിൽ ഭാവിയിൽ 20%-ത്തോളം വർദ്ധനവും തൻമൂലം സർക്കാരിന് വർദ്ധിച്ച വരുമാനവും ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു. ഇ-ഓക്ഷൻ വഴി നടപടികളിലെ

കാലതാമസം ഒഴിവാക്കുന്നതിനും വേഗമാർന്ന നടപടികളിലൂടെ ലേലം നടപ്പിലാക്കുന്നതിനും സാധിക്കുന്നു. സുതാര്യതയും, വിശ്വാസ്യതയും ഓൺലൈൻ രീതിയിലൂടെ ഉറപ്പുവരുത്തുന്നു.

**ശ്രീ. കെ. ബാബു രാജൻ പിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരണം**

272 (3906) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനംവകുപ്പിൽ തസ്തികമാറ്റം നടത്തി ഡെപ്യൂട്ടി റെയ്ഞ്ചറായ ശ്രീ. കെ. ബാബു രാജൻപിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടംവരെ എത്തിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വനം വകുപ്പിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. കെ. ബാബു രാജൻ പിള്ളയുടെ സ്ഥാനം, വനം വകുപ്പിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 1-3-2011 തീയതി കണക്കാക്കി പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 7 (എ) ആയി പുനഃക്രമീകരിച്ചുകൊണ്ട് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19-9-2014-ലെ ഇ4-16619/11 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പട്ടയഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് നിയമതടസ്സം**

273 (3907) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈവശ കർഷകർ പട്ടയ ഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ ; മുറിയ്ക്കാൻ പാടില്ലാത്ത മരങ്ങളുടെ പേരു വിവരം വ്യക്തമാക്കാമോ ; ഇത്തരത്തിലുള്ള മരങ്ങൾ മുറിച്ചാൽ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷിഭൂമിയുടെ തറവിലയും തടിവിലയും കെട്ടിവച്ച് പട്ടയം നേടിയ

കർഷകർക്കും തടി മുറിയ്ക്കാൻ തടസ്സമുണ്ടോ ;

(സി) പട്ടയ ഭൂമിയിൽനിന്നും മരം മുറിച്ച എത്ര കർഷകർക്കെതിരെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവരിൽനിന്നും എന്തെങ്കിലും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1970-ലെ Arable Forest Land Assignment Rules പ്രകാരവും 1993-ലെ Kerala Land Assignment (Regulation of Occupation of Forest Land, Prior to 1-1-1977) Special Rules പ്രകാരവുമുള്ള ഫോം നമ്പർ 6-ലെ പട്ടയ വ്യവസ്ഥ 1 പ്രകാരം പട്ടയം നൽകുമ്പോൾ നിലവിലുള്ള മരങ്ങളും പിന്നീടുവരുന്ന എല്ലാ മരങ്ങളും സർക്കാരിന് അവകാശപ്പെട്ടതാണ്. ആയതിനാൽ ഇപ്രകാരമുള്ള പട്ടാദാർക്ക് സർക്കാരിൽ പണം അടയ്ക്കാതെ ഒരു മരവും മുറിയ്ക്കാൻ അനുവാദമില്ല. തേക്ക്, ഈട്ടി, കരിമരം, ചന്ദനം എന്നീ മരങ്ങൾ വില കൊടുത്താലും പട്ടാദാർക്ക് ലഭിക്കുന്നതല്ല.

(ബി) പട്ടയത്തിൽ സർക്കാരിലേക്ക് റിസർവ് ചെയ്ത മരങ്ങളും, തനിയെ വളർന്നു വരുന്നവയും മുറിയ്ക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(സി) വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

**കരുണാ എസ്റ്റേറ്റി (പോബ്സ് ഗ്രൂപ്പ്)ന്റെ കൈവശം വനഭൂമി**

274 (3908) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാംപതിയിലെ കരുണാ എസ്റ്റേറ്റ് (പോബ്സ് ഗ്രൂപ്പ്)-ന്റെ കൈവശമുള്ള വനഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമി ഏറ്റെടുത്തു ;

(ബി) ഇവരുടെ കൈവശമുള്ള ഭൂമിയുടെ പാട്ട കാലാവധി എന്നാണ് അവസാനിച്ചത് ; ഇതിനെ തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചത് ?

<u>ഉത്തരം</u>

(എ) കരുണാ എസ്റ്റേറ്റിൽപ്പെട്ട 36.3544 ഹെക്ടർ സ്ഥലം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടതാണ് എന്ന ഹൈക്കോടതിയുടെ എം.എഫ്.എ. 106/90, 574/89 എന്നീ കേസുകളിലെ വിധിയുടെ വെളിച്ചത്തിൽ വനംവകുപ്പ് ഏറ്റെടുത്ത്

വനമായി സംരക്ഷിച്ചുവരുന്നുണ്ട്. കൂടാതെ ഇ.എഫ്.എൽ. ആക്ട് പ്രകാരം ടി എസ്റ്റേറ്റിൽനിന്നും 5.5 ഹെക്ടർ ഇ.എഫ്.എൽ. ഭൂമിയും ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നുണ്ട്.

(ബി) കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമിയ്ക്ക് സർക്കാരുമായി യാതൊരുവിധ പാട്ടക്കരാറും മുമ്പുണ്ടായിരുന്നില്ല.

**വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട കേസുകൾ**

275 (3909) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ; സംസ്ഥാനത്തെ ആകെ വനവിസ്തൃതി എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

സംസ്ഥാനത്തെ വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് 1189 കേസുകൾ നിലവിലുണ്ട്. സംസ്ഥാനത്തെ ആകെ വനവിസ്തൃതി 11309.4754 ച.കി. ആണ്.

**കേന്ദ്ര സഹായത്തോടെ വനം വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ**

276 (3910) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ 100% കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വനം വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ ഏതൊക്കെയായിരുന്നു ;

(ബി) ഇവ ഓരോന്നിലും തനതു വർഷം എത്ര തുക വീതം വകയിരുത്തി യിരുന്നു ; ഓരോന്നിലും എത്ര വീതം തുക ചെലവഴിച്ചു ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ 100% കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പരിപാടികൾ ഏതൊക്കെയാണ് ;

(ഡി) ഇവ ഓരോന്നിലും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ട്; ഈ

ഇനങ്ങളിൽ ഓരോന്നിലും 2014 ഒക്ടോബർ വരെ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട് ;

(ഇ) പദ്ധതികളുടെ നിർവ്വഹണത്തിന് ഗണ്യമായ തടസ്സങ്ങൾ സൃഷ്ടിച്ച കാരണങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ 100% കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വനം വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം
2. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം
3. പ്രോജക്ട് എലിഫന്റ്
4. വയനാട് വന്യജീവി സങ്കേതത്തിലെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി
5. കൺസർവേഷൻ ആഡ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് ഇൻ വേമ്പനാട് റീജിയൺ
6. കൺസർവേഷൻ ആഡ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് ഇൻ കണ്ണൂർ റീജിയൺ
7. ദേശീയ വനവൽക്കരണ പരിപാടി
8. ദേശീയ ബാംബൂ മിഷൻ

(ബി) വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) 1. നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം

2. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം
3. പ്രോജക്ട് എലിഫന്റ്
4. വയനാട് വന്യജീവി സങ്കേതത്തിലെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി
5. കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ് ഇൻ വേമ്പനാട് റീജിയൺ
6. കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ് ഇൻ

കണ്ണൂർ റീജിയൺ

7. ദേശീയ വനവൽക്കരണ പരിപാടി

8. ദേശീയ ബാംബൂ മിഷൻ

(ഡി) വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഇ) പദ്ധതികളുടെ നിർവ്വഹണത്തിന് ഗണ്യമായ തടസ്സങ്ങൾ ഇല്ലെങ്കിലും കേന്ദ്ര പദ്ധതി വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

**സോഷ്യൽ ഫോറസ്ട്രി മുഖേന ചെലവഴിച്ച തുക**

277 (3911) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോഷ്യൽ ഫോറസ്ട്രി വകുപ്പ് മുഖേന ചേർത്തല മണ്ഡലത്തിൽ ചെയ്തിട്ടുള്ള ജോലികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല മണ്ഡലത്തിലെ വിദ്യാലയങ്ങളിലും റോഡുകളുടെ വശങ്ങളിലും മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി മുഖേന എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോഷ്യൽ ഫോറസ്ട്രി മുഖേന ചേർത്തല മണ്ഡലത്തിൽ വേമ്പനാട് പാക്കേജ് (വെറ്റ് ലാൻഡ് കൺസർവേഷൻ), കുട്ടനാട് പാക്കേജ്, വഴിയോരത്തണൽ പദ്ധതി, എന്റെ മരം, നമ്മുടെ മരം, ഹരിതശ്രീ എന്നീ പദ്ധതികൾ പ്രകാരമുള്ള ജോലികൾ ചെയ്തുവരുന്നുണ്ട്. ഇതിനായി നാളിതുവരെ 34,65,428 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന ചേർത്തല മണ്ഡലത്തിൽ എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾ പ്രകാരം സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നട്ടുവളർത്തി പരിപാലിക്കുന്നതിനായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു. വഴിയോരത്തണൽ പദ്ധതി പ്രകാരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റോഡുകളുടെ ഇരുവശങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

## റിസർവ് വനത്തിലും സംരക്ഷിത വനത്തിലും വിനോദ സഞ്ചാരത്തിന്റെ ഭാഗമായുള്ള വാഹനയാത്രികരുടെ ബുദ്ധിമുട്ടുകൾ

278 (3912) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റിസർവ് വനത്തിലും സംരക്ഷിത വനത്തിലും റോഡിലൂടെ വിനോദസഞ്ചാരത്തിന്റെ ഭാഗമായും മറ്റും വാഹനവും, സഞ്ചാരികളേയും കടത്തിവിടുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ സംരക്ഷിത വനമേഖലയിലോ, റിസർവ് വനത്തിലോ വച്ച് കുറ്റകൃത്യങ്ങൾ നടന്നാൽ വാഹനം പിടിച്ചെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുമ്പോൾ വന്യമൃഗങ്ങൾ സ്വൈരവിഹാരം നടത്തുന്ന സ്ഥലത്ത് ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകളും കുട്ടികളുമായി വരുന്ന സഞ്ചാരികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സംരക്ഷിത മേഖലയിലും റിസർവ് വനത്തിലും പോലീസ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ വിഭാഗങ്ങൾ സാധാരണയായി പട്രോളിംഗ് നടത്താത്ത സാഹചര്യത്തിൽ ഓവർ സ്പീഡ്, അശ്രദ്ധയോടെയുള്ള ഡ്രൈവിംഗ്, ലഹരി ഉപയോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടാൽ വനനിയമപ്രകാരം പ്രതികളെ അറസ്റ്റ് ചെയ്ത് വാഹനം പിടിച്ച് കോടതിയിൽ ഹാജരാക്കുന്നത് ഒഴിവാക്കി, വാഹനവകുപ്പും പോലീസും ചെയ്യുന്നതുപോലെ ഫൈൻ ഈടാക്കി താക്കീത് ചെയ്ത് വിടുന്നതിന് വനം വകുപ്പിലെ ഡെപ്യൂട്ടി റെയ്ഞ്ചർ തസ്തികയിൽ കുറയാത്ത ജീവനക്കാരനെ ചുമതലപ്പെടുത്തുന്നതിന് ചട്ടം ഭേദഗതി ചെയ്യുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ റിസർവ് വനങ്ങളിലൂടെയും വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലൂടെയും കടന്നുപോകുന്ന പൊതുനിരത്തുകളിൽ വാഹന ഗതാഗതം അനുവദിക്കുന്നുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ 27cd) പ്രകാരം വന്യജീവി സങ്കേതത്തിലൂടെ കടന്നുപോകുന്ന പൊതുനിരത്തുകളിലൂടെ സഞ്ചാരസ്വതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ട്. വന്യജീവി സങ്കേതങ്ങളുടെ ടൂറിസം സോണിൽ നിലവിലുള്ള ഫോറസ്റ്റ് റോഡുകളിലും വിനോദസഞ്ചാരത്തിന്റെ ഭാഗമായി

വാഹനങ്ങളെയും വിനോദ സഞ്ചാരികളെയും നിയന്ത്രണ വിധേയമായി സഞ്ചരിക്കാൻ അനുവദിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലൂടെയും റിസർവ് വനങ്ങളിലൂടെയും കടന്നുപോകുന്ന പൊതുനിരത്തുകളിലും വനപാതകളിലും അമിതവേഗം, അശ്രദ്ധയോടെയുള്ള വാഹനം ഓടിക്കൽ തുടങ്ങി വനജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷമുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട വനം കുറ്റകൃത്യങ്ങൾ പിഴ ഈടാക്കി കോമ്പൗണ്ട് ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ വനം നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യേണ്ട സാഹചര്യം നിലവിലില്ല.

## പാലക്കാട് ജില്ലയിൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകിയ വനഭൂമി

279 (3913) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 3 വർഷത്തിനിടയിൽ പാലക്കാട് ജില്ലയിൽ കോടതിയുടെയോ മറ്റ് അധികാരസ്ഥാപനങ്ങളുടെയോ ഉത്തരവ് മുഖേന സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വനഭൂമി വിട്ടു നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിട്ടുനൽകിയ വനഭൂമിയുടെ വിസ്തീർണം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ വിട്ടു നൽകിയ വനഭൂമി തിരിച്ചുപിടിക്കുന്നതിനും ബന്ധപ്പെട്ട കോടതികളിൽ അപ്പീൽ പോകുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) വനഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട കേസുകൾ സർക്കാർ തലത്തിൽ അവലോകനം നടത്താറുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം നിക്ഷിപ്തമാക്കപ്പെട്ട വനഭൂമികൾ കോടതി വിധികൾ പ്രകാരം വനമല്ല എന്നു കണ്ടെത്തിയതിനാൽ വിട്ടുനൽകുകയുണ്ടായിട്ടുണ്ട്.

(ബി) കോടതി വിധികളുടെയും, സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വനഭൂമി അല്ലെന്ന് കണ്ടെത്തിയ 88.7859 ഹെക്ടർ ഭൂമി വിട്ടു നൽകിയിട്ടുണ്ട്.

(സി) വനംവകുപ്പിന് എതിരായി വിധി വരുന്ന കേസുകളിൽ നിയമോപദേശം ലഭ്യമാക്കി അപ്പീൽ ഫയൽ ചെയ്യാറുണ്ട്. അതിൽ നിഷ്കർഷ പുലർത്തിവരുന്നു.

(ഡി) കോടതികൾ വനഭൂമിയല്ലായെന്ന് കണ്ടെത്തിയ ഭൂമി സർക്കാർ തലത്തിൽ അവലോകനം നടത്തി ഉത്തരവ് പുറപ്പെടുവിച്ചശേഷം മാത്രമാണ് അതിന്റെ ഉടമസ്ഥർക്ക് വിട്ടു നൽകിവരുന്നത്.

## ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനം

280 (3914) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ എത്ര ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരാണ് നിലവിലുള്ളതെന്നും പ്രസ്തുത തസ്തികയിൽ ഓരോരുത്തർക്കും എന്നു മുതലാണ് നിയമനം ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി ജോലി ചെയ്യുന്ന എത്ര പേരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവിട്ടിട്ടുണ്ടെന്നും, പ്രൊബേഷൻ പൂർത്തിയാക്കിയവർ ആരൊക്കെയെന്നും, പ്രൊബേഷൻ പൂർത്തിയാക്കാത്തവർ ആരൊക്കെയെന്നും, പൂർത്തീകരിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ;

(സി) ഏതു വർഷം വരെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം ലഭിച്ചിട്ടുള്ളവർക്കാണ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതെന്നും ഇത് ഏത് റാങ്ക് നമ്പർ വരെയുള്ളവരാണെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ഡി) ഏതു വർഷം മുതൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം ലഭിച്ചിട്ടുള്ളവർക്കാണ് ട്രെയിനിംഗ് നിർബന്ധമാക്കിയിട്ടുള്ളതെന്നും ഇതനുസരിച്ച് എത്ര പേർ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ ട്രെയിനിംഗ് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയെന്നും ഇതിന്റെ സിലബസ് എന്തെന്നും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) വനംവകുപ്പിൽ 160 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരാണ് നിലവിലുള്ളത്. പ്രസ്തുത തസ്തികയിൽ ഓരോരുത്തർക്കും നിയമനം ലഭിച്ച തീയതി കാണിച്ച് തയ്യാറാക്കി 19-8-2014-ലെ ഇ 4-15057/2014 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 1-8-2014 തീയതി കണക്കാക്കിയുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ്

ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) വനം വകുപ്പിൽ നിലവിലുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരിൽ 18 പേരുടെ പ്രൊബേഷൻ കാലം പൂർത്തിയായതായി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളവരുടെയും പ്രൊബേഷൻ പൂർത്തിയാക്കാത്തവരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി 19-8-2014-ലെ ഇ 4-15057/2014 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 1-8-2014 തീയതി കണക്കാക്കിയുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരം നിഷ്കർഷിച്ചിട്ടുള്ള പരിശീലനം ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ പൂർത്തിയാക്കാത്തതു കാരണവും അച്ചടക്ക നടപടികൾ തുടരുന്നതിനാലും ചട്ടപ്രകാരമുള്ള പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കാത്തതിനാലുമാണ് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ ചട്ടപ്രകാരം പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിൽ തടസ്സം ഉണ്ടായിട്ടുള്ളത്.

(സി) 1-3-2011 തീയതി കണക്കാക്കി പ്രസിദ്ധീകരിച്ച ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 69 ശ്രീ. പി. സുധീർ നീരോത്ത് വരെയുള്ളവർക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ശ്രീ. പി. സുധീർ നീരോത്തിന് 2008 ജൂലൈ മാസത്തിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. 1-3-2011 തീയതി കണക്കാക്കിയുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് നിയമം പ്രാബല്യത്തിൽ വന്ന 30-8-2010-ന് ശേഷം പ്രൊബേഷൻ പൂർത്തിയാക്കേണ്ട ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കാണ് ചട്ട പ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കേണ്ടത്. ഇതനുസരിച്ച് 21 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. 23 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ ട്രെയിനിംഗ് നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) 16-6-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 54/2014/വനം പ്രകാരം ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ട്രെയിനിംഗ് സംബന്ധിച്ച സിലബസ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം IV ആയി ഉള്ളടക്കം ചെയ്യുന്നു.*

## ഫോറസ്റ്റർ ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ സീനിയോറിറ്റി നിശ്ചയിക്കൽ

281 (3915) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഫോറസ്റ്റർ തസ്തികയിലേക്ക് തസ്തികമാറ്റം നടത്തിയ ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരിച്ച ഉത്തരവിനെതിരെ വനം വകുപ്പിലെ ഏതെങ്കിലും ജീവനക്കാർ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഏതെങ്കിലും ജീവനക്കാർ സീനിയോറിറ്റി പുനഃസ്ഥാപിച്ച നടപടിക്കെതിരെ വനം വകുപ്പിൽ പരാതി നൽകിയിരുന്നോ എന്നും, നൽകിയിരുന്നെങ്കിൽ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ശ്രീ. ബാബുരാജൻ പിള്ളയുടെ തസ്തികമാറ്റത്തെ തുടർന്നുള്ള സീനിയോറിറ്റി പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം എത്ര പേരാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്നും അതിൽ എന്തു മറുപടിയാണ് വകുപ്പുതലത്തിൽ നൽകിയിട്ടുള്ളതെന്നും പകർപ്പുസഹിതം വ്യക്തമാക്കുമോ ;

(സി) ശ്രീ. ബാബുരാജൻ പിള്ളയുടെ സർവ്വീസ് വിഷയവുമായി ബന്ധപ്പെട്ട് മുൻപ് ഏതെങ്കിലും കോടതി നടപടികൾ ഉണ്ടായിരുന്നോ എന്നും ഇതു സംബന്ധിച്ചുണ്ടായ കോടതി ഉത്തരവ് എന്തായിരുന്നുവെന്നും പകർപ്പുസഹിതം വ്യക്തമാക്കാമോ ;

(ഡി) ശ്രീ. ബാബുരാജൻ പിള്ളക്ക് സമാനമായി തസ്തിക മാറ്റവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ വകുപ്പുതലത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരിച്ച ഉത്തരവിനെതിരെ നിയമനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് രേഖകൾ ഈ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. വനം വകുപ്പിൽ ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം നടത്തിയ ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ ഫോറസ്റ്റർ/ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലെ സീനിയോറിറ്റി താൽക്കാലികമായി പുനഃക്രമീകരിച്ച ഉത്തരവുകൾക്കെതിരെ വനംവകുപ്പിൽ ലഭിച്ച പരാതികൾ/ അപ്പീൽ പരിശോധിച്ച് ചട്ടപ്രകാരം നിരസിക്കുകയും താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിച്ചുകൊണ്ട് വകുപ്പുതലത്തിൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ. പി. എസ്. ബോബികുമാർ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രീ. ബാബുരാജൻ പിള്ളക്ക് ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകിയതിനെത്തുടർന്ന് സീനിയോറിറ്റി പുനഃക്രമീകരിച്ച് നൽകിയതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം ലഭിച്ച മൂന്ന് അപേക്ഷകർക്ക് മറുപടി നൽകിയിട്ടുണ്ട്. മറുപടികളുടെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധം -I ആയി ഉള്ളക്കം ചെയ്യുന്നു.*

(സി) ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ ഫോറസ്റ്റർ തസ്തികയിലെ സീനയോറിറ്റി നിർണ്ണയവുമായി ബന്ധപ്പെട്ട് ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. നമ്പർ 18153/1999, ഡബ്ല്യു.എ.നമ്പർ 415/2006, ഡബ്ല്യു.പി. (സി) നമ്പർ 33820/2007, ഡബ്ല്യു.എ.നമ്പർ 3003/2007 നമ്പർ കേസുകളിൽ യഥാക്രമം 9-12-2005, 16-3-2006, 16-11-2007, 1-2-2010 എന്നീ തീയതികളിൽ പുറപ്പെടുവിച്ച വിധിന്യായങ്ങളുടെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*

(ഡി) ശ്രീ. കെ. ബാബുരാജൻ പിള്ളക്ക് സമാനമായി ഫോറസ്റ്റർ തസ്തികയിൽ തസ്തികമാറ്റം ലഭിച്ചവർ ഫോറസ്റ്റർ/ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ തസ്തതികകളിലെ സീനിയോരിറ്റി പുനഃക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകളൊന്നും വകുപ്പിൽ നിലവിലില്ല.

**കാടിനുണർവ് നാടിനുണർവ്**

282 (3916) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാടിനുണർവ് നാടിനുണർവ് പദ്ധതി പ്രകാരം വയനാട് ജില്ലയിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏതെല്ലാം ഊരുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി കേരളത്തിലെ 725 ആദിവാസി ഊരുകളുടെ ഉന്നമനത്തിനായി "ഊരിനുണർവ്, കാടിനുണർവ്" എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വയനാട് ജില്ലയിലെ ഊരുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം താഴെ കൊടുക്കുന്നു :

| നിയോജക മണ്ഡലത്തിന്റെ പേര് | കോളനിയുടെ പേര് |
|---|---|
| സുൽത്താൻ ബത്തേരി | മാടാപറമ്പ് കോളനി |
| കൽപ്പറ്റ | വില്ലേജ് കോളനി, വീട്ടിമറ്റം കോളനി, സുഗന്ധഗിരി കോളനി, കോൽപ്പാറ കോളനി, ബാലൻതണ്ട് കോളനി |
| മാനന്തവാടി | പ്ലാമൂല, ഇടരകൊല്ലി, റസൽകുന്ന്, ഗജഗഡി, മേലാഡി, വെള്ളറോട്, ആനക്യാമ്പ്എന്നീ കോളനികൾ |

**ബയോബ്ലിറ്റ്സ്**

283 (3917) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പ് ബയോബ്ലിറ്റ്സ് എന്ന പ്രചാരണ പരിപാടി സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നഗരങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിവരിക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) " ബയോബ്ലിറ്റ്സ്" എന്ന പ്രചരണ പരിപാടി സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന കാര്യം നിലവിൽ വനംവകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ബി-ഡി) ബാധകമല്ല.

**പട്ടയഭൂമിയിലെ മരങ്ങൾ വെട്ടിമാറ്റുന്നത് തടയുന്നതിനെതിരെ നടപടി**

284 (3918) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളോടുചേർന്നുള്ള പട്ടയഭൂമിയിൽനിന്നും കർഷകർ വച്ചുപിടിപ്പിച്ച പ്ലാവ് ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടിമാറ്റുന്നതിന് വനം വകുപ്പ് അനാവശ്യമായി തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) കാലവർഷക്കെടുതികളിൽ കടപുഴകിയ പട്ടയ ഭൂമിയിലെ മരങ്ങൾ വെട്ടിമാറ്റുന്നതിന് വകുപ്പ് എതിരു നിൽക്കുന്നത്, വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും തടസ്സമാകുന്നത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) മരങ്ങൾ ഒന്നുമില്ലാതെ, തരിശ്ശായി പട്ടയം ലഭിച്ച സ്ഥലത്ത് കർഷകർ വച്ച് പിടിപ്പിക്കുന്ന മരങ്ങൾ വെട്ടുന്നതിന് അധികാരമില്ലെന്ന് ചില പട്ടയങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തുവാനും കർഷകരെ സഹായിക്കുന്ന നടപടികൾ ഉണ്ടാകുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. നിലവിലെ റവന്യൂ, വനം വകുപ്പുകളുടെ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ മാത്രമാണ് വനം വകുപ്പ് സ്വീകരിക്കുന്നത്. മേൽ നിയമങ്ങൾ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ ഭേദഗതി ചെയ്യാനുള്ള നടപടികൾ റവന്യൂ, വനം വകുപ്പുകൾ എടുത്തുവരുന്നുണ്ട്.

(ബി) കാലവർഷക്കെടുതികളിൽ കടപുഴകിയ മരങ്ങൾ വെട്ടിമാറ്റാൻ വനം വകുപ്പ് തടസ്സം നിൽക്കാറില്ല. നിയമപ്രകാരം പട്ടയഭൂമികളിൽ വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും, റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും വനംവകുപ്പ്

എതിര് നിൽക്കാറില്ല.

(സി) പട്ടയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ അവർക്ക് മുറിയ്ക്കാൻ സാദ്ധ്യമാകുന്ന രീതിയിൽ നിയമം ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**വനവിസ്തൃതിയും ജൈവ സമ്പത്തും വനഭൂമി കൈയ്യേറ്റവും**

285 (3919) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വനവിസ്തൃതിയും ജൈവസമ്പത്തും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും കൂടുതൽ വനവിസ്തൃതിയുള്ള ജില്ലകൾ ഏതെല്ലാം ;

(സി) വനഭൂമി കയ്യേറിയത് സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട് ; ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) സ്വകാര്യ വ്യക്തികൾ വനഭൂമി കൈവശം വച്ചിരിക്കുന്ന എത്ര കേസുകൾ പാലക്കാട് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കുമോ ; ഓരോ കേസിന്റെയും കാലിക സ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരിസ്ഥിതി ദുർബല പ്രദേശങ്ങൾ വിജ്ഞാപനം ചെയ്തുവഴി വനവിസ്തൃതി കൂടിയിട്ടുണ്ട്. ജൈവ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി വർക്കിംഗ്/മാനേജ്മെന്റ് പ്ലാൻ നിഷ്കർഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർശനമായി നടപ്പിലാക്കിവരുന്നു. ആവാസ വ്യവസ്ഥ പരിപാലനവുമായി ബന്ധപ്പെട്ട് മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ കള നിർമ്മാർജ്ജനം കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു. വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ചും വനസംരക്ഷണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പിക്കുന്നു. ടി കമ്മിറ്റികളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ

വച്ചുപിടിപ്പിക്കൽ, വനസംരക്ഷണ പ്രവർത്തനങ്ങൾ, കാട്ടുതീ നിയന്ത്രണം തുടങ്ങിയ വനപരിപാലന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഇടുക്കി, പത്തനംതിട്ട, പാലക്കാട്, തൃശ്ശൂർ, വയനാട്.

(സി) വനഭൂമി കയ്യേറിയത് സംബന്ധിച്ച് 1189 കേസുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 7 |
| 2 | കൊല്ലം | 1 |
| 3 | പത്തനംതിട്ട | 2 |
| 4 | കോട്ടയം | 1 |
| 5 | ഇടുക്കി | 138 |
| 6 | എറണാകുളം | 13 |
| 7 | തൃശ്ശൂർ | 10 |
| (1) | (2) | (3) |
| 8 | പാലക്കാട് | 109 |
| 9 | മലപ്പുറം | 731 |
| 10 | കണ്ണൂർ | 2 |
| 11 | കോഴിക്കോട് | 19 |
| 12 | വയനാട് | 139 |
| 13 | കാസർഗോഡ് | 17 |
| | ആകെ | 1189 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂൺ 2014 വരെ 871.671 ഹെക്ടർ വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) സ്വകാര്യ വ്യക്തികൾ വനഭൂമി കൈവശം വച്ചിരിക്കുന്ന 16 കേസുകൾ പാലക്കാട് ജില്ലയിൽ നിലവിലുണ്ട്. പാലക്കാട് ജില്ലയിൽ സൈലന്റ്‌വാലി ഡിവിഷന്റെ കീഴിൽ സ്വകാര്യ വ്യക്തികൾ വനഭൂമി കൈവശം വച്ചതിന് 2 കേസുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കയ്യേറ്റം പൂർണ്ണമായി ഒഴിപ്പിച്ച് കേസുകൾ കോടതിയിൽ ചാർജ് ചെയ്തിട്ടുമുണ്ട്. പാലക്കാട് ഡിവിഷനിലെ 11 കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ല. നെൻമാറ ഡിവിഷന്റെ കീഴിലെ 3 കേസുകളിൽ ഒരു കേസ് കോടതിയുടെ പരിഗണനയിലാണ്. മറ്റൊരു കേസിലെ കയ്യേറ്റം ഒഴിപ്പിച്ചുവെങ്കിലും കോടതി ഉത്തരവ് പ്രകാരം വിട്ടുകൊടുത്തു. മൂന്നാമത്തെ കേസിലുൾപ്പെട്ട സ്ഥലത്ത് അംഗൻവാടി കെട്ടിടം നിർമ്മിച്ചിരിക്കുന്നതിനാൽ ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ല.

**കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കൽ**

286 (3920) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുകയും മനുഷ്യജീവന് ഭീഷണിയുണ്ടാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മുമ്പെങ്ങും ഇല്ലാത്ത രീതിയിൽ കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങാൻ ഉണ്ടായ കാരണം അറിയുമോ ;

(ബി) കാട്ടുപന്നി ഉൾപ്പെടെയുള്ള മൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിച്ചാൽ ഇവയെ കൊല്ലാൻ കർഷകന് അനുവാദമുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും നിബന്ധനകൾ ബാധകമാണോ ; ആണെങ്കിൽ എന്തൊക്കെ നിബന്ധനകളാണ് കർഷകർ പാലിക്കേണ്ടത് ;

(സി) നാട്ടിലിറങ്ങി കൃഷി നശിപ്പിക്കാൻ ശ്രമിച്ച കാട്ടുമൃഗങ്ങളെ കൊന്നതിന് കഴിഞ്ഞ ഒരു വർഷത്തിനിടെ കർഷകരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്കെതിരെ ഇത്തരത്തിൽ കേസ് എടുത്തു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിപ്പിച്ചതിന്റെ വിവിധ കാരണങ്ങൾ ചുവടെ ചേർക്കുന്നു :

1. വനപാർശ്വ ഗ്രാമങ്ങളിലെയും മലയോര പട്ടണങ്ങളിലെയും ഉയർന്ന ജനസാന്ദ്രതയും നഗരവത്ക്കരണവും
2. വനഭൂമി വനേതര വികസനാവശ്യങ്ങൾക്കായും, വ്യാവസായിക ഏകവിള തോട്ടങ്ങൾക്കായും വിനിയോഗിക്കേണ്ടി വന്നതിനാൽ വന്യജീവി ആവാസവ്യവസ്ഥയിലുണ്ടായ അധിക സമ്മർദ്ദം

3. ഫലപ്രദമായ സംരക്ഷണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

4. വനാതിർത്തിക്കുള്ളിൽ വന്യജീവികളെ ആകർഷിക്കുന്ന രീതിയിലുള്ള കൃഷിരീതികൾ

5. വനത്തിനുള്ളിൽ ഉണ്ടാകുന്ന ജല-ഭക്ഷണ ദൗർലഭ്യം

6. വനത്തിനുള്ളിലെ കന്നുകാലി മേച്ചിൽ

7. വന്യമൃഗങ്ങളുടെ സ്വാഭാവിക സഞ്ചാരപഥത്തിന് വിഘ്നം നേരിടുന്നതു മൂലം.

(ബി) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്ക് വഹിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസ് ഉള്ള തോക്കുപയോഗിച്ച് വെടിവച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് 17-11-2014-ലെ സ.ഉ. (എം എസ്.) നമ്പർ 95/ 2014/വനം പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട് :

1. കൃഷിയിടത്തിൽ വച്ച് വേട്ടയാടിയ കാട്ടുപന്നിയെ/ കാട്ടുപന്നികളെ ജീവനോടെയോ അല്ലാതെയോ അധികാരതിർത്തിയിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥനെ 24 മണിക്കൂറിനകം ഏൽപ്പിച്ച് കൊടുക്കണം.

2. വേട്ടയാടുന്നതിന് ഉപയോഗിച്ച ആയുധം സ്വതന്ത്ര സാക്ഷികൾ സഹിതം പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ 24 മണിക്കൂറിനകം ഹാജരാക്കേണ്ടതാണ്.

3. കാട്ടുപന്നിയെ വെടിവച്ചു കൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

4. വെടിവച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

5. കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ച് കളയേണ്ടതോ ആണ്.

6. ഇത്തരം കേസുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്

7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം.എൽ.എ-യും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെയും കർഷക സംഘടനാ

പ്രതിനിധികളേയും തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ഈ കമ്മിറ്റി കാട്ടുപന്നികളെ വെടിവെച്ച് കൊന്നാൽ ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശമുണ്ടാകുന്ന കാട്ടുപന്നികളെ ഇപ്രകാരം വെടിവച്ച് കൊല്ലുന്നതു താഴെ പറയുന്ന നിബന്ധനകൾക്കുംകൂടി വിധേയമായിട്ടാണ് :

1. കയ്യേറിയ റഗുലറൈസ് ചെയ്യപ്പെടാത്ത വനഭൂമിയിൽ കാട്ടു പന്നികളെ ഇപ്രകാരം വെടിവച്ചു കൊല്ലുവാൻ പാടുള്ളതല്ല.
2. മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവച്ച് കൊല്ലുവാൻ പാടുള്ളതല്ല.
3. ഒരു കാട്ടുപന്നിയെ വെടിവയ്ക്കാനൊരുങ്ങുമ്പോൾ അത് വനത്തിലേക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടിവയ്ക്കാൻ പാടില്ലാത്തതാണ്.
4. വെടിവെച്ചുകൊല്ലപ്പെടുന്ന പന്നിയെ വനംവകുപ്പ് തന്നെ സംസ്കരിക്കുന്നതായിരിക്കും.

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ രണ്ടു കാട്ടാനകളെ വൈദ്യുതാഘാതമേൽപ്പിച്ചു കൊന്നതിന് രണ്ടുപേർക്കെതിരായും ഒരു കാട്ടുപന്നിയെ കൊന്നതിന് രണ്ടു പേർക്കെതിരായും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പാമ്പ് കടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ സഹായം

287 (3921) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പുകടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ ചെലവ് വനം വകുപ്പ് മുഖേന അനുവദിച്ചുകൊടുക്കുന്നതിന് വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ ;

(ബി) വയലുകളിലും മറ്റും പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്കാണ് മിക്കപ്പോഴും പാമ്പുകടിയേൽക്കുന്നത് എന്നത് കണക്കിലെടുത്ത് ഇവരുടെ ചികിത്സാ ചെലവ് വനം വകുപ്പ് വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പാമ്പ് കടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ ചെലവ്

അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു :

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|
| പരിക്ക് | പരമാവധി 75,000 രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടികവർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവായ മുഴുവൻ തുകയും ലഭിക്കും) |
| പാമ്പ് കടിയാലുള്ള ജീവഹാനി | |
| 1.വനത്തിനുള്ളിൽ (നിയമാനുസൃതം പ്രവേശിക്കുന്ന/താമസിക്കുന്ന വ്യക്തികൾക്ക്) | 5 ലക്ഷം രൂപ |
| 2. വനത്തിനുപുറത്ത് | 1 ലക്ഷം രൂപ |

പരിക്കിനുള്ള ചികിത്സാ സഹായം ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി 4 തവണവരെ ലഭിക്കുന്നതാണ്. സംഭവ തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥലത്ത് അധികാര പരിധിയുള്ള റെയ്ഞ്ച് ഫോറസ്റ്റാഫീസർക്ക്/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.

(ബി) ഇത്തരത്തിലുള്ള തൊഴിലാളികളുടെ കാര്യത്തിലും നിലവിൽ ഉത്തരം 'എ' യിൽ പരാമർശിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുമാണ് ചികിത്സാ ചെലവിനുള്ള നഷ്ടപരിഹാരം അനുവദിക്കുന്നത്.

## വനപരിപാലനത്തിനു നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾ

288 (3922) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപരിപാലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് തോക്കുൾപ്പെടെയുള്ള യാതൊരു ആയുധങ്ങളും നൽകിയിട്ടില്ല എന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനം കൊള്ളക്കാരുടെയും, മാഫിയകളുടെയും വനംകൊള്ള അവസാനിപ്പിക്കുവാൻ ശക്തമായ സജ്ജീകരണങ്ങളും നടപടികളും അനിവാര്യ മാണെന്നിരിക്കെ, വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിനും കൃത്യനിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും ഉടനടി അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ശ്രമകരവും ജീവൻ പണയപ്പെടുത്തിയുള്ളതുമായ വന സംരക്ഷണ പ്രവൃത്തികളിൽ ഏർപ്പെടുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകുന്ന വളരെ തുച്ഛമായ റിസ്ക് അലവൻസ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വന മേഖലയിൽ വ്യാജമദ്യ വാറ്റ്, വനമേഖലയിലെ റോഡുകളിൽ പുകവലി എന്നിവ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിന് വനം വകുപ്പിലെ ഫോറസ്റ്റർ മുതലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിലവിൽ 496 വിവിധ തരം തോക്കുകൾ വനം വകുപ്പിൽ ലഭ്യമാണ്. ഈ വർഷവും പുതിയതായി തോക്കുകളും വെടിയുണ്ടകളും വാങ്ങുവാൻ നടപടി എടുത്തിട്ടുണ്ട്. നിലവിൽ എല്ലാ സ്റ്റേഷനുകളിലേയ്ക്കും വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. പുതിയവ അനുവദിക്കാനും കേടുവന്ന വാഹനങ്ങൾ മാറ്റാനും നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ശിപാർശ പ്രകാരം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.

(ഡി) വനമേഖലയിലുള്ള വ്യജവാറ്റ് തടയാൻ നിലവിലുള്ള അധികാരങ്ങൾ മതിയാവുന്നതാണ്. കാട്ടുതീക്ക് കാരണങ്ങളാകുന്ന നടപടികൾക്കെതിരെ കേസുകൾ എടുക്കുവാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്.

**ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന വാച്ചർമാർക്ക് ശമ്പളം**

289 (3923) <u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) NMPB സ്കീമിൽ എത്ര രൂപയാണ് ഈ വർഷം വനം വകുപ്പിന്

അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുക വിവിധ വനം ഡിവിഷനുകളിലേക്ക് നൽകിയിട്ടുണ്ടോ ;

(സി) വീതിച്ച് നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ദിവസവേതനാടിസ്ഥാനത്തിൽ ഈ സ്കീമിൽ ജോലി നോക്കുന്ന വാച്ചർമാർക്ക് ശമ്പളം കൊടുക്കുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) വനം വകുപ്പിലെ വനവികാസ ഏജൻസികൾവഴി നടപ്പാക്കുന്നതിനായി ദേശീയ ഔഷധ സസ്യബോർഡ് 2014-15 വർഷത്തേയ്ക്ക് 214 ലക്ഷം രൂപയുടെ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഇത് 8 വനവികാസ ഏജൻസികളിൽ ചെറുകിട വനവിഭവങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ വിപുലീകരിക്കുന്നതിനായിട്ടാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 107 ലക്ഷം രൂപ ഇതിനകം ടി വനവികാസ ഏജൻസികൾക്ക് നേരിട്ട് ലഭിച്ചിട്ടുണ്ട്. മറ്റു NMPB സ്കീമുകളിൽ ഈ വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി&സി) ദേശീയ ഔഷധ സസ്യ ബോർഡ് 2014-15 വർഷത്തേയ്ക്ക് 214 ലക്ഷം രൂപയുടെ പദ്ധതികൾ അനുവദിച്ചതിൽ 107 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിക്കുകയും ടി തുക പദ്ധതി നടപ്പാക്കുന്ന 8 വനവികാസ ഏജൻസികൾക്ക് ദേശീയ ഔഷധ സസ്യബോർഡ് നേരിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ വർഷം വനം വകുപ്പിന് NMPB അനുവദിച്ചതും വനവികാസ ഏജൻസികൾ വഴി നടപ്പിലാക്കുന്നതുമായ പദ്ധതിയിൽ വാച്ചർമാർ ഉൾപ്പെട്ടിട്ടില്ല, 'Cultivation of High Demanding Medicinal Tree Species in Kerala' എന്ന NMPB സ്കീമിൽ പുനലൂർ ഡിവിഷനിൽ വാച്ചർമാർക്ക് ശമ്പളം കൊടുക്കുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**തൃശ്ശൂർ ജില്ലയിൽ ആനക്കൊമ്പ് മ്യൂസിയം**

290 (3924) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വന്യജീവി വകുപ്പിന്റെ സംരക്ഷണത്തിൽ എത്ര ആനക്കൊമ്പുകൾ സൂക്ഷിക്കുന്നുണ്ട് ; അവ എവിടെയെല്ലാമാണ് സൂക്ഷിക്കുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഫോറസ്റ്റ് സ്റ്റേഷനുകളിൽ ആനക്കൊമ്പ് സൂക്ഷിക്കുന്നുണ്ടോ; അവിടെ സ്ട്രോങ് റൂം അടക്കമുള്ള സംരക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ ആന പ്രേമികളെയും, ആഭ്യന്തര വിദേശ ടൂറിസ്റ്റുകളെയും ഒരു പോലെ ആകർഷിക്കുന്ന തരത്തിൽ ആനക്കൊമ്പ് മ്യൂസിയം, തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വന്യജീവി വകുപ്പിൽ 2013 സെപ്റ്റംബർ മാസത്തെ കണക്കനുസരിച്ച് 8006.482 കിലോഗ്രാം ആനക്കൊമ്പ് സ്റ്റോക്കിലുണ്ട്. ഇവ വനം വകുപ്പാസ്ഥാനത്തെ സ്ട്രോങ് റൂമിലും വിവിധ ജില്ലാ സബ്ട്രഷറികളിലും സർക്കിൾ ആസ്ഥാനങ്ങളിലും ഡിവിഷൻ ആസ്ഥാനങ്ങളിലും റെയ്ഞ്ചുകളിലും ഫോറസ്റ്റ് സ്റ്റേഷനുകളിലും സൂക്ഷിച്ചുവരുന്നു. വനംവകുപ്പാസ്ഥാനത്തും ഓരോ സർക്കിൾ ചുമതലയിലും സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സ്റ്റോക്ക് | അളവ് (കിലോഗ്രാം) |
|---|---|
| 1.ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം | 3497.439 |
| 2. സതേൺ സർക്കിൾ, കൊല്ലം | 397.769 |
| 3.ഹൈറേഞ്ച്സർക്കിൾ,കോട്ടയം | 545.430 |
| 4. സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 499.280 |
| 5.ഇസ്റ്റേൺ സർക്കിൾ, പാലക്കാട് | 516.440 |
| 6.നോർതേൺ സർക്കിൾ, കണ്ണൂർ | 909.330 |
| 7.വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 1581.944 |
| 8.പ്രോജക്ട് ടൈഗർ, കോട്ടയം | 58.850 |
| ആകെ | 8006.482 |

(ബി) സൂക്ഷിക്കുന്നുണ്ട്. ഫേറസ്റ്റ് സ്റ്റേഷനുകളിൽ സ്ട്രോങ് റൂം സംവിധാനം നിലവിലില്ല. എന്നാൽ ആനക്കൊമ്പുകൾ സൂക്ഷിച്ചിരിക്കുന്ന ഫോറസ്റ്റ് സ്റ്റേഷനുകളിലും മറ്റു സ്ഥലങ്ങളിലും ആവശ്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

**സംസ്ഥാനത്തെ നാട്ടാനകൾ**

291 (3925) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും

പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വന്യ ജീവി വകുപ്പിന്റെ കണക്കിൽ സംസ്ഥാനത്ത് എത്ര നാട്ടാനകളുണ്ട് ; ഇതിൽ 60 വയസ്സ് കഴിഞ്ഞ എത്ര നാട്ടാനകളുണ്ട് ;

(ബി) 60 വയസ്സ് കഴിഞ്ഞ നാട്ടാനകളെ എഴുന്നള്ളിപ്പിക്കാൻ പാടില്ല എന്ന് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വനം വന്യജീവി വകുപ്പിന്റെ കണക്ക പ്രകാരം സംസ്ഥാനത്ത് നിലവിൽ ഏകദേശം 691 നാട്ടാനകളുണ്ട്. ഇതിൽ 51 എണ്ണം 60 വയസ്സ് കഴിഞ്ഞതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**കാട്ടാനകളുടെയും വന്യമൃഗങ്ങളുടെയും ആക്രമണം**

292 (3926) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ, അയ്യമ്പുഴ, മലയാറ്റൂർ പഞ്ചായത്തുകളിൽ കാട്ടാനകളുടെയും വന്യമൃഗങ്ങളുടെയും ആക്രമണംമൂലം ജനങ്ങളുടെ ജീവനും സ്വത്തിനും നേരിടുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എം.എൽ.എ.-യും പഞ്ചായത്ത് പ്രസിഡന്റും നൽകിയ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എം.എൽ.എ-യും പഞ്ചായത്ത് പ്രസിഡന്റും നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

1. വെള്ളപ്പാറ മുതൽ അയ്യമ്പുഴ വരെ 3 കിലോമീറ്റർ ദൂരം സൗരോർജ്ജവേലി സ്ഥാപിച്ചു.

2. തകരാറിലായിരുന്ന സൗരോർജ്ജ വേലികളുടെ അറ്റകുറ്റപ്പണികൾ വി.എസ്.എസി-ന്റെ സഹായത്തോടെ നടത്തി പ്രവർത്തനക്ഷമമാക്കി.

3. പ്രശ്നബാധിത പ്രദേശങ്ങളിൽ പട്രോളിംഗ് ശക്തിപ്പെടുത്തി.

4. വന്യജീവികൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വനത്തിനുള്ളിൽ 2013-14-ൽ ഒരു കുളം നിർമ്മിക്കുകയും മറ്റൊന്നിന്റെ ചെളി നീക്കി ഉപയോഗയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

5. കൃഷിയിടത്തിലിറങ്ങുന്ന കാട്ടാനകളെ വനത്തിനുള്ളിലേക്ക് തിരിച്ച് വിടുന്നതിന് സ്ഥലവാസികളായ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

6. വന്യമൃഗങ്ങളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിന് കർഷക ബോധവത്ക്കരണം നടത്തിവരുന്നു.

## കാട്ടുമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ പ്രവേശിക്കുന്നത് തടയാൻ നടപടി

293 (3927) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനവാസകേന്ദ്രങ്ങളിലേക്ക് കാട്ടുപന്നി, കുരങ്ങ് തുടങ്ങിയ വന്യജീവികൾ അതിക്രമിച്ച് കയറി ജനങ്ങളെ ആക്രമിക്കുകയും കാർഷിക വിളകൾ നശിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നല്കുമോ ;

(ബി) അടുത്തകാലത്തായി കാട്ടുമൃഗങ്ങൾ കൂടുതലായി നാട്ടിലേക്കിറങ്ങുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ;

(സി) കാർഷിക വിളകൾ നഷ്ടപ്പെടുന്നവർക്കും വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) ആക്രമണകാരികളായ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുമ്പോൾ അവയെ കൊല്ലുന്നതിനോ നേരിടുന്നതിനോ വ്യവസ്ഥയുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വനാതിർത്തി പങ്കുവയ്ക്കുന്ന ഗ്രാമങ്ങളിലും മലയോര പട്ടണങ്ങളിലും വന്യജീവികൾ വനത്തിനുപുറത്തുള്ള കൃഷിയിടങ്ങളിൽ ഇരതേടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം വന്യജീവികൾ ഇര തേടുന്നതു നിമിത്തം

കാർഷിക വിളകൾ നഷ്ടപ്പെടുന്നതായും വളർത്തുമൃഗങ്ങൾക്ക് പരിക്കും ജീവഹാനിയും ഉണ്ടാകുന്നതായും മനുഷ്യന്റെ ജീവനും സ്വത്തിനും അപകടങ്ങൾ ഉണ്ടാകുന്നതായും കണ്ടുവരുന്നു.

(ബി) വനപാർശ്വ പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചതിന്റെ വിവിധ കാരണങ്ങൾ ചുവടെ ചേർക്കുന്നു :

1. വനപാർശ്വ ഗ്രാമങ്ങളിലെയും മലയോര പട്ടണങ്ങളിലെയും ഉയർന്ന ജനസാന്ദ്രതയും നഗരവത്ക്കരണവും.
2. വനഭൂമി വനേതര വികസനാവശ്യങ്ങൾക്കായും, വ്യാവസായിക ഏകവിളത്തോട്ടങ്ങൾക്കായും വിനിയോഗിക്കേണ്ടി വന്നതിനാൽ വന്യജീവി ആവാസവ്യവസ്ഥയിലുണ്ടായ അധിക സമ്മർദ്ദം.
3. ഫലപ്രദമായ സംരക്ഷണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്.
4. വനാതിർത്തി സമീപം വന്യജീവികളെ ആകർഷിക്കുന്ന രീതിയിലുള്ള കൃഷിരീതികൾ.
5. വനത്തിനുള്ളിൽ ഉണ്ടാകുന്ന ജല-ഭക്ഷണ ദൗർലഭ്യം.
6. വനത്തിനുള്ളിലെ കന്നുകാലി മേച്ചിൽ.
7. വന്യമൃഗങ്ങളുടെ സ്വാഭാവിക സഞ്ചാരപഥത്തിന് വിഘ്നം നേരിടുന്നതുമൂലം.

(സി) വന്യജീവി സംരക്ഷണ നിയമം 1972-ന്റെ 1 മുതൽ 4 വരെ ഷെഡ്യൂളിൽപ്പെട്ട വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി "The Kerala Rules for Compensation to Victims of Attack by Wild Animals, 1980" എന്ന ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. നഷ്ടപരിഹാരം നൽകുന്നതിന് നിലവിലുള്ള നിരക്കുകൾ താഴെപ്പറയും പ്രകാരമാണ് :

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | വിള നാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | തിട്ടപ്പെടുത്തിയ നഷ്ടത്തിന്റെ 100 % (പരമാവധി 75,000 രൂപ ഒരു വർഷം പരമാവധി 4തവണയായി 3 ലക്ഷം രൂപ) |
| 2 | പരിക്ക് | പരമാവധി 75,000 രൂപ (മെഡിക്കൽ |

| | | |
|---|---|---|
| | | ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടികവർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവായ മുഴുവൻ തുകയും തിരികെ ലഭിക്കും |
| 3 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ |
| 4 | മരണം | 5 ലക്ഷം രൂപ |
| 5 | വനത്തിനുപുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണം | 1 ലക്ഷം രൂപ |

വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ ഒരിക്കൽ മാത്രമേ നൽകൂ എന്നുള്ള വ്യവസ്ഥ വർഷത്തിൽ നാല് തവണ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

ഇൻഷ്വറൻസ് പരിരക്ഷ:

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും വനത്തിനോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകട മരണത്തിനും ചികിത്സയ്ക്കും ചുവടെ പറയും പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു :

(i) വനത്തിനുള്ള താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക്

| | | |
|---|---|---|
| 1 | അപകട മരണം / അംഗ വൈകല്യം | 1,00,000 രൂപ |
| 2 | ചികിത്സാനുകൂല്യം-രോഗംമൂലമോ അപകടം മൂലമോ ഉണ്ടാകുന്ന ആശുപത്രി ചെലവ് | 5,000 രൂപ വരെ |
| 3 | ആംബുലൻസ്/വാഹന വാടക | 1,000 രൂപ വരെ |
| 4 | പ്രകൃതി ദുരന്തം, വന്യജീവി ആക്രമണം എന്നിവ മൂലം വീട്, കുടിലുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടം | 5,000 രൂപ വരെ |

(ii) വനത്തിനു പുറത്ത് താമസിക്കുന്ന മറ്റുള്ളവർ:

ഈ വിഭാഗത്തിൽ വന്യജീവികളുടെ ആക്രമണംമൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. അപേക്ഷകൾ അപകടം സംഭവിച്ച സ്ഥലത്തെ റെയ്ഞ്ച് ഓഫീസർ വഴി ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതാണ്.

(ഡി) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്ക് വഹിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസ് ഉള്ള തോക്കുപയോഗിച്ച് വെടിവെച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് 17-11-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 95/2014/വനം പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട് :

1. കൃഷിയിടത്തിൽ വച്ച് വേട്ടയാടിയ കാട്ടുപന്നിയെ/കാട്ടുപന്നികളെ ജീവനോടെയോ അല്ലാതെയോ അധികാരതിർത്തിയിലുള്ള വനംവകുപ്പ് ഉദ്യോഗസ്ഥനെ 24 മണിക്കൂറിനകം ഏൽപ്പിച്ച് കൊടുക്കണം.

2. വേട്ടയാടുന്നതിന് ഉപയോഗിച്ച ആയുധം സ്വതന്ത്ര സാക്ഷികൾ സഹിതം പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ 24 മണിക്കൂറിനകം ഹാജരാക്കേണ്ടതാണ്.

3. കാട്ടുപന്നിയെ വെടിവച്ചു കൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

4. വെടിവെച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

5. കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ച് കളയേണ്ടതോ ആണ്.

6. ഇത്തരം കേസുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം.എൽ.എ-യും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെയും കർഷക സംഘടനാ പ്രതിനിധികളേയും തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ഈ കമ്മിറ്റി കാട്ടുപന്നികളെ വെടിവച്ച് കൊന്നാൽ ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച് കൊല്ലുന്നതു താഴെ പറയുന്ന നിബന്ധനകൾക്കുംകൂടി വിധേയമായിട്ടാണ് :

1. കയ്യേറിയ റഗുലറൈസ് ചെയ്യപ്പെടാത്ത വനഭൂമിയിൽ കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ചു കൊല്ലുവാൻ പാടുള്ളതല്ല.
2. മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലുവാൻ പാടുള്ളതല്ല.
3. ഒരു കാട്ടുപന്നിയെ വെടിവയ്ക്കാനൊരുങ്ങുമ്പോൾ അത് വനത്തിലേയ്ക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടവെയ്ക്കാൻ പാടില്ലാത്തതാണ്.
4. വെടിവെച്ചു കൊല്ലപ്പെടുന്ന പന്നിയെ വനം വകുപ്പ് തന്നെ സംസ്കരിക്കുന്നതായിരിക്കും.

**കായൽ, തടാകങ്ങൾ, ചതുപ്പുകൾ എന്നിവ കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ**

294 (3928) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ കായൽ, തടാകങ്ങൾ, ചതുപ്പുകൾ എന്നിവ കയ്യേറി വൻ തോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമൂലം ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പഠനം നടത്തിയത് ; കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ ?

ഉത്തരം

പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടില്ല.

**മംഗളവനം പക്ഷി സങ്കേതം**

295 (3929) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ മംഗളവനം പക്ഷി സങ്കേതത്തെ പരിസ്ഥിതി ദുർബല/ബഫർ സോൺ ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട്

നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മംഗളവനം പക്ഷി സങ്കേതവുമായി ബന്ധപ്പെട്ട 8261/D2/2012, 12881/D2/2012 (വനം-വന്യജീവി വകുപ്പ്) എന്നീ ഫയലുകളുടെ പൂർണ്ണരൂപം ഇലക്ട്രോണിക്/CD/പേപ്പർ പ്രിന്റ് എന്നിവയിലേതെങ്കിലും രൂപത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) മംഗളവനം പക്ഷിസങ്കേതവും പരിസര പ്രദേശങ്ങളും പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശം 21-6-2013-ലെ 12881/D2/12/F&WLD നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

(ബി) 12881/D2/12/വനം, 8261/D2/12/വനം എന്നീ ഫയലുകളുടെ പൂർണ്ണമായ പകർപ്പ് (സി.ഡി. രൂപത്തിൽ) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**പരിസ്ഥിതി വകുപ്പ് അനുമതി നിഷേധിച്ച വ്യവസായ സ്ഥാപനങ്ങൾ**

296 (3930) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പരിസ്ഥിതി വകുപ്പ് അനുമതി നിഷേധിച്ച എത്ര വ്യവസായ സ്ഥാപനങ്ങൾ ഉണ്ട് ; അവ ഇപ്പോഴും പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിലുണ്ടോ ;

(ബി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കാണ് സ്റ്റോപ്പ് മെമ്മോ നൽകിയത്; എന്ത് കാരണത്താലാണ് മെമ്മോ നൽകിയത്; പ്രസ്തുത കുറവുകൾ ടി സ്ഥാപനങ്ങൾ പരിഹരിക്കുമോ ; വിശദാംശം നൽകാമോ ;

(സി) കഞ്ചിക്കോടിലെ വ്യവസായ സ്ഥാപനങ്ങൾ പരിസ്ഥിതിക്ക് ഏതെല്ലാം തരത്തിലാണ് ദോഷം ചെയ്യുന്നത്; വിശദീകരണം നൽകാമോ; അതു പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) പരിസ്ഥിതി വകുപ്പ് അനുമതി നിഷേധിച്ച വ്യവസായ സ്ഥാപനങ്ങൾ നിലവിലില്ല.

(ബി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ തിരുപ്പൂർ ആയൂർ കോട്ടൺ എന്ന സ്ഥാപനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ശുദ്ധീകരിക്കാത്ത മലിനജലം പുറത്തേക്ക് ഒഴുക്കിയതുമൂലമാണ് അടച്ചുപൂട്ടൽ നിർദ്ദേശം നൽകിയത്. സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല.

(സി) വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ജല, വായു, പാരിസ്ഥിതിക നിയമപ്രകാരമുള്ള അനുമതി ആവശ്യമാണ്. കഞ്ചിക്കോട് വ്യവസായ മേഖലയിൽ 38 സ്റ്റീൽ നിർമ്മാണ യൂണിറ്റുകളുണ്ട്. എല്ലാ സ്റ്റീൽ നിർമ്മാണശാലകളിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഇടയ്ക്കിടെ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സ്ലാഗ്, സിമന്റ് നിർമ്മാണ യൂണീറ്റുകളിലേക്ക് അസംസ്കൃത വസ്തുവായി നൽകുവാനാണ് മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്നത്. പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിലുള്ള പെപ്സികോ ഇന്ത്യാ ഹോൾഡിംഗ്സ് ലിമിറ്റഡിൽ നിന്നുമുള്ള മലിനജല സംസ്കരണത്തിനായി മലിനജല സംസ്കരണ പ്ലാന്റ് ഉണ്ട്. ഉൽപ്പാദന പ്രക്രിയയിൽ നിന്നുള്ളതല്ലാത്ത മലിനജലത്തിന് (സ്വീവേജ്, സള്ളേജ്) ഒരു സ്വീവേജ് സംസ്കരണ പ്ലാന്റും പ്രവർത്തിക്കുന്നു. സംസ്കരിച്ച മലിനജലത്തിന്റെ ഒരു ഭാഗം ചെടികൾ നനയ്ക്കുന്നതിനും ബാക്കി പ്ലാന്റിലെ നേരിട്ട് ഉൽപ്പാദനത്തിനല്ലാത്ത ആവശ്യങ്ങൾക്ക് പുനരുപയോഗിക്കുകയുമാണ് ചെയ്യുന്നത്.

ഇതിനുപുറമേ കഞ്ചിക്കോട് വ്യവസായ മേഖലയിൽ മലിനജലം ഉത്പ്പാദിപ്പിക്കുന്ന എല്ലാ വ്യവസായശാലകളിലും മതിയായ മലിനജല സംസ്കരണ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ശുദ്ധീകരിച്ച ജലം നിശ്ചിത ഗുണനിലവാരം കൈവരിക്കുന്നുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനയിൽ ഉറപ്പുവരുത്തുന്നുണ്ട്.

അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഒരു അന്തരീക്ഷ വായു ഗുണനിലവാര സ്റ്റേഷൻ മലിനീകരണ നിയന്ത്രണബോർഡ് ഏർപ്പെടുത്തി പ്രവർത്തിച്ചുവരുന്നു. കൂടാതെ വ്യവസായ വകുപ്പ് നിയോഗിച്ച കമ്മിറ്റി നിർദ്ദേശ പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി പരിസ്ഥിതി കാവൽ സംഘം രൂപീകരിക്കുകയും ടി സംഘം പ്രസ്തുത മേഖലയിലെ സ്ഥാപനങ്ങൾ കാരണമുള്ള മലിനീകരണ പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

## വനമേഖലയ്ക്ക് പുറത്തുള്ള ജൈവ വൈവിധ്യ സംരക്ഷണം

297 (3931) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലക്ക് പുറത്തുള്ള ആവാസസ്ഥലങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വനത്തിനു പുറത്തുള്ള പുരയിടങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിലേക്കും, അവയുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷമായ 2010-ൽ സംസ്ഥാന വനം വന്യജീവി വകുപ്പ് കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണ പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 2010-11 വർഷത്തിൽ ഭരണാനുമതിയും നൽകുകയുണ്ടായി. പ്രസ്തുത പദ്ധതികൾ സർക്കാരിന്റെ 12-9-2013-ലെ ജി.ഒ. (ആർ ടി) 354/13/വനം പ്രകാരമുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമാണ് 2013-14 വർഷം മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതികളിൽ കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്ര പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവ് സംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത വിദഗ്ദ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവുകളുടെ വിസ്തൃതിയുടെയും ആയതിലെ ജൈവ വൈവിധ്യത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കുന്ന 5 കാവുകൾക്ക് ചുവടെ ചേർക്കുന്ന സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു :

1. കാവുകളിലെ സസ്യജന്തു വൈവിധ്യം തിട്ടപ്പെടുത്തുക.

2. പരിപാലനത്തിനാവശ്യമായ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുക

3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചു പിടിപ്പിക്കുക/സ്വാഭാവിക സസ്യ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക.

4. സംരക്ഷണത്തിനായി കാവിനു ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.

5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

കേരളത്തിലെ ഓരോ ജില്ലയിലെയും അതാതു സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് കാവ് സംരക്ഷണ പദ്ധതിക്കുള്ള ചുമതല വഹിക്കുന്നത്. ആയതിന്റെ മേൽനോട്ടം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ബയോഡൈവേഴ്സിറ്റി സെൽ) നിർവ്വഹിക്കുന്നുമുണ്ട്.

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനുള്ള പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിലേക്ക് ബോധവൽക്കരണം നടത്തുക, കണ്ടൽ പുനരുൽപ്പാദനത്തിന് ധനസഹായം നൽകുക, പദ്ധതിക്കുവേണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുവേണ്ടി കണ്ടൽ ഉടമകൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000 രൂപ പാരിതോഷികമായി നൽകുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തിവരുന്നുണ്ട്. കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ആക്ട് 2005 സെക്ഷൻ 6(3) പ്രകാരം കണ്ടൽക്കാടുകളെല്ലാം വിജ്ഞാപനം ചെയ്ത മേഖലയാണ്. ആയതിനാൽ ഒരു ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള കണ്ടലുകളുടെ ഉടമകൾ മരം വെട്ടുന്നതിന് അതാത് സ്ഥലത്തെ അധികാരപ്പെടുത്തിയ ഓഫീസറുടെ അനുവാദം വാങ്ങേണ്ടതാണ്.

(സി) പ്രസ്തുത പദ്ധതി കേരള സർക്കാരിന്റെ ഫണ്ടുപയോഗിച്ചാണ് നടപ്പാക്കുന്നത്.

## പ്ലാസ്റ്റിക് കവറുകളും ഗ്ലാസ്സുകളും സ്റ്റീറോഫോം പ്ലേറ്റുകളും ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണം

298 (3932) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) വ്യാപാരസ്ഥാപനങ്ങളിൽ പ്രത്യേകിച്ചും വസ്ത്രാലയങ്ങളിൽ, തുണിത്തരങ്ങൾ വാങ്ങുമ്പോൾ അവ പ്ലാസ്റ്റിക് കവറുകളിൽ നൽകുന്നതിനുപകരം തുണിസഞ്ചികളിൽ നൽകുന്നതിനാവശ്യമായ ബോധവത്ക്കരണവും നിയമനിർമ്മാണവും നടത്തുമോ ;

(ബി) ആഘോഷവേളകളിലും മറ്റു ചടങ്ങുകളിലും പ്ലാസ്റ്റിക്കും, സ്റ്റീറോഫോം പ്ലേറ്റുകളും, പ്ലാസ്റ്റിക്ക് ഗ്ലാസ്സുകളും ഉപയോഗിക്കുന്നതിനെതിരെ ബോധവത്ക്കരണവും മാധ്യമങ്ങൾ വഴി പ്രചരണവും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ബയോഡീഗ്രേഡബിൾ അല്ലാത്ത ഫ്ലക്സ്, സ്റ്റീറോഫാം, പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക്ക് ഗ്ലാസ്സുകൾ, തെർമ്മോക്കോൾ തുടങ്ങിയവയ്ക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ആണ് നിരോധിച്ചിട്ടുള്ളത്. നിരോധിച്ചിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നില്ല എന്നുറപ്പാക്കാനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടു വരുന്നു. കൂടാതെ പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരമായി തുണി, ചണം മറ്റ് ജൈവ ഉൽപന്നങ്ങൾ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന സഞ്ചികളും അനുബന്ധ സാധനങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം കുടുംബശ്രീ വഴി നൽകിവരുന്നുണ്ട്. പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സംസ്ഥാന തലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും കൈക്കൊണ്ടുവരുന്നു. മാധ്യമങ്ങൾവഴിയുള്ള പ്രചരണത്തിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് കവറുകൾ, പ്ലേറ്റുകൾ, ഗ്ലാസ്സുകൾ തുടങ്ങിയവയുടെ ഉപയോഗം കുറയ്ക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. പ്ലാസ്റ്റിക് കവറുകളുടെ കാര്യത്തിൽ കവറുകളുടെ വില നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുവാനും അധികവിലയായി ഈടാക്കുന്ന തുക സംഭരിച്ച് Waste Management Fund ഉണ്ടാക്കാനും കേരള പഞ്ചായത്ത് നിയമഭേദഗതിപ്രകാരവും കേരള മുനിസിപ്പൽ ഭേദഗതി നിയമപ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സൗജന്യമായി കവറുകൾ നൽകുന്നത് ഒഴിവാക്കാനും കട്ടികുറഞ്ഞ കവറുകൾ വിൽക്കുന്നത് തടയാനുമാണ്

ഇത് ലക്ഷ്യമിടുന്നത്. പ്ലാസ്റ്റിക് കപ്പ്, പ്ലേറ്റ് എന്നിവയ്ക്ക് പകരമായി കുടുംബശ്രീ യൂണിറ്റ് വഴി കളിമണ്ണ്, സ്റ്റീൽ പാത്രങ്ങൾ തുടങ്ങിയവ വാടകയ്ക്ക് നൽകുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകാനും നടപടി എടുത്തുവരുന്നു.

(സി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം പേപ്പർ ബാഗുകൾ, ചണബാഗുകൾ, കയർ ബാഗുകൾ തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുകയും അപ്രകാരം പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി കുറിച്ചുകൊണ്ടുവരാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പും പാരിസ്ഥിതിക പ്രശ്നങ്ങളും**

299 (T3933) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഏറ്റവും ഉയർന്ന തോതിൽ എത്തിയതു വന്യജീവി സങ്കേതത്തിനുൾപ്പെടെ വൻ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നങ്ങൾ തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയായി ഉയർത്തിയതു മൂലമുണ്ടായ പാരിസ്ഥിതിക/നിയമ പ്രശ്നങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ജലനിരപ്പ് ഉയർത്തുന്നത് Forest Conservation Act 1980, Wildlife Protection Act 1972, Scheduled Tribes and other Traditional

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Forest Dwellers (Recognition of Forest Rights) Act 2006 എന്നീ മൂന്ന കേന്ദ്ര നിയമങ്ങളുടെയും ലംഘനമാണെന്ന് കാര്യകാരണ സഹിതം മുല്ലപ്പെരിയാർ സൂപ്പർവൈസറി കമ്മിറ്റി ചെയർമാനെയും കമ്മിറ്റിയിലെ തമിഴ്നാട് പ്രതിനിധിയേയും കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറിയേയും ജലനിരപ്പ് ഉയർത്തുന്നതിന് മുമ്പേ തന്നെ അറിയിച്ചിരുന്നു. കേരളത്തിന്റെ ആശങ്കൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ദേശീയ ഹരിത ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ്സ് പ്രോഗ്രാം**

300 (3934) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാം ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രാവർത്തികമാക്കിയത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ ;

(സി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ്സ് പ്രോഗ്രം.

(ബി&സി) പദ്ധതിയുടെ ഭാഗമായി നടത്തിയ കായികക്ഷമത പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുട്ടികളിൽ കായികക്ഷമതാ നിലവാരം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പദ്ധതി

അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പരിശോധന നടത്തുന്നതുമായി സഹകരിക്കുന്നതിൽ സ്കൂൾ അധികൃതരുടെ താൽപ്പര്യക്കുറവ്.

2. മേൽ പറഞ്ഞ കാരണത്താൽ എല്ലാ സ്കൂളുകളിലും തുടർച്ചയായി പരിശോധന നടത്താനാകുന്നില്ല.

3. ഒന്നാം ഘട്ട പരിശോധന നടത്തുന്നതിലും, ഫലം അപ്‌ലോഡ് ചെയ്യുന്നതിലുമുള്ള വീഴ്ചകൾ.

2013-14 വർഷം പദ്ധതിയുടെ പ്രവർത്തനം നടക്കുകയുണ്ടായില്ല. മേൽപറഞ്ഞ കാര്യങ്ങൾ പരിഹരിച്ചുകൊണ്ട് 2014-15 വർഷം കൂടുതൽ സ്കൂളുകളിൽ പരിശോധന കൃത്യമായും, സമയബന്ധിതമായും നടത്തി ശരിയായ വിവരശേഖരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ്സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കായികക്ഷമത കുറയുന്നതിന് കായിക വിനോദങ്ങളിൽ ഏർപ്പെടാത്തതും കായിക വിദ്യാഭ്യാസം ലഭിക്കാത്തതും കാരണമാകയാൽ യു.പി. തലം മുതൽ ഹയർസെക്കന്ററിതലംവരെ സ്കൂളുകളിൽ ആവശ്യമായ കായിക പരിശീലനം നൽകേണ്ടതുണ്ട്.

**ദേശീയ ഗെയിംസ്**

301 (3935) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് വിശദമാക്കാമോ ;

(ബി) ഗെയിംസിന്റെ ഭാഗമായി നാഷണൽ മീഡിയാ സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എവിടെയാണെന്നും ഇതിനുവേണ്ടി എത്ര രൂപ ചെലവുവരുമെന്നും വ്യക്തമാക്കുമോ ;

(സി) മീഡിയാ സെന്റർ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിംപ്യാ ഹാളിൽ നിർമ്മിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിന്റെ റൂഫ് ടോപ്പ് പുതുക്കി പണിയുന്നതിനും ലിഫ്റ്റ് സ്ഥാപിക്കുന്നതിനും ദേശീയ ഗെയിംസിന്റെ ഫണ്ടിൽ നിന്നും എന്തെങ്കിലും

തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി ഭൗതിക സാഹചര്യ വികസനത്തിന് 138,80,34,312 രൂപയും ഇതൊഴികെയുള്ള പ്രവർത്തനങ്ങൾക്കായി 7,49,05,762 രൂപയും ഉൾപ്പെടെ ആകെ 146,29,40,074 രൂപ 30-11-2014 വരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) ദേശീയ ഗെയിംസിന്റെ ഭാഗമായി, തിരുവനന്തപുരം പ്രസ് ക്ലബ്ബിലാണ് സ്റ്റേറ്റ് മീഡിയാ സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇതിനായി അംഗീകരിച്ചിട്ടുണ്ട്.

(സി) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിംപ്യാ ഹാളിൽ താൽകാലികമായി മീഡിയാ സെന്റർ സ്ഥാപിക്കുന്നതിനുണ്ടാകുന്ന ചെലവ്, ദേശീയ ഗെയിംസ് കഴിയുന്നതോടെ മീഡിയാ സെന്ററിന്റെ ഉപയോഗം നഷ്ടപ്പെടുന്നതിനാൽ, പ്രയോജന രഹിതമാകുന്നതാണ്. ആവശ്യമായ സ്ഥലസൗകര്യം ലഭിക്കുമെന്നത് പരിഗണിച്ചും ഭാവിയിൽ ഈ സൗകര്യം കായികമേഖലയ്ക്കായി പ്രയോജനപ്പെടുത്താമെന്നും കണക്കിലെടുത്ത് പ്രസ്സ് ക്ലബ്ബിൽ മീഡിയ സെന്റർ പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ മീഡിയാ സെന്റർ സ്ഥാപിക്കുന്നതിനായി അംഗീകരിച്ച റൂഫ് ടോപ്പിലെ ഫോൾസ് സീലിംഗ് പൊളിച്ച് പുനർനിർമ്മാണം ചെയ്യുന്നതും ഉൾപ്പെടുന്നുണ്ട്. ലിഫ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിശദമായ ശിപാർശ പ്രസ്സ് ക്ലബ്ബിൽ നിന്നും ലഭിച്ചിട്ടില്ല.

**റവന്യൂ ജില്ലാതലത്തിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ഗ്രേസ് മാർക്ക്**

302 (3936) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ ജില്ലാതലത്തിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്കും രണ്ട് ശതമാനം ഗ്രേസ് മാർക്ക് നൽകുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ടോ; അതുപോലെ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനക്കാർക്ക് നാല് ശതമാനം ഗ്രേസ് മാർക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) സ്പോർട്സിന് ഗ്രേസ് മാർക്ക് നൽകുന്നതിന്റെ ഘടനയിൽ പുനഃപരിശോധന വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) റവന്യൂ ജില്ലയിൽ സമ്മാനർഹർക്ക് ക്യാഷ് അവാർഡ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് റവന്യൂ ജില്ലാ തലത്തിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് നിയമനത്തിനായി ഗ്രേയ്സ് മാർക്ക് നൽകുന്ന വിഷയവും സംസ്ഥാനതല വിജയികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന വിഷയവും ഇപ്പോൾ കായികയുവജനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

**ഗോൾഫ് ടൂറിസം ഏർപ്പെടുത്താൻ നടപടി**

303 (3937) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗോൾഫിന് വളർച്ചാസാധ്യതകൾ ഉണ്ടോയെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പരിശോധിച്ചിട്ടില്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് ഗോൾഫ് ടൂറിസത്തിനുള്ള സാധ്യതകൾ ഉണ്ടോ ;

(ഡി) ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്തെ ഹിൽ സ്റ്റേഷനുകളിൽ കൂടുതൽ ഗോൾഫ് കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ-ഇ) സംസ്ഥാനത്ത് ഗോൾഫിന്റെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗോൾഫ് അക്കാദമി സ്ഥാപിക്കുന്നതിന് തിരുവനന്തപുരം ഗോൾഫ് കോഴ്സ് 'SAI'-ക്ക് കൈമാറിയിട്ടുണ്ട്. ഗോൾഫ് സംസ്ഥാന സ്പോർട്സ് കൗൺസിൽ കളിയിനമായി അംഗീകരിച്ചിട്ടില്ല. കൂടാതെ സംസ്ഥാനത്ത് ഗോൾഫ് ടൂറിസത്തിനുള്ള സാധ്യതകൾ ഇതുവരെ പരിശോധിച്ചിട്ടുമില്ല.

**തലശ്ശേരി നഗരസഭാ സ്റ്റേഡിയത്തിന്റെ നവീകരണം**

304 (3938) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി നഗരസഭാ സ്റ്റേഡിയത്തിന്റെ നവീകരണം സംബന്ധിച്ച പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി വിവിധ ശീർഷകങ്ങളിലായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഇതിൽ എത്ര തുകയുടെ പ്രവൃത്തികൾക്ക് ഇതിനകം ഭരണാനുമതി നൽകിയെന്ന് വിശദമാക്കാമോ ;

(ഡി) സ്റ്റേഡിയത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഇതിനകം ഏതെല്ലാം പൂർത്തീകരിച്ചെന്നും ബാക്കി പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത പ്രവൃത്തിക്കായി നിലവിൽ നൽകിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) തലശ്ശേരി നഗരസഭാ സ്റ്റേഡിയം നവീകരണ പ്രവൃത്തികൾക്കായി 2.50 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. ഇതുകൂടാതെ 'ടി' സ്റ്റേഡിയത്തിൽ നിലവിലുള്ള ബാസ്കറ്റ്ബോൾ കോർട്ട് അക്രലൈറ്റ് പ്രതലത്തോടുകൂടി 68,77,000 രൂപ ചെലവിൽ പുതുക്കി നിർമ്മിക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ മൊത്തം നവീകരണത്തിനായുള്ള പുതുക്കിയ പദ്ധതി തയ്യാറാക്കുമ്പോൾ മേൽ പ്രവൃത്തികൂടി ഉൾപ്പെടുത്തുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

സ്റ്റേഡിയം നിർമ്മാണത്തിനായി 2010-11-ലും 2013-14-ലും ഒരു കോടി രൂപ വീതം അനുവദിച്ചിരുന്നു. ഇതിൽ ആദ്യം അനുവദിച്ച ഒരു കോടി രൂപ പൊതുമരാമത്ത് (കെട്ടിടവിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 8782-00-102-97-ഡി2-IA PWD എന്ന ശീർഷകത്തിൽ കൈമാറിയിട്ടുണ്ട്. ഈ തുകയും 2013-14-ൽ അനുവദിച്ച തുകയും ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ സർക്കാർ ഏജൻസിയെ ഉപയോഗിച്ച് നടത്തുന്നതിന് കായികയുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഈ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

**ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ സ്റ്റേഡിയം നവീകരണം**

305 (3939) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ട്രഷറി നിക്ഷേപ സമാഹരണ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്റ്റേഡിയത്തിൽ ഗ്യാലറിയും സിന്തറ്റിക് ഫ്ലോറിംഗും അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്റ്റേഡിയത്തിൽ ഗ്യാലറിയും സിന്തറ്റിക് ഫ്ളോറിംഗും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 3 കോടി രൂപയുടെ പദ്ധതി നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിനാവശ്യമായ തുക 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. 2015-16 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി ധനവകുപ്പിന് സമർപ്പിച്ച പ്രൊപ്പോസലിൽ ഈ വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്.

**കോതമംഗലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി**

306 (3940) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന - ദേശീയ സ്കൂൾ കായിക മേളകളിൽ മികച്ച പ്രകടനം നടത്തുന്ന കോതമംഗലത്തെ സ്കൂളുകളുടെ മികവ് പരിഗണിച്ച് വിദ്യാർത്ഥികൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്ന തരത്തിൽ കോതമംഗലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) കേരളത്തിന്റെ അഭിമാന കായികതാരങ്ങളെ വാർത്തെടുക്കുന്ന കോതമംഗലത്തെ സ്കൂളുകൾക്കും കായികാദ്ധ്യാപകർക്കും പ്രത്യേക സാമ്പത്തിക

സഹായങ്ങൾ നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോതമംഗലം ഗവൺമെന്റ് പോളിടെക്നിക് വക സ്ഥലത്ത് ഒരു സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിക്ക് കായിക വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി**

307 (3941) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീയേറ്ററുകളോട് ചേർന്ന് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വിഭവ സമാഹരണം എപ്രകാരമാണ്; വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് തീയറ്ററുകളോട് ചേർന്ന് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലില്ല.

**തൃക്കരിപ്പൂർ-നടക്കാവ് വലിയ കൊയ്യൽ മൈതാനിയിലെ സിന്തറ്റിക് ടർഫ് ഗ്രൗണ്ട് നിർമ്മാണം**

308 (3942) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ-നടക്കാവ് വലിയ കൊയ്യൽ മൈതാനിയിൽ അനുവദിച്ച സിന്തറ്റിക്ക് ടർഫ് ഗ്രൗണ്ട് നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കാൻ

കഴിയുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ-നടക്കാവ് വലിയ കൊയ്യൽ മൈതാനിയിൽ അനുവദിച്ച സിന്തറ്റിക് ടർഫ് ഗ്രൗണ്ട് നിർമ്മാണ പ്രവർത്തനത്തിനായി ന്യൂഡൽഹി ആസ്ഥാനമായ M/s ശിവനരേശ് സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡുമായി 20-10-2014-ൽ, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് കരാർ ഒപ്പിട്ടിട്ടുണ്ട്. 2014 ഡിസംബർ ആദ്യവാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

**സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണം**

309 (3943) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണത്തിന് സ്പോർട്സ് വകുപ്പുമായി ബന്ധപ്പെട്ട് ധനസഹായം അനുവദിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ടുകൾ അനുവദിച്ചു ; ജില്ലതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണത്തിന് ഇനിയുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഗ്രാമീണ സ്റ്റേഡിയങ്ങളുടെ പുനഃരുദ്ധാരണവും ഗ്രാമീണ മേഖലയിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിട്ട് കേന്ദ്ര കായിക യുവജനകാര്യവകുപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരം നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പൈക്ക (പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ അഭിയാൻ). 2008-09 മുതൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതി 1-4-2014 മുതൽ രാജീവ് ഗാന്ധി ഖേൽ അഭിയാൻ (RGKA) എന്ന പേരിൽ പുനഃസംഘടിപ്പിച്ചിരിക്കുകയാണ്. RGKA പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇൻഡോർ ഹാൾ/ഔട്ട് ഡോർ കളിസ്ഥല വികസനത്തിന് ധനസഹായം അനുവദിക്കുന്നതാണ്. 2010-11, 2011-12 വർഷങ്ങളിൽ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ കളിസ്ഥലനിർമ്മാണ വികസന

പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.* ഇതോടൊപ്പം 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് വിവിധ ജില്ലകളിൽ നിർമ്മിച്ച/നവീകരിച്ച സ്റ്റേഡിയങ്ങളുടെ ലിസ്റ്റും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന നടപ്പിലാക്കിയ ദേശീയ ഗെയിംസിതര പദ്ധതികളുടെ ലിസ്റ്റും അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.* കൂടാതെ ഇനി പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണം കായികവകുപ്പ് ഡയറക്ടർ മുഖേനയും നടപ്പിലാക്കിവരുന്നു.

1. മുനിസിപ്പൽ സ്റ്റേഡിയം- പാലാ
2. കെ. കരുണാകരൻ സ്മാരക സ്റ്റേഡിയം- മാള
3. പി.പി.എസ്തോസ് സ്മാരക സ്റ്റേഡിയം- മൂവാറ്റുപുഴ
4. സ്പോർട്സ് കോംപ്ലക്സ് & ഫുഡ്ബോൾ അക്കാദമി- മലപ്പുറം
5. ജിമ്മി ജോർജ്ജ് സ്റ്റേഡിയം- പേരാവൂർ, കണ്ണൂർ
6. മുനിസിപ്പൽ സ്റ്റേഡിയം- തലശ്ശേരി

(സി) രാജീവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇൻഡോർ ഹാൾ/ഔട്ട് ഡോർ കളിസ്ഥല അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു സെന്ററിൽ പരമാവധി 1.60 കോടി രൂപ (80 ലക്ഷം രൂപ വീതം) ലഭിക്കുന്നതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുറഞ്ഞത് 6-7 ഏക്കർ കളിസ്ഥലസൗകര്യമുള്ള, ബ്ലോക്ക് പഞ്ചായത്തുകൾ നിശ്ചിത ഫോറത്തിൽ അപേക്ഷ തയ്യാറാക്കി കളിസ്ഥലത്തിന്റെ രേഖകളുടെ പകർപ്പുകൾ സഹിതം RGKA ബ്ലോക്ക് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി ശിപാർശ ചെയ്യുന്നതാണ്.

## 35-ാം ദേശീയ ഗെയിംസ്

310 (3944) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

35-ാം ദേശീയ ഗെയിംസിന് ഓരോ സ്റ്റേഡിയത്തിലും നടക്കുന്ന കായിക ഇനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

മത്സര/പ്രദർശന/പരിശീലനത്തിനായി നിശ്ചയിച്ചിട്ടുള്ള സ്റ്റേഡിയങ്ങളുടെയും താത്ക്കാലിക നിർമ്മിതികളുടെയും കായികയിനങ്ങളുടേയും വിവരം അനുബന്ധമായി ചേർക്കുന്നു.*

**അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട്**

311 (3945) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള സിനിമാമേഖലയെക്കുറിച്ച് പഠിച്ച് മാറ്റങ്ങളും പരിഷ്കാരങ്ങളും ശിപാർശ ചെയ്യുന്നതിനായി നിയോഗിച്ച അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ;

(ബി) ഈ റിപ്പോർട്ട് പരിശോധിക്കുകയും ഇതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് ഏതെല്ലാം നിർദ്ദേശങ്ങൾ എന്നു മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് 2014 ആഗസ്റ്റ് മാസത്തിലാണ് ലഭ്യമായത്.

(ബി&സി) മലയാള സിനിമാ മേഖലയെക്കുറിച്ച് പഠിച്ച് സർക്കാരിന് സമർപ്പിച്ച അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിക്കുകയും ശുപാർശകൾ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**നിലവിലുള്ള സിനിമാ തീയേറ്ററുകൾ ആധുനീകരിക്കുന്നതിനുള്ള പദ്ധതി**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

312 (3946) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ സംരംഭകർക്ക് നിലവിലുള്ള തീയേറ്ററുകൾ വിഭജിക്കുന്നതിനും ആധുനീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദീകരിക്കുമോ ;

(സി) സംരംഭകർക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സ്വകാര്യ സംരംഭകർക്ക് നിലവിലുള്ള തീയേറ്ററുകൾ വിഭജിക്കുവാനും ആധുനികവൽക്കരിക്കാനും അനുവദിക്കുന്നതിനുള്ള പദ്ധതി ചലചിത്ര അക്കാദമിയിലും കെ.എസ്.എഫ്.ഡി.സി.-യിലും നിലവിലില്ല. എന്നാൽ കേരള സംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷന് കീഴിലുള്ള തീയേറ്ററുകൾ വിഭജിക്കുവാനും ആധുനികവൽക്കുന്നതിനുമുള്ള പദ്ധതികൾ പ്രകാരം തിരുവനന്തപുരം കൈരളി, ചേർത്തല ചിത്രാഞ്ജലി എന്നീ തീയേറ്ററുകൾ വിഭജിച്ച് പുതിയ രണ്ട് തീയറ്ററുകൾ ആക്കി മാറ്റുകയും തിരുവനന്തപുരം ശ്രീ, കലാഭവൻ, കോഴിക്കോട്ടും തൃശ്ശൂരും ഉള്ള കൈരളി/ശ്രീ, ചിത്രാഞ്ജലി സ്റ്റുഡിയോയിലെ പ്രിവ്യൂ തിയേറ്റർ തുടങ്ങിയവ ആധുനികവൽക്കരിച്ചിട്ടുമുണ്ട്. സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ആധുനിക സജ്ജീകരണങ്ങളോടെ മികച്ച നിലവാരമുള്ള സിനിമാസ്വാദനം സാദ്ധ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഡിജിറ്റൽ പ്രൊജക്ഷൻ, 7.1 സറൗണ്ട് സിസ്റ്റം, പുഷ്ബാക്ക് ചെയറുകൾ, മേൻമയേറിയ അക്കൗസ്റ്റിക്ക് സംവിധാനം, എ.സി. സംവിധാനം, സിൽവർ സ്ക്രീൻ, സി.സി.ടി.വി. സിസ്റ്റം തുടങ്ങിയ സവിശേഷതകളോടെയാണ് ആധുനികവൽക്കരണം പൂർത്തിയാക്കുന്നത്.

(സി&ഡി) സംസ്ഥാനത്ത് നല്ല സിനിമ നിർമ്മിക്കുന്നവരേയും പുതിയ

തലമുറയിലെ സിനിമാ സംരംഭകരേയും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിലൂടെ പാക്കേജ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ചിത്രാഞ്ജലിയുടെ സാങ്കേതിക സഹായത്തോടെ ചെയ്യുന്ന സിനിമകൾക്ക് (ഡിജിറ്റൽ) നിലവിൽ സബ്സിഡി നൽകുന്നുണ്ട്. ഇത് കൂടാതെ ഇൻഡ്യൻ പനോരമ സെലക്ഷൻ, ഏറ്റവും മികച്ച ചിത്രത്തിനുള്ള നാഷണൽ അവാർഡ്, സംസ്ഥാന അവാർഡ് എന്നിവ ലഭിക്കുന്ന ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചെയ്ത ചിത്രങ്ങൾക്കും മികച്ച രണ്ടാമത്തെ അവാർഡ് ലഭിക്കുന്ന ചിത്രാഞ്ജലി ചിത്രങ്ങൾക്കും സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ ലോക സിനിമാരംഗത്തെ പുത്തൻ പ്രവണതകൾ, ലോക ക്ലാസിക്കുകൾ, അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച സിനിമാ പ്രവർത്തകരുടെ സിനിമകൾ തുടങ്ങി നിലവാരമുള്ള സിനിമകൾ കാണുന്നതിനും പുതിയ നല്ല സിനിമകൾ നിർമ്മിക്കുന്നതിന് പ്രചോദനം നൽകുന്നതിനുമായി ചലചിത്ര അക്കാദമി അന്താരാഷ്ട്ര ചലച്ചിത്ര മേള, അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം മേള, ദേശീയ ചലച്ചിത്രമേള എന്നിവ കേരളത്തിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ കലാമൂല്യമുള്ള നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനും ചലചിത്ര പ്രവർത്തകരെ അനുമോദിക്കുന്നതിനുമായി ചലച്ചിത്ര അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. നല്ല സിനിമ നിർമ്മിക്കുന്നവർക്കും സംവിധാനം ചെയ്യുന്നവർക്കും ക്യാഷ് അവാർഡ് നൽകുന്നതും ഇതിലുൾപ്പെടുന്നു. ഇതുകൂടാതെ പുതിയ തലമുറയെ ഈ കലയിലേക്ക് ആകർഷിക്കുന്നതിന് ചലച്ചിത്ര അക്കാദമി കുട്ടികൾക്കും യുവാക്കൾക്കുമായി അവധിക്കാല ക്യാമ്പുകൾ, അധ്യാപകരുടെ ക്യാമ്പുകൾ എന്നിവയും നടത്തിവരുന്നുണ്ട്. നല്ല സിനിമ നിർമ്മിക്കുവാനുള്ള പുതിയ തലമുറയിലെ സിനിമാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സഹായ സഹകരണങ്ങളും നിലവിൽ നൽകിവരുന്നുണ്ട്.

**ഇന്റർസ്റ്റേറ്റ് ബസ്സ് സർവ്വീസ്**

313 (3947) ശ്രീ. പി. തിലോത്തമൻ :

ശ്രീ. കെ. രാജു :

ശ്രീ. കെ. അജിത് :

ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്റർസ്റ്റേറ്റ് സർവ്വീസ് നടത്തുന്നതിനായി പ്രത്യേക ട്രാൻസ്പോർട്ട് കോർപ്പറേഷന് പദ്ധതിയുണ്ടോ ?

ഉത്തരം

ഈ വിഷയത്തിൽ ഒരു പദ്ധതി നിലവിൽ വിഭാവനം ചെയ്തിട്ടില്ല.

## കെ.എസ്.ആർ.ടി.സി.- വെഞ്ഞാറമൂട്, പാലോട് ഡിപ്പോകളിൽ നിർത്തലാക്കിയ സർവ്വീസുകൾ

314 (3948) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്. ആർ.ടി.സി വെഞ്ഞാറമൂട് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ഏതെല്ലാം സർവ്വീസുകൾ നിർത്തലാക്കി; പുതിയതായി ഏതെല്ലാം സർവീസുകൾ ആരംഭിച്ചു ; വിശദമായ പട്ടിക ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ.ടി.സി പാലോട് ഡിപ്പോയിലെ ഏതെല്ലാം സർവ്വീസുകൾ റദ്ദാക്കിയെന്നും പുതുതായായി ഏതെല്ലാം സർവീസുകൾ ആരംഭിച്ചുവെന്നുമുള്ള വിശദമായ പട്ടിക നല്കുമോ ;

(സി) പ്രസ്തുത ഡിപ്പോകളിൽ നിന്നുള്ള സർവ്വീസുകൾ റദ്ദു ചെയ്തതത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഡി) എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് പര്യാപ്തമായ അത്രയും എണ്ണം ബസുകൾ പുതിയതായി നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെഞ്ഞാറമൂട് ഡിപ്പോയിൽനിന്നും സർവ്വീസുകൾ ഒന്നുംതന്നെ പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. ബസുകളുടെ കുറവുമൂലം ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്. പുതുതായി ആരംഭിച്ച 7 സർവ്വീസുകളുടെ വിവരം ചുവടെ ചേർക്കുന്നു :

1. വെഞ്ഞാറമൂട്-വെമ്പായം-കിഴക്കേകോട്ട-ബൈപ്പാസ്-വെഞ്ഞാറമൂട്

സർക്കുലർ സർവ്വീസ് (രാജധാനി റിംഗ് റോഡ് 4 എണ്ണം).

2. വെഞ്ഞാറമൂട്-വർക്കല ക്ഷേത്രം-പൊൻമുടി

3. വെഞ്ഞാറമൂട്-തിരുവനന്തപുരം-മൂഴിയാർ

4. വെഞ്ഞാറമൂട്-പോത്തൻകോട്-അരുവിക്കരക്കോണം

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലോട് ഡിപ്പോയിൽനിന്നും സർവ്വീസുകൾ ഒന്നുംതന്നെ പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. ബസ്സുകളുടെ കുറവുമൂലം ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്. പുതിയ സർവ്വീസുകളൊന്നും തന്നെ ഇതുവരെയും ആരംഭിച്ചിട്ടില്ല.

(സി) ബസുകളുടെ കുറവുമൂലമാണ് ചില സർവ്വീസുകൾ താത്ക്കാലികമായി റദ്ദ് ചെയ്യേണ്ടിവന്നത്.

(ഡി) പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## കെ.എസ്.ആർ.ടി.സി. യാത്രികർക്കായി ഇൻഷ്വറൻസ് സെസ്സ്

315 (3949) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യാത്രികർക്കായി ഇൻഷ്വറൻസ് സെസ് ഏർപ്പെടുത്തുന്നതിന്റെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ;

(ബി) ഇൻഷ്വറൻസ് സെസ് ഏർപ്പെടുത്തുകവഴി കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) എത്ര തുകക്ക് മുകളിലുള്ള ടിക്കറ്റിനാണ് ഇൻഷ്വറൻസ് സെസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത തുകക്ക് താഴെയുള്ള ടിക്കറ്റ് യാത്രികർക്ക് സെസിന്റെ ഭാഗമായ ആനുകൂല്യങ്ങൾ ലഭ്യമാകുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് സെസ്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. തയ്യാറാക്കിയ സ്കീം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തുകവഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനാണ് ഉദ്ദേശിക്കുന്നത്. യാത്രക്കാർക്ക് Accidental Death, Accidental Hospitalization, Accidental Treatment, Hospitalization Cash Allowance, Baggage Allowance തുടങ്ങിയ വിവിധ തരത്തിലുള്ള ഇൻഷ്വറൻസ് കവറേജുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്.

(സി) 25 രൂപ ടിക്കറ്റ് നിരക്ക മുതൽ യാത്ര ചെയ്യുന്ന യാത്രികരിൽനിന്നും സെസ് ഇനത്തിൽ തുക ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) എല്ലാ കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കും സെസിന്റെ ഭാഗമായുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്.

**റോഡ് സേഫ്റ്റി ഫണ്ട്**

316 (3950) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നിലവിൽ ചെയ്തുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ഇനത്തിൽ പ്രതിവർഷം ശരാശരി ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികളുടെ മോണിറ്ററിംഗ് എപ്രകാരമാണ് നിർവ്വഹിക്കുന്നത്; വ്യക്തമാക്കുമോ ;

(ഡി) റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികളുടെ ഫലപ്രദമായ നിർവ്വഹണത്തിന് ജനപ്രതിനിധികളുടെ സഹകരണം ഉറപ്പുവരുത്തുന്ന വിധത്തിൽ മോണിറ്ററിംഗ് സംവിധാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന പരിപാടിയുടെ ഭാഗമായി നടത്തുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ പരിശീലനങ്ങൾ, പുസ്തകങ്ങൾ, ലീഫ്‌ലെറ്റുകൾ മറ്റു സാമഗ്രികൾ എന്നിവയുടെ അച്ചടിയും വിതരണവും പരസ്യ

പ്രചാരണങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

2. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സാമ്പത്തിക സഹകരണത്തോടെ മണ്ണുത്തി മുതൽ കാസർഗോഡ്വരെ ക്യാമറ നിരീക്ഷണ സംവിധാനം സ്ഥാപിച്ചുവരുന്നു.

3. റോഡ്സുരക്ഷാ ഉപകരണങ്ങളായ ബാറ്റൺ, ജാക്കറ്റ്, കോൺ, ആൽക്കോമീറ്റർ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. ഇവയെല്ലാം റോഡ് സേഫ്റ്റി അതോറിറ്റിയുടെ അനുമതിയോടെ നടപ്പാക്കിയവയാണ്.

4. റോഡ് സുരക്ഷാ ഫണ്ടിൽനിന്ന് പോലീസ് വകുപ്പിന് സ്റ്റുഡൻസ് പോലീസ് പരിപാടിക്കും റോഡ് സുരക്ഷാ ബോധവൽക്കരണത്തിനും, റോഡുകളിൽ അപകട നിവാരണത്തിന് റിഫ്ളക്ടർ, സൈൻ ബോർഡുകൾ, റോഡ് സൈഡിന് ബാരിക്കേഡുകൾ, ബസ് ബേ എന്നിവ നിർമ്മിക്കുന്നതിനുള്ള തുകകൾ അനുവദിക്കാറുണ്ട്.

(ബി) റോഡ് സേഫ്റ്റി ഫണ്ടിന്റെ ചെലവിനെ സംബന്ധിച്ചുള്ള നാളിതു വരെയുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന റോഡു സുരക്ഷയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പരിശോധിച്ച് ഉചിതമായവ അംഗീകരിച്ച് അവ നടപ്പാക്കാനുള്ള ഫണ്ട് നൽകുകയാണ് അതോറിറ്റി ചെയ്യുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് അതാത് വകുപ്പുകളും ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുമാണ്. അതോറിറ്റി നൽകിയ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിനായി ഇന്റേണൽ ഓഡിറ്ററെ അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനം പര്യാപ്തമാണ്.

## ബാണാസുര ഡാമിലേയ്ക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്

317 (3951) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നിന്ന് പടിഞ്ഞാറത്തറ ബാണാസുര ഡാമിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സ് മൊതക്കര വരെ നീട്ടുന്നതു സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സാദ്ധ്യതാ പഠനത്തിൽ കണ്ടെത്തിയിട്ടുള്ള പ്രധാന നിഗമനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം പ്രസ്തുത സർവ്വീസ് കൂടുതൽ ലാഭകരമാക്കാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വീസ് മൊതക്കര വരെ നീട്ടുന്നത് കോർപ്പറേഷന് ലാഭകരവും ജനങ്ങൾക്ക് ഗുണകരവുമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ പടിഞ്ഞാറത്തറ കെ.എസ്.ഇ.ബി. വളപ്പിൽ സുരക്ഷിതമായി പാർക്ക് ചെയ്യുന്ന ബസ് മൊതക്കരവരെ നീട്ടിയൽ റോഡിൽ സുരക്ഷിതമല്ലാതെ പാർക്ക് ചെയ്യേണ്ടിവരുമെന്നതിനാൽ പ്രസ്തുത സർവ്വീസ് തൽക്കാലം ദീർഘിപ്പിക്കുവാൻ കഴിയില്ല.

**ചരക്കുകൂലിയും യാത്രാക്കൂലിയും കുറയ്ക്കാൻ നടപടി**

318 (3952) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കുറയുന്നുണ്ടെങ്കിലും അതിനനുസരിച്ച് ചരക്കുകൂലിയും യാത്രാക്കൂലിയും കുറയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ ;

(ബി) വില കുറയ്ക്കുണമെന്നുണ്ടെങ്കിൽ അക്കാര്യം സർക്കാരിന് തീരുമാനിക്കാവുന്നതാണെന്ന് ലോറി ഉടമകൾ പ്രഖ്യാപിച്ചതിനുശേഷവും ചരക്കുകൂലി കുറയ്ക്കാതിരിക്കുന്നത് ജനദ്രോഹപരമാണെന്ന ആക്ഷേപം പരിഗണിക്കുമോ ;

(സി) ചരക്കുകൂലിയും യാത്രാക്കൂലിയും കുറയ്ക്കാതിരിക്കുന്നതുമൂലം സ്വകാര്യ ബസുടമകൾക്കും ട്രക്കുടമകൾക്കും വൻലാഭം ലഭിക്കുമെന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് ഇവ രണ്ടും കുറച്ച് ജനങ്ങളെ സഹായിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമെ, സ്പെയർ പാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് ക്യാരേജുകളുടെ പ്രവർത്തനച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ,

അംഗപരിമിതരായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ് എന്നിങ്ങനെ സ്റ്റേജ് ക്യാരേജ് ഓപ്പറേറ്റ് ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്തശേഷമാണ് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനമെടുക്കുന്നത്. യാത്രാക്കൂലിയിൽ വർദ്ധനവ് വരുത്തിയതിനു ശേഷം ഇന്ധനവിലയിൽ കുറവു വന്ന സാഹചര്യത്തിൽ യാത്രാക്കൂലി കുറയ്ക്കുന്നത് സംബന്ധിച്ച കാര്യത്തിൽ അഭിപ്രായം ലഭ്യമാക്കാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിച്ചിട്ടില്ല. ഇത്തരം കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2010-ൽ രൂപീകൃതമായ ടി കമ്മിറ്റി പ്രവർത്തിച്ചു വരുന്നതിനാൽ കമ്മിറ്റിയുടെ ശിപാർശ ഈ വിഷയത്തിൽ ഒഴിവാക്കാൻ കഴിയുകയില്ല. ചരക്കുകൂലി സർക്കാർ നിശ്ചയിച്ചിട്ടില്ല.

(ബി) 'എ' പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) പെട്രോൾ/ഡീസൽ എന്നിവയുടെ വിലക്കുറവ് കണക്കാക്കി യാത്രാക്കൂലി കുറയ്ക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുമ്പോൾ യാത്രാക്കൂലി കുറയ്ക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.

## കെ.എസ്.ആർ.ടി.സി.- സ്വകാര്യവൽക്കരണം

319 (3953) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി സ്വകാര്യവൽക്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടെന്നുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

ഉത്തരം

കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ പരിഗണനയിലില്ല. കോർപ്പറേഷനെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

## കെ.എസ്.ആർ.ടി.സി.-യിൽ സി.എൽ.ആർ. ആയി ജോലി ചെയ്ത ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

320 (3954) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യിൽ വർഷങ്ങളായി സി.എൽ.ആർ. ആയി ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷം സേവനം ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്;

(ബി) സി.എൽ.ആർ. ആയി ജോലി നോക്കിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുള്ള ഉത്തരവിൽ ഉൾപ്പെടാതെ വിട്ടുപോയിട്ടുള്ളവർ ഉണ്ടോ ; ഉണ്ടെങ്കിൽ ഇവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) കെ. എസ്. ആർ. ടി.സി.-യിൽ 25 വർഷമായി ജോലി നോക്കുന്ന സി.എൽ.ആർ. ജീവനക്കാരെ സ്ഥരിപ്പെടുത്തുന്നതിന് അർഹതയുണ്ടോ ; ഉണ്ടെങ്കിൽ ഇവരെ ഉൾപ്പെടുത്തി ഉടൻ ഉത്തരവ് പുറപ്പെടുവിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 25 വർഷം സേവനം ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) 2012 സേവന വേതന കരാറിൽ 28-2-2011-ൽ പാനലിലുള്ളവരും 25 വർഷം പൂർത്തീകരിച്ചതുമായ സി.എൽ.ആർ.-കാരെ സ്ഥിരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരമുള്ള പ്രാരംഭ നടപടികൾ KSRTC-യിൽ ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ**

321 (3955) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര റിട്ടയർ ചെയ്ത കെ.എസ്.ആർ.ടി.സി. ജീവനക്കാർ നിലവിൽ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രതിമാസം ടി ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് എത്ര തുക ആവശ്യമായി വരുമെന്ന് വെളിപ്പെടുത്തുമോ ;

(സി) നിലവിൽ പെൻഷൻകാർക്ക് നൽകാൻ ആകെ എത്ര തുക കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2011ഏപ്രിൽ മാസത്തിൽ KSRTC പെൻഷൻകാർക്ക് പെൻഷൻ

ഇനത്തിൽ എത്ര കുടിശ്ശികയുണ്ടായിരുന്നെന്ന് വെളിപ്പെടുത്താമോ ;

(ഇ) കെ.എസ്.ആർ.ടി.സി പെൻഷൻകാരിൽ പെൻഷൻ ലഭ്യമാകാത്തതിനെ തുടർന്ന് സാമ്പത്തിക പ്രയാസംമൂലം എത്ര പേർ ആത്മഹത്യ ചെയ്തെന്നും എത്ര പേർ സമരങ്ങളിലും മറ്റും പങ്കെടുത്ത് കുഴഞ്ഞു വീണ് മരിച്ചെന്നും അറിയുമോ ?

<u>ഉത്തരം</u>

(എ) 2014 സെപ്റ്റംബർ മാസത്തെ കണക്കുപ്രകാരം കെ.എസ്. ആർ.ടി.സി.-യിൽ 36735 ജീവനക്കാർ പെൻഷൻ കൈപ്പറ്റുന്നുണ്ട്.

(ബി) പെൻഷൻ വിതരണത്തിന് പ്രതിമാസം 40.16 കോടി രൂപ ആവശ്യമാണ്.

(സി) 2014 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ കുടിശ്ശികയിനത്തിൽ 122.40 കോടി രൂപ വിതരണം ചെയ്യാനുണ്ട്.

(സി) കുടിശ്ശികയുണ്ടായിരുന്നില്ല.

(ഇ) പെൻഷൻ വിതരണത്തിലെ കാലതാമസംമൂലം ഇത്തരം സംഭവങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാരിൽനിന്നും ലഭിക്കാനുള്ള തുക**

322 (3956)<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യതകൾ ഇനിമേൽ സർക്കാരിന് ഏറ്റെടുക്കാൻ സാധിക്കില്ല എന്നുള്ള വിവരം ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സാഹചര്യം വെളിപ്പെടുത്തുമോ ;

(ബി) സൗജന്യ യാത്രാപാസുകളും മറ്റ് യാത്രാ ഇളവുകളും അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര തുക സർക്കാരിൽനിന്നും ലഭിക്കാനുണ്ട് ;

(സി) പ്രസ്തുത തുകയെ സാധൂകരിക്കുന്ന കണക്കുകൾ കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് നൽകിയത് ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം സംബന്ധിച്ച നിരവധി കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ വന്ന അവസരത്തിൽ സർക്കാരിന്റെ ഭാഗം അറിയിക്കേണ്ടിവന്ന സാഹചര്യത്തിൽ കോർപ്പറേഷന്റെ പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുവാൻ സാധിക്കുകയില്ലെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്.

(ബി&സി) 2007-08 മുതൽ 2013-14 വരെ സൗജന്യ പാസുകളും മറ്റും അനുവദിച്ച വകയിൽ 1616.39 കോടി രൂപ നൽകണമെന്ന് കെ.എസ്.ആർ.ടി.സി. സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.ക്കുള്ള അധിക നികുതി**

323 (3957) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യെ 1990-ൽ 40% അധിക നികുതിയിൽ (സർചാർജ്) നിന്നും ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ 1997-ൽ ഇത് പുനഃസ്ഥാപിക്കുവാനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) നിലവിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.- യെ അധിക നികുതിയിൽനിന്നും ഒഴിവാക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) നിലവിൽ ഇത്തരത്തിൽ അധിക നികുതി കെ.എസ്.ആർ.ടി.സി.-ക്ക് അല്ലാതെ വേറെ സ്ഥാപനങ്ങൾക്ക് മേൽ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) കെ.എസ്.ആർ.ടി.സി.-യെ അധിക നികുതിയിൽനിന്നും ഒഴിവാക്കിയാൽ സർക്കാരിന് ഉണ്ടാകുന്ന നികുതി നഷ്ടം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26-7-1997-ൽ, 1976-ലെ കേരളാ മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ടിൽ സെക്ഷൻ 25-ൽ വരുത്തിയ ഭേദഗതിയെ തുടർന്നാണ് 40 ശതമാനം സർചാർജ് നൽകണമെന്ന വ്യവസ്ഥ വീണ്ടും വരാനിടയായത്.

(ബി) കെ.എസ്.ആർ.ടി.സി.-യെ 40 ശതമാനം സർചാർജ് നൽകുന്നതിൽ

നിന്നും ഒഴിവാക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) വൻകിട റീട്ടെയിൽ ചെയിനുകൾ, ഡയറക്ട് മാർക്കറ്റിംഗ് ചെയിനുകൾ എന്നിവർക്ക് അവർ അടയ്ക്കേണ്ട മൂല്യവർദ്ധിത നികുതിയുടെ 10% സർചാർജ് ഏർപ്പെടുത്തിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ അടയ്ക്കുന്ന വിൽപ്പന നികുതിയുടെ പുറത്തും 10% സർചാർജ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യെ അധിക നികുതി നൽകുന്നതിൽനിന്നും ഒഴിവാക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. കെ.എസ്.ആർ. ടി.സി.-യെ അധിക നികുതിയിൽ നിന്നും ഒഴിവാക്കിയാൽ സർക്കാരിന് ഉണ്ടാകുന്ന നികുതി നഷ്ടം സംബന്ധിച്ച് കൂടുതൽ പഠനം നടത്തിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക**

324 (3958) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻകാരിൽ എത്ര പേർ ആത്മഹത്യ ചെയ്തു എന്ന് അറിയുമോ ?

ഉത്തരം

പെൻഷൻ വിതരണത്തിലെ കാലതാമസംമൂലം ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യും സാമ്പത്തിക പ്രതിസന്ധിയും**

325 (3959) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും നൽകുന്നത് മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് എന്ന് അറിയിക്കുമോ ;

(ബി) വിപണിയിൽ ഡീസൽ വില താഴേക്ക് പോയത് കെ.എസ്.ആർ. ടി.സി.

പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഈയിനത്തിൽ എത്ര തുക ലാഭമായിട്ടുണ്ട് ;

(സി) സ്റ്റാഫ് കാർ ഓട്ടം അനാവശ്യ സിവിൽ ജോലികൾ എന്നിവയ്ക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി പെൻഷകാരെയും മറ്റ് തൊഴിലാളികളെയും പട്ടിണിക്കിടുന്നത് ഒഴിവാക്കുമോ ?

ഉത്തരം

(എ) ശമ്പളവും പെൻഷനും മുടങ്ങിയിട്ടുണ്ട്. 2014 നവംബർ മാസത്തെ ശമ്പളം 6-12-2014-ലാണ് വിതരണം ചെയ്തത്. നിലവിൽ 3 മാസത്തെ പെൻഷൻ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്. 2012 ഒക്ടോബർ മാസം മുതൽ പെൻഷൻ വിതരണം കുടിശ്ശികയാകുന്നുണ്ട്.

(ബി) ഉണ്ട്. പ്രതിദിനം ഏകദേശം 14 ലക്ഷം രൂപയുടെ കുറവ് ഇന്ധന വിലയിൽ ഉണ്ടായിട്ടുണ്ട്.

(സി) സ്റ്റാഫ് കാർ ഓട്ടം പരിമിതപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പ്ലാൻ ഫണ്ടിൽപ്പെടുത്തി അനുവദിക്കുന്ന തുകയ്ക്കുള്ള ജോലികൾ മാത്രമേ നടത്തുന്നുള്ളൂ. കൂടാതെ MLA LACADS, MLA SDF, MLAD എന്നീ ഫണ്ടുകൾ ഉപയോഗിച്ചാണ് പണികൾ ചെയ്യുന്നത്. കെ.എസ്.ആർ.ടി.സി. നേരിട്ട് പണി നിർവ്വഹിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് മുതൽമുടക്കിന് പലിശരഹിത നിക്ഷേപം സ്വീകരിച്ചാണ് പണം കണ്ടെത്തുന്നത്.

**കെ.എസ്.ആർ.ടി.സി.-യിലെ എഫ്.എ.ആന്റ് സി.എ.ഒ. തസ്തികയിൽ നിയമനം**

326 (3960) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ മുൻകാലങ്ങളിൽ എഫ് ആന്റ് സി.എ.ഒ. തസ്തികയിൽ നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം ;

(ബി) ഇപ്പോൾ പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം ; ഇപ്പോൾ യോഗ്യതയിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ഇളവുകളാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ ഇളവു വരുത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് ആക്ട് പ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് സർക്കാരാണ് നിയമനം നടത്തുന്നത്. മുൻ കാലങ്ങളിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നും ഇൻഡ്യൻ ഓഡിറ്റ് & അക്കൗണ്ട്സ് സർവ്വീസ് യോഗ്യതയുള്ളവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. സർക്കാരിലെ ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള സീനിയർ ഉദ്യോഗസ്ഥരെയാണ് എഫ്.എ&സി.എ.ഒ.-യുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സമീപകാലത്ത് നിയമിച്ചു വന്നിരുന്നത്. നിലവിൽ ഒഴിവുള്ള പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുന്ന വിഷയവും നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ ഫിനാൻസ് മാനേജർക്ക് എഫ്.എ.&സി.എ.ഒ.-യുടെ അധിക ചുമതല കോർപ്പറേഷൻ നൽകിയിരിക്കുന്നതും സർക്കാർ പരിശോധിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി**

327 (3961) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ ;

(ബി) എത്ര തുകയാണ് പ്രതിമാസ ശമ്പളം, പെൻഷൻ എന്നിവയ്ക്കായി വേണ്ടത്; ഇതിനകം എവിടെനിന്നെല്ലാം വായ്പകൾ എടുത്തിട്ടുണ്ട്; ബാദ്ധ്യതകൾ എത്ര; പ്രതിമാസം എത്ര തുകയാണ് തിരിച്ചടക്കേണ്ടത് , വ്യക്തമാക്കാമോ ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം എത്ര ഷെഡ്യൂൾ വെട്ടിക്കുറച്ചു; ആകെ എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്;

(ഡി) 2010 മുതൽ 2014 വരെ പ്രതിമാസം എത്ര ബസ്സുകളാണ് പുതിയതായി നിരത്തിലിറക്കിയത്; നിലവിലുള്ള സ്ഥിരം, താൽക്കാലികം, എം-പാനൽ ജീവനക്കാരുടെ എണ്ണം എത്ര ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ കെ.എസ്.ആർ.ടി.സി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. പ്രതിമാസ വരവ് ചെലവ് അന്തരം 78 കോടി രൂപയാണ്. ഡീസൽ വാങ്ങുന്ന ഇനത്തിലുള്ള തുകയും വായ്പ തിരിച്ചടവും കഴിയുമ്പോൾ പ്രതിമാസ വരുമാനത്തിൽനിന്നും ശമ്പളവും പെൻഷനും നൽകാൻ കഴിയാത്ത സ്ഥിതിയാണ് ഉള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വായ്പയിനത്തിൽ 930 കോടി രൂപയും സബ്സിഡി/ഗ്രാന്റ് ഇനത്തിൽ 60 കോടി രൂപയും പദ്ധതി വിഹിതമായി 217.92 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും പ്രതിമാസം ശമ്പളം വിതരണം ചെയ്യുന്നതിന് 65.17 കോടി രൂപ ആവശ്യമാണ്. പെൻഷൻ വിതരണത്തിന് പ്രതിമാസം 40.16 കോടി രൂപ ആവശ്യമാണ്. കെ.റ്റി.ഡി.എഫ്.സി., ഹഡ്കോ, കെ.എസ്.റ്റി. തിരുവനന്തപുരം-റ്റി.133, LIC എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തിട്ടുണ്ട്. വായ്പതിരിച്ചടവ് ഇനത്തിൽ പ്രതിമാസം ശരാശരി 49 കോടി രൂപ ആവശ്യമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഹഡ്കോ | 3.23 കോടി രൂപ |
| കെ.റ്റി.ഡി.എഫ്.സി. | 45.07 " |
| കെ.എസ്.റ്റി. | 71000 രൂപ |

LIC വായ്പക്ക് വാർഷിക തവണകളായാണ് തിരിച്ചടവ് നൽകിവരുന്നത്. പ്രതിവർഷ തവണയായി 5 കോടി രൂപയും നിലവിലുള്ള മുതലിന്റെ 13% പലിശയും തിരിച്ചടവിനായി ആവശ്യമുണ്ട്.

(സി) സാമ്പത്തിക പ്രതിസന്ധികാരണം ഷെഡ്യൂളുകളൊന്നും വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ബസിന്റെ കുറവ് കാരണം വരുമാനക്കുറവുമുള്ള ചില ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. 1-12-2014-ലെ കണക്കനുസരിച്ച് 320 JnNURAM ബസുകൾ ഉൾപ്പെടെ 5923 ബസുകൾ ഉള്ളതിൽ 4907 ബസുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്.

(ഡി) 2010 മുതൽ 2014 വരെ പ്രതിമാസം നിരത്തിലിറക്കിയ ബസുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

11/2014-ലെ കണക്കുപ്രകാരം 34,698 സ്ഥിരം ജീവനക്കാരും 9,608 താൽക്കാലിക എംപാനൽ ജീവനക്കാരുമുണ്ട്.

**കെ.എസ്.ആർ.ടി.സി.ചെയിൻ സർവ്വീസ്**

328 (3962) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാനായി ആരംഭിച്ച പുനലൂർ-പത്തനംതിട്ട-റാന്നി-എരുമേലിവഴി മുണ്ടക്കയത്തിനും പൊൻകുന്നത്തിനും കാഞ്ഞിരപ്പള്ളിക്കും ഉള്ള കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ഇപ്പോഴും നിലവിലുണ്ടോ ;

(ബി) പ്രസ്തുത ചെയിൻ സർവ്വീസ് ആരംഭിച്ചപ്പോൾ വിവിധ ഡിപ്പോകളിൽനിന്നും അനുവദിച്ച ബസുകളുടെ എണ്ണവും ഷെഡ്യൂളുകളുടെ എണ്ണവും എത്രയെന്ന് പറയാമോ ; നിലവിൽ ഇതേ റൂട്ടിൽ വിവിധ ഡിപ്പോകളിൽ നിന്നും എത്ര ബസുകൾ എത്ര ഷെഡ്യൂളുകളിൽ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) കൃത്യമായി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ബസുകളും ഷെഡ്യൂളുകളും വെട്ടിക്കുറയ്ക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇതേ റൂട്ടിലൂടെ ദീർഘദൂര സ്വകാര്യബസുകൾ അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതുതായി എത്ര സ്വകാര്യ ബസ് സർവ്വീസുകളാണ് ഇത്തരത്തിൽ അനുവദിച്ചിരിക്കുന്നത് എന്ന് പറയാമോ ;

(ഇ) കൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ ഇതേ റൂട്ടിൽ അനുവദിച്ച് ചെയിൻ സർവ്വീസ് കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) പുനലൂർ, പത്തനംതിട്ട, പൊൻകുന്നം യൂണിറ്റുകളിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന പ്രസ്തുത ചെയിൻ സർവ്വീസുകൾ നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) <u>പുനലൂർ:</u>

| | |
|---|---|
| അനുവദിച്ച ഷെഡ്യൂളുകൾ | - 7 |
| അനുവദിച്ച ബസ്സുകൾ | - 7 |
| നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത് | - 3 |
| <u>പത്തനംതിട്ട:</u> | |
| അനുവദിച്ച ഷെഡ്യൂളുകൾ | - 6 |
| അനുവദിച്ച ബസ്സുകൾ | - 6 |
| നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത് | - 6 |
| <u>പൊൻകുന്നം:</u> | |
| അനുവദിച്ച ഷെഡ്യൂളുകൾ | - 7 |
| അനുവദിച്ച ബസ്സുകൾ | - 7 |
| നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത് | - 5 |

(സി) ബസുകളുടെ കുറവുമൂലമാണ് ഷെഡ്യൂളുകൾ താൽക്കാലികമായി വെട്ടിക്കുറയ്ക്കേണ്ടി വന്നിട്ടുള്ളത്.

(ഡി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ പുനലൂർ-പത്തനംതിട്ട-റാന്നി-എരുമേലിവഴി മുണ്ടക്കയത്തിനും, പൊൻകുന്നം, കാഞ്ഞിരപ്പള്ളി പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റൂട്ടിലൂടെ പുതിയതായി സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ നിലവിൽ ഓടുന്നതും 9-5-2006-ന് മുമ്പ് ഗ്രാന്റ് ചെയ്തതുമായ പെർമിറ്റുകൾ പുതുക്കി നൽകുന്നുണ്ട്.

(ഇ) പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ചെയിൻ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ റാങ്ക് ലിസ്റ്റ്

329 (3963) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമന ഉത്തരവ് നൽകി ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ എത്ര പേർക്കാണ് നിയമന ഉത്തരവ് നൽകിയതെന്ന കണക്കുകൾ ലഭ്യമാക്കാമോ ;

(സി) ഉത്തരവുകൾ കൈപ്പറ്റിയ എത്ര പേരാണ് കാഞ്ഞങ്ങാട്, കാസർഗോഡ് ഡിപ്പോകളിൽ ജോലിയിൽ പ്രവേശിച്ചതെന്ന് അറിയിക്കാമോ ;

(ഡി) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കണ്ടക്ടർമാർ ഇല്ലാത്തത് സർവ്വീസുകൾ മുടങ്ങുന്നതിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് നമ്പർ 5363 വരെ ഉള്ളവർക്കുള്ള നിയമന നടപടികൾ പൂർത്തിയായിട്ടുണ്ട്. ആയതിൽ 73 പേരുടെ ID പി.എസ്.സി.-യിൽനിന്നും ലഭ്യമായിട്ടില്ല. നിയമനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) കാസർഗോഡ് ഡിപ്പോയിൽ 119 പേർക്കും കാഞ്ഞങ്ങാട് ഡിപ്പോയിൽ 86 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) 9-12-2014 വരെയുള്ള കണക്കനുസരിച്ച് കാസർഗോഡ് ഡിപ്പോയിൽ 39 പേരും കാഞ്ഞങ്ങാട് ഡിപ്പോയിൽ 24 പേരും ജോലിയിൽ പ്രവേശിച്ചു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

330 (3964) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻ സ്റ്റാറ്റ്യൂട്ടറി പെൻഷനാണോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻ സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) അല്ല.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാദ്ധ്യത സംബന്ധിച്ച കോടതി വിധി പരിശോധിച്ചുവരുന്നു.

**കെ.എസ്.ആർ.ടി. പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകൾ**

331 (3965) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകളിൽ നിന്നും ഈ വർഷം എത്ര പുതിയ സർവ്വീസുകൾ ആരംഭിച്ചു ;

(ബി) ഇതിൽ എത്ര അന്തർ സംസ്ഥാന സർവ്വീസുകളാണ് ഉള്ളത് ;

(സി) വടക്കഞ്ചേരി ഡിപ്പോയിൽനിന്നും ഈ കാലയളവിൽ ഏതെങ്കിലും സർവ്വീസ് നിർത്തലാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകളുടെ നവീകരണത്തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഡിപ്പോ തിരിച്ച് പദ്ധതികൾ വ്യക്തമാക്കുമോ ;

(എഫ്) ശബരിമല, ഉത്സവ സീസൺ എന്നിവ കണക്കിലെടുത്ത് പാലക്കാട്-തൃശ്ശൂർ, തൃശ്ശൂർ-പൊള്ളാച്ചി (ആലത്തൂർവഴി) എന്നീ റൂട്ടുകളിൽ കൂടുതൽ ബസ് സർവ്വീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകളിൽനിന്നും ഈ വർഷം പുതിയ സർവ്വീസുകളൊന്നും തന്നെ ആരംഭിച്ചിട്ടില്ല.

(സി) ഇല്ല. ബസ്സുകളുടെ കുറവുമൂലം താൽക്കാലികമായി ഷെഡ്യൂളുകൾ റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) പാലക്കാട് ഡിപ്പോ നവീകരണത്തിന് ഉദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വടക്കഞ്ചേരി ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ നവീകരണത്തിനുള്ള ഉദ്ദേശ്യമില്ല.

(ഇ) പാലക്കാട് ഒരു ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനും പുതിയ ഗാരേജ് സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള രൂപരേഖ മുൻസിപ്പാലിറ്റിയിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ നിലവിൽ ഇക്കാര്യം പരിഗണിക്കുന്നതിന് നിർവ്വാഹമില്ല.

## കെ.എസ്.ആർ.ടി.സി. സ്ക്വാഡുകൾ

332 (3966) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമാന്തര സർവ്വീസുകൾ തടയുന്നതിനായി കെ.എസ്.ആർ.ടി.സി. സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ടോ; എത്ര സ്ക്വാഡുകളാണ് ഇതിനുള്ളത്; ഏതൊക്കെ ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ക്വാഡുകൾ എത്ര വാഹനങ്ങൾ പിടിച്ചു; പിടിച്ച വാഹനങ്ങളുടെ ഉടമസ്ഥർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) സമാന്തര സർവ്വീസുകൾ തടയുന്നതിനായി സ്ക്വാഡുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ അനധികൃത സമാന്തര സർവ്വീസുകൾ തടയുന്നതിലേക്കായി സർക്കാർ നിർദ്ദേശ പ്രകാരം മോട്ടോർ വാഹന വകുപ്പ്, പോലീസ്, കെ.എസ്.ആർ.ടി.സി. എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന 7 സ്ക്വാഡുകൾ പ്രവർത്തിച്ചിരുന്നു. മോട്ടോർ വാഹന വകുപ്പിലെയും പോലീസിലെയും ഉദ്യോഗസ്ഥരെ യഥാസമയം ലഭ്യമാകാതെ വന്നതിനെത്തുടർന്ന് ഈ സ്ക്വാഡുകളുടെ പ്രവർത്തനം നിർജ്ജീവമാകുകയുണ്ടായി. ഇപ്പോൾ കെ.എസ്. ആർ.ടി.സി.-യുടെ ഒരു വാഹനം ഉപയോഗിച്ച് ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കി അനധികൃത സമാന്തര സർവ്വീസുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ക്വാഡുകൾ 68 വാഹനങ്ങൾ

പിടിച്ചു. വാഹന ഉടമകളിൽനിന്നും 1,79,900 രൂപ പിഴയായി പിടിച്ചെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം നഗരത്തിൽ സ്ക്വാഡുകൾ പ്രവർത്തിച്ചിരുന്ന കാലത്ത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ രീതിയിലുള്ള പ്രവർത്തനവും ഗുണകരമാണെന്നാണ് അനുഭവത്തിലൂടെ വ്യക്തമാകുന്നത്.

**കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യത**

333 (3967) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യത എത്രയെന്നു വെളിപ്പെടുത്താമോ ; ഏതെല്ലാം ഏജൻസികൾക്ക് എത്രവീതം തുക വായ്പയിനത്തിൽ തിരിച്ചടയ്ക്കാനുണ്ടെന്ന കാര്യം വിശദീകരിക്കാമോ ;

(ബി) 2014-15 വർഷത്തിൽ നാളിതുവരെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എത്ര തുക വായ്പയെടുത്തു ;

(സി) പ്രസ്തുത വായ്പ ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 30-11-2014-ലെ കണക്കുപ്രകാരം 1575.26 കോടി രൂപ വായ്പയിനത്തിൽ കോർപ്പറേഷൻ, കെ.റ്റി.ഡി.എഫ്.സി, ഹഡ്കോ, കെ.എസ്.റ്റി-133, LIC എന്നീ സ്ഥാപനങ്ങൾക്ക് നൽകാനുണ്ട്. വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു :

| | |
|---|---|
| ഹഡ്കോ | 93.76 കോടി |
| കെ.എസ്.റ്റി. 133 | 9.50 കോടി |
| കെ.റ്റി.ഡി.എഫ്.സി. | 1412 കോടി<br>(Un-audited figure) |
| LIC | 60 കോടി |

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഹഡ്കോ | 25 കോടി |
| കെ.എസ്.റ്റി. 133 | 10 കോടി |
| കെ.റ്റി.ഡി.എഫ്.സി. | 474 കോടി |

(സി) ഹഡ്കോ, കെ.എസ്.റ്റി. 133 എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ ബസുകൾ വാങ്ങുന്നതിനായാണ് വിനിയോഗിച്ചത്. കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ പ്രവർത്തന ചെലവുകൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്.

**കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും നിരക്കുവർദ്ധനയും**

334 (3968) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ കഴിഞ്ഞ നാല് മാസത്തെ വരുമാനം എത്ര വീതമാണെന്നും 2013-ൽ ഇതേ മാസങ്ങളിലുള്ള വരുമാനം എത്ര യാണെന്നും വ്യക്തമാക്കുമോ ;

(ബി) 2013-ന് നവംബറിനു ശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിരക്കു വർദ്ധന നടപ്പാക്കിയിട്ടുണ്ടോയെന്നും എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയതെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാല് മാസങ്ങളിലും 2013-ലെ ഇതേ മാസങ്ങളിലും കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് വരുമാനം യഥാക്രമം

1,51,32,83,547 രൂപ

1,50,52,13,860 രൂപ

1,52,39,13,954 രൂപ

1,51,48,46,246 രൂപ എന്നിവയാണ്.

2013 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് വരുമാനം യഥാക്രമം

1,36,04,02,216 രൂപ

1,41,00,61,857 രൂപ

1,42,03,87,812 രൂപ

1,35,75,92,101 രൂപ എന്നിവയാണ്.

(ബി) 20-5-2014-ന് ടിക്കറ്റ് നിരക്ക് വർദ്ധനവ് നടപ്പിൽ വരുത്തിയിട്ടുണ്ട്. മിനിമം നിരക്കിൽ 15.60 ശതമാനവും കിലോമീറ്റർ നിരക്കിൽ 10.16 ശതമാനവും വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

(സി) 2014-ലെ സർവ്വീസ് നടത്തിപ്പ് :

ആഗസ്റ്റ് - 4449

സെപ്റ്റംബർ - 4347

ഒക്ടോബർ - 4454

നവംബർ - 4452

2013-ലെ സർവ്വീസ് നടത്തിപ്പ് :

ആഗസ്റ്റ് - 4690

സെപ്റ്റംബർ - 4640

ഒക്ടോബർ - 4619

നവംബർ - 4407

**കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർ**

335 (3969) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനയ്യായിരം രൂപക്ക് മുകളിൽ പെൻഷൻ വാങ്ങുന്ന എത്ര പെൻഷൻകാർ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ട് ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻകാരുടെ പെൻഷൻ പുനർ നിർണ്ണയിക്കാൻ ആലോചനയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2014 സെപ്റ്റംബർ മാസത്തിലെ കണക്ക് പ്രകാരം പതിനയ്യായിരം രൂപയുടെ മുകളിൽ പെൻഷൻ വാങ്ങുന്ന 8643 പെൻഷൻകാർ കെ.എസ്.ആർ.ടി. സി.-യിലുണ്ട്.

(ബി) ജീവനക്കാരുടെ സേവന-വേതന കരാറിന്റെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പരിഷ്കരണം നടത്തുന്നത്. 2016-ലാണ് നിലവിലുള്ള കരാറിന്റെ കാലാവധി അവസാനിക്കുന്നത്. നിലവിൽ പെൻഷൻ പുനർ നിർണ്ണയിക്കുന്ന വിഷയം പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർക്ക് അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടി

336 (3970) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ജൂനിയർ അസിസ്റ്റന്റ് ഒഴിവുകളിൽ മറ്റ് ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടി ക്രമവിരുദ്ധമായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ സംബന്ധിച്ച് വിശദാംശം നൽകുമോ ;

(സി) ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർ ഇത്തരത്തിൽ ജോലി ചെയ്യുമ്പോൾ അവരുടെ നേച്ചർ ഓഫ് വർക്ക് മാറുന്നതുമൂലം ക്വാളിഫയിംഗ് സർവ്വീസിൽ ഇത്തരം സർവ്വീസ് കൂട്ടാൻ കഴിയില്ല എന്ന ചട്ടം കെ.എസ്.ആർ.ടി.സി. -യിൽ പാലിക്കാറുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഇത്തരത്തിൽ നൽകുന്ന അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടികൾ 6 മാസം

കഴിഞ്ഞാൽ സർവ്വീസായി പരിഗണിക്കാൻ പാടില്ല എന്ന് കെ.എസ്.ആർ.ടി. 2001-ൽ പുറപ്പെടുവിച്ച ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത ഉത്തരവ് പിൻവലിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശവും ഉത്തരവ് പിൻവലിക്കാനുണ്ടായ സാഹചര്യവും വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2001-2003 കാലഘട്ടത്തിൽ ആശ്രിത നിയമനം മുഖേന കണ്ടക്ടർ തസ്തികയിൽ നിയമനം ലഭിച്ച വനിതാ ജീവനക്കാർക്ക് 1-2-2012-ലെ PL 15/029031/11 ഉത്തരവ് പ്രകാരം ലൈറ്റ് ഡ്യൂട്ടി/അദർ ഡ്യൂട്ടിയിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഡ്യൂട്ടി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) പാലിക്കാറുണ്ട്. ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിക്കുമ്പോൾ അവരവരുടെ ചാനലിൽ ഡ്യൂട്ടി ചെയ്യാൻ നിർദ്ദേശിക്കാറുണ്ട്. എന്നാൽ ചില ജീവനക്കാർക്ക് താഴ്ന്ന തസ്തികയിൽ ലൈറ്റ് ഡ്യൂട്ടി അനുവദിക്കാറുണ്ട്. (പ്യൂൺ, പമ്പ് ഓപ്പറേറ്റർ, സ്റ്റോർ ഇഷ്യൂർ) ഇവരുടെ ലൈറ്റ് ഡ്യൂട്ടി കാലാവധി ഗ്രേഡ് പ്രൊമോഷന് പരിഗണിക്കാറില്ല.

(ഡി&ഇ) അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടികൾ ആറ് മാസം കഴിഞ്ഞാൽ സർവ്വീസായി പരിഗണിക്കുവാൻ പാടില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി.യിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ

337 (3971) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകണമെന്ന് ബോർഡ് തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ തീരുമാനത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മുൻ തീരുമാനത്തിനു വിരുദ്ധമായി എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഡസ്ട്രിയൽ റിലേഷൻ മാനേജർ എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്താൻ അനുവാദം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും എസ്കിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള ബോർഡ് തീരുമാനം ഉണ്ട്. 22-12-2012-ലെ 370-ാമത് ഡയറക്ടർ ബോർഡ് മീറ്റിംഗിലെ അജണ്ട ഇനം 89/2012 നമ്പർ പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യത സംബന്ധിച്ച റെഗുലേഷൻ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബോർഡ് തീരുമാനത്തിൽ ഭേദഗതി വരുത്തിയിട്ടില്ല.

(ബി) 26-8-2014-ൽ ചേർന്ന 380-ാമത് ഭരണസമിതി യോഗത്തിലെ അജണ്ട ഇനം 69/2014-ന്റെ തീരുമാന പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ ഒരു എക്സിക്യൂട്ടീവ് ഡയറക്ടർ മാത്രമേ നിലവിലുള്ളൂവെന്നും മറ്റ് നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണെന്നും ചെയർമാൻ അറിയിച്ചതിനെ തുടർന്ന് നിലവിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് നിയോഗിക്കുന്നതിന് സമർത്ഥരായവർ ഇല്ലാത്തതിനാൽ യോഗ്യതയും പ്രാപ്തിയുമുള്ളവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് കെ.എസ്.ആർ.ടി.സി. ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും സർക്കാർ, പൊതുജനങ്ങൾ, ജീവനക്കാർ എന്നിവരുമായി നിരന്തരം നടത്തേണ്ട സംവേദനത്തിന് സഹായകരമാകുന്നതിനു വേണ്ടി നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തികകൂടി ഇപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കേണ്ടത് അനിവാര്യമാണെന്നും ഭരണസമിതിയോഗം തീരുമാനിച്ചു. ഇപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്കും, ഒരു ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തികയിലേക്കും ഡെപ്യൂട്ടേഷൻ മുഖാന്തരം യോഗ്യതയും പ്രാഗത്ഭ്യവും കഴിവുമുള്ളവരെ നിയോഗിക്കുന്നതിനുവേണ്ടി 12-11-2014-ൽ കെ.എസ്.ആർ.ടി.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടി വാങ്ങിയ ബസ് ചേസിസുകൾ**

338 (3972) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്ആർ.ടി.സി.-ക്ക് വേണ്ടി എത്ര ബസ് ചേസിസ്സുകൾ വാങ്ങിയിട്ടുണ്ട് ; അതിന് എത്ര തുക ചെലവായി ;

(ബി) പ്രസ്തുത ചേസിസുകളിൽ എത്രയെണ്ണം ബോഡി നിർമ്മാണം പൂർത്തീകരിച്ച് സർവ്വീസിന് സജ്ജമാക്കി നൽകി ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഏതെല്ലാം വർക്ക് ഷോപ്പുകളിലാണ് പ്രസ്തുത ബോഡി നിർമ്മാണം നടന്നതെന്നും ഓരോ വർക്ക്ഷോപ്പുകളും എത്ര വീതം ബസുകളുടെ ബോഡി നിർമ്മാണം നടത്തിയെന്നും ബോഡി നിർമ്മാണത്തിന് ബസ് ഒന്നിന് എത്ര തുക ചെലവായെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,109 പുതിയ ബസ് ഷാസികൾ വാങ്ങിച്ചു. ഈയിനത്തിൽ 172.31 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) ഇതിൽ 1008 ഷാസികൾ ബോഡി നിർമ്മാണം പൂർത്തിയാക്കി നിരത്തിലിറക്കി.

(സി)

| | |
|---|---|
| റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ | - 173 |
| റീജിയണൽ വർക്ക്ഷോപ്പ് കോഴിക്കോട് | - 132 |
| റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര | - 105 |
| റീജിയണൽ വർക്ക്ഷോപ്പ് ആലുവ | - 108 |
| സെൻട്രൽ വർക്ക്ഷോപ്പ് പാപ്പനംകോട് | - 490 |
| ആകെ | 1,008 |

ബസ് ബോഡി നിർമ്മാണത്തിനായി ബസ്സൊന്നിന് ചെലവായ ശരാശരി തുക

| | |
|---|---|
| ഫാസ്റ്റ് പാസഞ്ചർ | - 5,23,642 |
| സൂപ്പർ ഫാസ്റ്റ് | - 5,53,181 |
| എക്സ്പ്രസ് | - 6,29,251 |
| സൂപ്പർ ഡീലക്സ് | - 8,37,191 |

| | |
|---|---|
| ഷോർട്ട് വീൽ ബസ്സ് | - 4,01,227 |
| മലബാർ/വേണാട് | - 5,51,619 |
| രാജധാനി | - 5,02,357 |

**റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ**

339 (3973) ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീമതി ജമീല പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് സേഫ്റ്റി ബില്ലുമായി ബന്ധപ്പെട്ട് ഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ കേരളത്തിന്റെ പ്രതിനിധികൾ പങ്കെടുത്തിരുന്നുവോ ; ഉണ്ടെങ്കിൽ ആരെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

പങ്കെടുത്തിരുന്നു. ഗതാഗത വകുപ്പ് മന്ത്രിയും ഗതാഗത വകുപ്പ് സെക്രട്ടറിയും ഗതാഗത കമ്മീഷണറുമാണ് പങ്കെടുത്തത്.

**ഓച്ചിറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന് കെട്ടിട നിർമ്മാണം**

340 (3974) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓച്ചിറ KSRTC ബസ് സ്റ്റാൻഡിന് എം.എൽ.എ. ഫണ്ടിൽനിന്ന് അനുവദിച്ച 25 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണ് ; നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണമെന്താണ് ; എന്നത്തേക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

കരാർ ഏറ്റെടുത്ത കരാറുകാരന് പ്രവൃത്തി തുടങ്ങുവാൻ പ്രാദേശികമായ

എതിർപ്പ് കാരണം സാധിച്ചിട്ടില്ല. ഇതുമൂലം പ്രസ്തുത നിർമ്മാണ പ്രവൃത്തി ഉപേക്ഷിക്കേണ്ട അവസ്ഥയിലാണ്.

**സ്പീഡ് ഗവർണർ ഘടിപ്പിക്കാൻ നടപടി**

341 (3975) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വാഹനങ്ങൾക്കാണ് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ളത് ;

(ബി) സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ള എല്ലാ വാഹനങ്ങളിലും ആയത് ഘടിപ്പിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത് പാലിച്ചിട്ടില്ലാത്ത വാഹനങ്ങൾ കണ്ടെത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകളിലൂടെ ടിപ്പർ വാഹനങ്ങൾ, എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകൾ, സ്റ്റേജ് കാര്യേജുകൾ, ഹെവിവാഹനങ്ങൾ എന്നിവയ്ക്ക് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. 31-12-2012 ജി.എസ്.ആർ. 943(ഇ) പ്രകാരം 3,500 കിലോ ഗ്രാമിൽ കൂടുതൽ ഗ്രോസ്സ് വെഹിക്കിൾ വെയ്റ്റ് ഉള്ള മൊബൈൽ ക്ലിനിക്ക്, എക്സ്-റേ വാൻ, ലൈബ്രറി വാൻ, മൊബൈൽ വർക്ക് ഷോപ്പ്, മൊബൈൽ കാന്റീൻ എന്നിവയ്ക്ക് സ്പീഡ് ഗവർണർ നിർബന്ധമാണ്.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

**അരൂർ പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്റർ ഓഫീസ് നിർമ്മാണം**

342 (3976) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ്

നിർമ്മിക്കണമെന്നുള്ള പഞ്ചായത്ത് അധികാരികളുടെ നിവേദനത്തെ തുടർന്ന് പ്രസ്തുത ഓഫീസ് നിർമ്മിക്കുന്നതിന് അനുവാദം നൽകിയിരുന്നോ ;

(ബി) നൽകിയെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിനായി നടത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത ഓഫീസ് നിർമ്മിക്കുന്നതിന് ഏതെങ്കിലും വകുപ്പിന്റെ എതിർപ്പുണ്ടോ ; ഉണ്ടെങ്കിൽ ഏതു വകുപ്പിന്റെ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ തടസ്സങ്ങൾ മാറ്റി കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) അനുവാദം നൽകിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഒരു രീതിയിലുമുള്ള പുതിയ സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ പുതിയ സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ -കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പുരോഗതി

343 (3977) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ച് ഇനിയും ഏതെങ്കിലും വകുപ്പുകളിൽനിന്ന് എൻ.ഒ.സി.-യും അംഗീകാരവും ലഭിക്കേണ്ടതുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിർമ്മാണച്ചുമതല കെ.എസ്.ആർ.ടി.സി. നേരിട്ട് തന്നെ ഏറ്റെടുക്കുന്നുണ്ടോ ;

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് പണി ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) യു.ഡി.എഫ് സർക്കാരിന്റെ 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അനന്തമായി നീളുന്നതിലുള്ള പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനും

നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല. ബി.ഒ.റ്റി. അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയിരുന്ന കെ.റ്റി.ഡി.എഫ്.സി. പ്രസ്തുത നിർമ്മാണ ചുതലയിൽനിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18-11-2014-ൽ നടന്ന ഉന്നതതല യോഗതീരുമാനപ്രകാരം മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല കെ.റ്റി.ഡി.എഫ്.സി.-യെ ഒഴിവാക്കി കെ.എസ്.ആർ.ടി.സി.ക്ക് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) നഗരസഭയുടെ കെട്ടിടനിർമ്മാണ അനുമതിയും അഗ്നി സുരക്ഷാ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും വർക്ക് സൈറ്റിലെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്.

(സി) മലപ്പുറം ബസ് ടെർമിനൽ -കം- ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല കെ.എസ്.ആർ.ടി.സി.-ക്ക് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി&ഇ) കെ.റ്റി.ഡി.എഫ്.സി.-യുടെ നിർവ്വഹണ ചുമതലയിൽ തയ്യാറാക്കിയ പ്ലാനും ഡിസൈനും കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ (സിവിൽ) എന്നിവർ സംയുക്തമായി പരിശോധിക്കുന്നതിനും ഇതിന്റെ സ്വീകാര്യത സംബന്ധിച്ചുള്ള തീരുമാനം സർക്കാരിൽ അറിയിക്കുവാനും ടി പ്രോജക്ടിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി റിവൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി തുടർ നടപടി സ്വീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വകാര്യ ബസ്സുകളുടെ സൂപ്പർ ക്ലാസ്സ് പദവി

344 (3978) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വകാര്യ ബസ്സുകൾ പലതും സൂപ്പർ ക്ലാസ്സ് പദവിയിലേക്ക് ഉയർത്തുന്നതുമൂലം വിദ്യാർത്ഥികൾ അടക്കമുള്ളവർക്ക് ഉണ്ടാകുന്ന

ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; വിശദാംശം എന്തെല്ലാം ;

(ബി) ഓർഡിനറി ബസുകളിൽനിന്നും വിഭിന്നമായി എന്ത് സൗകര്യമാണ് ഫാസ്റ്റ്/സൂപ്പർ ഫാസ്റ്റ് /സ്വകാര്യ ബസ്സുകൾ കൂടുതൽ ചാർജ്ജുകൾ ഈടാക്കുന്നതിന് പകരമായി യാത്രക്കാർക്ക് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഫാസ്റ്റും/സൂപ്പർ ഫാസ്റ്റും കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം പരിമിതപ്പെടുത്തിയും കെ.എസ്.ആർ.ടി.സി-ക്കുവേണ്ടി ദേശസാൽക്കരിച്ച മുഴുവൻ റൂട്ടുകളും ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ്വാശ്രയ ബസുകൾ സൂപ്പർ ക്ലാസ് പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടതുകാരണം വിദ്യാർത്ഥികൾക്ക് ലഭ്യമായിരുന്ന കൺസഷൻ ആനുകൂല്യം നഷ്ടപ്പെടുന്നതായും ഹ്രസ്വദൂര യാത്രക്കാർക്ക് കൂടുതൽ ചാർജ് നൽകേണ്ടിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓർഡിനറി ബസ്സുകൾക്ക് 15 വർഷം വരെ പഴക്കം ആകാം. ഇവ എല്ലാ സ്റ്റോപ്പുകളിലും നിർത്തി യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്യണം. സൂപ്പർ ക്ലാസ്സ് ബസ്സുകൾക്ക് പരമാവധി 5 വർഷം പഴക്കമേ ആകാവൂ. താരതമ്യേന പുതിയ വാഹനങ്ങളിലുള്ള യാത്രയും ലക്ഷ്യസ്ഥാനത്ത് പെട്ടെന്ന് എത്തിച്ചേരാൻ കഴിയുമെന്നുള്ള സൗകര്യവുമാണ് സൂപ്പർക്ലാസ്സ് ബസ്സുകളിൽ കൂടുതൽ ചാർജ് നൽകുന്നതിലൂടെ യാത്രക്കാർക്ക് ലഭിക്കുന്ന അധിക സേവനം.

(സി) സംസ്ഥാനത്തെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലേക്കുള്ള സൂപ്പർക്ലാസ്സ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള അധികാരം കെ.എസ്.ആർ.ടി.സി.-ക്കു മാത്രമായി നൽകിക്കൊണ്ട് 16-7-2013-ൽ സ.ഉ.(അച്ചടി) 73/13/ഗതാ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.-ക്ക് പൊതു ഗതാഗത ആവശ്യം നിറവേറ്റുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ ഇപ്പോൾ പരിമിതമായതിനാൽ 16-7-2013-ന് മുൻപ് തുടർന്ന് വന്ന രീതിയിൽ തന്നെ താൽക്കാലികമായി തുടരാൻ തീരുമാനിക്കുകയും ഒരു പുതിയ സ്കീം തയ്യാറാക്കി കോടതിയുടെ അനുമതിയോടെ നടപ്പാക്കാൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇത് സംബന്ധിച്ച് ചെയർമാൻ & മാനേജിംഗ്

ഡയറക്ടറുടെ നിർദ്ദേശം ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

## വാഴക്കോട് റോഡ് പുനരുദ്ധരിക്കുന്നതിന് വനം വകുപ്പിന്റെ ഭൂമി വിട്ടുകൊടുക്കാൻ നടപടി

345 (3979) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-ഷൊർണ്ണൂർ റോഡിലെ തുടർച്ചയായ അപകടങ്ങൾക്ക് കാരണമായ വാഴക്കോട് ജംഗ്ഷനിലെ കൊടുംവളവ് ഒഴിവാക്കി റോഡ് പുനരുദ്ധരിക്കുന്നതിന് വനം വകുപ്പിൽ നിന്നും ഭൂമി വിട്ടുകിട്ടുവാൻ പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) നിലവിലുള്ള റോഡിന്റെ അപകടകരമായ അവസ്ഥ ഒഴിവാക്കി റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷ പരിഗണിച്ച് ഭൂമി വിട്ടു കൊടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇല്ല.

(സി) പൊതുമരാമത്ത് വകുപ്പിൽനിന്നും അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## പൊതുഗതാഗത സംവിധാനത്തിലെ ബസ്സുകളുടെ വിവരം

346 (3980) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഗതാഗത സംവിധാനത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകളും എത്ര സ്വകാര്യ ബസുകളുമാണ് സർവ്വീസ് നടത്തുന്നതെന്നും ഇത് എത്ര ശതമാനം വീതമെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് ഉണ്ടായിരുന്നതെന്നും അത് സംസ്ഥാനത്ത് ആകെയുള്ള ബസുകളിൽ എത്ര ശതമാനമായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) കെ.എസ്. ആർ.ടി.സി.-യുടെ വരുമാനത്തിൽ ബസ് ടിക്കറ്റിലൂടെ എത്ര

ശതമാനമാണ് ലക്ഷ്യമിടുന്നതെന്നും ഇത് ഏതാവശ്യങ്ങളിലേക്കാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-12-2014-ലെ കണക്കനുസരിച്ച് പൊതുഗതാഗത സംവിധാനത്തിൽ 320 JnNURM ബസ്സുകൾ ഉൾപ്പെടെ 5923 കെ.എസ്.ആർ.ടി.സി. ബസുകളും 14160 സ്വകാര്യ ബസുകളും സർവ്വീസ് നടത്തുന്നുണ്ട്. ആകെയുള്ള ബസ്സുകളുടെ 29.49% കെ.എസ്.ആർ.ടി.സി. ബസ്സുകളും 70.51% സ്വകാര്യ ബസ്സുകളുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 212 JnNURM ഉൾപ്പെടെ 5943 കെ.എസ്.ആർ.ടി.സി. ബസുകളാണ് ഉണ്ടായിരുന്നത്. ഇത് ആകെയുണ്ടായിരുന്ന ബസ്സുകളുടെ 30.78% ആയിരുന്നു.

(സി) 2014-15 സാമ്പത്തിക വർഷം ടിക്കറ്റ് വരുമാനമായി 2,201.31 കോടി രൂപ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടി തുക ആകെ പ്രതീക്ഷിത വരുമാനത്തിന്റെ 94 ശതമാനമാണ്. കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം വരുമാനവും സ്ഥാപനത്തിന്റെ പ്രവർത്തനചെലവിനാണ് ഉപയോഗിക്കുന്നത്. പ്രവർത്തന ചെലവിൽ ശമ്പളം, വായ്പകളുടെ തിരിച്ചടവ്, പെൻഷൻ, ഇന്ധനം വാങ്ങുന്നതിനു വേണ്ടിവരുന്ന ചെലവ് എന്നിവ ഉൾപ്പെടുന്നു.

## പുതുക്കാട് ഡിപ്പോയിലെ ഏക സൂപ്പർഫാസ്റ്റ് ബസ്സിന്റെ റൂട്ട് മാറ്റം

347 (3981) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് ഡിപ്പോയിലെ ഏക സൂപ്പർഫാസ്റ്റ് ബസ് കഴിഞ്ഞ രണ്ട് വർഷക്കാലമായി തുടർച്ചയായ നഷ്ടത്തിൽ ഓടുന്ന കാര്യം അറിയുമോ ;

(ബി) ലാഭകരമായ നിരവധി റൂട്ടുകളിലേക്ക് മാറ്റണമെന്ന് ആവർത്തിച്ചുള്ള എം.എൽ.എ.യുടെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ലാഭം ലഭ്യമാകുന്ന റൂട്ടുകൾ അനേകം ഉണ്ടായിട്ടും നഷ്ടം ഉണ്ടാകുന്ന റൂട്ടിൽ കൂടി സർവ്വീസ് നടത്തുന്നത്എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) പുതുക്കാട് ഡിപ്പോയിൽ നിന്നുള്ള പ്രസ്തുത സർവ്വീസിന് മതിയായ വരുമാനം ലഭിക്കാത്തതിനെത്തുടർന്ന് പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നുണ്ട്.

പുനഃക്രമീകരണത്തിന് ശേഷം ശരാശരി പ്രതിദിന വരുമാനം 15,685 രൂപയിലേയ്ക്ക് ഉയർന്നിട്ടുണ്ട്. ആയതിനാൽ ടി സർവ്വീസ് റൂട്ട് മാറ്റേണ്ട ആവശ്യം നിലവിലില്ല.

**കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് കർണ്ണാടകയിലെ അധിക നികുതി നിരക്ക്**

348 (3982) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർണ്ണാടകയിൽ പ്രവേശിക്കുന്നതിന് കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് എത്ര രൂപ വീതമാണ് നികുതി ഈടാക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) കർണ്ണാടകത്തിൽനിന്നും മറ്റ് അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന വാഹനങ്ങൾക്ക് കേരളത്തിൽ എത്ര രൂപ വീതമാണ് ഈടാക്കുന്നത് ;

(സി) രണ്ട് സംസ്ഥാനങ്ങളിലെയും നികുതിയിലുള്ള വലിയ അന്തരം പരിഹരിക്കുന്നതിന് കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾക്ക് (മോട്ടോർ വെഹിക്കിൾസ് ആക്ട് 1988-ലെ സെക്ഷൻ 88(8) പ്രകാരം പെർമിറ്റ് നേടിയിട്ടുള്ള വാഹനങ്ങൾ) 7 ദിവസത്തേക്ക് 600 രൂപയും സെസും 30 ദിവസത്തേയ്ക്ക് 1500 രൂപയും സെസും എന്ന നിരക്കിലാണ് നികുതി സ്വീകരിച്ചിരുന്നത്. എന്നാൽ കർണ്ണാടക സർക്കാർ അവരുടെ മോട്ടോർ വാഹന നികുതി നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കുറഞ്ഞ കാലയളവിലേയ്ക്ക് കർണ്ണാടകത്തിലേയ്ക്ക് പോകുന്ന ടൂറിസ്റ്റ് വാഹനങ്ങളിൽ നിന്നും ഒരു വർഷത്തേയ്ക്കാണ് നികുതി സ്വീകരിക്കുന്നത്. ഈ അമിത നികുതി കുറയ്ക്കുവാൻ കർണ്ണാടക സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും കർണ്ണാടക സർക്കാരിൽനിന്ന് അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല.

(ബി) കർണ്ണാടകത്തിൽനിന്നും മറ്റ് അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന വാഹനങ്ങൾക്ക് കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ടിലെ ഷെഡ്യൂളിലെ ഐറ്റം 7 (എഫ്) പ്രകാരം ഏർപ്പെടുത്തിയ നികുതി

ബഹു.കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിനാൽ ഇത്തരം വാഹനങ്ങൾക്ക് കേരളത്തിൽ രജിസ്റ്റർ ചെയ്ത് ഇന്റർസ്റ്റേറ്റ് ആയി ഓപ്പറേറ്റ് ചെയ്യുന്ന വാഹനങ്ങൾക്ക് കേരളത്തിൽ ഈടാക്കുന്ന നികുതി തന്നെയാണ് ഈടാക്കുന്നത്. അതായത് ആറ് യാത്രക്കാരിൽ കൂടുതലുള്ള ഓർഡിനറി കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ഓരോ യാത്രക്കാരനും 1540 രൂപയും മേൽത്തരത്തിലുള്ള പുഷ്ബാക്ക് വാഹനങ്ങൾക്ക് ഓരോ യാത്രക്കാരനും 2000 രൂപയും സ്ലീപ്പർ ബർത്ത് വാഹനങ്ങൾക്ക് 3000 രൂപയും എന്ന നിരക്കിലാണ് ഈടാക്കുന്നത്.

(സി) കേരളത്തിൽനിന്നും കർണ്ണാടകത്തിലേയ്ക്ക് പോകുന്ന വാഹനങ്ങളിൽ നിന്നും അമിതമായി നികുതി ഈടാക്കുന്നതിനെതിരെ സർക്കാരും ഗതാഗത വകുപ്പും കർണ്ണാടക ഗവൺമെന്റുമായി നിരവധി തവണ ബന്ധപ്പെട്ടെങ്കിലും ഇതിന്മേൽ നടപടികളൊന്നും ഉണ്ടായിട്ടില്ല. കേരളത്തിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിൽ പ്രവേശിക്കുന്ന സ്വകാര്യ വാഹനങ്ങൾക്ക് കർണ്ണാടക സർക്കാർ ലൈഫ് ടൈം ടാക്സ് ഈടാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സർക്കാരിന്റെ നിർദ്ദേശ പ്രകാരം കർണ്ണാടക ഗതാഗത മന്ത്രിയുമായി 2-9-2014-ന് ചർച്ച നടത്തുകയും അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിലേയ്ക്ക് വരുന്ന സ്വകാര്യ വാഹനങ്ങളിൽനിന്നും ലൈഫ് ടൈം ടാക്സ് സ്വീകരിക്കുന്ന നടപടി നിർത്തിവയ്ക്കുവാൻ കർണ്ണാടക ഗതാഗത മന്ത്രി, കർണ്ണാടക ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് ഗതാഗത കമ്മീഷണർ അറിയിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളോ, നിർദ്ദേശങ്ങളോ കർണ്ണാടക സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

**അംഗപരിമിതരായവർക്ക് കെ.എസ്.ആർ.ടി.സി. യാത്രാസൗജന്യം**

349 (3983) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് നൽകുന്ന സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് സർക്കുലർ ഇറക്കിയിട്ടും അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് കെ.എസ്.ആർ.ടി.സി. യാത്രാസൗജന്യം നിഷേധിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് നൽകുന്ന സർട്ടിഫിക്കറ്റും സാമൂഹ്യക്ഷേമ വകുപ്പിൽനിന്ന് നൽകുന്ന വൈകല്യത്തിന്റെ തോത് (ശതമാനം) രേഖപ്പെടുത്തിയ തിരിച്ചറിയൽ കാർഡും കെ.എസ്.ആർ.ടി.സി.-യിൽ യാത്രാ പാസ് അനുവദിക്കുന്നതിനുള്ള ആധികാരിക രേഖയായി അംഗീകരിച്ചിട്ടുണ്ട്. അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെ അർഹതപ്പെട്ട ആർക്കും യാത്രാ സൗജന്യം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കുന്നതാണ്.

## കരുനാഗപ്പള്ളി KSRTC ഷോപ്പിംഗ് കോംപ്ലക്സ്

350 (3984) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി KSRTC ഷോപ്പിംഗ് ക്ലോംപ്ലക്സിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; ആയതു എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞപ്പോഴേയ്ക്കും അംഗീകൃത തൊഴിലാളി സംഘടനകളുടെ എതിർപ്പുകാരണം പണി ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ടെൻഡർ റദ്ദാക്കിയിരിക്കുകയാണ്.

## വാഹന രജിസ്ട്രേഷനും ഡ്രൈവിംഗ് ലൈസൻസും

351 (3985) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര വാഹനങ്ങൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) എത്ര പേർ ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് ഡ്രൈവിംങ് ലൈസൻസ് നൽകിയിട്ടുണ്ടെന്നും എത്ര പേരുടെ ലൈസൻസ് സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-11-2014 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ജില്ല | വാഹനങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1121318 |
| കൊല്ലം | 645398 |
| പത്തനംതിട്ട | 375619 |
| ആലപ്പുഴ | 595495 |
| കോട്ടയം | 595237 |
| ഇടുക്കി | 229107 |
| എറണാകുളം | 1523028 |
| തൃശ്ശൂർ | 950730 |
| പാലക്കാട് | 641140 |
| മലപ്പുറം | 784133 |
| കോഴിക്കോട് | 825103 |
| വയനാട് | 135466 |
| കണ്ണൂർ | 512885 |
| കാസർഗോഡ് | 253307 |
| ആകെ | 9187966 |

(ബി) ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ജില്ല | ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 473688 |
| കൊല്ലം | 203296 |
| പത്തനംതിട്ട | 580255 |
| ആലപ്പുഴ | 808712 |
| കോട്ടയം | 399815 |
| ഇടുക്കി | 83577 |
| എറണാകുളം | 930792 |
| തൃശ്ശൂർ | 731063 |
| പാലക്കാട് | 476804 |
| മലപ്പുറം | 718880 |
| കോഴിക്കോട് | 251631 |
| വയനാട് | 150339 |
| കണ്ണൂർ | 220134 |
| കാസർഗോഡ് | 226143 |
| ആകെ | 6255129 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 195446 പേർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകിയിട്ടുണ്ട്. 42989 പേരുടെ ലൈസൻസ് സസ്പെന്റ് ചെയ്തിട്ടുണ്ട്.

**കാലപ്പഴക്കം ചെന്ന വാഹനങ്ങളുടെ നിരോധനം**

352 (3986) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വായു മലിനീകരണത്തിന്റെ ഭാഗമായി 15 വർഷം കാലപ്പഴക്കം ചെന്ന വാഹനങ്ങൾ ഡൽഹിയിൽ നിരോധിച്ചതുപോലെ കേരളത്തിലെ പട്ടണങ്ങളിലും ഇത് സംബന്ധിച്ച് ഗതാഗത വകുപ്പ് വാഹനങ്ങളുടെ രജിസ്ട്രേഷന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല.

**വാഹന സർവ്വീസിംഗ്**

353 (3987) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന സർവ്വീസിംഗ് സംബന്ധിച്ച് സർക്കാർ തലത്തിൽ പരാതി കേൾക്കുന്നതിന് സംവിധാനം ഉണ്ടോ ;

(ബി) സാങ്കേതിക പരിജ്ഞാനമില്ലാത്ത വാഹന ഉടമകളെ സഹായിക്കുവാൻ സർവ്വീസിംഗ് സംബന്ധിച്ച് കൂടുതൽ കാര്യക്ഷമമായ നിയമം കൊണ്ടുവരുന്നതു പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 1988-ലെ മോട്ടോർ വാഹന നിയമം കേന്ദ്ര നിയമമാണ്. വാഹന സർവ്വീസിംഗ് സംബന്ധിച്ച് ടി നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

**പാചകവാതക വാഹനങ്ങളിൽ ജി.പി.എസ്. സുരക്ഷാ സംവിധാനം**

354 (3988) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u>:
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതകം കൊണ്ടു പോകുന്ന വാഹനങ്ങളിൽ നിന്നുമുണ്ടാകുന്ന അഗ്നിബാധയും വാതക ചോർച്ചയുംമൂലമുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇതിനായി പാചകവാതക വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഈ സംവിധാനംവഴി വാഹനങ്ങളെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും കൺറോൾ റൂമുകളിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) പാചകവാതകം കൊണ്ടുപോകുന്ന വാഹനങ്ങളിൽ ചോർച്ച ഉണ്ടോ എന്നു നോക്കേണ്ടതായ ഉത്തരവാദിത് വം ഓയിൽ കമ്പനികൾക്കും വാഹന ഉടമയ്ക്കുമാണ്. ഇത്തരം വാഹനങ്ങളുടെ നിർമ്മാണ ഘട്ടത്തിൽ സ്പാർക്ക് അറസ്റ്റർ, ലൈറ്റ്നിംഗ് അറസ്റ്റർ എന്നിവ് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളുടെ exhaust pipe -മുൻഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുകയും ഇത്തരം വാഹനങ്ങളിൽ Fire extinguisher നിർബന്ധമായും സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. പാചകവാതകം കൊണ്ടുപോകുന്ന വാഹനങ്ങളിൽ നിന്നുണ്ടാകുന്ന അഗ്നിബാധയും, വാതക ചോർച്ചയും മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് ഈ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ നിലവിലുള്ള ചട്ടങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്.

(ബി) പാചകവാതകം കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിക്കുന്നതിനായി കേരള ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി അവരുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 25,00,000 രൂപ മോട്ടോർ വാഹന വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി&ഡി) മോട്ടോർ വാഹന വകുപ്പ് സംസ്ഥാനത്തെ മുഴുവൻ പബ്ലിക്ക് ട്രാൻസ്പോർട്ട് വാഹനങ്ങളിലും ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. പ്രസ്തുത സംവിധാനം നടപ്പ

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഈ സംവിധാനംവഴി വാഹനത്തിന്റെ നിലവിലെ പൊസിഷൻ, വേഗത നിയന്ത്രണ ലംഘനം, നിർദ്ദിഷ്ട പാതയിൽനിന്നുള്ള വ്യതിചലനം എന്നിവ് കൺട്രോൾ റൂമിലിരുന്ന തന്നെ നിരീക്ഷിക്കാൻ കഴിയുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പാചകവാതകം കൊണ്ടുപോകുന്നതിനുള്ള വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നത്.

**കാഞ്ഞങ്ങാട് മോട്ടോർ വെഹിക്കിൾ കോംപ്ലക്സ്**

355 (3989) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി പുതുക്കൈ വില്ലേജിൽപ്പെട്ട 10 ഏക്കർ സ്ഥലം അനുവദിച്ചു കിട്ടുന്നതിന് കലക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചുവോ ;

(സി) ഇതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദീകരിക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി ഗതാഗത കമ്മീഷണർ സമർപ്പിച്ച ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി പുതുക്കൈ വില്ലേജിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് ജില്ലാകളക്ടറുടെ റിപ്പോർട്ട് ഗതാഗത കമ്മീഷണർക്ക് ലഭ്യമായിട്ടില്ല.

(സി) സ്ഥലം ലഭ്യമാകുന്ന മുറക്ക് ഇതിലേയ്ക്കായി ഫണ്ട് ലഭ്യമാക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## യാത്രക്കാരുമായി പെട്രോൾ പമ്പുകളിൽ നിന്നും ഇന്ധനം നിറയ്ക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി

356 (3990) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രക്കാരെ കയറ്റിയതിനുശേഷം വാഹനങ്ങൾ പെട്രോൾ പമ്പുകളിൽ നിന്നും ഇന്ധനം നിറയ്ക്കാൻ പാടില്ല എന്ന നിയമം നിലവിലുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ബസ് ജീവനക്കാരുടെ നടപടി യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം വാഹനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 'യാത്രക്കാരെ കയറ്റിയതിനുശേഷം വാഹനങ്ങൾ ഇന്ധനം നിറയ്ക്കാൻ പാടില്ല' എന്ന് 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 46(2)(ഒ) അനുശാസിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഈ വിഷയം സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ കാഞ്ഞിരപ്പള്ളി ജോയിന്റ് ആർ.ടി.ഒ.-യോട് റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

## ഓട്ടോറിക്ഷകൾക്ക് അനുവദിച്ചിട്ടുള്ള യാത്രാനിരക്ക്

357 (3991) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഓട്ടോറിക്ഷകൾക്ക്അനുവദിച്ചിട്ടുള്ള യാത്രാനിരക്ക്, സഞ്ചരിക്കാൻ കഴിയുന്ന ദൂരം എന്നിവ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് എന്നിങ്ങനെ ഓരോ കാറ്റഗറിയിലും അനുവദിച്ചിട്ടുള്ള യാത്രാനിരക്ക്, സഞ്ചരിക്കാൻ കഴിയുന്ന ദൂരം ഇവ എത്രയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) എല്ലാ സ്ഥലങ്ങളിലും ഓട്ടോറിക്ഷകളുടെ മിനിമം നിരക്ക് 20 രൂപ യായും കി.മീ. നിരക്ക് 10 രൂപയായും, മിനിമം നിരക്കിൽ സഞ്ചരിക്കാവുന്ന ദൂരം 1.5 കി.മീ. ആയുമാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ഏതു സ്ഥലത്തും രാത്രി 10 മണിമുതൽ രാവിലെ 5 മണിവരെയുള്ള ഓട്ടോറിക്ഷ യാത്രകൾക്ക് മീറ്റർ ചാർജിന്റെ 50% തുക കൂടി അധികമായി വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. രാവിലെ 5 മണിക്കും രാത്രി 10 മണിക്കും ഇടയ്ക്ക് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷൻ മേഖലകളിലും കണ്ണൂർ, പാലക്കാട്, കോട്ടയം എന്നീ മേജർ ടൗണുകളിലും മീറ്ററിൽ കാണുന്ന ചാർജ്ജ് മാത്രമേ ഓട്ടോറിക്ഷകളിൽ ഈടാക്കാവൂ. എന്നാൽ ഇതേ സമയത്ത് ഈ കോർപ്പറേഷനുകളുടെയും മേജർ ററൗണുകളുടെയും പരിധിക്കപ്പുറത്തുള്ള ഏതു സ്ഥലത്തും ഒരു ദിശയിലേയ്ക്കുള്ള യാത്രയോടൊപ്പം മടക്ക യാത്രയുമുണ്ടെങ്കിൽ ഫെയർമീറ്ററിൽ കാണുന്ന തുകയും, മടക്കയാത്ര ഇല്ലാതെ ഒരു ദിശയിലേക്കുള്ള യാത്ര മാത്രമേ ഉള്ളൂ എങ്കിൽ മീറ്ററിൽ കാണുന്ന തുകയിൽനിന്നും മിനിമം ചാർജ്ജ് കുറച്ചു കിട്ടുന്ന തുകയുടെ 50%-ഉം കൂടി മീറ്റർ ചാർജ്ജിനോടൊപ്പം അധികമായി ഈടാക്കുന്നതിനും ടി സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 3747,3810,3831 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

# II മേശപ്പുറത്തുവച്ച കടലാസുകൾ

## 1. കേരള പബ്ലിക് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2012-13-ലെ മൂന്നാമത് റിപ്പോർട്ട്

(ലിസ്റ്റ് 1 പ്രകാരം)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

കേരള പബ്ലിക് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2012-13-ലെ മൂന്നാമത് റിപ്പോർട്ട് (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം).

## 2. ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ (ലിസ്റ്റ് II പ്രകാരം)

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 1781, പതിനൊന്നാം സമ്മേളനത്തിലെ 73 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും* അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2.ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 5010, പത്താം സമ്മേളനത്തിലെ 244, 248 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും* അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

## 3. അധിക ധനാഭ്യർത്ഥനകളിലെ സ്റ്റേറ്റ്മെന്റിലെ തിരുത്ത്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 2014 ഡിസംബർ 12-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച 2009-10 വർഷത്തേക്കുള്ള അധികധനാഭ്യർത്ഥകളുടെ സ്റ്റേറ്റ്മെന്റിൽ പേജ് നമ്പർ 4, 10 എന്നിവയിൽ ധനാഭ്യർത്ഥന നമ്പർ “ XXXIV- Forest and Wild life" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് “ XXXIV- Forest" എന്ന് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

---

* അനുബന്ധംI- ആയി ചേർക്കുന്നു.

* അനുബന്ധംII- ആയി ചേർക്കുന്നു.

## III റിപ്പോർട്ട് സമർപ്പണം

1. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ പതിമൂന്ന് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. പി. സജീന്ദ്രൻ : സർ, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിമൂന്ന് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

ശ്രീ. സി. പി. മുഹമ്മദ് : സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## IV നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

1. 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ..........

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ : 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ : 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഗവൺമെന്റ് ബിസിനസ്സ് നടത്തിക്കൊടുക്കേണ്ട ഉത്തരവാദിത്തം ചെയറിനുണ്ടെന്ന് ചെയർ ആദ്യംതന്നെ പറഞ്ഞിരുന്നതാണ് ;

<u>7-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ : 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ : 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

(ഭേദഗതി ഇല്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ : 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിക്ക് ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

Minister for Finance, Law and Housing (*Shri. K. M. Mani*) : Sir, I move the following official amendment.

214.“ In sub-clause (2), the words, figures and brackets “ sub-section 3 of section (3) of section 2” shall be omitted. ”

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : 2014-ലെ നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

2. 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി)ബിൽ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.]

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഞാൻ എന്റെ പ്രസംഗം മേശപ്പുറത്ത് വയ്ക്കുന്നു.*

[ബഹുമാനപ്പെട്ട മന്ത്രി പ്രസംഗത്തിന്റെ പകർപ്പ് മേശപ്പുറത്തുവച്ചു.]

[വിയോജനക്കുറിപ്പ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.]

മി. ഡെപ്യൂട്ടി സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

---

* അനുബന്ധം 3-ആയി ചേർക്കുന്നു.

2-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ഖണ്ഡം 2-ൽ, "താഴെപ്പറയുന്ന" എന്ന വാക്കിനുശേഷം "ഉപ" എന്ന വാക്ക് ചേർക്കുക.

121. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 77എ-യിൽ "രജിസ്റ്റർ" എന്ന വാക്ക് വരുന്നിടത്തെല്ലാം മുൻപിലായി "പേര്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

125. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 77എ-യിൽ, "അടങ്ങിയിരുന്നാലും" എന്ന വാക്കിന് പകരം "ഉൾക്കൊണ്ടിരുന്നാലും" എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 77എ-യിൽ, "സൂചിപ്പിച്ചിരിക്കുന്ന" എന്ന വാക്കിന് പകരം "രേഖപ്പെടുത്തിയിരിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

139. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 77എ-യിൽ, "സമ്മതിദായകനായി" എന്ന വാക്കിന് ശേഷം "പേര്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

143. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 77എ-യിൽ, "അവകാശമുണ്ടായിരിക്കുന്നതാണ്" എന്നതിനുപകരം" അർഹതയുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

145.ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 77എ-യ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക :

"എന്നാൽ, പാസ്സ്പോർട്ടിലെ മേൽവിലാസത്തിൽ മാറ്റമുണ്ടെങ്കിൽ പുതിയ താമസസ്ഥലത്തെ സംബന്ധിച്ച് റവന്യൂ അധികാരികളുടെ സാക്ഷ്യപത്രത്തോടുകൂടി അപേക്ഷ സമർപ്പിച്ചാൽ ആ താമസസ്ഥലം ഉൾക്കൊള്ളുന്ന നിയോജക മണ്ഡലത്തിലേക്കുള്ള വോട്ടർപ്പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടുവാനും അവകാശമുണ്ടായിരിക്കുന്നതാണ്".

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 114, 121 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. ഉമ്മർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 125-ാം നമ്പർ ഭോദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ഡോ. എൻ. ജയരാജ് : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. റോഷി അഗസ്റ്റിൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. എൻ. എ. ഖാദർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജോസഫ് വാഴയ്ക്കൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

149. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447-നു മുൻപായുള്ള ശീർഷകത്തിൽ "ഫാക്ടറികളും" എന്നതിനുപകരം "പണിശാലകളും" എന്നു ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

155. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447(1)(എ)-യിൽ, " ശല്യകാരണമായി" എന്ന വാക്കിന്പകരം "അപകടകരവും അസഹനീയവുമായി" എന്നീ വാക്കുകൾ ചേർക്കുക.

183. ഖണ്ഡം 3(2)-പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(1)-ാം വകുപ്പിന്റെ രണ്ടാമത് ക്ലിപ്ത നിബന്ധനയിൽ "മറിച്ച്" എന്ന വാക്കിനു പകരം "ഇല്ലായെങ്കിൽ" എന്ന വാക്ക് ചേർക്കുക.

219. ഖണ്ഡം 3(3) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 447(3)-ാം വകുപ്പിൽ "യഥാസമയം" എന്ന വാക്കിനു പകരം "നാല്പത്തിയഞ്ച് ദിവസത്തിനകം" എന്നു ചേർക്കുക.

235. ഖണ്ഡം 3(4) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 447(3എ) വകുപ്പിൽ, " സെക്രട്ടറി അറിയിക്കേണ്ടതുമാണ്" എന്നതിനുപകരം "അപേക്ഷകനെ യഥാസമയം സെക്രട്ടറി അറിയിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

161. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447(1)(എ)-യിൽ, "ഫാക്ടറികൾ" എന്ന വാക്കിന് പകരം "പണിശാലകൾ" എന്ന വാക്ക് ചേർക്കുക.

193. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447 (1)-ാം വകുപ്പ് താഴെപ്പറയും പ്രകാരം മാറ്റുക :-

"(1) മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ ഏതു സ്ഥലവും,-

(എ) പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താല്പര്യങ്ങളെ പ്രത്യക്ഷമായോ, പരോക്ഷമായോ ദോഷകരമായി ബാധിക്കാത്തതോ, അവയ്ക്ക് നാശമുണ്ടാക്കാത്തതോ ആയ വ്യവസായങ്ങൾ, പണിശാലകൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ മറ്റു സേവനങ്ങൾ എന്നിവയ്ക്കാകും പൊതുവെയും;

(ബി) നിർണ്ണയിക്കപ്പെടാവുന്ന മറ്റു കാര്യങ്ങൾക്കായിട്ടാണെങ്കിൽ,-

(i) ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിക്കുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കിയും;

(ii) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം മുനിസിപ്പാലിറ്റി അനുവദിക്കുന്ന ലൈസൻസിലെ വ്യവസ്ഥകൾക്ക് അനുസൃതമായും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ".

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

162. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447(1)(എ)-യിൽ, " വ്യാപാരങ്ങൾ" എന്നതിനു പകരം "വ്യാപാര-വിപണന കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

163. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(1)(എ)-യിൽ, " സേവനങ്ങൾ" എന്ന വാക്കിനുപകരം "സേവന കേന്ദ്രങ്ങൾ" എന്ന വാക്കു ചേർക്കുക.

166. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(1)(ബി)(i)-ൽ, " വിജ്ഞാപന" എന്ന വാക്കിനുമുമ്പ് "ഗസറ്റ്" എന്ന വാക്കു ചേർക്കുക.

168. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447(1)(ബി)(ii)-ൽ, " നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനുമുമ്പ് "മുനിസിപ്പാലിറ്റി" എന്ന വാക്കു ചേർക്കുക.

172. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447(1)-ാം വകുപ്പിന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിൽ " പൊതുജനങ്ങളിൽ ഏവർക്കും" എന്നതിനു പകരം "പൊതുജനങ്ങൾക്ക്" എന്ന് ചേർക്കുക.

194. ഖണ്ഡം 3(3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447(3)ൽ, " ഒരു വ്യവസായശാല, ഫാക്ടറി അല്ലെങ്കിൽ പണിസ്ഥലം" എന്നീ വാക്കുകൾക്ക് പകരം "ഒരു വ്യവസായ ശാലയോ ഫാക്ടറിയോ പണിസ്ഥലമോ" എന്നീ വാക്കുകൾ ചേർക്കുക.

198. ഖണ്ഡം 3(3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ, " ലിഖിതമായ ഉത്തരവു വഴി" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

214. ഖണ്ഡം 3(3) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ, " ദീർഘിപ്പിച്ച" എന്ന വാക്കുകൾക്ക് മുൻപ് "പരമാവധി മൂന്ന് മാസം" എന്നീ വാക്കുകൾ ചേർക്കുക.

215. ഖണ്ഡം 3(3) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ, " അപേക്ഷകനെ" എന്ന വാക്കിനുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

220. ഖണ്ഡം 3(3) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ, " യഥാസമയം സെക്രട്ടറി" എന്നതിനുശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

228. ഖണ്ഡം 3(4) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3എ) വകുപ്പിൽ, " ലിഖിതമായ" എന്നതിന് പകരം "രേഖാമൂലമായ" എന്നത് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

164. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447(1)(ബി) വകുപ്പിൽ, "അങ്ങനെയുള്ള" എന്ന വാക്കിനുശേഷം "മറ്റ്" എന്ന വാക്കു ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

165. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(1)(ബി)(1)-ൽ,-

(1) ഒന്നാംവരിയിലെ " നിർണ്ണയിക്കാവുന്ന" എന്നതിനുപകരം "നിർണ്ണയിക്കുന്ന" എന്നു ചേർക്കുക;

(2) " മുനിസിപ്പാലിറ്റി" എന്ന വാക്ക് തൽസ്ഥാനത്തുനിന്നും മാറ്റി "പ്രസിദ്ധീകരിക്കുന്ന" എന്ന വാക്കിനുമുമ്പായി ചേർക്കുക;

(3) “ നിശ്ചയിക്കാവുന്ന അങ്ങനെയുള്ള" എന്നതിനുപകരം "നിശ്ചയിക്കുന്ന" എന്നു ചേർക്കുക.

171. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447(1)-ാം വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ, "അതു നൽകുന്ന സ്ഥലത്തേക്ക്" എന്നതിനുപകരം "അതു നൽകുന്ന സ്ഥലത്തേക്കോ, സ്ഥാപനത്തിലേക്കോ പ്രവേശനത്തിന് ഫീസ് നിശ്ചയിച്ചിട്ടുള്ളപക്ഷം അതു നൽകിയും, അല്ലാത്ത പക്ഷം സൗജന്യമായും" എന്നത് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

169. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447(1)(ബി)(ii)-ൽ, "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നതിനുശേഷം "മുനിസിപ്പാലിറ്റി" എന്നു ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

177. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447(1)-ലെ 2-ാം ക്ലിപ്ത നിബന്ധനയിൽ "നടപടികൾ" എന്ന വാക്കിനുശേഷം "എന്നിവ" എന്ന വാക്ക് ചേർക്കുക.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

178. ഖണ്ഡം 3(2)-പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447(1)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "ശല്യകാരണമായി " എന്ന വാക്കിനു പകരം "അപകടകരവും അസഹനീയവുമായി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. എ. മാധവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

190. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 447(1)-ാം വകുപ്പിന്റെ മൂന്നാമത് ക്ലിപ്തനിബന്ധനയിൽ, "അറുപത് ദിവസം" എന്നതിന് പകരം "തൊണ്ണൂറ് ദിവസം" എന്നു ചേർക്കുക.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

195. ഖണ്ഡം 3(3) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447 (3)-ൽ, "ഫാക്ടറി" എന്ന വാക്കിനു പകരം "പണിശാല" എന്ന വാക്ക് ചേർക്കുക.

232. ഖണ്ഡം 3(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3എ)-യിൽ, "അപേക്ഷകനെ സെക്രട്ടറി" എന്നതിന് പകരം "അപേക്ഷകനെ യഥാസമയം സെക്രട്ടറി രേഖാമൂലം" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

197. ഖണ്ഡം 3(3) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 447 (3)-ാം വകുപ്പിൽ, "പൊതുതാൽപര്യാർത്ഥം ലിഖിതമായ ഉത്തരവു വഴി" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

212. ഖണ്ഡം 3(3) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 447(3)-ാം വകുപ്പിൽ, "മേൽപ്പറഞ്ഞ കാലാവധി അതനുസരിച്ച് " എന്നീ വാക്കുകൾക്കു പകരം "മേൽപ്പറഞ്ഞ കാലാവധി പരമാവധി 30 ദിവസം കൂടി" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

204. ഖണ്ഡം 3(3) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 447(3)-ൽ "മുപ്പത് ദിവസത്തിനകം" എന്നതിനു പകരം "അറുപത് ദിവസത്തിനകം" എന്നു ചേർക്കുക.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

205. ഖണ്ഡം 3(3) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 447(3)-ാം വകുപ്പിൽ "മുപ്പത് ദിവസത്തിനകം" എന്നതിനു പകരം "തൊണ്ണൂറ് ദിവസത്തിനകം" എന്നു ചേർക്കുക.

ചീഫ് വിപ്പ് (<u>ശ്രീ. പി. സി. ജോർജ്</u>) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

206. ഖണ്ഡം 3(3) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447(3)-ൽ "മുപ്പത് ദിവസത്തിനകം അപേക്ഷകനെ" എന്നീ വാക്കുകൾക്ക് ശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

211. ഖണ്ഡം 3(3) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447(3)-ാം വകുപ്പിൽ, "സംഗതിയിൽ " "അതിനുണ്ടാകുന്ന" എന്നീ വാക്കുകൾക്കിടയിൽ "അപേക്ഷകനോ മറ്റ് അധികാരസ്ഥാനങ്ങളോ ഇപ്രകാരം ആവശ്യപ്പെടുന്ന കൂടുതൽ വിവരങ്ങൾ 30ദിവസത്തിനകം അറിയിക്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

230. ഖണ്ഡം 3(4) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447(3എ) വകുപ്പിൽ, "സംഗതിയിൽ", "അതിലേയ്ക്ക്" എന്നീ വാക്കുകൾക്കിടയിൽ "അപേക്ഷകനോ മറ്റ് അധികാരസ്ഥാനങ്ങളോ ഇപ്രകാരം ആവശ്യപ്പെടുന്ന കൂടതൽ വിവരങ്ങൾ മുപ്പത് ദിവസത്തിനകം അറിയിക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

216. ഖണ്ഡം 3(3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ "അപേക്ഷകനെ യഥാസമയം സെക്രട്ടറി" എന്നതിനുശേഷം "രേഖാമൂലം" എന്നത് ചേർക്കുക.

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

218. ഖണ്ഡം 3(3) പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447(3)-ാം വകുപ്പിൽ, അവസാന ഭാഗത്തായി വന്നിരിക്കുന്ന "യഥാസമയം" എന്ന വാക്കിനു പകരം "ഈ മുപ്പത് ദിവസക്കാലയളവിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

191. ഖണ്ഡം 3(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447(1)-ാം വകുപ്പിന്റെ മൂന്നാമത് ക്ലിപ്തനിബന്ധനയിൽ, "പൂത്തിയാകുന്ന തീയതിൽ മാത്രം"എന്നതിനുപകരം "പൂർത്തിയാകുന്ന തീയതി മുതൽ മാത്രം എന്ന് ചേർക്കുക.

222. ഖണ്ഡം 3(3) പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447(3)-ാം വകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക :

"എന്നാൽ, മൂന്നാം ഉപവകുപ്പു പ്രകാരം നൽകിയ അപേക്ഷ പ്രകാരം ഒരു ലൈസൻസോ, ലൈസൻസ് നിരസിച്ചുകൊണ്ടുള്ള അറിയിപ്പോ, ഇതു രണ്ടുമല്ലെങ്കിൽ കാലതാമസം ഉണ്ടാവുമെന്നതു സംബന്ധിച്ച അറിയിപ്പോ അപേക്ഷ നൽകി നാൽപ്പത്തഞ്ചു ദിവസത്തിനുശേഷവും ലഭിക്കാതിരുന്നാൽ, അനുമതി ലഭിച്ചതായിക്കരുതി അപേക്ഷകന് തുടർനടപടികൾ സ്വീകരിക്കാവുന്നതും, ലൈസൻസ് നിരസിക്കുന്നപക്ഷം ലൈസൻസിനായി ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെക്കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുന്നതുമാണ്. മാത്രവുമല്ല ക്ലിപ്തനിബന്ധനയിൽ പറയുന്ന കാലപരിധിക്കുശേഷം, ലൈസൻസ് നിരസിക്കുന്നപക്ഷം, ആ നടപടിമൂലം അപേക്ഷകനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് സെക്രട്ടറി ഉത്തരവാദിയാകുന്നതുമാണ്."

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

223. ഖണ്ഡം 3(4) പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447(3എ) വകുപ്പിൽ "മുപ്പത് ദിവസത്തിനകം" എന്നതിന് പകരം "നാൽപ്പത്തഞ്ച് ദിവസത്തിനകം" എന്നു ചേർക്കുക.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

226. ഖണ്ഡം 3(4) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447 (3എ) വകുപ്പിൽ, "മുപ്പത് ദിവസത്തിനകം" എന്നതിന് പകരം "അറുപത് ദിവസത്തിനകം" എന്ന് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ് :</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

227. ഖണ്ഡം 3(4) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 447 (3എ) വകുപ്പിൽ, "മുപ്പത് ദിവസത്തിനകം" എന്നതിന് പകരം "തൊണ്ണൂറ് ദിവസത്തിനകം" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. മഞ്ഞളാംകുഴി അലി):</u> സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 155, 183, 219, 235 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ഡോ. എൻ. ജയരാജ് : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 161, 193 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 162, 163, 166, 168, 172, 194, 198, 214, 215, 220, 228 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. ഉമ്മർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. കെ. ബഷീർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 165, 171 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. ഉബൈദുള്ള : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. റോഷി അഗസ്റ്റിൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. എ. മാധവൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 191, 222 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 195, 232 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ബി. അബ്ദുൾ റസാക് : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 197, 212 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ശിവദാസൻ നായർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. മുരളീധരൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. സി. പി. മുഹമ്മദ് : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 211, 230 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ബെന്നി ബെഹനാൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജോസഫ് വാഴയ്ക്കൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. ഡി. സതീശൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. സണ്ണി ജോസഫ് : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ...................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

238. ഖണ്ഡം 4(1) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 448(1)(എ)-യിൽ, "ഫാക്ടറിയോ" എന്ന വാക്കിന് പകരം "പണിശാലയോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

239. ഖണ്ഡം 4(1) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 448(1)-ൽ, "ആവിശക്തിയോ ജലശക്തിയോ" എന്ന് വരുന്നിടത്തെല്ലാം അതിനുശേഷം "ഇന്ധന ശക്തിയോ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

240. ഖണ്ഡം 4(1) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 448(1)(എ)-യിൽ, "യാന്ത്രികശക്തിയോ" എന്നതിന് പകരം "യന്ത്രശക്തിയോ" എന്ന് ചേർക്കുക.

247. ഖണ്ഡം 4 (1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 448 (1) (ബി)യിൽ, "യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ" എന്നതിനുപകരം "യന്ത്രശക്തിയോ വൈദ്യുതിയോ" എന്ന് ചേർക്കുക.

252. ഖണ്ഡം 4(1)-പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 448(1)(ബി)-യിൽ "മുൻസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക്" എന്നതിനു പകരം "മുൻസിപ്പൽ സെക്രട്ടറിക്ക് " എന്ന് ചേർക്കുക.

257. ഖണ്ഡം 4(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 448(4)ന്റെ ക്ലിപ്തനിബന്ധനയിൽ "ബോർഡിന്റെയോ" എന്നതിനുശേഷം "ഇതുമായി ബന്ധപ്പെട്ട മറ്റു വകുപ്പിന്റെയോ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

242. ഖണ്ഡം 4(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 448(1)(എ)-യിൽ, "വിദ്യുച്ഛക്തിയോ" എന്ന വാക്കിനുശേഷം "മറ്റേതെങ്കിലും വിധത്തിലുള്ള ശക്തിയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

245. ഖണ്ഡം 4(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 448(1)(ബി)-യിൽ, "ജലശക്തിയോ" എന്ന വാക്കിനുശേഷം "വായുശക്തിയോ" എന്നും, "വിദ്യുച്ഛക്തിയോ" എന്നതിനുശേഷം "മറ്റേതെങ്കിലും തരത്തിലുള്ള ശക്തിയോ" എന്നും ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

249. ഖണ്ഡം 4 (1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 448 (1)(ബി)യിൽ, "വിദ്യുച്ഛക്തിയോ" എന്നതിനു ശേഷം "വായുശക്തിയോ മറ്റേതെങ്കിലും തരത്തിലുള്ള ശക്തിയോ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

251. ഖണ്ഡം 4(1)-പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 448(1)-ൽ

(i) "ഫാക്ടറിയോ " എന്ന വാക്കിനുപകരം "പണിശാലയോ" എന്ന് ചേർക്കുക.

(ii) "യന്ത്ര സാമഗ്രിയോ സംവിധാനമോ സ്ഥാപിക്കുകയോ ചെയ്യാൻ" എന്നതിനുപകരം "യന്ത്ര സാമഗ്രി സ്ഥാപിക്കുകയോ, സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യാൻ" എന്നും ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

254. ഖണ്ഡം 4(2)-പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 448(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "മൈനിംഗ് ആഡ് ജിയോളജി വകുപ്പിന്റേയോ" എന്നീ വാക്കുകൾക്കുശേഷം "ആരോഗ്യ വകുപ്പിന്റേയോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

255. ഖണ്ഡം 4(2)-പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 448(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ" എന്നതിനുശേഷം "അഗ്നിരക്ഷാ സേവന വകുപ്പിന്റേയോ" എന്ന് ചേർക്കുക.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

259. ഖണ്ഡം 4(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 448(4)ന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക. അതായത്, -

" എന്നിരുന്നാലും ഒന്നാമതു ക്ലിപ്തനിബന്ധനയിൽ പറയുന്ന റിപ്പോർട്ടുകൾക്കു വേണ്ടി അപേക്ഷകൻ, നിശ്ചിത ഫീസെന്തെങ്കിലുമുണ്ടെങ്കിൽ അതു ഒടുക്കി ക്രമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ച് നാൽപ്പത്തഞ്ചു ദിവസത്തിനു ശേഷവും അത്തരമൊരു റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് തെളിവുസഹിതം മുനിസിപ്പൽ സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം, ലൈസൻസിനുള്ള അപേക്ഷ അത്തരം റിപ്പോർട്ട് ഇല്ലാതെ തന്നെ സ്വീകരിക്കാവുന്നതും, തുടർന്നുള്ള പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ അത്തരമൊരു റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിൽനിന്നോ, ബോർഡിൽനിന്നോ ലഭിക്കാത്തപക്ഷം, എതിരായി ഒന്നും റിപ്പോർട്ട് ചെയ്യാനുണ്ടാവില്ലെന്ന നിഗമനത്തിൽ ലൈസൻസിനുള്ള അപേക്ഷ തീർപ്പാക്കുമെന്നും കാണിച്ച്, അപേക്ഷകന്റെ ചെലവിൽ ബന്ധപ്പെട്ട വകുപ്പിനോ, ബോർഡിനോ അറിയിപ്പുനൽകിയശേഷം, ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തീരുമാനം കൈക്കൊള്ളാവുന്നതാണ് ."

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പ്രസ്സ് ചെയ്യുന്നില്ല.

മി.ഡെപ്യൂട്ടിസ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ശിവദാസൻ നായർ : പ്രസ്സ് ചെയ്യുന്നില്ല.

മി.ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 240, 247, 252, 257എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. ഉമ്മർ : പ്രസ്സ് ചെയ്യുന്നില്ല.

മി.ഡെപ്യൂട്ടിസ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. കെ. ബഷീർ : പ്രസ്സ് ചെയ്യുന്നില്ല.

മി.ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. എൻ. എ. ഖാദർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. എം. ഷാജി : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ഡോ. എൻ. ജയരാജ് : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജോസഫ് വാഴയ്ക്കൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ...................

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

263. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ ഒന്നാം പട്ടികയിൽ നിർദ്ദേശിക്കപ്പെട്ട ഭേദഗതിയിൽ, "വ്യവസായങ്ങൾക്കും" എന്ന വാക്കിനു ശേഷം "ഫാക്ടറികൾക്കും" എന്ന വാക്ക് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജോസഫ് വാഴയ്ക്കൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ...................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

265. ഖണ്ഡം 6(2)ൽ, "എടുത്തതായോ" എന്നതിനുപകരം "തീരുമാനിച്ചതായോ" എന്നുചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. സി. മോയിൻകുട്ടി : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ...................

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

106. ശീർഷകത്തിൽ "രണ്ടാം ഭേദഗതി" എന്നതിനുപകരം "മൂന്നാം ഭേദഗതി" എന്ന് ചേർക്കുക.

110. ഖണ്ഡം 1(2)-ൽ, "ശേഷിക്കുന്ന വകുപ്പുകൾ" എന്നീ വാക്കുകൾക്ക് പകരം "1, 2, 6-ഉം വകുപ്പുകൾ" എന്നീ അക്കങ്ങളും ചിഹ്നങ്ങളും അക്ഷരങ്ങളും ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

111. ഖണ്ഡം 1(2)-ൽ, "ഉടൻ" എന്ന വാക്കിനുപകരം "ഗസറ്റ് വിജ്ഞാപന ദിവസം മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 106, 110 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. ഉമ്മർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ശിവദാസൻ നായർ : പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ...................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ) : സർ ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

[2014 ഡിസംബർ മാസം 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 8.56-ന് പിരിഞ്ഞു.]

# അനുബന്ധം-1

(ചട്ടം 47(2) അനുസരിച്ച് മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) മേശപ്പുറത്തുവച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടി)

## പേഴ്സണൽ സ്റ്റാഫിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ

(1781) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെയും വിവിധ മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട എത്രപേരെ ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോന്നിന്റെയും കാരണങ്ങൾ വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ&ബി) ഭരണപരമായ സൗകര്യത്താലും വ്യക്തിപരമായ കാരണത്താലും മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽനിന്ന് ഒഴിവാക്കിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | മുഖ്യമന്ത്രിയുടെ ഓഫീസ് | 1 |
| 2 | പഞ്ചായത്ത് കാര്യ വകുപ്പുമന്ത്രിയുടെ ഓഫീസ് | 2 |
| 3 | നഗരകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസ് | 1 |
| 4 | തൊഴിൽ വകുപ്പുമന്ത്രിയുടെ ഓഫീസ് | 1 |
| 5 | ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഓഫീസ് | 4 |
| 6 | റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസ് | 1 |
| 7 | സഹകരണ വകുപ്പുമന്ത്രിയുടെ ഓഫീസ് | 1 |
| 8 | കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസ് | 1 |
| 9 | എക്സൈസ് വകുപ്പുമന്ത്രിയുടെ ഓഫീസ് | 2 |
| 10 | ആരോഗ്യ വകുപ്പുമന്ത്രിയുടെ ഓഫീസ് | 2 |
| 11 | പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസ് | 2 |
| 12 | വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസ് | 2 |
| 13 | പട്ടികജാതി-യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ ഓഫീസ് | 5 |

## അനുബന്ധം 2

(ചട്ടം 47(2) അനുസരിച്ച് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച നക്ഷത്ര ചിഹ്നമിടാത്തത ചോദ്യങ്ങളുടെ മറുപടി)

### സോളാർ തട്ടിപ്പുകേസിലെ പ്രതി സരിത എസ്. നായരുടെ പേരിലുള്ള കേസ്സുകൾ

(5010) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പുകേസിലെ പ്രതി സരിത എസ്. നായരുടെ പേരിൽ സംസ്ഥാനത്താകെ നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഓരോ കേസും ഏത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തെന്നും എന്നാണ് രജിസ്റ്റർ ചെയ്തതെന്നും ഓരോ കേസ്സും ഏത് കുറ്റകൃത്യവുമായി ബന്ധപ്പെട്ടതാ ണെന്നും വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം കേസുകളിൽ ജയിൽശിക്ഷ അനുഭവിച്ചുവെന്നും എന്നുമുതൽ എന്നുവരെ ജയിൽവാസം അനുഭവിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം കേസ്സുകളിൽ ജാമ്യം ലഭിച്ചുവെന്നും എപ്പോഴൊക്കെയാണ് ജാമ്യം ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ഇ) ഇനിയും ഏതെല്ലാം കേസുകളിലാണ് ചാർജ് ഷീറ്റ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) നിലവിൽ 45 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി-ഇ) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

### സോളാർ തട്ടിപ്പ് കേസിന്റെ അന്വേഷണ പുരോഗതി

244 ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് കേസിൽ സർക്കാർ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അന്വേഷണ പുരോഗതി റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം എത്രപേരെ ചോദ്യം ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര രേഖകൾ പിടിച്ചെടുത്തുവെന്നും അറിയിക്കാമോ ;

(സി) തട്ടിപ്പിനിരയായത് ഉൾപ്പെടെ ഇത് സംബന്ധിച്ച് മൊത്തം എത്ര കേസുകളിലാണ് അന്വേഷണം നടന്നുവരുന്നത് ;

(ഡി) ഫോൺ കോളുകളെ അടിസ്ഥാനമാക്കി ഏതെല്ലാം വ്യക്തികളെ ചോദ്യം ചെയ്യുകയുണ്ടായി ;

(ഇ) അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ ഓരോരുത്തർക്കും ഭരണതലത്തിൽ ആരെല്ലാമായി ബന്ധം ഉണ്ടായിരുന്നതായി തെളിയുകയുണ്ടായി ; ഏതെല്ലാം മന്ത്രിമാരെ അന്വേഷണത്തിന്റെ ഭാഗമായി ചോദ്യം ചെയ്യുകയുണ്ടായി ;

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) കോടതികളിൽ സമർപ്പിച്ച റിപ്പോർട്ട് നൽകുവാൻ കഴിയില്ല.

(ബി) അന്വേഷണം അന്തിമ ഘട്ടത്തിലാണ്. കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) ബിജു രാധാകൃഷ്ണൻ, സരിത എസ്. നായർ എന്നിവർ പ്രതികളായി 36 സോളാർ തട്ടിപ്പ് കേസുകളാണ് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നത്. (ടി വ്യക്തികൾ പ്രതികളായി രജിസ്റ്റർ ചെയ്യപ്പെട്ട മറ്റ് വിഷയങ്ങളുമായി ബന്ധപ്പെട്ട വഞ്ചനാകേസുകൾ മേൽപ്പറയുന്ന കേസുകളുടെ എണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.) (എ&ഇ)കുറ്റകൃത്യവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളെക്കുറിച്ചും അന്വേഷിക്കുകയും കേസന്വേഷണത്തിന്റെ ആവശ്യത്തിലേയ്ക്ക് ബന്ധപ്പെട്ട വ്യക്തികളെ ചോദ്യം ചെയ്യുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

## സോളാർ തട്ടിപ്പ് കേസ് ഒത്തുതീർപ്പ്

(248) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് കേസിലെ മുഖ്യപ്രതി ശ്രീമതി സരിതാ എസ്. നായർക്ക് എതിരെ നിലവിലുള്ള കേസുകൾ എത്രയാണ് ; അതിൽ എത്ര കേസുകളിൽ കോടതികളിൽനിന്നും ജാമ്യം നേടുകയുണ്ടായി ; ഏതെല്ലാം

കോടതികളിലെ ഏതെല്ലാം കേസുകളിലാണ് ഇനി ജാമ്യം എടുക്കാൻ ബാക്കി നിൽപ്പുള്ളത് ; വിശദമാക്കാമോ ;

(ബി) പ്രത്യേക അന്വേഷണ സംഘം എടുത്ത കേസുകളല്ലാതെ ശ്രീമതി സരിത എസ്. നായരുടെ പേരിൽ മറ്റേതെങ്കിലും വാറണ്ടായ കേസുകൾ ഉള്ളതായി അറിയാമോ ; പ്രത്യേക അന്വേഷണ സംഘം രജിസ്റ്റർ ചെയ്ത ഏതെല്ലാം കേസ്സുകളിൽ ക്രിമിനൽ ഗൂഡാലോചന ഉൾപ്പെടെയുള്ള കുറ്റം ചുമത്തിയിട്ടുണ്ട്; ജാമ്യം ലഭിക്കാവുന്ന വകുപ്പുകൾ മാത്രം ശ്രീമതി സരിത എസ്. നായർക്ക് എതിരെ ചുമത്തിയാൽ മതി എന്ന നിർദ്ദേശം അന്വേഷണ സംഘത്തിന് ലഭിച്ചിട്ടുണ്ടായിരുന്നോ ;

(സി) ശ്രീമതി സരിത എസ്. നായർ പണം നൽകി എത്ര തട്ടിപ്പ് കേസുകൾ ഒത്തു തീർപ്പാക്കിയിട്ടുണ്ട്; ഉപഭോക്തൃ കോടതിയിലെ കേസ് ഒത്തു തീർപ്പാക്കുന്നതിനുൾപ്പെടെ സരിതയ്ക്ക് ലഭിച്ച പണത്തിന്റെ സ്രോതസ്സ് അന്വേഷണസംഘം അന്വേഷിക്കുകയുണ്ടായോ ; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) സോളാർ തട്ടിപ്പ് കേസിലെ മുഖ്യപ്രതി ശ്രീമതി സരിതാ എസ്. നായർക്കെതിരെ നിലവിൽ 45 കേസുകൾ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിന്മേൽ കുറ്റപത്രം/റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ഏതൊക്കെ കോടതികളിലാണ് സമർപ്പിച്ചിട്ടുള്ളതെന്ന വിവരവും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) കേസിലെ കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷണ സംഘം വിശദമായി അന്വേഷിച്ചിട്ടുള്ളതാണ്. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

**പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം**

(73) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായിട്ടും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് പി.എസ്.സി. നിയമനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏതൊക്കെ വിഷയങ്ങളിലാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഫിസിക്സ്, ഹിന്ദി, ഇംഗ്ലീഷ്, കെമിസ്ട്രി എന്നീ വിഷയങ്ങളുടെ റാങ്ക് ലിസ്റ്റ് എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.. വിഭാഗങ്ങളിൽ നിലവിലുണ്ടോ ;

(ഡി) എത്രപേരുടെ റാങ്ക് ലിസ്റ്റാണ് ഓരോ വിഭാഗത്തിലും നിലവിലുള്ളതെന്ന് ജനറൽ വിഭാഗം, എസ്.സി./ എസ്.ടി. വിഭാഗം, മറ്റ് സംവരണ വിഭാഗം ഇനം തിരിച്ച് ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എക്സൈസ് ഇൻസ്പെക്ടറുടെ ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) HSST (ഇംഗ്ലീഷ്), VHSE (ഇംഗ്ലീഷ്), VHSE (ഫിസിക്സ്), VHSE (കെമിസ്ട്രി) എന്നിവയുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

(ഡി) വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

## അനുബന്ധം -3

(2014-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിനെ സംബന്ധിച്ച നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി മേശപ്പുറത്തുവച്ച പ്രസംഗം)

വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന മലയാളികൾ സംസ്ഥാനത്തിന്റെ പുരോഗതിയിൽ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 18 ലക്ഷം പ്രവാസികളിലൂടെ ഓരോ വർഷവും 90,000 കോടി രൂപയാണ് സംസ്ഥാനത്തെത്തുന്നത്. എന്നാൽ നമ്മുടെ ജനാധിപത്യ പ്രക്രിയയിൽ നിന്ന് ഇവരെ അകറ്റി നിർത്തുന്ന സ്ഥിതിയാണ് ഇതുവരെ ഉണ്ടായിരുന്നത്. ഇതുമാറ്റി അടുത്ത തദ്ദേശ തെരഞ്ഞെടുപ്പിൽ വിദേശത്തുനിന്നുതന്നെ ഇവരുടെ ഹിതം രേഖപ്പെടുത്താൻ അവസരം നൽകണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി ആയിരുന്നപ്പോഴും മുൻ യു.പി.എ. സർക്കാരിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലത്തും ശ്രീ. എ. കെ. ആന്റണി ഇതിനായി നടത്തിയ ശ്രമങ്ങളുടെ തുടർച്ചയായി ഇപ്പോൾ ലോകസഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾക്കുള്ള വോട്ടർപട്ടികയിൽ പ്രവാസികൾക്ക് രജിസ്റ്റർ ചെയ്യാൻ അവസരം ലഭിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ ചെയ്യാൻ പ്രവാസികൾക്ക് അവസരം നൽകുകയാണ്. അതേസമയം ഇവരുടെ വോട്ടവകാശം എങ്ങനെ വിനിയോഗിക്കണമെന്നകാര്യത്തിൽ കൂടുതൽ ചർച്ചകൾ നടത്തേണ്ടതുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഓൺലൈൻ വഴി വോട്ട് രേഖപ്പെടുത്തുക, അതാത് രാജ്യത്തെ എംബസിയിൽ വോട്ട് രേഖപ്പെടുത്താൻ സൗകര്യം ചെയ്യുക, പ്രവാസികൾ നിർദ്ദേശിക്കുന്നയാൾ ഇവിടത്തെ ബൂത്തിൽ വോട്ട് രേഖപ്പെടുത്തുക എന്നീ നിർദ്ദേശങ്ങളാണ് മുന്നിലുള്ളത്. പ്രവാസികൾ പൂർണ്ണമായും കമ്പ്യൂട്ടർ സാക്ഷരരല്ല എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ഓൺലൈൻ വോട്ടിംഗ് സമ്പ്രദായം ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുണ്ട്. മാത്രമല്ല, ഇതിനായി പ്രത്യേക തയ്യാറെടുപ്പുകൾ ചെയ്യേണ്ടതുമുണ്ട്. എംബസിയിൽ വോട്ട് രേഖപ്പെടുത്തുന്നതിന് അതാത് രാജ്യങ്ങളുടെ പ്രത്യേക അനുമതി ആവശ്യമാണ്. മാത്രമല്ല, എംബസിയിലെ ജീവനക്കാരെ ഇതിനായി വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി വേണം. മാത്രമല്ല, തദ്ദേശ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്താകെ 20,000 -ലധികം ബൂത്തുകളുണ്ടാവും. ഇത്രയും ബൂത്തുകളിൽ വോട്ടു ചെയ്യുന്നതിനായി എംബസിയിൽ ബാലറ്റ് പെട്ടി ക്രമീകരിക്കുവാൻ പ്രായോഗികമായി പ്രയാസമുണ്ട്. ഈ സാഹചര്യത്തിൽ പ്രവാസികൾ ചുമതലപ്പെടുത്തുന്നയാൾക്ക് അതാത് നിയോജകമണ്ഡലത്തിലെ ബൂത്തിൽ വോട്ട് രേഖപ്പെടുത്താൻ അവസരം നൽകുന്നതായിരിക്കും കൂടുതൽ ഉചിതം. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾ നടത്തി അഭിപ്രായ സമന്വയമുണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. അടുത്ത തദ്ദേശ തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്ന വിധം ക്രമീകരണങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ജനപ്രാതിനിധ്യ നിയമത്തിൽ കേന്ദ്രം കൊണ്ടുവന്ന ഭേദഗതിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് ചട്ടം 77-ൽ 'എ' എന്ന ഉപവകുപ്പുകൂടി ചേർക്കുന്നതിനുള്ള ഭേദഗതിയാണ് സർക്കാർ കൊണ്ടുവരുന്നത്. ഇതനുസരിച്ച് നിയമങ്ങൾ ഉടൻ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

നഗരങ്ങളിൽ വ്യാപാരം നടത്തുന്നതിനുള്ള ലൈസൻസിന് 35 വർഷമായി

അശാസ്ത്രീയമായ ഫീസ് നിരക്കാണ് ഈടാക്കിവരുന്നത്. നിലവിലെ രീതിയനുസരിച്ച് ചെറിയ പെട്ടിക്കടകൾക്കുപോലും പ്രതിവർഷം 3000-4000 രൂപ ലൈസൻസ് ഫീസ് ഈടാക്കുന്ന സ്ഥിതിയുണ്ടായി. നഗരസഭകളുടെ നിരന്തരമായ ആവശ്യവും വ്യാപാരികളുടെ ആക്ഷേപവും കണക്കിലെടുത്ത് ഫീസ് നിരക്കിലെ അസമത്വവും ലൈസൻസ് സമ്പ്രദായത്തിലെ പോരായ്മകളും മാറ്റുന്നതിനാണ് പുതിയ ബിൽ കൊണ്ടുവരുന്നത്. ഇതനുസരിച്ച് ചെറിയ പെട്ടിക്കടകളുടെ ഫീസ് നിരക്ക് ഭീമമായ തുകയിൽ നിന്ന് 300-400 രൂപയിലേക്ക് കൊണ്ടുവരുന്നതിനും വലിയ വാണിജ്യ സ്ഥാപനങ്ങൾക്കും വ്യവസായശാലകൾക്കും അതിനനുസരിച്ചുള്ള ഫീസ് നിരക്ക് നിശ്ചയിക്കുന്നതിനും വഴിയൊരുങ്ങുകയാണ്.

സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, ബിഗ്ബസ്സാർ, മേൽത്തരം മാർജിൻ ഫ്രീ ഷോപ്പ്, സ്വർണ്ണ വ്യാപാരം തുടങ്ങിയവയ്ക്ക് പോലും നിലവിൽ പരമാവധി 150 രൂപ വരെയായിരുന്നു ലൈസൻസ് ഫീസ്. അതേസമയം കച്ചവട സ്ഥാപനങ്ങളിലെ ഓരോ ഇനത്തിലും പ്രത്യേകം പ്രത്യേകം ഫീസ് കണക്കാക്കി മൊത്തം കൂട്ടിക്കിട്ടുന്ന തുക ലൈസൻസ് ഫീസ് ആയി ഈടാക്കിയപ്പോൾ പലതരം സാധനങ്ങൾ വിൽപ്പന നടത്തുന്ന പെട്ടിക്കടകൾക്കും മറ്റും വലിയ തുക ഫീസ് നൽകേണ്ടി വന്നു. ഉദാഹരണത്തിന് ബിസ്കറ്റ്, റൊട്ടി, കശുവണ്ടി, കർപ്പൂരം, മിഠായികൾ, കറിക്കൂട്ട് സാധനങ്ങൾ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ വിൽപ്പന നടത്തുന്ന പെട്ടിക്കടയ്ക്ക് ഓരോ ഇനത്തിനും വെവ്വേറെ ഫീസ് ഈടാക്കുമ്പോൾ വലിയ തുകയാണ് ഫീസ് വന്നത്. ഈ വിധത്തിൽ ഫീസ് കണക്കാക്കുമ്പോൾ ചെറിയ പെട്ടിക്കടകൾക്കുപോലും 3,000-നും 4,000-നുമിടയിൽ പ്രതിവർഷം ലൈസൻസ് ഫീസ് നൽകേണ്ടതായി വന്നു. തീർത്തും അശാസ്ത്രീയമായ ഫീസ് നിരക്ക് വ്യാപാരികളിൽനിന്ന് വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കി. ഫീസ് ചുമത്തുന്നതിൽ നഗരസഭകളിൽ ഏകീകരണമില്ലാത്തതിനാൽ ഒരേ സ്വഭാവമുള്ള കടകൾക്ക് അടുത്തടുത്ത നഗരസഭകളിൽ വ്യത്യസ്തമായ ഫീസ് ഈടാക്കുകയും ചെയ്തു. മാത്രമല്ല, പാൽ, കർപ്പൂരം, മെഴുകുതിരി, കശുവണ്ടി തുടങ്ങിയവ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കും പടക്കനിർമ്മാണശാലകൾ ഉൾപ്പെടെയുള്ളവയ്ക്കും ഡേഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കുമുള്ള ലൈസൻസ്) എന്ന പേരിലാണ് ലൈസൻസ് നൽകിവന്നത്. ഫീസ് നിരക്കിലെ അശാസ്ത്രീയതകളും നാമത്തിലെ വൈരുദ്ധ്യവും പലപ്പോഴും പലവിധ ആക്ഷേപങ്ങൾക്കും വഴിയൊരുക്കി. ഇതേത്തുടർന്ന് 2011-ൽ അന്നത്തെ സർക്കാർ കൊണ്ടുവന്ന ചട്ടങ്ങളിലെ ഭേദഗതി

25-01-2011 മുതൽ ആദ്യം രണ്ടുവർഷത്തേക്കും തുടർന്ന് ആറുമാസം വീതവും സ്റ്റേ ചെയ്തുവരികയാണ്. ചട്ടങ്ങൾ പരിഷ്കരിക്കാതെ ഈ പ്രശ്നങ്ങൾക്കൊന്നും പരിഹാരമുണ്ടാക്കാൻ സാധിക്കാതെ വന്നിരിക്കുകയാണ്. മുനിസിപ്പൽ ആക്ടിലെ 447, 448 വകുപ്പുകളിലാണ് ഇപ്പോൾ ഭേദഗതി കൊണ്ടുവരുന്നത്. ഇതനുസരിച്ച് ചെറുതും വലുതുമായ കടകൾക്കും ഫാക്ടറികൾക്കുമെല്ലാം നൽകുന്ന ലൈസൻസിന്റെ പേര് ഡേഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ് എന്നതിന് പകരം ട്രേഡ് ലൈസൻസ് എന്നാക്കി മാറ്റുന്നതാണ്. ഫോട്ടോ പതിച്ച ലൈസൻസ് നൽകുന്നതിനാൽ കടകൾക്കും മറ്റ് എല്ലാവിധ സ്ഥാപനങ്ങൾക്കും നഗരസഭകളുടെ നിയന്ത്രണവും അംഗീകാരവും ലഭ്യമാവുന്നതാണ്.

വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും പുറമെ സേവന മേഖലയ്ക്കുകൂടി ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. നിലവിൽ ഉൽപ്പാദനവും വിതരണവും നടത്തുന്ന സ്ഥാപനങ്ങൾക്ക് ഒരേ ഫീസാണ് ഈടാക്കിയിരുന്നത്. ഫാക്ടറികൾക്കും ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾക്കും വെവ്വേറെ ഫീസ് ഈടാക്കുന്നതാണ് ഉചിതമെന്നാണ് സർക്കാർ കരുതുന്നത്. വാണിജ്യ സ്ഥാപനങ്ങളെ നാല് കാറ്റഗറികളായി തിരിച്ച് ലൈസൻസ് ഏർപ്പെടുത്താനാണ് പുതിയ ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്നത്. കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും തറവിസ്തീർണ്ണം കൂടുതലുമുള്ള ബഹുനില കെട്ടിടങ്ങളുമുള്ള സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ് പോലുള്ളവക്ക് പ്രത്യേകമായ ഫീസ് ഘടനയും ലൈസൻസും ഏർപ്പെടുത്തുന്നതാണ്. പച്ചക്കറി, പലചരക്ക്, ബേക്കറി, പഴം, മറ്റ് ആഹാര സാധനങ്ങൾ തുടങ്ങിയവ വിൽപ്പന നടത്തുന്ന കടകൾക്ക് സഞ്ചിത ട്രേഡ് ലൈസൻസ് (ക്യുമുലേറ്റീവ് ട്രേഡ് ലൈസൻസ്) നൽകും. സ്റ്റുഡിയോ, പ്രസ്, വെയിങ്ങ് ബ്രിഡ്ജ്, ക്ലിനിക്കൽ ലാബ്, ടെയ്‌ലറിംഗ്, ട്യൂഷൻ സെന്ററുകൾ തുടങ്ങിയവയ്ക്ക് ജോബ് സർവീസ് ലൈസൻസാണ് നൽകുക. പെട്ടിക്കടകൾ ഉൾപ്പെടെ, എട്ട് ചതുരശ്ര മീറ്ററിൽ താഴെ വിസ്തൃതിയുള്ള ചെറിയ കടകൾക്ക് കുറഞ്ഞ നിരക്കിലുള്ള ഫീസ് ആണ് ഉദ്ദേശിക്കുന്നത്. നിലവിൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരും. അതുകൊണ്ടുതന്നെ ഇപ്പോൾ ഉള്ളതിനെക്കാൾ മൂന്നിരട്ടിയെങ്കിലും കൂടുതൽ സ്ഥാപനങ്ങളും ഓഫീസുകളും ലൈസൻസ് ഫീസ് ഈടാക്കുന്നവയുടെ പട്ടികയിൽ വരും. മാത്രമല്ല, നഗരങ്ങളിലെ സ്ഥാപനങ്ങളെല്ലാം നഗരസഭകളുടെ അറിവോടെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുന്നതിനും ഇതിലൂടെ സാധിക്കും. പുതിയ മാനദണ്ഡ പ്രകാരം ലൈസൻസ് ഫീസ് കണക്കാക്കുമ്പോൾ നഗരസഭകളുടെ വരുമാനത്തിൽ കാര്യമായ വർദ്ധനവും വരും.